
# ചന്ദ്രമാസ നിർണ്ണയം

പല പുതുമകളുമുള്ള
ഒരു ഗവേഷണ ഗ്രന്ഥം



സി.എൻ. അഹ്മദ് മൗലവി

# ആമുഖം

മനുഷ്യരാശിയുടെ സമഗ്ര പുരോഗതി ലക്ഷ്യം വെച്ചുകൊണ്ടു് സർവ്വജ്ഞനും മികച്ച തന്ത്രജ്ഞനുമായ അല്ലാഹു അവതരിപ്പിച്ച മഹത്തായ ഒരു ജീവിത പദ്ധതിയാണു് ഖുർആൻ. ആരംഭദശകളിൽ അതു് അതേ ലക്ഷ്യത്തിലേക്കു് കുതിച്ചു കയറിക്കൊണ്ടേയിരുന്നു. ലോക ചരിത്രം അതിന്നു് സാക്ഷി. ഏതു് പരിശുദ്ധ പ്രസ്ഥാനത്തെയും കാലാന്തരത്തിൽ അലസതയോ അശ്രദ്ധയോ ബാധിക്കും. ഇസ്‌ലാമിന്റെ കാര്യവും വ്യത്യസ്തമല്ല. അതിന്നു ചില കാരണങ്ങളുമുണ്ടായി:

മതകാര്യങ്ങളുടെ നേതൃത്വം വഹിച്ചിരുന്ന മഹാപണ്ഡിതന്മാർക്കിടയിൽ വ്യാഖ്യാന വിഷയങ്ങളിൽ അഭിപ്രായ ഭിന്നതകളുത്ഭവിച്ചു. അതു് വാഗ്വാദങ്ങളിൽ നിന്നാരംഭിച്ചു്. അവസാനം സംഘട്ടനങ്ങളിലും രക്തച്ചൊരിച്ചിലുകളിലും ചെന്നെത്തി. വൈരവും ശത്രുതയും പരിധികടന്നു. ഒടുവിൽ പാർട്ടീബലമുള്ള നാലു കക്ഷികൾ മാത്രം അവശേഷിച്ചു. ബാക്കിയുള്ളവയെല്ലാം പറ്റെ തകർന്നു പോയി. അവിടെ വെച്ചു്, ഈ നാലു് കക്ഷിക്കാർ യോജിച്ചു് ഒരു സംയുക്ത പ്രഖ്യാപനം നടത്തി: ഈ നാലു് പാർട്ടികളല്ലാതെ ഇനി പാർട്ടികളൊന്നും ഉടലെടുക്കാൻ പാടില്ല, അംഗീകരിക്കുകയില്ല എന്നു്.

പിന്നീടു്, ഈ പാർട്ടി (മദ്ഹബ്) കളുടെ നായകന്മാർ എഴുതിയ വ്യാഖ്യാനഗ്രന്ഥങ്ങളായി പഠനവിഷയം. അപ്പോൾ യുക്തിക്കു് യോജിക്കാത്ത വ്യാഖ്യാനങ്ങൾ പലതും. ബഹുജനങ്ങൾ അസ്വസ്ഥരായി, എതിർപ്പു് പ്രകടിപ്പിക്കാൻ തുടങ്ങി. അപ്പോൾ ഈ നാലുകക്ഷികൾ ആലോചിച്ചിട്ടു് മറ്റൊരു പ്രഖ്യാപനം നടത്തി: ഇസ്‌ലാം മത കല്പനകളെല്ലാം 'തഅബ്ബുദി' യാണു്, അവിടെ യുക്തിക്കു സ്ഥാനമേയില്ലെന്നു്. അതായതു്, ഇസ്‌ലാമിക കല്പനകൾ നാം അനുസരിക്കുന്നതു് യുക്തി വിചാരത്തോടു കൂടിയല്ല, ദൈവം കല്പിച്ചു എന്ന കാരണം കൊണ്ടു മാത്രമാണു് എന്നു്. എന്തൊരു ഭീമാബദ്ധം! ഇസ്‌ലാമിലേക്കു് മനുഷ്യർ വരണമെങ്കിൽ, അതു് മനുഷ്യ പുരോഗതിക്കുപയുക്തമായ ഒരു മതമാണെന്നു് ബോധ്യമാകണമല്ലോ. ദൈവം ക

ല്പിച്ചിരിക്കുന്നു, അത് കൊണ്ട് ഇസ്‌ലാമിലേക്ക് വരണം എന്ന് പറഞ്ഞാൽ വല്ല അമുസ്‌ലിമും വരുമോ? കേരളത്തിലെയും ഇന്ത്യയിലെയും കാര്യം മാത്രമെടുത്തു നോക്കുക. ഇവിടത്തെ ഹരിജനങ്ങൾക്കും അധഃകൃത ജനവിഭാഗങ്ങൾക്കും കുപ്പായമിടാനോ ചെരിപ്പ് ചവിട്ടാനോ കുടപിടിക്കാനോ സ്കൂളിൽചേരാനോ സ്വാതന്ത്ര്യമുണ്ടായിരുന്നില്ലെന്ന് ആധികാരിക കേരള ചരിത്രം തന്നെ അതാ രേഖപ്പെടുത്തിയിരിക്കുന്നു. തന്നിമിത്തം, ആമനുഷ്യാവകാശം നേടിയെടുക്കാനാണ് അവർ ഇസ്‌ലാം മതമോ ക്രിസ്തു മതമോ സ്വീകരിച്ചത്. മാത്രമല്ല.

والذين اذا ذكروا بآيات ربهم لم يخرّوا عليها صمّا وعميانا

''തങ്ങളുടെ നാഥന്റെ (അല്ലാഹുവിന്റെ) സന്ദേശങ്ങൾ അവരെ വായിച്ചു കേൾപ്പിക്കുമ്പോൾ അന്ധന്മാരും ബധിരന്മാരുമായിക്കൊണ്ട് അവയിന്മേൽ അവർ ചെന്ന് വീഴുകയില്ല,'' അങ്ങിനെയുള്ളവരാണ്, അഥവാ കാര്യ കാരണങ്ങൾ ചിന്തിച്ചു ഗ്രഹിച്ചുകൊണ്ട് ദൈവിക വിധികൾ സ്വീകരിച്ചു നടക്കുന്നവരാണ് ഉത്തമ മുസ്‌ലിംകൾ എന്ന് ഖുർആൻ അതാ വിളംബരം ചെയ്തിരിക്കുന്നു. ഇതേയവസരത്തിൽ മതനേതാക്കന്മാരുടെ വിളംബരമോ, നേരെമറിച്ചും! പുരോഗതിയുടെ ഉച്ചകോടി പ്രാപിച്ചു കഴിഞ്ഞ മുസ്‌ലിം സമുദായം, ഇന്നിക്കാണുന്ന വിധം അധഃപതിച്ചുപോകാൻ മൂലകാരണം അതാണ്.

ഇസ്‌ലാംമതത്തിൽ യുക്തിക്ക് സ്ഥാനമില്ലെന്ന് ഇവരെ പഠിപ്പിച്ചതാരാണ്? ഖുർആനാണോ? ആണെന്ന് വാദിക്കാൻ ആർക്കെങ്കിലും ധൈര്യമുണ്ടോ? നമസ്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ്, വിവാഹം, ധനമിടപാടുകൾ, കോടതി, സാക്ഷി, ശിക്ഷാനടപടികൾ മുതൽ ഏതെങ്കിലും ഒരൊററ കല്പനയെങ്കിലും ഖുർആൻ കല്പിച്ചപ്പോൾ, അതിനുള്ള കാരണവും ന്യായവും പറയാതിരുന്നിട്ടുണ്ടോ? വിവാഹ വ്യവസ്ഥിതി നിശ്ചയിച്ചപ്പോൾ, 'നിങ്ങൾക്ക് മനസ്സമാധാനംകൈവരാൻ വേണ്ടിയാണ് അത് നിശ്ചയിച്ചത്'' എന്ന് കൂടി ഖുർആൻ എടുത്തു കാട്ടിയില്ലേ? ''കുററത്തിനനുസൃതമായ ശിക്ഷാനടപടികളെടുത്തെങ്കിൽ മാത്രമെ നിങ്ങളുടെ ജീവിതത്തിന്ന് നിലനില്പുണ്ടാവുകയുള്ളൂ'' വെന്ന് ഖുർആൻ തുറന്നു പറഞ്ഞില്ലേ? മനുഷ്യന്റെ പക്കൽനിന്ന് തെററ്വരുന്നത് തടയുകയാണ് നമസ്കാരത്തിന്റെ പരമലക്ഷ്യമെന്ന് ഖുർആൻവിളംബരം ചെയ്തില്ലേ? എന്നിട്ട് ഈ മതത്തിലാണോ യുക്തിക്ക് സ്ഥാനമില്ലെന്ന് ഇവർ ധരിച്ചുവെച്ചിരിക്കുന്നത്! ഇവർ ഇസ്‌ലാമിന്റെ സുന്ദരമുഖത്ത് കരിവാരിത്തേക്കുകയല്ലേ ചെയ്യുന്നത്! ഇസ്‌ലാമിലെ പ്രസിദ്ധപണ്ഡിതൻ 'ഇബ്നൽഖയ്യിം' തന്റെ 'ഇഅ്ലാമുൽ മൂഖിഈനി'ൽ പറഞ്ഞ ഒരൊററ വാചകം ഇവിടെ ഉദ്ധരിക്കാം:



ليس فى الشريعة حكم واحد الا وله معنى وحكمة يعقله من عقله ويخفى على من خفى عليه .

''ഒരർത്ഥവും യുക്തിയും ഉൾക്കൊള്ളാത്ത ഒരൊററ വിധിയും ഇസ്‌ലാമിലില്ല. പക്ഷെ ഗ്രഹിക്കാൻ കഴിവുള്ളവർ അത് ഗ്രഹിക്കുന്നു; ഗ്രഹിക്കാൻ കഴിവില്ലാത്തവർക്കു അതു ഗ്രഹിക്കാൻ കഴിയുന്നില്ല എന്ന് മാത്രം'' (വാ: 2 പേജ്:67)

ഇമാം ശാത്തബി പറയുന്നു:

الادلة الشرعيّة لاتنافى قضايا العقول

''ഇസ്‌ലാമിക പ്രമാണങ്ങൾ യുക്തി ചിന്തകൾക്കു വിരുദ്ധമായി വരികയില്ല'' (അൽമുവാഫഖാത്ത്. വാ: 3 പേജ് 27)

ഇസ്‌ലാമിന്റെ യഥാർത്ഥ നിലപാടെന്തെന്ന് മനസ്സിലായല്ലോ. ഈ മതത്തെയാണ്, മനുഷ്യരുടെ കണ്ണ്മൂടിക്കെട്ടി തലയിൽ ചുമത്തി വെച്ചു തെളിച്ചു കൊണ്ടുനടക്കുന്നത്!

എന്റെ രക്ഷിതാക്കൾ എന്നെ മതവിദ്യാലയത്തിൽ പഠിപ്പിക്കാനാഗ്രഹിച്ചു. കേരളമുസ്‌ലിംകളുടെ മതപഠനവും അറബിപഠനവും ഉടച്ചു വാർക്കാൻ ഒന്നാമതായി മുമ്പോട്ട് വന്ന മഹാപണ്ഡിതൻ ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി അവർകളുടെ ശിഷ്യനും എന്റെ ജ്യേഷ്ഠനുമായ കുഞ്ഞാലൻ ഹാജിയായിരുന്നു ആദ്യഗുരു. പഴഞ്ചൻ സമ്പ്രദായങ്ങളെ കുറെയൊക്കെ എതിർത്തു കൊണ്ടാണ് പഠനം ആരംഭിച്ചത്. അനന്തരം മദിരാശി ജമാലി

യാ കോളേജിലും പിന്നീട് വെല്ലൂർ 'ബാഖിയാത്തിലും' പഠിച്ചു. അന്ന് ഇന്ത്യയിൽ നടപ്പുണ്ടായിരുന്ന ഉന്നത നിലവാരത്തിലുള്ള മതപഠനം പൂർത്തിയാക്കി. മദിരാശിയിലും വെല്ലൂരിലും ലഭിച്ച പ്രിൻസിപ്പൽമാർ, മികച്ച ചിന്തകന്മാരും പരിഷ്കർത്താക്കളുമായിരുന്നു. അവരുടെ കീഴിലുള്ള നാല് കൊല്ലത്തെ പഠന പരിശീലനങ്ങൾ കണ്ണു തുറപ്പിച്ചു. വെല്ലൂർ പ്രിൻസിപ്പാൾ മൗലാനാ അബ്ദുൽ ജബ്ബാർ ഹസ്രത്ത് അവർകൾ ഇന്ത്യയിലെ അന്നത്തെ ഒന്നാം കിട പണ്ഡിതന്മാരിൽ ഒരാളായിരുന്നു. ചില ദിവസങ്ങളിൽ ക്ലാസ്സ് റൂമിന്റെ മുൻവശത്തുള്ള വാതിൽ അടച്ചിട്ടാണ് അദ്ദേഹം ക്ലാസ്സെടുത്തിരുന്നത്. യാഥാസ്ഥിതികന്മാർ കുഴപ്പമുണ്ടാക്കണ്ട എന്നോർത്തിട്ടുതന്നെ. അദ്ദേഹം പഠിപ്പിച്ചു തന്ന പല വിഷയങ്ങളും ഇന്നും എന്റെ മനസ്സിൽ മാത്രമിരിക്കുകയാണ്. ഖത്തറിലെ ചീഫ് ജസ്റ്റിസും മത വകുപ്പ് തലവനുമായ ഖാളീമഹ്മൂദ് പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ ഓരോ കോപ്പി അദ്ദേഹത്തിന്റെ സെക്രട്ടറി എനിക്കു സമ്മാനിച്ചു. അത് കൊണ്ടു പോയി വായിച്ചു ഞാൻ അമ്പരന്നു പോയി. പിറേറന്നു അതിരാവിലെ ചെന്നപ്പോൾ കാരണം ചോദിച്ചു. ഇന്ത്യയിലെ ചിന്തകന്മാരായ പണ്ഡിതന്മാരുടെ അഭിനന്ദനങ്ങൾ അങ്ങയെ അറിയിക്കാൻ വന്നതാണെന്നു പറഞ്ഞു. ഒന്നും മറുപടി പറഞ്ഞില്ല. കുറേ നേരം തലതാഴ്ത്തിയിരുന്നു വെന്നു മാത്രം. ആ പുസ്തകം ഇന്നും ഞാനാരെയും കാണിച്ചിട്ടില്ല. അതാണ് പണ്ഡിതന്മാരുടെയും ചിന്തകന്മാരുടെയും സ്ഥിതി!

നാലാം ഖലീഫ ഹസ്രത്ത് അലിയുടെ പൗത്രൻ ഇമാം സൈനുൽ ആബിദീൻ, എഴുതിയ നാല് വരി പദ്യം ഇമാം ഗസ്സാലി തന്റെ 'മിൻഹാജി' ൽ ഉദ്ധരിച്ചിട്ടുണ്ട്. വായനക്കാർ അതൊന്ന് ശ്രദ്ധിച്ചു വായിക്കേണ്ടതാണ്:

انّى لأكتم من علمى جواهره ۞ كى لا يرى ذاك ذو جهل فيفتتن

''എന്റെ പക്കലുള്ള വിജ്ഞാനരത്നങ്ങൾ ഞാൻ മൂടിവെച്ചിരിക്കയാണ്, കാരണം, മൂഢന്മാരായ ആളുകൾ അത് കാണുമ്പോൾ ആശയക്കുഴപ്പത്തിൽ ചെന്നു ചാടു മെന്ന് ഞാൻ ഭയപ്പെടുന്നു.''



وقد تقدّم فى هذا ابو حسن ۞ الى الحسين ووصّى قبله الحسنا

''എന്റെ പിതാമഹൻ (ഹസ്രത്ത് അലി) ആദ്യം ഇമാം ഹസനോടും പിന്നീട് എന്റെ പിതാവ് ഹുസൈനോടും ഇത് തന്നെയാണ് വസിയ്യത്ത് ചെയ്തിരിക്കുന്നത്.''

يارب جوهر علم لو ابوح به ۞ لقيل لى انت ممّن يعبد الوثنا

''വിജ്ഞാനത്തിന്റെ എത്രയെത്ര രത്നങ്ങളാണുള്ളത്! ഞാനതെങ്ങാൻ തുറന്നു കാട്ടിയെങ്കിൽ, 'നീ ബിംബാരാധകനാണ്, മുശ്രിക്കാണ്' എന്ന് എന്നെക്കുറിച്ചു ജനത വിധി കല്പിക്കുമായിരുന്നു.''

ولاستحلّ رجال مسلمون دمى ۞ يرون اقبح ما يأتونه حسنا

''മാത്രമല്ല, എന്നെ കൊന്നുകളയുന്നതിൽ ഒരു കുററവുമില്ലെന്ന് ചില മുസ്ലിം പുരുഷന്മാർ വിധി കല്പിക്കുകയും ചെയ്യുമായിരുന്നു. എന്നിട്ട് അവിടം കൊണ്ടവസാനിപ്പിക്കുമോ? ഇല്ല, അവർ ചെയ്ത ആ കടും കൈ, ഇസ്ലാമിന്ന് വേണ്ടിയുള്ള വലിയൊരു സേവനമായി പൊക്കിക്കാട്ടി അഭിമാനം കൊള്ളുകയുംചെയ്യുമായിരുന്നു.''

1300 കൊല്ലം മുമ്പ് ജീവിച്ച മഹാനായ സൈനുൽ ആബിദീനും 900 കൊല്ലം മുമ്പ് ജീവിച്ച ഇമാംഗസ്സാലിയും അസഹ്യമായ മനോവേദനയോടെ രേഖപ്പെടുത്തിയ വാക്കുകളാണിത്. ആ സ്ഥിതിക്ക് ഇന്നത്തെ കഥ പറയേണ്ടതില്ലല്ലോ.

ഖുർആനും ഹദീസും ഇസ്ലാം ചരിത്രവും ഞാൻ ശ്രദ്ധിച്ചു പഠിച്ചപ്പോൾ, ഇന്ന് പ്രചാരത്തിലുള്ള മതത്തിന്നു അതുമായി ഒരു ബന്ധവുമില്ല. അത് തുറന്ന് പറയാൻ ആളുമില്ല. തുറന്ന് പറയുമ്പോൾ മററ് പ്രകാരത്തിൽ ശീലിച്ചവരുടെ അതൃപ്തി സമ്പാദിക്കേണ്ടിവരുമല്ലോ. ഒടുവിൽ എങ്ങിനെയോ ഒരു ഭാഗ്യം എനിക്കു വീണു കിട്ടി:

മാപ്പിളമാരും ബ്രിട്ടീഷുകാരുമായി വലിയ വൈരത്തിലായിരുന്നു. സമരങ്ങൾ തന്നെ ഒട്ടധികം നടന്നു. എത്രയോ പേർ

മുതിയടഞ്ഞു. ബ്രിട്ടീഷുകാരെ മാത്രമല്ല, അവരുടെ വിദ്യാഭ്യാസ പദ്ധതികൾ മുഴുവനും അപ്പടി മുസ്ലിംകൾ തള്ളിക്കളഞ്ഞു. ഒടുവിൽ ബ്രിട്ടീഷുകാർക്ക് മനസ്സിലായി, മാപ്പിളമാർ ശുദ്ധഹൃദയരാണ്, അങ്ങേയറ്റത്തെ മതഭക്തരാണ്. ആ മതഭക്തിയാണ് അവരെ ഇതിനെല്ലാം പ്രേരിപ്പിച്ചതെന്ന്. അങ്ങിനെ ദീർഘനാൾ ചിന്തിച്ച ശേഷം അവർ ഒരു സ്കീം തയാർ ചെയ്തു. മാപ്പിളമാരെ പിന്തിരിപ്പിക്കുന്നത് മത പണ്ഡിതന്മാരാണ്; അത്കൊണ്ട് അവർക്ക് അത്യാവശ്യ പരിശീലനങ്ങൾ നൽകി സ്കൂൾ അദ്ധ്യാപകന്മാരായി നിയമിക്കുക.' അപ്പോൾ മുസ്ലിം വിദ്യാർത്ഥികൾ ആധുനിക വിദ്യാഭ്യാസത്തിലേക്ക് അടുത്ത് വരും. അങ്ങിനെ നാല്പത് മതപണ്ഡിതന്മാർ ഉൾക്കൊള്ളുന്ന ഒരു ക്ലാസ്സ് മലപ്പുറം ഗവ: ട്രൈനിംഗ് സ്കൂളിനോടനുബന്ധിച്ച് തുറക്കാൻ തീരുമാനിച്ചു. അവർക്ക് പരിശീലനം നൽകാൻ അദ്ധ്യാപകനായി നിയമിച്ചത് എന്നെയും. ക്ലാസ്സിൽ ചെന്ന് നോക്കുമ്പോഴത്തെ കഥപറയേണ്ട: സ്ത്രീകൾക്ക് എഴുത്ത് പഠിപ്പിക്കാൻ പാടില്ല, ചിത്രം വരച്ചുകൂടാ, ഭൂമി ഗോളമല്ല, ഖുർആൻ വാക്യങ്ങൾ ബോർഡിൽ എഴുതിക്കൂടാ. ഇതൊക്കെയാണ് മുറവിളി. ചുരുക്കത്തിൽ, അവരുടെ മതവിശ്വാസം തകർക്കാൻ എടുത്ത ഒരു സൂത്രമാണ് ഇതെന്നായിരുന്നു അവരുടെ മനസ്സിലുണ്ടായിരുന്ന ഭയം. ഒരോ കൊല്ലം കൊണ്ട് അവരെ പാകപ്പെടുത്തിയെടുക്കാൻ പെട്ട പാട് എനിക്കിന്നും ഓർത്തുകൂടാ.

ഏതായാലും യാഥാർത്ഥ്യങ്ങളെല്ലാം അവരെ പഠിപ്പിക്കാൻ എല്ലാ ശ്രമങ്ങളും നടത്തി. അതോടൊപ്പം തന്നെ പത്രമാസികകളിൽ തുടർച്ചയായി എഴുതിക്കൊണ്ടുമിരുന്നു. അത് കൊണ്ടെല്ലാം ഗണ്യമായ ഫലവും കണ്ടു, പക്ഷെ ഒരു യാഥാർത്ഥ്യം ഒടുവിൽ പരമബോധ്യമായി. ഖുർആനിൽ അങ്ങിനെയുണ്ട്, ഇങ്ങിനെയുണ്ട് എന്നെല്ലാം മത പണ്ഡിതന്മാർ പാമര ജനങ്ങളെ ധരിപ്പിച്ചിരുന്നതാണ് അവരുടെ അധഃപതനത്തിന്ന് മൂല കാരണം. അത് കൊണ്ട് ഖുർആൻ മലയാളത്തിൽ വിവർത്തനം ചെയ്തു പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചു. ഒന്ന് രണ്ട് വാള്യങ്ങൾ എങ്ങിനെയൊക്കെയോ പുറത്തിറക്കി. പിന്നീട് ഒട്ടും സാധ്യമല്ലെന്ന് വന്നു. ഇന്ത്യാഗവൺമേണ്ടിനെ സമീപിച്ചു. കേരള സാഹിത്യ അക്കാദമിയും കേരളഗവൺമേണ്ടും ശുപാർശചെയ്തു.



12900 രൂപ ഗ്രാൻറായി ലഭിച്ചു. ഇതാണീ വാക്യ പരിഭാഷ പുറത്തിറങ്ങിയത്. അതോടെ വലിയ ആശ്വാസം കിട്ടി.

ആ വാതിലടഞ്ഞപ്പോൾ മുറവിളി മറ്റൊന്നായി: പരിഭാഷയിൽ തെറ്റില്ല, പക്ഷെ വ്യാഖ്യാനം ചിലത് ശരിയല്ല എന്നും മറ്റും. എന്നാൽ ഏതെങ്കിലുമൊരു പണ്ഡിതനൊ പണ്ഡിതന്മാരൊ ഇക്കഴിഞ്ഞ നാല്പത് കൊല്ലത്തിന്നിടയിൽ ഒരു കാർഡയച്ചു വിശദീകരണം തേടുകയോ നേരിൽ വന്ന് ചോദിക്കുകയോ ചെയ്തിട്ടുണ്ടോ? ഇല്ല, ഒരിക്കലുമില്ല.

ഖുർആൻ പരിഭാഷ ഇറങ്ങിയിട്ട് നാല്പതോളം കൊല്ലമായി. അതിലെ ചില വ്യാഖ്യാനങ്ങളെക്കുറിച്ച് ചിലർക്ക് വലിയ എതിർപ്പുകളുണ്ട്. എന്നാൽ എന്റെ ജീവിതത്തിന്റെ സായാഹ്നത്തിൽ ഒരു യാഥാർത്ഥ്യം ഇവിടെ വ്യക്തമാക്കിക്കൊള്ളട്ടെ. എതിർപ്പുള്ള ആ പ്രധാന വിഷയങ്ങളെക്കുറിച്ച് ഞാൻ സ്വന്തമായി ഊഹിച്ചോ വ്യാഖ്യാനിച്ചോ എഴുതിയതല്ല. ആ വിഷയങ്ങളെക്കുറിച്ച് ഉന്നത നിലവാരത്തിലുള്ളചില മത പണ്ഡിതന്മാരുമായി കൂടിയിരുന്ന് സൗഹാർദ്ദ നിലക്കും രഹസ്യമായും ദിവസങ്ങളോളം ചർച്ചകൾ നടത്തുകയും ഏകകണ്ഠമായി തീരുമാനത്തിലെത്തുകയും ചെയ്തുകഴിഞ്ഞിട്ടുണ്ട്. വേണമെങ്കിൽ അതേക്കുറിച്ചുള്ള അച്ചടിച്ചറിക്കാർഡുകൾ കൂടിയുണ്ട്. അതെല്ലാം എന്തിന്ന് പുറത്തുവിടണമെന്നോർത്ത് മിണ്ടാതിരുന്നതാണ്. ഏറ്റവും വലിയ എതിർപ്പുള്ള വിഷയത്തിൽ, ആ എതിർപ്പുകാരോട് യോജിക്കാത്ത നാലു തഫ്സീറുകളെങ്കിലും എന്റെ മുമ്പിലുണ്ട്. മൂന്നെണ്ണം സ്വന്തം കയ്യിൽ തന്നെ. ഏതെങ്കിലുമൊരു നാൾ ജനത ഇതെല്ലാം അറിഞ്ഞിരിക്കട്ടെ എന്നു വെച്ച് മാത്രം ഇപ്പോൾ പുറത്തു പറയുകയാണ്.

ഞാൻ ദൈവസന്നിധിയിൽ ഹാജരാവുക ശുഭ പ്രതീക്ഷകളോടു കൂടിയായിരിക്കും. മത പണ്ഡിതന്മാർ വേദവിധികൾ മറച്ചു വെച്ചു, ദുർവ്യാഖ്യാനം ചെയ്തു, ദൈവവിധികൾ ചില്ലറക്കാശിനു വിറ്റു, മതപണ്ഡിതന്മാരിൽ അധികമാളുകളും മനുഷ്യരുടെ ധനം അധർമ്മമാർഗ്ഗത്തിലൂടെ കരസ്ഥമാക്കിത്തിന്നുന്നവരാണ് എന്നെല്ലാം ഖുർആനിൽ വ്യക്തമായി ആരോപിച്ചത് ആർക്കും

മൃതിയടഞ്ഞു. ബ്രിട്ടീഷുകാരെ ...ചട്ട... ഷ്യത്വം നശിച്ച് ദൈവദൃഷ്ടിയിൽ ...ദ്ധതികൾ മുഴവ... ിയുമായിപ്പോയ്ക്കുടെന്ന് ആദ്യമേ ഞാൻ ദൃഢ നിശ്ച... ബ്രിട്ടീഷു... ചെയ്തു. ആ മാർഗ്ഗത്തിൽ കഠിന ത്യാഗങ്ങൾ വരിക്കാൻ പ്രതിജ്ഞ ചെയ്തു. അതിൽ അല്ലാഹു എന്നെ അനുഗ്രഹിച്ചു കഴിഞ്ഞിട്ടുണ്ടെന്ന് തന്നെയാണ് എന്റെ ദൃഢ വിശ്വാസം. അതിന്ന് മററൊരു വിധത്തിലും വ്യാഖ്യാനിക്കാൻ മാർഗ്ഗമില്ലാത്ത തെളിവുകൾ തന്നെ എന്റെ പക്കലുണ്ട്. ഇസ്‌ലാമിനെ ഉയർത്തിപ്പിടിക്കാൻ വേണ്ടി ഞാൻ നിർവ്വഹിച്ച എളിയ സേവനങ്ങളെ ആദരിച്ച്, എന്നിലുള്ള മാനുഷിക ദൗർബല്യങ്ങൾ കരുണാനിധിയായ അല്ലാഹു എനിക്ക് പൊറുത്തു തരുമെന്നുള്ള ശുഭപ്രതീക്ഷയോടെ ഞാൻ ജീവിക്കുന്നു. ദൈവത്തെ നിർദ്ദയനും ക്രൂരനുമാക്കിച്ചിത്രീകരിച്ച് മനുഷ്യരെ അവനിൽ നിന്ന് അകററിക്കളഞ്ഞത് ഖുർ ആനിലൂടെ തന്നെ തിരുത്തുവാൻ അവസരം ലഭിക്കാതെ വന്നതിൽ എനിക്കതിയായ ഖേദമുണ്ട്. വല്ലവർക്കും അതിന്ന് സന്മനസ്സുണ്ടാവട്ടെ എന്ന് ഞാൻ പ്രാർത്ഥിച്ചുകൊള്ളുന്നു.

ഈ ചെറുപുസ്തകം എഴുതിയത് ചന്ദ്രോദയ പ്രശ്നം പ്രതിപാദിക്കാൻ വേണ്ടി മാത്രമല്ല, മുസ്‌ലിംകൾ മതവിഷയങ്ങൾ എങ്ങിനെയെല്ലാമാണ് തെററിദ്ധരിച്ചു വെച്ചിരിക്കുന്നതെന്ന് അവരെ ഗ്രഹിപ്പിക്കുവാനും അതിൽ നിന്ന് അവർ പാഠം പഠിക്കട്ടെ എന്നുദ്ദേശിച്ചു കൂടിയാണ്.

ചന്ദ്രമാസം ആരംഭിക്കുന്നത് നിർണ്ണയിക്കുവാൻ പിറവി ചന്ദ്രനെ കാണുകതന്നെ വേണമെന്ന് ഒരു വിഭാഗക്കാർ ശഠിക്കുന്നു. കാണണമെന്ന് തന്നെയില്ല, ഗോളശാസ്ത്ര കണക്കനുസരിച്ചു പുതു ചന്ദ്രൻ ഉദിക്കേണ്ട ദിവസമായാൽ മതി, ആ ദിവസം ഒന്നാം തിയ്യതിയായി ഗണിക്കാം. ഇതാണല്ലോ ഇന്നത്തെ തർക്ക വിഷയങ്ങൾ. ഖുർആൻ ഒന്ന് കണ്ണുതുറന്ന് നോക്കുക. എന്താണതു പറയുന്നത്?

ان عدة الشهور عندالله اثناعشر شهرا فى كتاب الله يوم خلق السماوات والارض

''ആകാശഭൂമികളെ സൃഷ്ടിച്ചകാലം മുതൽ, അല്ലാഹുവിങ്കൽ മാസങ്ങളുടെ എണ്ണം 12 ആണ്.'' ഇതാണീ വാക്യത്തിന്റെ അർത്ഥം. പിറവി ചന്ദ്രനെ കണ്ടാലേ മാസം ആരംഭിച്ചതായി കണക്കാക്കുവാൻ പാടുള്ളുവെങ്കിൽ അന്ന്, അക്കാലത്ത് ചന്ദ്രോദയം കണ്ട് മാസം നിർണ്ണയിക്കാൻ പ്രപഞ്ചത്തിൽ മനുഷ്യരുണ്ടായിരുന്നോ? ഇതെങ്കിലും ചിന്തിച്ചു നോക്കിയിട്ടുണ്ടോ? ചന്ദ്രമാസം നിർണ്ണയിക്കാൻ. നവചന്ദ്രൻ ഉദിച്ചതു കാണുകതന്നെ വേണമെന്നു ശഠിക്കുന്നവർക്ക് ഒരു വായടപ്പൻ മറുപടിയാണിതു്.



## അവസാനമായി ഒരു വാക്ക്

നമ്മുടെ മുമ്പിലുള്ള പ്രശ്നത്തിൽ ഖണ്ഡിതമായ തീരുമാനം കാണാൻ ഖുർആൻ മാത്രം മതി. എന്നിരിക്കേ, ലോകത്ത് ജീവിച്ച നാലു മദ്ഹബുകാരുടെയും മദ്ഹബുകൾക്ക് പുറത്തുള്ള പണ്ഡിതന്മാരുടെയുമെല്ലാം വാക്കുകൾ എന്തിനുദ്ധരിച്ചു? മറുപടി പറയേണ്ടതില്ല. എല്ലാവർക്കുമറിയാം. ഖുർആനേക്കാൾ വലിയ പ്രമാണമില്ലെന്ന് നാവുകൊണ്ടു പറയും. മനഃസ്സമാധാനം വരണമെങ്കിലോ, ഒരു ഇമാമിന്റെ വാചകം കാണണം. അതാണ് ഇന്നത്തെ മുസ്‌ലിംകളുടെ അവസ്ഥ. നാമെന്തു ചെയ്യും!

മുസ്‌ലിംകളെ സംബന്ധിച്ച ഏതു മൗലിക പ്രശ്നത്തിന്നും മറുപടി ഖുർആനിലുണ്ട്. നാമതു് ചിന്തിക്കുകയോ പരിശോധിക്കുകയോ, ചെയ്യുന്നില്ലെന്ന് മാത്രം. കുട്ടികൾക്ക് ഇത്ര ക്ലാസ്സ് വരെ മതം പഠിപ്പിച്ചുവെന്നു, രക്ഷിതാക്കൾ അഭിമാനം കൊള്ളുന്നത് സദാ കേൾക്കാറുണ്ട്. അവരുടെ സന്മനസ്സിന്ന് അല്ലാഹു പ്രതിഫലം നല്കട്ടെ. എന്നാൽ എന്താണാപഠിപ്പിച്ചതെന്നറിയാമോ? ഒരു മതവിദ്യാർത്ഥിയുടെ ആകെ പഠനകാലത്തിൽ ഒരു മൂന്നു മാസമെങ്കിലും പഠിപ്പിക്കുന്നത് വുളുവിനുപയോഗിക്കുന്ന വെള്ളം എന്തായിരിക്കണമെന്നാണ്. യഥാർത്ഥത്തിൽ ഒരൊററ വാചകം പഠിപ്പിച്ചാൽ മതിയായിരുന്നു: 'ശുദ്ധ ജലമായിരിക്കണം'. നോമ്പ് പഠിപ്പിക്കാൻ ഒരു മാസമെങ്കിലും ചിലവാക്കുന്നു. അവിടെയും ചെറുകുട്ടികൾക്ക് ഒരൊററ വാചകമേ പഠിപ്പിക്കേണ്ടതുള്ളു; 'പ്രഭാതം മുതൽ അസ്തമയം വരെ ആഹാ

ര പാനീയങ്ങളൊന്നും കഴിക്കരുത്''. സക്കാത്ത് പഠിപ്പിക്കാൻ ഒരു പട്ടിക തയ്യാർ ചെയ്തു കൊടുത്താൽ മതി. ഹജ്ജിനെക്കുറിച്ചു മൊത്തത്തിൽ പഠിപ്പിക്കാനും ഒരു മണിക്കൂർ മാത്രമേ വേണ്ടൂ. അതിന്റെ വിസ്തൃതരൂപം ഇവിടെ വെച്ച് എത്ര പഠിപ്പിച്ചാലും അവിടെ ചെല്ലുമ്പോൾ രണ്ടാമത്തു് പഠിക്കണം. മാത്രമല്ല, വിസ്തരിച്ച് പഠിച്ചവരിൽ ആയിരത്തിലൊരു പേർക്ക് പോലും ഹജ്ജിന്നു് പോകാൻ കഴിയുന്നുമില്ല.

അവസാനം സംഭവിക്കുന്നതെന്തെന്നു് മുസ്‌ലിം രക്ഷിതാക്കൾ ചിന്തിക്കുന്നുണ്ടോ? മുസ്‌ലിം യുവതലമുറ ആകമാനം എവിടെയുമെത്തുന്നില്ല. മതപണ്ഡിതന്മാരാകുന്നില്ല, ശാസ്ത്രജ്ഞന്മാരാകുന്നില്ല, സാഹിത്യകാരന്മാരാകുന്നില്ല, ചരിത്രകാരന്മാരാകുന്നില്ല. ഒരുദ്യോഗത്തിന്നും ഒരു ജോലിക്കും അർഹരാകുന്നില്ല. അത്തരം തലമുറകളെ വാർത്തുവിട്ടുകൊണ്ടിരിക്കുകയാണ്, അറിഞ്ഞോ അറിയാതെയോ ചെയ്തു കൊണ്ടിരിക്കുന്നതു്. ശബ്ദമുയർത്തേണ്ടവർ മൗനം ദീക്ഷിക്കുന്നു. ഈ നിലക്കുപോയാൽ നാളത്തെ മുസ്‌ലിം തലമുറകളുടെ ഗതി എന്തായിരിക്കും! വേണ്ടപ്പെട്ടവർ ഒന്നു ചിന്തിച്ചു നോക്കട്ടെ.

ഇന്നു് മതം പഠിച്ചുവെന്നവകാശപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഇസ്‌ലാമിന്റെ മഹത്വം മറ്റൊരാളെ ബോദ്ധ്യപ്പെടുത്താൻ കഴിയുമോ? മറുപടിപറയിക്കണ്ടോ. വുളുവിന്റെ വെള്ളവും മററും പഠിപ്പിക്കുന്ന സ്ഥാനത്ത് പരിശുദ്ധ ഖുർആന്റെ വെറും പരിഭാഷയെങ്കിലും ആ വിദ്യാർത്ഥികളെ ഒന്നു് വായിപ്പിച്ചാൽ എത്ര നന്നായിരുന്നു.

അൻപതോ, അറുപതോ കൊല്ലം അഞ്ചുനേരവും അതിനപ്പുറത്തും ദുആ ചെയ്തു ഒരാളോട്, നിങ്ങൾ ഇത്രയും കാലം എന്തെല്ലാം കാര്യ സാധ്യത്തിനു വേണ്ടിയാണ് അല്ലാഹുവോടു് ദുആ ചെയ്തതെന്നു് ചോദിച്ചു നോക്കുക. ''അറബി എനിക്കറിഞ്ഞുകൂടാ, ചില ഏട്ടുകൾ നോക്കി ഞാൻ കുറേ ദുആകൾ ചൊല്ലിപ്പഠിച്ചു. അതാവർത്തിച്ച് ചൊല്ലിക്കൊണ്ടു പോന്നു'' എന്നുമാത്രമായിരിക്കും മറുപടി. ഒന്നു ചിന്തിച്ചു നോക്കുക. എത്ര ദയനീയം! ഇയാളുടെ ഹൃദയവും അല്ലാഹുവുമായി ബന്ധപ്പെടാതെയാണ് ജീവി



തകാലം കഴിഞ്ഞു കൂടിയത് എന്നല്ലേ അർത്ഥം! അല്ലാഹുവാകട്ടെ ഖുർആനിൽ കല്പിച്ചതെന്തെന്നറിയാമോ:

فلا تسئلن ما ليس لك به علم

''നിനക്കറിവില്ലാത്ത വിഷയത്തെക്കുറിച്ച് നീ എന്നോടു് പ്രാർത്ഥിക്കരുതു്'' (11:46)

ഇതാണ് ഖുർആൻ. ഇതാണ് നമ്മൾ. വല്ലവർക്കും ബോധോദയമുണ്ടായെങ്കിലോ എന്നോർത്തു് ഇത്രയും പറഞ്ഞു പോയതാണ്. ''അല്ലാഹുവേ! എന്റെ ജനത അറിവില്ലാത്തവരാണ്. അവരെ നീ വഴികാണിക്കേണമേ!''

# ചന്ദ്രമാസ നിർണ്ണയം

ഈ ബ്രഹ്മാണ്ഡത്തെ ആർ എന്തിന് സൃഷ്ടിച്ചു? ഇത് സംഘടിപ്പിച്ചിട്ടുള്ളതിൽ ദീർഘ ദൃഷ്ടിയും അതിസൂക്ഷ്മങ്ങളായ സംവിധാനങ്ങളും കൈക്കൊണ്ടിട്ടുണ്ടോ? അതല്ല, കുറേയെണ്ണം വസ്തുക്കൾ എങ്ങിനെയൊക്കെയോ അങ്ങു പടച്ചു വിട്ടുവെന്നേയുള്ളൂ? അവയ്ക്കിടയിൽ വല്ല സംഘട്ടനങ്ങളുമുണ്ടോ? അവയിലോരോന്നും ഓരോരോ ബാലൻസിന്മേലാണോ നിലകൊള്ളുന്നത്? അതല്ല, ഓരോന്നും ഒരു ക്രമവും വ്യവസ്ഥയുമില്ലാതെ അങ്ങോട്ടുമിങ്ങോട്ടും ചലിച്ചുകൊണ്ടിരിക്കുകയാണോ? ഇവയെല്ലാം നാം ഗ്രഹിക്കേണ്ടിയിരിക്കുന്നു. ഖുർആൻ പലയിടങ്ങളിലായി, ഇപ്പറഞ്ഞതിലേക്കെല്ലാം തന്നെ വിരൽ ചൂണ്ടിയിട്ടുണ്ട്. അത് സംക്ഷിപ്തമായി ഇവിടെ എടുത്ത് കാണിക്കാം. ആദ്യമായി ഖുർആൻ ചോദിക്കുന്നു:

افحسبتم انما خلقناكم عبثا

"നിങ്ങളെയെല്ലാം യാതൊരു ലക്ഷ്യവും കൂടാതെ വൃഥാ നാമങ്ങ് സൃഷ്ടിച്ചു വിട്ടിരിക്കയാണെന്ന് നിങ്ങളെങ്ങാനും ധരിച്ചു പോയിട്ടുണ്ടോ?" (23:115). സൃഷ്ടിയുടെ മുമ്പിൽ മഹത്തരങ്ങളായ ചില ലക്ഷ്യങ്ങളുണ്ടെന്നർത്ഥം. 38:27ൽ അരുളുന്നു.

وما خلقنا السماء والارض وما بينهما باطلا ذلك ظن الذين كفروا

"ആകാശ ഭൂമികളെയും അവക്കിടയിലുള്ള വസ്തുക്കളെയുമെല്ലാം യാതൊരു ലക്ഷ്യവുമില്ലാതെ വെറുതെയങ്ങ് നാം സൃഷ്ടിച്ചു വിട്ടിരിക്കുകയല്ല. യാഥാർത്ഥ്യങ്ങളെ നിഷേധിക്കുന്നവരുടെ ധാരണയാണത്." ആശയം ഒന്നുകൂടി വ്യക്തമായി. ഇനിയും അതാ കൂടുതൽ വ്യക്തമായി അരുളുന്നു:

ما خلقنا السموات والارض وما بينهما الا بالحق

"ആകാശഭൂമികളെയും അവക്കിടയിലുള്ള സർവ്വവസ്തുക്കളെയും



ചില ലക്ഷ്യങ്ങൾ മുൻ നിറുത്തിക്കൊണ്ട് തന്നെയാണ് നാം സൃഷ്ടിച്ചിരിക്കുന്നത്." (46:3)

അപ്പോൾ ഈ സൃഷ്ടിജാലങ്ങളെയെല്ലാം യാതൊരു സ്കീമും പരിപാടികളും വ്യവസ്ഥകളുമില്ലാതെ ഒരററത്ത് നിന്ന് അങ്ങ് സൃഷ്ടിക്കാനാരംഭിച്ചതല്ല. يدبر الامر من السماء الى الارض "ആകാശം തൊട്ട് ഭൂമിവരെയുള്ള കാര്യങ്ങളെല്ലാം തന്നെ അല്ലാഹു ദൃപാനിട്ട് നിയന്ത്രിച്ചുകൊണ്ടിരിക്കയാണ്" (32:5). وخلق كل شيئ فقدره تقديرا "എല്ലാ വസ്തുക്കളെയും അവൻ സൃഷ്ടിക്കുകയും അവക്കെല്ലാം ഓരോ അളവുകളും വ്യവസ്ഥകളും നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു" (25:2), മാത്രമല്ല,

واحصى كل شيئ عددا

"എല്ലാ വസ്തുക്കളെയും അവൻ എണ്ണിക്കണക്കാക്കുക കൂടി ചെയ്തിരിക്കുന്നു" (72:28) ചുരുക്കത്തിൽ, وكل شيئ عنده بمقدار "എല്ലാകാര്യങ്ങൾക്കും എല്ലാ വസ്തുക്കൾക്കും അവൻെറയടുക്കൽ ചില നിശ്ചിത വ്യവസ്ഥകളുണ്ട്" (13:8)

പ്രപഞ്ചത്തിൻെറ ഉൽപ്പത്തി, വികസനം, നിയന്ത്രണം, പരിപാലനം ഇവയിലൊന്നും തന്നെ കുത്തഴിഞ്ഞതല്ല, നിഷ്കൃഷ്ടവും സുവ്യവസ്ഥിതവുമായ നടപടികളാണ് സൃഷ്ടികർത്താവ് സ്വീകരിച്ചിരിക്കുന്നതെന്ന് പ്രഥമ ദൃഷ്ടിയിൽ തന്നെ, ഖുർആനിൽ നിന്ന് വ്യക്തമായല്ലോ. ഇനിയും നോക്കുക, ഈ യാഥാർത്ഥ്യങ്ങൾ ഊന്നിപ്പറഞ്ഞു കൊണ്ട് അല്ലാഹു വീണ്ടും അതാ അരുളുന്നു:

لاتبديل لكلمات الله "അല്ലാഹുവിൻെറ വാക്കുകൾക്ക് അഥവാ തത്വങ്ങൾക്ക് ഒരിക്കലും ഒരു മാററവും വരികയില്ല തന്നെ" (10:64)

لامبدل لكلماته "അവൻെറ വാക്കുകൾക്ക് മാററംവരുത്തുവാൻ ആർക്കും അധികാരമില്ലതന്നെ" (18:27) ഇനിയും കാണുക, അവൻ അരുളുന്നു: ولن تجد لسنة الله تبديلا

"അല്ലാഹുവിന്റെ നടപടിസമ്പ്രദായങ്ങൾക്കു ഒരു മാററവും നീ കാണുകയില്ല'' (48:23) അവസാനിച്ചോ? ഇല്ല. വീണ്ടും അരുളുന്നു:

اتقن كل شيئ ''സർവ്വവസ്തുക്കളെയും ഏററവും മികവുററ നിലയിലും വൈഭവത്തോടു കൂടിയിട്ടും തന്നെയാണ് അവൻസംവിധാനം ചെയ്തു നിറുത്തിയിരിക്കുന്നത്.'' (27:88) എന്താഅതിൽ വല്ല സംശയവുമുണ്ടോ? ഉണ്ടെങ്കിൽ ഇതാ ഒരു വെല്ലുവിളി:

الذی خلق سبع سماوات طباقا ماتری فی خلق الرحمن من

تفاوت فارجع البصر هل تری من فطور "ഏഴ് ആകാശങ്ങളെ പരസ്പരം യോജിപ്പിച്ചുകൊണ്ട് സൃഷ്ടിച്ചവനാണവൻ. കരുണാനിധിയായ അല്ലാഹു സൃഷ്ടിച്ചതിൽ യാതൊരു ഏററക്കുറച്ചിലും നീ കാണുകയില്ല. നിന്റെ കണ്ണുകൊണ്ട് ആവർത്തിച്ചാവർത്തിച്ചു നോക്കൂ : പ്രപഞ്ചത്തിലെവിടെയെങ്കിലും വല്ല വിടവും (അനൗചിത്യവും രജ്ഞിപ്പില്ലായ്മയും) നിനക്ക് കാണാൻ കഴിയുന്നുണ്ടോ?'' (67:3) ഖുർആൻ വിടുന്നില്ല, വീണ്ടും മനുഷ്യബുദ്ധിയെ പിടിച്ചു കുലുക്കിയിട്ട് അതാ വെല്ലുവിളിക്കുന്നു:

ثم ارجع البصر كرتين ينقلب اليك البصر خاسئا وهو حسير

''വീണ്ടും രണ്ടു പ്രാവശ്യം നിന്റെ കണ്ണ്കൊണ്ട് ആവർത്തിച്ചാവർത്തിച്ചു സൂക്ഷിച്ചു നോക്കൂ: എവിടെയെങ്കിലും ഘടനയിൽ വല്ല വിടവോ അനൗചിത്യമോ കാണാൻ കഴിയുന്നുണ്ടോ? (ഇല്ല, ഒരിക്കലുമില്ല). നിന്റെ കണ്ണ് അവസാനം ക്ഷീണിച്ച് പരാജയമടഞ്ഞു കൊണ്ട് നിന്നിലേക്ക് തിരിച്ചു വരും'' (67:4)

انه لقول فصل وما هو بالهزل

''ഇത് ഖണ്ഡിതമായ ഒരു വാക്ക് തന്നെയാണ്; കളിതമാശയൊന്നുമല്ല'' (86: 13, 14)

ഇതുമാത്രമൊ? അല്ല, ووضع الميزان ''ഒരോ വസ്തുവിന്നും അവൻ ഒരോ ബാലൻസ് സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു'' (55:7) എന്തിനു്? ان لا تطغوا فی الميزان "നിങ്ങൾ ബാലൻസ് തെററിച്ചു അവതാളത്തിലാകാതിരിക്കാൻ!'' (55:8)



ഈ ഒരൊററവാക്യം മാത്രം ഒന്ന് മനസ്സിരുത്തിച്ചിന്തിച്ചു നോക്കുക. ഇതെങ്ങോട്ടെല്ലാമാണ് വിരൽ ചൂണ്ടുന്നത്? പ്രപഞ്ചത്തിലുള്ള സർവ്വചരാചരങ്ങളിലേക്കും! മനുഷ്യനെ രോഗം ബാധിക്കുന്നത് എന്തുകൊണ്ടെന്ന് വൈദ്യശാസ്ത്രവിദഗ്ദ്ധന്മാർ സദാ ഉണർത്തിക്കൊണ്ടിരിക്കുന്നത് കേൾക്കാറില്ലേ? ബാലൻസ് അഥവാ സന്തുലിതാവസ്ഥ തെററിയതാണ് കാരണമെന്ന് ആര്യവൈദ്യന്മാർ അവരുടെ ഭാഷയിലും അലോപ്പതിക്കാർ അവരുടെ ഭാഷയിലും പറയുന്നത് കേൾക്കാറില്ലേ? ഫോറസ്റ്റ് വെട്ടിത്തെളിയിച്ചതാണ് ജലക്ഷാമത്തിന്ന് കാരണമെന്ന് ശാസ്ത്രജ്ഞന്മാർ മുറിവിളി കൂട്ടുന്നില്ലേ? ഫാക്ടറികളും യന്ത്രങ്ങളും പരിധിവിട്ട് പ്രവർത്തിക്കാൻ തുടങ്ങിയത് കാരണം ഭൂമുഖത്താകമാനം അന്തരീക്ഷം സന്തുലിതാസ്ഥയിൽ നിന്ന് വ്യതിചലിച്ചു കഴിഞ്ഞിരിക്കുന്നു, ഇതേ തുടന്നു എന്തൊക്കെയോ വിപത്തുകൾ സംഭവിക്കാൻ പോകുന്നു, മനുഷ്യായുസ്സ് മാത്രമല്ല, ഭൂമിയുടെ ആയുസ്സ് തന്നെയും ഇതാ ചുരുങ്ങാൻ പോകുന്നു എന്നെല്ലാം ശാസ്ത്രജ്ഞന്മാർ കാഹളം മുഴക്കുന്നത് കേൾക്കുന്നില്ലേ?

ഇപ്പറഞ്ഞതെല്ലാം പ്രപഞ്ചത്തിന്റെ പൊതുവിലുള്ള സംവിധാനങ്ങളാണ്.

മേലുദ്ധരിച്ച ഖുർആൻ വാക്യങ്ങളിൽ നിന്ന് ചില യാഥാർത്ഥ്യങ്ങൾ നമുക്ക് തികച്ചും സ്പഷ്ടമായി.

1. പ്രപഞ്ചത്തെ സൃഷ്ടിച്ചപ്പോൾ സൃഷ്ടികത്താവിന്റെ മുൻപിൽ മഹത്തരങ്ങളായ ചില ലക്ഷ്യങ്ങളുണ്ട്.

2. പ്രപഞ്ചത്തെ ശരിക്ക് പ്ലാനിട്ട് തികച്ചും വ്യവസ്ഥിതമായ നിലക്കാണ് ദൈവം സംഘടിപ്പിച്ചിരിക്കുന്നത്.

3. എല്ലാകാര്യങ്ങളും അവൻ ശരിക്ക് എണ്ണി നിർണ്ണയിച്ച് വെച്ചിരിക്കുന്നു.

4. അവന്റെ തത്വങ്ങൾക്ക് ഒരിക്കലും മാററം സംഭവിക്കുകയില്ല.

5. അവന്റെ നടപടി സമ്പ്രദായങ്ങൾക്കും ഒരിക്കലും ഒരു മാററവും സംഭവിക്കുകയില്ല.

6. സർവ്വ വസ്തുക്കളെയും അജ്ഞേയററത്തെ വൈഭവത്തോട് കൂടിയാണ് അവൻ സംഘടിപ്പിച്ച് നിർത്തിയിരിക്കുന്നത്.

7. അപാരവും അപരിമിതവുമായ ഈ ബ്രഹ്മാണ്ഡത്തിൽ എവിടെയും ഒരനൗചിത്യവും വിടവും ആർക്കും കാണാൻ കഴിയില്ല.

8. ഇതെല്ലാം ഖണ്ഡിതമായ വാക്കുകൾ തന്നെയാണ്. കല്പിത മാശകളൊന്നുമല്ല.

9. എല്ലാ വസ്തുക്കൾക്കും അവൻ ഓരോബാലൻസ് നിശ്ചയിച്ചിരിക്കുന്നു.

10. അവന്റെയടുക്കൽ എല്ലാ കാര്യങ്ങൾക്കും ചില നിശ്ചിത വ്യവസ്ഥകളുണ്ട്. ഇത്രയും കാര്യങ്ങൾ മേലുദ്ധരിച്ച ഖുർആൻ വാക്യങ്ങളിൽ നിന്ന് നാം വ്യക്തമായി ഗ്രഹിച്ചു. എന്നിട്ട്, ഇതെല്ലാം ഗ്രഹിച്ച് കഴിഞ്ഞശേഷം, സൂര്യ ചന്ദ്രാദിഗ്രഹങ്ങളുടെ ചലനങ്ങൾക്ക് നിഷ്കൃഷ്ടവും അലംഘനീയവുമായ വ്യവസ്ഥകളില്ലെന്നു ഒരു മനുഷ്യൻ വാദിക്കുകയോ? ഖുർആനിൽ വിശ്വസിക്കുന്ന ഒരു മുസ്‌ലിം അതു വാദിക്കാൻ ധൈര്യപ്പെടുമോ? ഒരിക്കലുമില്ല. ഗോള ശാസ്ത്രസിദ്ധാന്തങ്ങളെ നമുക്ക് തികച്ചും ആധാരമായെടുക്കാമെന്നതിന്നു ഇതിന്നപ്പുറം എന്തു തെളിവാണിനി വേണ്ടത്?

ഇനി സൂര്യ ചന്ദ്രാദികളെ സംഘടിപ്പിച്ചിരിക്കുന്ന വ്യവസ്ഥിതികളെക്കുറിച്ചു ഖുർആൻ ഉണർത്തുന്നതു ശ്രദ്ധിക്കുക:

والشمس تجرى لمستقر لها ذلك تقدير العزيز العليم

“സൂര്യൻ, സ്വന്തം സങ്കേതത്തിലേക്ക് ചലിച്ചുകൊണ്ടിരിക്കുന്നു; സർവ്വരേയും ജയിച്ചടക്കുന്നവനും സർവ്വജ്ഞനുമായ അല്ലാഹു വ്യവസ്ഥപ്പെടുത്തിയതാണത്.” തുടർന്നരുളുന്നു:



والقمر قدّرناه منازل حتى عاد كالعرجون القديم

“ചന്ദ്രനാവട്ടെ നാം ചില ഘട്ടങ്ങൾ നിർണ്ണയിച്ചു വെച്ചിരിക്കുന്നു. ഒടുവിൽ അതാ അത്, ഈന്തപ്പനക്കുലയുടെ പഴയ തണ്ടുപോലെയായിമാറുന്നു”.

لا الشمس ينبغي لها ان تدرك القمر ولا الليل سابق النهار وكلّ في فلك يسبحون

“ചന്ദ്രനെ എത്തിപ്പിടിക്കാൻ സൂര്യന്നു കഴിയുകയില്ല. രാവിന്നു പകലിനെ കവച്ചു വെക്കാനും കഴിയുകയില്ല. എല്ലാം ഓരോ ഭ്രമണവൃത്തത്തിൽ സഞ്ചരിച്ചു കൊണ്ടിരിക്കയാണ്” (36:38_40). സൂര്യൻ, ചന്ദ്രൻ, രാവ് പകൽ ഇവയെ സംഘടിപ്പിച്ചതിലുള്ള മഹത്തായ വൈഭവം, അവയിലോരോന്നിന്നും നിർണ്ണയിച്ചു കൊടുത്തിരിക്കുന്ന ചലനവൃത്തങ്ങൾ, അവ തമ്മിൽ കൂട്ടിമുട്ടാതിരിക്കാൻ വേണ്ടി കൈക്കൊണ്ട അതിസൂക്ഷ്മമായ വ്യവസ്ഥാ വിശേഷങ്ങൾ ഇവയെല്ലാമാണ് ഖുർആൻ മനുഷ്യരെ ഇവിടെ ഉണർത്തിയതെന്നു നാം ഓർക്കണം. ഇതിന്നു ശേഷം 10:5ൽ ഖുർആൻ മനുഷ്യരുടെ കാതുകളിൽ അതാ കാഹളം മുഴക്കുന്നു:

هو الذى جعل الشمس ضياء والقمر نورا وقدره منازل لتعلموا عدد السنين والحساب ما خلق الله ذلك الا بالحق يفصل الايات لقوم يعلمون (10:5)

ഗോളങ്ങളെ ആസൂത്രണം ചെയ്തു സംഘടിപ്പിച്ചിരിക്കുന്നതിലുള്ള രഹസ്യം മനുഷ്യരെ ഉണർത്തിക്കൊണ്ട് അരുളുകയാണ്: “സൂര്യനെ തേജസ്സുററതും ചന്ദ്രനെ പ്രകാശിക്കുന്നതുമാക്കി സൃഷ്ടിക്കുകയും, ചന്ദ്രന്നു വ്യത്യസ്തദശകൾ നിർണ്ണയിക്കുകയും ചെയ്തു വെച്ചിരിക്കുന്നത് അല്ലാഹുവത്രെ. (അതെന്തിന്നു വേണ്ടിയെന്നറിയാമോ?) കൊല്ലങ്ങളുടെ എണ്ണവും (മാസം, ദിവസം, സമയം ഇവയുടെ) കണക്കും നിങ്ങൾക്ക് ഗ്രഹിക്കുവാൻ കഴിയേണ്ടതിന്നു. (ചുരുക്കത്തിൽ,) ന്യായമായ ആവശ്യാർത്ഥം തന്നെയാണ് അവയെയെല്ലാം അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. ബോധമുള്ള ജനതക്ക്, ഇവയിലെല്ലാം അന്തർഭവിച്ചിരിക്കുന്ന ദൃഷ്ടാന്തങ്ങൾ അല്ലാഹു വിശദീകരിച്ചുകൊടുക്കുകയാണ്”

4. അവൻെറ തത്വങ്ങൾക്ക് ഒരിക്കലും മാററം സംഭവിക്കുകയില്ല.

5. അവൻെറ നടപടി സമ്പ്രദായങ്ങൾക്കും ഒരിക്കലും ഒരു മാററവും സംഭവിക്കുകയില്ല.

6. സർവ്വ വസ്തുക്കളെയും അജ്ഞേയററത്തെ വൈഭവത്തോട് കൂടിയാണ് അവൻ സംഘടിപ്പിച്ച് നിർത്തിയിരിക്കുന്നത്.

7. അപാരവും അപരിമിതവുമായ ഈ ബ്രഹ്മാണ്ഡത്തിൽ എവിടെയും ഒരനൗചിത്യവും വിടവും ആർക്കും കാണാൻ കഴിയില്ല.

8. ഇതെല്ലാം ഖണ്ഡിതമായ വാക്കുകൾ തന്നെയാണ്. കളിതമാശകളൊന്നുമല്ല.

9. എല്ലാ വസ്തുക്കൾക്കും അവൻ ഓരോബാലൻസ് നിശ്ചയിച്ചിരിക്കുന്നു.

10. അവൻെറയടുക്കൽ എല്ലാ കാര്യങ്ങൾക്കും ചില നിശ്ചിത വ്യവസ്ഥകളുണ്ട്. ഇത്രയും കാര്യങ്ങൾ മേലുദ്ധരിച്ച ഖുർആൻ വാക്യങ്ങളിൽ നിന്ന് നാം വ്യക്തമായി ഗ്രഹിച്ചു. എന്നിട്ട്, ഇതെല്ലാം ഗ്രഹിച്ച് കഴിഞ്ഞശേഷം, സൂര്യ ചന്ദ്രാദിഗ്രഹങ്ങളുടെ ചലനങ്ങൾക്ക് നിഷ്കൃഷ്ടവും അലംഘനീയവുമായ വ്യവസ്ഥകളില്ലെന്ന ഒരു മനുഷ്യൻ വാദിക്കുകയോ? ഖുർആനിൽ വിശ്വസിക്കുന്ന ഒരു മുസ്ലിം അതു വാദിക്കാൻ ധൈര്യപ്പെടുമോ? ഒരിക്കലുമില്ല. ഗോള ശാസ്ത്രസിദ്ധാന്തങ്ങളെ നമുക്ക്തികച്ചും ആധാരമായെടുക്കാമെന്നതിന്നു ഇതിന്നപ്പുറം എന്തു തെളിവാണിനി വേണ്ടത്?

ഇനി സൂര്യ ചന്ദ്രാദികളെ സംഘടിപ്പിച്ചിരിക്കുന്ന വ്യവസ്ഥിതികളെക്കുറിച്ചു ഖുർആൻ ഉണർത്തുന്നതു ശ്രദ്ധിക്കുക:

والشمس تجري لمستقر لها ذلك تقدير العزيز العليم

"സൂര്യൻ, സ്വന്തം സങ്കേതത്തിലേക്ക് ചലിച്ചുകൊണ്ടിരിക്കുന്നു; സർവ്വരേയും ജയിച്ചടക്കുന്നവനും സർവ്വജ്ഞനുമായ അല്ലാഹു വ്യവസ്ഥപ്പെടുത്തിയതാണത്." തുടർന്നരുളുന്നു:



والقمر قدّرناه منازل حتى عاد كالعرجون القديم

"ചന്ദ്രനാവട്ടെ നാം ചില ഘട്ടങ്ങൾ നിർണ്ണയിച്ച് വെച്ചിരിക്കുന്നു. ഒടുവിൽ അതാ അത്, ഈന്തപ്പനക്കുലയുടെ പഴയ തണ്ടുപോലെയായിമാറുന്നു".

لاالشمس ينبغي لها ان تدرك القمر ولا الّيل سابق النهار وكلّ في فلك يسبحون

"ചന്ദ്രനെ എത്തിപ്പിടിക്കാൻ സൂര്യന്നു കഴിയുകയില്ല. രാവിന്നു പകലിനെ കവച്ചു വെക്കാനും കഴിയുകയില്ല. എല്ലാം ഓരോ ഭ്രമണവൃത്തത്തിൽ സഞ്ചരിച്ചു കൊണ്ടിരിക്കയാണ്" (36:38-40). സൂര്യൻ, ചന്ദ്രൻ, രാവ് പകൽ ഇവയെ സംഘടിപ്പിച്ചതിലുള്ള മഹത്തായ വൈഭവം, അവയിലോരോന്നിന്നും നിർണ്ണയിച്ചു കൊടുത്തിരിക്കുന്ന ചലനവൃത്തങ്ങൾ, അവ തമ്മിൽ കൂട്ടിമുട്ടാതിരിക്കാൻ വേണ്ടി കൈക്കൊണ്ട അതിസൂക്ഷ്മമായ വ്യവസ്ഥാ വിശേഷങ്ങൾ ഇവയെല്ലാമാണ് ഖുർആൻ മനുഷ്യരെ ഇവിടെ ഉണർത്തിയതെന്നു നാം ഓർക്കണം. ഇതിന്നു ശേഷം 10:5ൽ ഖുർആൻ മനുഷ്യരുടെ കാതുകളിൽ അതാ കാഹളം മുഴക്കുന്നു:

هو الذي جعل الشمس ضياء والقمر نورا وقدره منازل لتعلموا عدد السنين والحساب ما خلق الله ذلك الا بالحق يفصل الايات لقوم يعلمون (10:5)

ഗോളങ്ങളെ ആസൂത്രണം ചെയ്തു സംഘടിപ്പിച്ചിരിക്കുന്നതിലുള്ള രഹസ്യം മനുഷ്യരെ ഉണർത്തിക്കൊണ്ട് അരുളുകയാണ്: "സൂര്യനെ തേജസ്സുററതും ചന്ദ്രനെ പ്രകാശിക്കുന്നതുമാക്കി സൃഷ്ടിക്കുകയും, ചന്ദ്രന്നു വ്യത്യസ്തദശകൾ നിർണ്ണയിക്കുകയും ചെയ്തു വെച്ചിരിക്കുന്നത് അല്ലാഹുവത്രെ. (അതെന്തിന്നുവേണ്ടിയെന്നറിയാമോ?) കൊല്ലങ്ങളുടെ എണ്ണവും (മാസം, ദിവസം, സമയം ഇവയുടെ) കണക്കും നിങ്ങൾക്ക് ഗ്രഹിക്കുവാൻ കഴിയേണ്ടതിന്നു. (ചുരുക്കത്തിൽ,) ന്യായമായ ആവശ്യാർത്ഥം തന്നെയാണ് അവയെയെല്ലാം അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. ബോധമുള്ള ജനതക്ക്, ഇവയിലെല്ലാം അന്തർഭവിച്ചിരിക്കുന്ന ദൃഷ്ടാന്തങ്ങൾ അല്ലാഹു വിശദീകരിച്ചുകൊടുക്കുകയാണ്"

കൊല്ലം, മാസം, ദിവസം, സമയം ഇവയെല്ലാം മനുഷ്യർക്ക് ഗ്രഹിക്കുവാൻ കഴിയേണ്ടതിന്നാണ്, സൂര്യ ചന്ദ്രാദികളെ അല്ലാഹു ഇങ്ങനെ സംഘടിപ്പിച്ചുവെച്ചിരിക്കുന്നതെന്ന് അല്ലാഹു ഖുർആനിൽ ഇത്രയും വ്യക്തമായ ഭാഷയിൽ ഉൽബോധിപ്പിച്ചു കഴിഞ്ഞാൽ പിന്നീടവിടെ സംശയിക്കാനോ എതിർക്കാനോ, നിഷേധിക്കാനോ വല്ലരും മുതിരുന്നപക്ഷം, ഖുർആനെ ധിക്കരിക്കുകയെന്നല്ലാതെ മറ്റെന്താണതർഥം? ഖുർആൻ അതിന്റെ എതിർ വാദികൾക്ക് പിടിച്ചുനിൽക്കാൻ ഒരിക്കലും ഒരു പിടികയറും ഒരുപഴുതും ഒരിക്കലും നൽകാറില്ല. അതൊരു ദൈവിക ഗ്രന്ഥമായതിന്റെ ഫലമാണത്. ചില ഒഴികഴിവുകൾ പറഞ്ഞു ചാടിപ്പോകാൻ ശ്രമിച്ചവരെ പിടിച്ചു നിറുത്തിയിട്ട് അവസാനം അവരുടെ മുഖത്ത് നോക്കിയിട്ട് ഖുർആൻ പറയുന്ന വാക്ക് ഇതാ ശ്രദ്ധിക്കുക:

الشمس والقمر بحسبان

"സൂര്യനും ചന്ദ്രനും കൃത്യമായ കണക്കനുസരിച്ചുതന്നെയാണ് ചലിച്ചുകൊണ്ടിരിക്കുന്നത്'' (55:5) ഇനി എന്തുവേണം!

പ്രശ്നം ഇതാ അവസാനിച്ചുകഴിഞ്ഞു. ഇനി, ഗോളശാസ്ത്ര പ്രമാണം നോക്കിയിട്ട് തിയ്യതിയും മാസവും കൊല്ലവും നിർണ്ണയിക്കാൻ പാടില്ലെന്ന്, ഖുർആനിൽ വിശ്വസിക്കുന്ന ഒരു മുസ്ലിമിന്ന് വിശ്വസിക്കാനോ വാദിക്കാനോ വല്ല ന്യായവുമുണ്ടോ? യാതൊരുന്യായവുമില്ലെന്ന് എല്ലാ വിധേനയും ബോധ്യമായിക്കഴിഞ്ഞു. ഇനിയും വല്ലവരും അത് വാദിക്കുന്നെങ്കിൽ അതിന്നുള്ള പേര് വായനക്കാർ നിർണ്ണയിച്ചാൽ മതി. ഖുർആനിൽ ഒരു ചോദ്യോത്തരം തന്നെ രേഖപെടുത്തിയിട്ടുണ്ട്: നബിയോട് ജനങ്ങളുടെ ചോദ്യവും അതിന്നു നബി നൽകേണ്ട മറുപടിയും. അല്ലാഹു നബിയോടു പറയുന്നു:

يسألونك عن الاهلة

"ചന്ദ്രപ്പിറവിയെക്കുറിച്ചു അവരതാ നിന്നോട് ചോദിക്കുന്നു''. എന്നിട്ട് അല്ലാഹു തന്നെ നബിക്ക് അതാ മറുപടി പഠിപ്പിക്കുന്നു: قل هى مواقيت للناس "അത് (ചന്ദ്രപ്പിറവി) മനുഷ്യരാശിക്ക് സമയം നിർണ്ണയിക്കാനുള്ള ഒരുപാധിയാണ്.'' (2:189)



നമ്മുടെ മുമ്പിലുള്ളപ്രശ്നത്തിന്നു എത്ര ഖണ്ഡിതമായ മറുപടി! ഇന്ന കടം ഇന്ന ദിവസം തിരിച്ചുതരണം, എന്റെവാഗ്ദാനം മുഹർറം പത്തിന്ന് നിറവേററാം, എല്ലാ ചന്ദ്രമാസവും ഒന്നാം തിയ്യതി ശമ്പളം തരണം, മുഹർറം 10 ഒഴിവുദിനമാണ്, ചന്ദ്രഗ്രഹണ നമസ്കാരത്തിന്ന് വരുമ്പോൾ നമുക്ക് കാണാം ഇങ്ങനെ പല കാര്യങ്ങളും നിശ്ചയിക്കുമ്പോൾ മനുഷ്യർക്ക് സമയ നിർണ്ണയം ചെയ്യേണ്ടി വരുമല്ലോ. അതാണ് ചന്ദ്രോദയത്തിന്റെപ്രധാനോദ്ദേശ്യമെന്ന് മനുഷ്യരെ പഠിപ്പിക്കണമെന്നാണ് അല്ലാഹു നബിയോട് കല്പിക്കുന്നത്. ഇവിടെ ഖുർആന്റെ അനുയായികളെന്നഭിമാനിക്കുന്ന നമ്മിൽ ചിലരോ, ചന്ദ്രോദയത്തിന്റെ അഥവാ ഗോളശാസ്ത്രത്തിന്റെ കണക്ക് അടിസ്ഥാനമാക്കിക്കൊണ്ട് ഒരു കാര്യവും നിശ്ചയിക്കാൻ പാടില്ലെന്നു വാദിക്കുകയും ചെയ്യുന്നു! ഖുർആനെ പരസ്യമായി നിഷേധിക്കുന്നതിന്നു ഇതിനേക്കാൾ വലിയ തെളിവെന്ത്? ഖുർആനിലെ അതി ഗൗരവമായ ഒരു താക്കീത് മാത്രം ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ചർച്ച അവസാനിപ്പിച്ചു കൊള്ളട്ടെ.

انّه لقول فصل وما هو بالهزل

"ഇത് ഖണ്ഡിതമായ വാക്കുകൾ തന്നെയാണ്; കളിതമാശയൊന്നുമല്ല.'' (86:13, 14) ഖുർആനെ ചൂണ്ടിക്കൊണ്ട് അല്ലാഹു അരുളിയ ഗൗരവമേറിയ ഒരു താക്കീതാണിതെന്ന് ഇവരെല്ലാവരും ഓർത്തിരിക്കട്ടെ. ഈ താക്കീത് കൂടി പുച്ഛിച്ചു തള്ളിക്കളയുന്നവർക്ക് ഖുർആന്റെ അനുയായികളെന്ന് അവകാശപ്പെടാൻ എന്തവകാശം? മനുഷ്യർക്ക് അവരുടെ പലതരം പരിപാടികൾ നിർണ്ണയിക്കാനുള്ള അടിസ്ഥാന സമയ പരിധിയാണ് ചന്ദ്രോദയമെന്നു അല്ലാഹു പറയുമ്പോൾ, അതു് വാലും തലയുമില്ലാതെയാണു നടന്നു കൊണ്ടിരിക്കുന്നതെന്നു പാമരജനങ്ങളെ ധരിപ്പിക്കുന്നവർ ഖുർആനെ പരസ്യമായിനിഷേധിക്കുകയാണെന്നും അതിന്നു അല്ലാഹുവിന്റെ തിരുസന്നിധിയിൽ കൈ കെട്ടിനിന്നു ഉത്തരം പറയേണ്ടി വരുമെന്നും ഗൗരവ പൂർവ്വം ഓർത്തുകൊള്ളട്ടെ!

ചോദ്യം:— സമയം, ദിവസം, മാസം മുതലായവയുടെ കൃത്യമായ കണക്ക് മനുഷ്യർക്ക് ഗ്രഹിക്കുവാനും അതനുസരിച്ച് അവരുടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും വേണ്ടിയാണ് സൂര്യനെയും ചന്ദ്രനെയും സൃഷ്ടിച്ച് അല്ലാഹു സംവിധാനം ചെയ്തിരിക്കുന്നതെന്ന് മേലുദ്ധരിച്ച ഖുർആൻ വാക്യങ്ങളിൽ നിന്ന് തികച്ചും ബോധ്യമായി. പക്ഷെ ദയവ് ചെയ്ത് ക്ഷമിക്കണം, ഞങ്ങളിൽ ഒരു ശീലം അല്ലെങ്കിൽ ദൗർബല്യമുണ്ട്: ഖുർആനോ ഹദീസോ വായിച്ചിട്ടല്ല, ഞങ്ങളും മുൻ തലമുറകളും മതവിധികൾ ഗ്രഹിച്ച് പോന്നത്. ഫിഖ്ഹീ കിതാബുകൾ മാത്രമായിരുന്നു ഞങ്ങളുടെ ആധാരം. ഖുർആനോ ഹദീസോ ഉദ്ധരിച്ച് ഒരു മതവിധി എത്രതന്നെ വ്യക്തമായ ഭാഷയിൽ കേൾപ്പിച്ചാലും ഞങ്ങൾക്കത് തികച്ചും ബോധ്യമാവുകയില്ലെന്ന് പറയാൻ പാടില്ല. പക്ഷെ യാഥാർത്ഥ്യം അതാണ്. കാരണം, നിങ്ങൾക്കൊന്നും ഖുർആൻ ഗ്രഹിക്കാൻ കഴിയുകയില്ല, അതുകൊണ്ട് ഖുർആൻ വാക്യം കേട്ടാൽ അതനുസരിച്ച് പ്രവർത്തിക്കാൻ മുതിരരുത് എന്നാണ് പാരമ്പര്യമായി ഞങ്ങളെ പഠിപ്പിച്ച് പോന്നിരിക്കുന്നത്. അത് കൊണ്ട്, ഒരു പക്ഷേ, നമ്മുടെ മദ്ഹബുകളിലെ പ്രാമാണിക പണ്ഡിതരാരെങ്കിലും ഇത് അനുവദിച്ചിട്ടുണ്ടോ? അതായത് ഗോള ശാസ്ത്ര സിദ്ധാന്തങ്ങളും നിയമങ്ങളുമനുസരിച്ച് റംസാനും പെരുന്നാളും നിർണ്ണയിക്കാമെന്ന് അവരാരെങ്കിലും കല്പിച്ചിട്ടുണ്ടോ? അത് കൂടി ഒന്നു വ്യക്തമാക്കിത്തന്നാൽ വലിയ ഉപകാരമായി.

ഉത്തരം:— നിങ്ങളുടെ അന്വേഷണ ബുദ്ധിക്ക് നന്ദി. ആത്മാർത്ഥതയോടുകൂടിയ ഏതു ചോദ്യത്തിന്നും കഴിവനുസരിച്ച് മറുപടി നൽകാൻ ഞാൻ സന്നദ്ധനാണ്, ബാദ്ധ്യസ്ഥനും. അതിനുമുമ്പ് ഒരു വാക്ക് ഓർമ്മപ്പെടുത്തേണ്ടതുണ്ട്:

നാലു മദ്ഹബുകളുടെ ഇമാമുകൾ ജീവിച്ച കാലത്ത് ഹദീസുകൾ മുഴുവനും ക്രോഡീകരിച്ച് രേഖപ്പെടുത്തിക്കഴിഞ്ഞിരുന്നില്ല. ആ ശ്രമം നടന്നുകൊണ്ടിരിക്കുക മാത്രമായിരുന്നു. തന്നിമിത്തം, ആചാരരൂപങ്ങളിൽ വിവിധ വിഭാഗം മുസ്ലിംകൾക്കിടയിൽ വ്യത്യാസങ്ങൾ കണ്ടു, മുസ്ലിം മതപണ്ഡിത നേതാക്കന്മാർ. അപ്പോൾ ആചാര നടപടികൾ ഏകീകരിക്കു



വാൻ അവർ യത്നങ്ങൾ ആരംഭിച്ചു. നബിയുടെ ഹദീസുകൾ കുറേ ഒരാൾക്ക് കിട്ടി, കുറേ മറ്റൊരാൾക്കും. കിട്ടിയതനുസരിച്ച് ഓരോ ഇമാമും ആചാരമുറകൾ മുസ്ലിം ബഹുജനങ്ങൾക്ക് നിർണ്ണയിച്ചു കൊടുത്തു. അങ്ങിനെ പത്ത് ഇമാമുകൾ പത്ത് നാട്ടിലിരുന്ന് ഈ ഏകീകരണ നടപടി നടത്തിക്കൊണ്ടിരുന്നപ്പോൾ അത് പത്ത് രൂപത്തിലായിട്ടാണ് പരിണമിച്ചത്

ഹദീസുകൾ കിട്ടിക്കൊണ്ടിരുന്നതനുസരിച്ചും, വ്യാഖ്യാനങ്ങളിൽ വന്ന മാറ്റങ്ങൾ കാരണവും ഒരേ ഇമാം തന്നെ രണ്ടും നാലും പ്രാവശ്യം ഒരേ വിഷയത്തിൽ അഭിപ്രായം മാറ്റിയിട്ടുണ്ട്. അതിന്ന് മതഗ്രന്ഥങ്ങളിൽ ധാരാളം തെളിവുകൾ കാണാം. അപ്പോൾ വിഷയം പിന്നെയും കുഴഞ്ഞു. അങ്ങനെ വിഷമിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ് ഇമാം നവവിയെപ്പോലെയുള്ള വിദഗ്ദ്ധമതപണ്ഡിതന്മാർ സമുദായത്തിൽ തലയുയർത്തി നിന്നതു്.

ഇമാം നവവി ഒരു വിദഗ്ദ്ധ ഹദീസ് പണ്ഡിതൻകൂടിയായിരുന്നു. അദ്ദേഹം ഇമാം ശാഫിയുടെ വ്യത്യസ്താഭിപ്രായങ്ങൾ പരിശോധിച്ചു. പിൽക്കാലങ്ങളിൽ വന്ന പണ്ഡിതന്മാരുടെ അഭിപ്രായങ്ങളും വിലയിരുത്തി. എന്നിട്ട് ചില അഭിപ്രായങ്ങൾക്ക് പ്രാധാന്യം കല്പിച്ചു; ചിലതു് പിന്നിലേക്ക് മാറ്റി വെച്ചു. അങ്ങിനെ, ഇമാം ശാഫിയെ കഴിച്ചാൽ, ശാഫിമദ്ഹബിലെ രണ്ടാം സ്ഥാനം അദ്ദേഹത്തിന്ന് നല്കപ്പെട്ടു.

ഇമാം നവവിക്കുശേഷവും പണ്ഡിതന്മാർക്കിടയിൽ ശാഖാപരമായ വിഷയങ്ങളിൽ അഭിപ്രായ ഭിന്നതകൾ ഉടലെടുത്തുകൊണ്ടിരുന്നു. അത് സ്വാഭാവികമാണല്ലോ. ഇസ്ലാമിക പ്രമാണങ്ങളും ഇമാം ശാഫിയുടെ അടിസ്ഥാന നിർദ്ദേശങ്ങളും ഇമാം നവവിയുടെ നയങ്ങളും മുമ്പിൽ വെച്ചു കൊണ്ട് ആഴത്തിൽ ചിന്തിച്ച് വിഭിന്ന വിഷയങ്ങളിൽ ഉറച്ച തീരുമാനങ്ങൾ എടുത്തുകൊണ്ട് ഇമാം ഇബ്നുഹജർ തയാർ ചെയ്ത ലോകപ്രസിദ്ധ മഹാഗ്രന്ഥമാണ് 'തുഹ്ഫ'. 10 വാല്യം.

തുഹ്ഫയിൽ ഇന്ന വിഷയത്തിൽ ഇന്നതാണ് കല്പിച്ചിരിക്കുന്നതെന്ന് ഒരു മുഫ്തി ഫത്‌വ കൊടുത്തു കഴി

ഞാൽ പിന്നീട് ഒരു പണ്ഡിതനും നാവനക്കുകയില്ല. ഇതാണ് ഈ രണ്ടു പണ്ഡിതന്മാർക്കുമുള്ള സ്ഥാനം. ഈ സാഹചര്യത്തിൽ, ഇമാം ഇബ്നുഹജർ തുഹ്ഫയിൽ നമ്മുടെ മുമ്പിലുള്ള വിഷയത്തിൽ എന്ത് കൽപിച്ചു വെന്ന് നമുക്ക് പരിശോധിക്കാം. ശ്രദ്ധിച്ച് വായിക്കുക. ഇബ്നുഹജർ ഇതാ പറയുന്നു:

إنّ الحساب إن اتفق اهله على مقدمات قطعية وكان المخبرون منهم بذلك عدد التواتر ردت الشهادة

"ഗോള ശാസ്ത്ര സിദ്ധാന്തമനുസരിച്ചുള്ള കണക്ക്, ആ ശാസ്ത്രജ്ഞന്മാർ തയാർ ചെയ്തപ്പോൾ, ആ കണക്കിന്നു അടിസ്ഥാനമായി സ്വീകരിച്ച തെളിവുകളുടെ കാര്യത്തിൽ അവർക്കിടയിൽ അഭിപ്രായ വ്യത്യാസമില്ല, അവ സംശയാതീതങ്ങളാണ്, അങ്ങിനെ ആ തീരുമാനമെടുത്ത ശാസ്ത്രജ്ഞന്മാർ എണ്ണത്തിൽ വളരെ കൂടുതലുമുണ്ട്. അവരെല്ലാവരും കൂടി സർവ്വസമ്മതമായി എടുത്ത തീരുമാനം തെററാണെന്ന് വിധി കൽപിക്കുവാൻ ന്യായമില്ല. അത്രയും ശാസ്ത്രജ്ഞന്മാർ ആ അഭിപ്രായക്കാരാണ്. ആ പരിതസ്ഥിതിയിൽ, തങ്ങൾ ചന്ദ്രപ്പിറവി കണ്ടുവെന്നു സാക്ഷ്യം വഹിച്ചു കൊണ്ട് വല്ലവരും മുമ്പോട്ട് വന്നാൽ അവരുടെ സാക്ഷ്യം തള്ളിക്കളയുകതന്നെ ചെയ്യേണ്ടതാണ്" (തുഹ്ഫ. വാ. 3 പേ:382)

മുസ്ലിംകൾ ഇബ്നുഹജറിന്നുശേഷം, അഥവാ ഏതാണ്ടു നാന്നൂറ് കൊല്ലമായി സ്വീകരിച്ചു പോന്ന നടപടി പാരമ്പര്യമനുസരിച്ച്, വിഷയം തീരുമാനിക്കപ്പെട്ടുകഴിഞ്ഞു. ഇനി ആർക്കും ഒരക്ഷരവും ഉരിയാടാനില്ല അവർ ശാഫീ മദ്ഹബുകാരെങ്കിൽ! സൂര്യന്റെയും ചന്ദ്രന്റെയും ചലനങ്ങളിലും ഉദയാസ്തമയങ്ങളിലും ഏകാഭിപ്രായമുള്ള വിദഗ്ദ്ധ പണ്ഡിതന്മാർ ഇന്ന് ലോകത്ത് ആയിരക്കണക്കിലും ലക്ഷക്കണക്കിലുമല്ല ഉള്ളത് എന്ന യാഥാർത്ഥ്യം ആർക്കാണ് നിഷേധിക്കാൻ കഴിയുക! ആ സ്ഥിതിക്ക്, ഇബ്നുഹജരുടെ തീരുമാനമനുസരിച്ച്, ലക്ഷക്കണക്കിലുള്ള ആ ശാസ്ത്രജ്ഞന്മാരുടെ ഖണ്ഡിതമായ തീരുമാനമനുസരിച്ച് നോമ്പ് — പെരുന്നാൾ ദിവസങ്ങൾ കാലേക്കൂട്ടി നാം നിർണ്ണയിക്കുക തന്നെ ചെയ്യേണ്ടതാണ്.



ചോദ്യം:— സംശയം മുഴുവനും തീർന്നു. പക്ഷെ മനുഷ്യൻ എപ്പോഴും ജിജ്ഞാസുവമായിരിക്കുമല്ലോ. ഒരു വിഷയത്തിൽ കൂടുതൽ തെളിവുകൾ കണ്ടാൽ അവൻ കൂടുതൽ സംതൃപ്തനായിരിക്കുമല്ലോ. അതുകൊണ്ട്, ഇനിയും ഇത്തരം തെളിവുകൾ കാണിച്ചു തരാനുണ്ടെങ്കിൽ ഞങ്ങൾ അങ്ങേയററം കൃതജ്ഞരായിരിക്കും.

ഉത്തരം:— ജിജ്ഞാസുക്ക് നന്ദി. നിങ്ങളുടെ മുമ്പിൽ മതിയാവോളം തെളിവുകൾ നിരത്തി വെക്കാം. ഇതാ എണ്ണിക്കോളൂ

1. ഇമാം സുബ്കിക്ക് ഇസ്ലാമിലുള്ള സ്ഥാനം എല്ലാവർക്കുമറിയാം. അദ്ദേഹമിതാ പറയുന്നു:

(فرع) لو شهد برؤية الهلال واحد او اثنان واقتضى الحساب عدم امكان رؤيته قال السبكي لاتقبل هذه الشهادة لانّ الحساب قطعي والشهادة ظنية والظني لا يعارض القطعي واطال في بيان ردّ هذه الشهادة

"നവ ചന്ദ്രോദയം കണ്ടുവെന്ന് ഒന്നോ രണ്ടോ പേർ സാക്ഷ്യം വഹിച്ചു; ഗോള ശാസ്ത്രപ്രമാണമനുസരിച്ച് അന്ന് മാസപ്പിറവി കാണുക അസംഭവ്യവുമാണ്. എങ്കിൽ ഈ സാക്ഷ്യം സ്വീകരിക്കുവാൻ പാടില്ലെന്ന് ഇമാം സുബ്കി പറയുന്നു. കാരണം, ഗോള ശാസ്ത്രപ്രമാണം അനിഷേധ്യമാണ്, സംശയാതീതമാണ്. സാക്ഷ്യമോ, അത് ഊഹാധിഷ്ഠിതം മാത്രവും. ഊഹത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു തെളിവിന്ന് സംശയാതീതമായ തെളിവിനെ എതിക്കാൻ അർഹതയില്ലല്ലോ. തന്നിമിത്തം ഈ സാക്ഷ്യം തള്ളിക്കളയുക തന്നെ വേണമെന്ന് സ്ഥാപിച്ചുകൊണ്ട് അദ്ദേഹം വളരെ വിശദീകരിച്ചെഴുതിയിട്ടുണ്ട്" (മുഗ്നിൽ മുഹ്താജ് വാ-1 പേ:421)

ഗോള ശാസ്ത്രസിദ്ധാന്തവും കണക്കുമനുസരിച്ച് നോമ്പും പെരുന്നാളും നിശ്ചയിക്കാമെന്ന് ഇസ്ലാമിലെ ലോക പ്രസിദ്ധരായ രണ്ടു മതാചാര്യന്മാർ വിധി കൽപിച്ചത് നാം കണ്ടു. ഇനിയും വല്ലസംശയവും അവശേഷിക്കുന്നുണ്ടെങ്കിൽ,

## എല്ലാ സംശയങ്ങളും തീർക്കുന്ന മൂന്നാമത്തെ വിധി

وفى ب. ج. انّ القمر لايستتر اكثر من ليلتين اى لا يطلع بعد الفجر آخر الشهر اكثر منهما قبل الشمس فاذا استتر ليلتين فالليلة الثالثة اوّل الشهر بلاريب

എത്ര ഖണ്ഡിതവും വ്യക്തവുമായ തീരുമാനം! ഇതാ കേട്ടോളൂ ആ വിധിയുടെ മലയാള വിവർത്തനം: "ചന്ദ്രൻ രണ്ട് രാവിലേറെ അപ്രത്യക്ഷമായിരിക്കുകയില്ല. അതായത് മാസാവസാനത്തിൽ, പ്രഭാതത്തിനു ശേഷം, രണ്ട് രാത്രിയിലേറെ, സൂര്യനു മുമ്പ് ചന്ദ്രൻ ഉദിക്കുകയില്ല. അങ്ങനെ രണ്ട് രാത്രി ചന്ദ്രൻ ഉദിക്കാതിരുന്ന ശേഷം (അമാവാസിക്കുശേഷം) മൂന്നാമത്തെ രാത്രി ആരംഭിച്ചു കഴിഞ്ഞാൽ അതു തന്നെയാണ് ചന്ദ്രമാസത്തിന്റെ ആരംഭം. യാതൊരു സംശയവുമില്ല" (ബുഷ്റൽ കരീം. പേ_60)

വിഷയം അവസാനിച്ചു കഴിഞ്ഞു. ഗോളശാസ്ത്ര സിദ്ധാന്തമനുസരിച്ച് തന്നെ വിധികൽപിക്കേണ്ടതാണെന്ന് ഇസ്‌ലാമിലെ മൂന്നു പ്രമുഖ പണ്ഡിതന്മാർ വിധിയെഴുതിക്കഴിഞ്ഞു. ഇനി ആർക്കും ഒന്നും പറയാനില്ല തന്നെ. അമാവാസിയെക്കുറിച്ചാണിവിടെ പറഞ്ഞത്. അമാവാസിക്കുശേഷം, ചന്ദ്രൻ എവിടെ എപ്പോൾ ഉദിക്കുന്നുണ്ടോ അതു തന്നെയാണ് മാസത്തിന്റെ ആരംഭം. അല്ലാതെ ചന്ദ്രനെ കണ്ടോ കണ്ടില്ലയോ എന്നതല്ല പ്രശ്നം എന്നർത്ഥം. കാര്യം അവസാനിച്ചു കഴിഞ്ഞു.

## മത്ലഅ്

പണ്ഡിതന്മാർക്കും പാമരന്മാർക്കുമെല്ലാം സുപരിചിതമായ ഒരു വാക്ക്. എന്നാൽ ഇതിന്ന് വാലോ തലയോ ഉണ്ടോ? ഒന്നുമില്ല. എവിടെ നിന്ന് വന്നതാണ്? അറിഞ്ഞുകൂടാ. പണ്ടൊരുത്തനോട് ചോദിച്ചു: "എന്തിനാണെടോ നീ ഓടിയത്?" അവൻ പറഞ്ഞു. "അഹ്മദ് ഓടിയപ്പോൾ ഞാനും ഓടി". ഇതാണതിന്റെ സ്ഥിതി.



മനുഷ്യരാശിയെ ഒരേ ചരടിൽ കോർത്തിണക്കി സംഘടിപ്പിച്ചു നിറുത്തി വളർത്തിക്കൊണ്ടു പോകാനാണ് നബിമാരും വേദങ്ങളുമെല്ലാം വന്നത്. പക്ഷെ നിർഭാഗ്യമെന്നു തന്നെ പറയട്ടെ, അനുഭവങ്ങൾ മറിച്ചാണ്. നോമ്പിന്റെയും പെരുന്നാളിന്റെയും കാര്യം മാത്രം നോക്കുക. അവ രണ്ടും ലോകത്ത് നടക്കുന്നത് ചിലപ്പോൾ മൂന്നും നാലും ദിവസങ്ങളിലായിട്ടാണ്. ഇക്കൊല്ലം (ഹിജ്റ:1410) റമസാൻ ആരംഭിച്ചത് മക്കയിലും വടക്കെ ഇന്ത്യയിലും കേരളത്തിലെ ഒരു ഭാഗത്തും മൂന്ന് ദിവങ്ങളിലായിട്ടാണ്. ചൊവ്വ, ബുധൻ, വ്യാഴം. എത്ര നിർഭാഗ്യകരം! ഇതിന്ന് ഇസ്‌ലാമിക ദൃഷ്ട്യാ വല്ല ന്യായീകരണവുമുണ്ടോ? ഉണ്ടെന്നാണ് മത പണ്ഡിതന്മാരുടെ വാദം. യഥാർത്ഥത്തിലോ ഇതിന്റെ പിന്നിൽ ഒരു പ്രമാണവും ന്യായീകരണവും ഇല്ലതന്നെ. ആ യാഥാർത്ഥ്യം ഈ പുസ്തകം വായിച്ചു കഴിയുമ്പോൾ പാമരന്മാർക്ക് പോലും ബോധ്യമാകും. പക്ഷെ അതവരെ ബോധ്യപ്പെടുത്താൻ പല വിഷയങ്ങളും അവയുടെ വിവിധ വശങ്ങളും വിശദീകരിക്കേണ്ടിവരും. അല്ലാതെ രണ്ടു നാലുവാക്കുകളിൽ ബോധ്യപ്പെടുത്താൻ കഴിയുകയില്ല. അത് കൊണ്ട് ഈ 'മത്ലഅ്' വാദം എങ്ങനെ, എവിടെ നിന്ന് മുളച്ചു പൊങ്ങി എന്ന് സാധാരണക്കാരെ ബോധ്യപ്പെടുത്താൻ ചരിത്ര പശ്ചാത്തലം അല്പമൊന്ന് വിശദീകരിക്കാം. അത് ഈ വിഷയത്തിനു മാത്രമല്ല, നിലവിലുള്ള ഇസ്‌ലാമിക വിശ്വാസാചാരങ്ങളുടെ ആകപ്പാടെ നിലപാടുകൾ ഗ്രഹിക്കുവാനും അവയെക്കുറിച്ചുള്ള സംശയങ്ങൾ ദൂരീകരിക്കുവാനും വളരെയധികം ഉപകരിക്കും.

### ചരിത്ര പശ്ചാത്തലം

ഖുർആനും കൊണ്ട് നബിയെ അല്ലാഹു അയച്ചു. അത് പിൻപറ്റിക്കൊണ്ടായിരിക്കണം നബിയും അനുചരന്മാരും ജീവിക്കുന്നതെന്നു ഖുർആനിൽ അല്ലാഹു നബിയോട് കല്പിച്ചു. മാത്രമല്ല, "എനിക്ക് അല്ലാഹുവിങ്കൽ നിന്ന് ലഭിക്കുന്നകല്പനകൾ പിൻപറ്റിക്കൊണ്ട് മാത്രമാണ് ഞാൻ ജീവിക്കുന്നത്" എന്ന് ഖുർആനിൽ (6:50)പ്രഖ്യാപിക്കുവാൻ നബിയോട് അല്ലാഹു കൽപ്പിക്കുക കൂടി ചെയ്തു. ഇസ്‌ലാം മതകല്പനകൾ

നബിയുടെ സ്വന്തം വകയാണെന്ന് മനുഷ്യർ തെററിദ്ധരിക്കാതിരിക്കുവാനാണ് അത് കൂടി ചെയ്തത്. പക്ഷെ അല്ലാഹുവിൻെറ സന്ദേശ വാഹകനെന്ന നിലയ്ക്ക് ആ സന്ദേശം വാഗ്രൂപേണ വിശദീകരിച്ചു കൊടുക്കുവാനും പ്രായോഗികരൂപത്തിൽ കാട്ടിക്കൊടുക്കാനും നബിയെ അല്ലാഹു അധികാരപ്പെടുത്തി. ഖുർആൻതന്നെ (33:21) അത് രേഖപെടുത്തി. അങ്ങനെ ഖുർആനും നബിയുടെ മാർഗ്ഗ ദർശനങ്ങളും സ്വീകരിച്ചുകൊണ്ടുള്ള ഒരു തലമുറയെ തിരുമേനി വാർത്തെടുത്തു.

മനുഷ്യർ ആരാണെങ്കിലും എന്തൊക്കെയാണെങ്കിലും മാനുഷിക ദൗർബ്ബല്യങ്ങളിൽ നിന്ന് തികച്ചും മുക്തരാവുകയില്ല. ഇന്നുവരെയുള്ള മനുഷ്യരാശിയുടെ ചരിത്രം അതാണ്. തിരുമേനിയുടെ കാലശേഷം ഭരണാധികാരത്തിലും നേതൃത്വത്തിലും അഭിപ്രായഭിന്നതകളുൽഭവിച്ചു. ആദ്യമാദ്യം അത് ചിലരുടെ മനസ്സിൽ മാത്രം നിലകൊണ്ടു. മൂന്നാം ഖലിഫ ഉസ്മാൻെറ കാലത്ത്, മുസ്ലിം സമുദായം ആകമാനം കേൾക്കത്തക്കവിധം ആ ശബ്ദങ്ങൾ കൂട്ടിമുട്ടി. പലസംഘട്ടനങ്ങളും ഘോരയുദ്ധങ്ങളും നടന്നു. അതേത്തുടർന്ന് ഒരു വശത്ത് രാഷ്ട്രീയ കക്ഷികളും വേറൊരുവശത്ത് മതപരമായ കക്ഷികളും ഉടലെടുത്തു. അങ്ങിനെ സർവ്വത്ര ഘോരസംഘട്ടനങ്ങൾ! അവരെല്ലാവരും ജയിക്കാൻ വേണ്ടി ഒരെളുപ്പമാർഗ്ഗം കണ്ടുപിടിച്ചു: ഓരോ കക്ഷിയെയും നബി പിൻതാങ്ങുകയും അനുഗ്രഹിക്കുകയും ചെയ്തിട്ടുണ്ടെന്നു കാണിക്കുന്ന പതിനായിരക്കണക്കിൽ ഹദീസുകൾ കെട്ടിയുണ്ടാക്കി പ്രചരിപ്പിച്ചു. 'ഖവാരിജ്' പോലെയുള്ള കക്ഷികൾ തികഞ്ഞ ആത്മാർത്ഥതയും അങ്ങേയററം മത നിഷ്ഠയുമുള്ളവരായിരുന്നു. രാഷ്ട്രീയ താല്പര്യത്തിന്ന് വേണ്ടി പടവെട്ടിക്കൊണ്ടിരുന്ന ശത്രുക്കൾക്ക്,എണ്ണത്തിൽ വളരെകുറവായിരുന്ന ഖവാരിജിനെ തകർക്കാൻ വേണ്ടി 15000 ഹദീസുകൾ കെട്ടിയുണ്ടാക്കേണ്ടി വന്നുവെന്ന് ഒരു നേതാവ് തന്നെ സമ്മതിച്ചത് ചരിത്രത്തിലുണ്ട്. ശീയാ കക്ഷിയുടെ ലക്ഷ്യം രാഷ്ട്രീയം മാത്രമായിരുന്നു. നബിക്ക് ശേഷം ഖലീഫയായിരിക്കേണ്ടത് അലിയാണ്, അബൂബക്കറും ഉമറും അതപഹരിച്ചു കളഞ്ഞതാണ്, അവർഅക്രമികളാണ് എന്ന് വാദിച്ചുകൊണ്ടാണ് മൂന്നാം ഖലീഫയുടെകാലത്ത് അവർ രംഗത്തിറങ്ങിയത്. അങ്ങനെ പോന്ന് പോന്ന്



അവസാനം മതപരമായ ഒരു കക്ഷിയായി അവർ മാറി. ഇക്കാണുന്ന ഹാദീസ് കിതാബുകളെല്ലാം പക്ഷപാതം കാണിച്ചിരിക്കുകയാണെന്ന് വാദിച്ചുകൊണ്ടും അലി, ഫാത്തിമ, ഹസൻ, ഹുസൈൻ എന്നിവരെ പ്രശംസിച്ചു കൊണ്ടുമുള്ള കുറേ ഹദീസുകൾ അവർ പടച്ചുണ്ടാക്കി. അതാണിന്ന്അവരുടെ പക്കലുള്ള ഹദീസ് ഗ്രന്ഥങ്ങൾ. മററ് കഥകൾ പറയേണ്ട. അറബി വംശജൻ, ഇറാൻ വംശജൻ മുതൽ രത്നവ്യാപാരി, പച്ചക്കറി വ്യാപാരി മുതലായി അലീസ്സ തയ്യാർ ചെയ്തു വില്ക്കുന്നവർവരെ, അവരുടെ മേന്മയും അവരുടെ ചരക്കുകളുടെ മേന്മയും എടുത്ത് കാണിക്കുന്ന ഹദീസുകൾ പതിനായിരക്കണക്കിൽ കെട്ടിയുണ്ടാക്കി. വേറൊരു വശത്ത് ഖുർആനെ തകർക്കാൻ ഒളിഞ്ഞും തെളിഞ്ഞും ആരംഭകാലം മുതല്ക്കേ പ്ലാനിട്ട് പ്രവർത്തിക്കുകയായിരുന്നു ജൂതന്മാർ. അവരുടെപക്കൽ 'തൽമൂദ്'എന്നൊരു ഗ്രന്ഥമുണ്ട്. പുരാണേതിഹാസങ്ങളാൽ നിറയപ്പെട്ടത്. ചിലത് കേട്ടാൽ പൊട്ടിച്ചിരിച്ചു പോകും. അതിലെ കഥകളും പുരാണേതിഹാസങ്ങളും ഖുർആന്ന് മുമ്പ് തന്നെ അറബികളിൽ അവർ പ്രചരിപ്പിച്ചിരുന്നു. ഖുർആൻ വന്നശേഷം അത് അറബികളിൽ നിന്നു പറെറ തേഞ്ഞുമാഞ്ഞുപോയില്ല. ചില ശുദ്ധഹൃദയങ്ങളിൽ അവ അവശേഷിച്ചു. അവസാനം, തിരുമേനി അരുളിയതാണ് എന്നതലക്കെട്ടുകളോട് കൂടി ആ പുരാണേദിഹസങ്ങളും സർവ്വത്ര പ്രചരിപ്പിച്ചു കൊണ്ടിരുന്നു. ചുരുക്കത്തിൽ ഖുർആൻ ലക്ഷ്യം വെച്ചിരുന്ന പവിത്രതക്ക് കളങ്കമേററു.

നിരോധിക്കപ്പെട്ട പഴം സ്വർഗ്ഗത്തിൽ വെച്ചു ആദ്യപിതാവ് ആദം തിന്നു; അപ്പോൾ പഴം പറിച്ചെടുത്ത കൈ, അങ്ങോട്ട് പോയകാൽ, തിന്നവായ, നോക്കിയകണ്ണ് ഇവയെല്ലാം. പാപികളായി. ആ പാപത്തിൽ നിന്ന് മുക്തി നേടാനാണ് ഖുർആൻ വുളു കല്പിച്ചിരിക്കുന്നത് എന്ന് നമ്മുടെ ചില തഫ്സീറുകളിൽ എഴുതിയിട്ടുണ്ട്. ക്രിസ്തുമത സിദ്ധാന്തം മുസ്ലിംകളിൽ സ്വാധീനം ചെലുത്തിയതിന്ന് ഒരു അനിഷേധ്യ ദൃഷ്ടാന്തമാണിത്.ഒരാൾ ചെയ്ത കുററത്തിന്ന് മറെറാരാൾ ഉത്തരവാദിയാകുകയില്ലെന്നാണല്ലോ ഖുർആൻെറ സിദ്ധാന്തം. ഭൂമി ഒരു കാളയുടെ കൊമ്പിന്മേലാണ് നിലകൊള്ളുന്നത്, അത് കൊമ്പ് മാററുമ്പോഴാണ് ഭൂകമ്പമുണ്ടാകുന്നത് എന്നെഴുതിയിരിക്കു

ന്നതും നമ്മുടെ തഫ്സീറിൽ തന്നെയാണ്! അത് ജൂതന്മാരുടെ 'തൽമൂദിൽ' നിന്ന്‌വന്നതാണെന്ന് പറയേണ്ടതില്ലല്ലോ. ഇങ്ങനെ വിവിധ രംഗങ്ങളിലായി ഖുർആന്റെ പിശുദ്ധത തകർത്തു കളഞ്ഞു. ഇനി വേറൊരുവശം ചിന്തിക്കാം.

## അബ്ബാസിയാ ഭരണവും ശാസ്ത്ര പഠന സംരംഭങ്ങളും

നബി തിരുമേനിയുടെ ദൗത്യാരംഭം മുതൽ മുസ്‌ലിം സമുദായം പലതരം വിഷമങ്ങളേയും ആപൽ ഘട്ടങ്ങളേയും തരണം ചെയ്തു കൊണ്ടു പോരുകയായിരുന്നു. അബ്ബാസിയാ ഭരണകാലം ആരംഭിച്ചതോടെ അന്തരീക്ഷം ഏതാണ്ടൊക്കെ തെളിഞ്ഞു. രാഷ്ട്രം ക്ഷേമൈശ്വര്യങ്ങളിലേക്ക് കാലെടുത്ത്‌വെച്ചു. അപ്പോൾ ചില നൂതന ചിന്തകൾ ഖലീഫമാരിൽ ഉടലെടുത്തു. വിശിഷ്യാ ഹാറൂൻ റശീദിന്റെ മകൻ മാമൂൻ റശീദിന്റെ ഭരണകാലത്ത്. ഗ്രീസ് മുതൽ ഇന്ത്യവരെയുള്ള പഴയ നാടുകളിലേക്ക് പണച്ചാക്കുകളുമായി ചില ഏജന്റുമാരെ അയച്ചു. ഏത് വിഷയത്തെക്കുറിച്ചുമുള്ള ഗ്രന്ഥങ്ങൾ എന്തു് വിലകൊടുത്തും വാങ്ങിക്കൊണ്ടുവരുവാൻ. അവരത് എല്ലാ നിലക്കും പാട് പെട്ട് സമ്പാദിച്ചു. മാത്രമല്ല, ആ ഭാഷകളിൽ നിന്ന് അറബിയിലേക്ക് അവ വിവർത്തനം ചെയ്യുവാനുള്ള വിദഗ്ദന്മാരെ ബാഗ്ദാദിലേക്ക് ക്ഷണിച്ചു വരുത്തി സർവ്വ സൗകര്യങ്ങളോടും കൂടി താമസിപ്പിച്ചു. 'ബൈത്തുൽ ഹിക്മത്ത്', (ശാസ്ത്രമന്ദിരം) എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒന്നായിരുന്നു ഈ ശാസ്ത്രീയ പ്രവർത്തനങ്ങളുടെയെല്ലാം കേന്ദ്രം. മാമൂൻ റശീദ് ഇവയുടെയെല്ലാം സംഘാടകൻ മാത്രമല്ല, അതീവ തൽപ്പരനായ ഒരു ശാസ്ത്ര വിദ്യാർത്ഥി കൂടിയായിരുന്നു. ഭരണ കേന്ദ്രമെന്നതിനേക്കാൾ ശാസ്ത്രീയ ചർച്ചാ കേന്ദ്രമായിരുന്നു ഖലീഫയുടെ കൊട്ടാരം. എപ്പോഴും പല വിഭാഗം പണ്ഡിതന്മാർ. അവരുമായി കൂടിയിരുന്നു ചർച്ച്.

## അതിൽ നിന്നുടലെടുത്ത ചില സാഹചര്യങ്ങൾ

ശാസ്ത്രീയ സിദ്ധാന്തങ്ങൾ കുറെയെല്ലാം ഖലീഫയുടെ തലയിൽ കയറി. കുറെ മുസ്‌ലിംകൾ ശാസ്ത്രപഠനത്തിൽ മുഴുകിക്കഴിഞ്ഞു. അവർ ശാസ്ത്രീയ സിദ്ധാന്തങ്ങൾക്ക് കൂടുതൽ അധീന



പ്പെട്ടു. മാത്രമല്ല, ചിലർ മതസിദ്ധാന്തങ്ങളെ ചോദ്യം ചെയ്യുവാനും പരിഹസിക്കുവാനും തുടങ്ങി. ഖലീഫ അത്രയും ദൂരം പോയില്ല. ശാസ്ത്രത്തിന്റെ സാമാന്യതത്വങ്ങൾ നിഷേധിച്ചുകൂടാ എന്നേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ.

പ്രസിദ്ധ ഗ്രീക്ക് ശാസ്ത്രജ്ഞൻ സോക്രട്ടീസിന്റെ ചില ശാസ്ത്രീയ സിദ്ധാന്തങ്ങൾ, ആ നാട്ടിലെ മത വിശ്വാസികൾക്ക് വെച്ചു പൊറുപ്പിക്കാൻ കഴിയാത്തത് കൊണ്ട്, അദ്ദേഹത്തെ നിർബ്ബന്ധിച്ച് വിഷം കുടിപ്പിച്ചു കൊല്ലുകയാണല്ലോ ഉണ്ടായത്. അത്‌മുതൽക്ക് ശാസ്ത്രജ്ഞന്മാർ ഒരു തന്ത്രം കൈക്കൊണ്ടുവെന്ന് പറയുന്നു: ശാസ്ത്രീയ ഗ്രന്ഥങ്ങൾ, ശാസ്ത്രജ്ഞന്മാർക്കും അവരുടെ വിദ്യാർത്ഥികൾക്കുമല്ലാതെ, സാധാരണക്കാർക്കു മനസ്സിലാവാത്ത ഭാഷയിലും ശൈലിയിലുമാണ്, എഴുതിക്കൊണ്ടും പഠിപ്പിച്ചുകൊണ്ടും പോന്നിരുന്നത്. മറ്റു ഭാഷക്കാർ ആ ഗ്രീക്ക് ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തിയപ്പോൾ ഈ രഹസ്യം മനസ്സിലാക്കിയില്ല. തന്നിമിത്തം ശാസ്ത്രജ്ഞന്മാർ ഉദ്ദേശിച്ച രൂപത്തിലല്ല ആശയ വിവർത്തനം നടന്നത്. തെറ്റായ രൂപത്തിലാണ്. അതാണ് ഈ അറബി ശാസ്ത്രജ്ഞന്മാരെ അപകടത്തിൽ ചാടിച്ചതെന്ന് ചിലർ പറയുന്നു.

ചുരുക്കത്തിൽ, ശാസ്ത്രജ്ഞന്മാരുടെ വാദ കോലാഹലങ്ങൾ മൂലം മുസ്‌ലിം സമുദായത്തിൽ വലിയ അസ്വാസ്ഥ്യങ്ങൾ ഉടലെടുത്തു. ഒരു വിഭാഗക്കാർ ഖലീഫയുമായി കൂടുതൽ അടുത്തു. അദ്ദേഹത്തെ അനുകൂലിച്ചുകൊണ്ടു പ്രവർത്തിക്കാൻ തുടങ്ങി. അവർ ഖലീഫയിൽ സ്വാധീനം ചെലുത്തി. ഖലീഫ അവർക്ക് വലിയ പദവികളും ഉദ്യോഗങ്ങളും നൽകിക്കൊണ്ടിരുന്നു. പിൽക്കാലത്ത് 'മുഅ്തസിലുകൾ' എന്നപേരിൽ അറിയപ്പെട്ടത് അവരാണ്.

നേരെ എതിർവശത്തായിരുന്നു ഇമാം അഹ്മദുബ്നു ഹമ്പൽ മുതൽ ഹദീസു പണ്ഡിതന്മാർ. നബിതിരുമേനി അരുളിയത് എന്ന പേരിൽ ഏത് റിപ്പോർട്ട് കിട്ടിയാലും അവരത് ശിരസാ വഹിക്കും. ശക്തിയായി, അതിന്നെതിരിൽ ശബ്ദമുയർത്തുന്ന ആരെയും എതിർക്കും. അവിടെ ഇസ്‌ലാമിക പ്രമാണങ്ങൾക്കൊ യുക്തിക്കൊ സ്ഥാനം കല്പിക്കുകയില്ല. ഇവിടെ വെ

ച്ച്, ഇപ്പറഞ്ഞ രണ്ടു കൂട്ടരും തമ്മിൽ കടുത്ത സംഘട്ടനമായി. അഹ്മദ് ബ്നു ഹമ്പലിനെ ദീർഘകാലം ഖലീഫ ജയിലിലിട്ടടച്ചു. അതോടെ രണ്ടു കൂട്ടർക്കും വാശി മൂത്തു.

## അബുൽ ഹസൻ അശ്അരി വരുന്നു

അബൂൽഹസൻ അശ്അരി മുഅ്തസിലീ പാർട്ടിയുടെ ഉപാദ്ധ്യക്ഷനായിക്കൊണ്ട് നാല്പത് കൊല്ലത്തോളം തന്റെ സ്വാധീന ശക്തി മുഴുവനും ഉപയോഗപ്പെടുത്തി മുഅ്തസിലുകളുടെ പക്ഷത്തു പ്രവത്തിച്ച നേതാവായിരുന്നു. ഒടുവിൽ മനഃപരിവർത്തനം: മുഅ്തസിലീ പാർട്ടി വിട്ട് എതിർ ചേരിയിലേക്ക് മാറി. അതായത് അഹ്ലുസ്സുന്നത്തി വൽ ജമാഅത്ത് പക്ഷത്തേക്ക്. എന്നിട്ട് മുഅ്തസിലുകളെ ശക്തിയായി തിരിഞ്ഞെതിർക്കാൻ തുടങ്ങി. ഇത് മുഅ്തസിലുകൾക്ക് ക്ഷീണം വരുത്തിവെച്ചുവെന്ന് പറയേണ്ടതില്ലല്ലോ. പക്ഷെ, കൂടുതൽ ക്ഷീണമൊന്നും വരുത്തിവെച്ചില്ല. കാരണം, മുഅ്തസിലുകളുടെ നടപടി ബഹുജനങ്ങളെ വളരെയധികം ആകഷിക്കുന്നൊന്നായിരുന്നു. വൻകുറ്റങ്ങൾ ചെയ്താൽ ശാശ്വതമായി നരകത്തിൽ കിടക്കേണ്ടി വരുമെന്നായിരുന്നു അവരുടെ വിശ്വാസ സിദ്ധാന്തം. തന്നിമിത്തം, ഇസ്ലാമിക നടപടികളിൽ അവർ വളരെ സൂക്ഷ്മത പാലിച്ചിരുന്നു. അത് കാരണം ബഹുജനങ്ങൾക്കിടയിൽ മതിപ്പും.

അബുൽഹസൻ അശ്അരി മുഅ്തസിലുകൾക്ക് നേതൃത്വം നൽകിക്കൊണ്ട് അവരോടൊപ്പം ശാസ്ത്രീയസിദ്ധാന്തങ്ങൾ പഠിച്ചു വെച്ച ഒരു മികച്ച പണ്ഡിതനായിരുന്നല്ലോ. അദ്ദേഹം എതിർ പക്ഷത്തേക്ക് മാറിയശേഷം ശാസ്ത്രത്തിന്റെ ഭാഷയിലൂടെത്തന്നെയാണ് മുഅ്തസിലുകളുടെ വാദങ്ങൾക്ക് മറുപടി പറയാൻ തുടങ്ങിയത്. അങ്ങിനെ ശാസ്ത്രീയ സിദ്ധാന്തങ്ങളിലൂടെത്തന്നെ ഇസ്ലാമിക സിദ്ധാന്തങ്ങൾക്ക് വേണ്ടി വാദിക്കുന്ന ഒരു മാർഗ്ഗം അദ്ദേഹം വാർത്തെടുത്ത ആ മാർഗ്ഗമാണ് പിൽക്കാലങ്ങളിൽ 'ഇൽമുൽ കലാം' എന്ന പേരിൽ അറിയപ്പെടുന്നത്. ഇന്ന് അറബി വിദ്യാലയങ്ങളിൽ പഠിപ്പിച്ചു വരുന്ന 'ശറഹുൽ അഖാഇദ്'' 'ഇൽമുൽകലാമിന്റെ പ്രാതിനിധ്യം വഹിക്കുന്ന ഒരു പാഠപുസ്തകമാണ്.



## ഖുർആന്റെ ഉൽബോധന രീതിയിൽനിന്ന് 'ഇൽമുൽകലാമി'ന്റെ മാർഗ്ഗത്തിലേക്ക് നീങ്ങിയപ്പോഴുണ്ടായ അനർത്ഥം

അങ്ങേയറ്റത്തെ പാമരന്മാരെയും ഇങ്ങേയറ്റത്തെ തത്വജ്ഞന്മാരെയും ഒരേ നിമിഷത്തിൽ ആകർഷിക്കുകയും, സത്യം ബോധ്യപ്പെടുത്തുകയും ചെയ്യുന്ന രൂപത്തിലാണ് ഖുർആന്റെ ഉൽബോധനങ്ങൾ. ഇതാ കാണുക ഒരുദാഹരണം; ''ഒട്ടകങ്ങളെ എങ്ങിനെയെല്ലാമാണ് സൃഷ്ടിച്ചു സംഘടിപ്പിച്ചിരിക്കുന്നതെന്ന് അവർ നോക്കുന്നില്ലേ? ആകാശമണ്ഡലങ്ങളെ എങ്ങിനെയെല്ലാമാണ് ഉയരത്തിൽ സംഘടിപ്പിച്ചു നിറുത്തിയിരിക്കുന്നതെന്നു (അവർ നോക്കുന്നില്ലേ!) പർവ്വതങ്ങളെ എങ്ങിനെയെല്ലാമാണ് പ്രതിഷ്ഠിച്ചിരിക്കുന്നതെന്ന് (അവർ വീക്ഷിക്കുന്നില്ലേ?) ഭൂമിയെ എങ്ങിനെയെല്ലാമാണ് പരത്തിയിട്ടിരിക്കുന്നതെന്ന് (അവർ കാണുന്നില്ലേ?) (88:17-20)

ഈ വാക്കുകളിൽ നിന്ന് പാമരന്മാർക്ക് മതിയാവോളം തത്വം പഠിക്കാനുണ്ട്. തത്വജ്ഞാനികളുടെ കാര്യം പറയേണ്ടതുമില്ല. ഇപ്പറഞ്ഞ രണ്ടു വിഭാഗക്കാരിൽ ആർക്കെങ്കിലും നിഷേധിക്കാൻ വല്ലതുമുണ്ടോ ഇവിടെ? ഇല്ല ഒന്നുമില്ല. എന്നാൽ 'ഇൽമുൽ കലാമി'ന്റെ മാർഗ്ഗം, സ്വീകരിച്ചതിന്റെ ഫലമായി എന്തെല്ലാം വിഷമങ്ങളും, ഊരാക്കുടുക്കുകളും നേരിടേണ്ടിവന്നുവെന്ന് നോക്കുക:

അല്ലാഹു അനാദ്യൻ (ഖദീം) എന്ന് അശ്അരിയും എതിർ പക്ഷവും ഒരേ വിധം സമ്മതിച്ചു കഴിഞ്ഞശേഷം, അല്ലാഹുവിന്റെ 'സിഫത്തു'കൾ (ഗുണങ്ങൾ) വിവാദ വിഷയമായി. എതിർ കക്ഷികൾ ചോദിച്ചു: 'ഒരുവസ്തു'വും 'അതിന്റെ ഗുണങ്ങളും' (സിഫത്തുകൾ) രണ്ടും വിഭിന്നങ്ങളോ അതല്ല, രണ്ടും ഒന്നു തന്നെയോ?' അശ്അരി: 'രണ്ടും രണ്ടാണ്'. മറുകക്ഷി: 'എങ്കിൽ അല്ലാഹുവിന്റെ സിഫത്തുകൾ ഖദീമാണോ, അല്ലയോ?' അശ്അരിയുടെ മറുപടി: 'ഖദീമാണ്', അപ്പോൾ എതിർ കക്ഷിയുടെ ചോദ്യം: 'അപ്പോൾ ഖദീമായ വസ്തു ഒന്ന് മാത്രമേയുള്ളുവെന്ന് നിങ്ങൾ സമ്മതിച്ചതാണല്ലോ. ഇപ്പോൾ അല്ലാഹുവിന്റെ സിഫത്തുകളും ഖദീമാണെന്ന് നിങ്ങൾ വാദിക്കുന്നു.

അപ്പോൾ ഖദീമായ വസ്തു ഒന്നല്ല, കൂടുതലുണ്ടെന്ന് വരുന്നു; തൗഹീദ് വാദത്തിന്നു ഭംഗം വരുന്നു'.അശ്അരി കുടുങ്ങിയിട്ട് നൽകിയ മറുപടി ഇതാണ്:

## ( وله صفات وهى لاهو ولاغيره ( نسفى

''അല്ലാഹുവിന്ന് ചില സിഫത്തുകളുണ്ട്; ആ സിഫത്തുകൾ അവൻെറ ദാത്തിൽ നിന്ന് വ്യത്യസ്തമായവയാണ്, എന്നാൽ വ്യത്യസ്തമായവയല്ലതാനും''. നോക്കുക, ചെന്നുപെട്ടകുടുക്ക്! ഇത് തേങ്ങയല്ല, തേങ്ങയല്ലാത്ത മറെറാരു വസ്തുവുമല്ല' എന്ന് 'പറഞ്ഞാൽ അത് മനുഷ്യൻെറ തലയിൽ കയറുമോ? ഇതാണ് അശ്അരി വാരെത്തടുത്ത അഹ്ലുസ്സുന്നത്തിൻെറ വിശ്വാസ പ്രമാണം!

ഞങ്ങൾ വെല്ലൂരിൽ പഠിച്ചിരുന്നപ്പോൾ പ്രിൻസിപ്പാൾ അബ്ദുൽ ജബ്ബാർ ഹസ്രത്ത് അവർകളോട് അശ്അരിയുടെ ഈ വാദത്തിൻെറ വിശദീകരണം ആവശ്യപ്പെട്ടു. ഞങ്ങളെ സമാധാനിപ്പിച്ചുകൊണ്ട് അദ്ദേഹം നൽകിയ മറുപടി ഇതാണ്: 'അശ്അരിയും എതിർ കക്ഷികളുമായുണ്ടായ തർക്കത്തിൽ ഗതിമുട്ടിയപ്പോൾ അശ്അരി ഉന്നയിച്ച വാദമാണിത്''.ഖുർആൻെറ ഉൽബോധന മാർഗ്ഗം സ്വീകരിച്ചു കൊണ്ടു മുമ്പോട്ട് പോയിരുന്നെങ്കിൽ ഇത്തരം ഊരാക്കുടുക്കുകളിലൊന്നും ചെന്ന് ചാടേണ്ടി വരികയില്ലായിരുന്നു.

ശാസ്ത്രീയ സിദ്ധാന്തങ്ങൾ തലയിൽ കയറിയവരുടെ എതിർ ചേരിയിലുണ്ടായിരുന്നത് ചില ഹദീസ് ഭക്തന്മാരായിരുന്നുവെന്ന് മുമ്പ് പറഞ്ഞല്ലോ. قال رسول الله എന്നു പറഞ്ഞുകൊണ്ടു ഏതു്രിവായത്ത് കേട്ടാലും അവർ കണ്ണടച്ചു വിശ്വസിക്കും. ആ വാർത്ത റിപ്പോർട്ട് ചെയ്ത റാവികളാരെന്ന് മാത്രം അവർ നോക്കും. മോശക്കാരല്ലെന്ന് കണ്ടാൽ ഉടനെ സ്വീകരിക്കും. ഇതായിരുന്നു അവരുടെ പതിവ്. മറുപക്ഷമോ, അതിന്ന് സന്നദ്ധരായിരുന്നില്ല. ആ റിപ്പോർട്ട് ഖുർആൻെറ മൂലസിദ്ധാന്തങ്ങൾക്ക് വിരുദ്ധമാണോ? അല്ലയോ എന്ന് കൂടി അവർ പരിശോധിക്കും. ഖുർആനു വിരുദ്ധമാണെങ്കിൽ സ്വീകരിക്കുകയില്ല. ആ രംഗത്താണ് അശ്അരിയും എതിർകക്ഷികളുമായി ഏററവുമാദ്യം സംഘട്ടനമാരംഭിച്ചതു്. ഒടുവിൽ ഹദീസിൽ നിന്ന്ലഭിച്ചവഎന്നവാദത്തിലുംഅഹ്ലുസ്സുന്നത്ത് വൽജമാഅത്തിൻെറ വിശ്വാസ പ്രമാണങ്ങൾ എന്ന നിലക്കും അശ്അരി ചിലവിശ്വാസ പ്രമാണങ്ങളുടെഒരുസമാഹാരംതയാർചെയ്തു പ്രസിദ്ധീകരിച്ചു അതിൻെറ ചിലവശങ്ങൾ ഇവിടെ എടുത്ത് കാണിക്കാം.



'നരകത്തിൻെറ മുകളിൽ ഒരു പാലം സ്ഥാപിച്ചിട്ടുണ്ടായിരിക്കും. അത് മുടിയേക്കാൾ നേർത്തതും വാളിനേക്കാൾ മൂർച്ചയേറിയതുമായിരിക്കും. സ്വർഗ്ഗവാസികളും നരകവാസികളുമെല്ലാം തന്നെ ആ പാലത്തിലൂടെ കടന്ന് പോവുക തന്നെ വേണം. പക്ഷെ സ്വർഗ്ഗവാസികളെ താഴെ വീഴാതെ അല്ലാഹു രക്ഷിക്കും. നരകവാസികൾ കാൽ വഴുതി താഴെ നരകത്തിൽ വീഴും. മുസ്ലിംകൾക്ക് ഒരു ഖലീഫഎന്നും ഉണ്ടായിരിക്കണം. അത് ഖുറൈശീ കുടുംബത്തിൽജനിച്ച ആൾ തന്നെയായിരിക്കണം. മററാരും ആയാൽ പോരാ. ദജ്ജാൽ, ദാബ്ബത്തുൽ അർള്, യഅ്ജൂജ്, മഅ്ജൂജ്, മഹ്ദി ഇവരിലെല്ലാം വിശ്വസിച്ചിരിക്കണം'.

ഇങ്ങനെ പോകുന്നു ആ വിശ്വാസ പ്രമാണങ്ങളുടെ പട്ടിക. നോക്കുക: എങ്ങനെയുണ്ട്! ഇങ്ങനെഒരു പാലം ഖുർആനിലൊ സഹീഹായ ഹദീസിലോ ഉണ്ടോ? അവസാനം അതാ

## ലോകത്തെ ഞെട്ടിച്ചുകളഞ്ഞ
## അതി ഭയാനകമായൊരു സംഭവം

മുസ്ലിം സമുദായം പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് കുതിച്ചോടികൊണ്ടിരിക്കുന്നഘട്ടത്തിൽ, അബ്ബാസീ ഭരണാധിപന്മാരിൽ ഒരു ചിന്ത ഉദിച്ചു: ബഗ്ദാദിൽ, എല്ലാ സംവിധാനങ്ങളോടും സൗകര്യങ്ങളോടും കൂടിയ ഒരു യൂനിവേർസിററി സ്ഥാപിക്കുക, അന്ന് ലോകത്ത് ജീവിക്കുന്ന ഏററവും പ്രഗൽഭനായ ഒരു പണ്ഡിതനെ അതിൻെറ അധിപനായി നിയമിക്കുക. പ്രസിദ്ധനും പ്രബലനുമായിരുന്ന മന്ത്രി നിസാമുദ്ദീൻ തൂസിയാണ് അതിന്ന്മുൻകയ്യെടുത്തതു്. അന്ന്ലോകത്ത് ജീവിച്ചിരുന്ന പണ്ഡിതന്മാരിൽ ഏററവുംപ്രഗൽഭനും പ്രസിദ്ധനുംഇമാംഗസ്സാലിയായിരുന്നു. അദ്ദേഹത്തിൻെറനേതൃത്വത്തിലും

മാർഗ്ഗദർശനത്തിൻ കീഴിലുമായിക്കൊണ്ട് യൂനിവേർസിററി തുറന്നു പ്രവർത്തനങ്ങളാരംഭിച്ചു. ലോകത്തിൻെറ നാനാഭാഗങ്ങളിൽ നിന്നായി മുന്നൂറോളം ഉന്നത നിലവാരത്തിലുള്ള വിദ്യാർത്ഥികൾ തൻെറ ക്ലാസ്സിൽപഠിച്ചിരുന്നുവെന്ന് ഇമാംഗസ്സാലിതന്നെ തൻെറ ആത്മകഥയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഭരണ കൂടത്തിന്നും മുസ്‌ലിം ലോകത്തിന്നും എന്തെന്നില്ലാത്ത അഭിമാനം. പഠനവും ചർച്ചകളും അങ്ങേയററത്തെ ഉൽസാഹത്തോടും അഭിവാഞ്ഛയോടും കൂടിനടന്നു കൊണ്ടിരിക്കുന്നു. ഈ പുതുമ കാണാൻ ദൂരദേശങ്ങളിൽ നിന്ന് പണ്ഡിതന്മാർ, പ്രഭുക്കന്മാർ, പ്രമുഖ നേതാക്കന്മാർ മുതലായവരുടെ ഇടതടവില്ലാത്ത ഒഴുക്ക്. ചുരുക്കത്തിൽ, ഒരു പണ്ഡിതന്ന് ലോകത്ത് സങ്കല്പിക്കാവുന്ന മഹോന്നത പദവിയുടെ എല്ലാ അനുഭവങ്ങളും.

**പക്ഷേ ഇതെല്ലാം കണ്ടിട്ടും ഉമാം ഗസ്സാലി സംതൃപ്തനാകുന്നില്ല. മറിച്ചു, അഗാധ ദുഃഖത്തിൽ ആണ്ടുപോകുന്നു!**

അദ്ദേഹം ജന്മനാതന്നെ ഒരുസത്യാന്വേഷണ ബുദ്ധിയായിരുന്നു. വല്ലവരും പറഞ്ഞതും കേട്ടതും അപ്പടി വിശ്വസിക്കുക അദ്ദേഹത്തിൻെറ സ്വഭാവമായിരുന്നില്ല. ഏത് കാര്യവും വിമർശനബുദ്ധിയോടെ മാത്രമെ അദ്ദേഹം സ്വീകരിക്കുകയുള്ളൂ.

യൂനിവേർസിററിയിലെ പ്രവർത്തനങ്ങളാരംഭിച്ചത് മുതൽക്ക് അദ്ദേഹത്തിൻെറ സ്വതസ്സിദ്ധമായ ഈ വാസന കൂടുതൽ ഉണർന്നു. യൂനിവേർസിററിയിൽ പഠിപ്പിച്ചിരുന്ന വിഷയങ്ങൾ അദ്ദേഹത്തെ കൂടുതൽ കൂടുതൽ നിരാശയിലേക്ക് തള്ളിക്കൊണ്ടിരുന്നു. കാരണം, മുൻഗാമികൾ സ്വീകരിച്ച തീരുമാനങ്ങളും സിദ്ധാന്തങ്ങളും ക്രോഡീകരിച്ചു വെച്ച ഗ്രന്ഥങ്ങളാണല്ലോ പഠിപ്പിച്ചിരുന്നത്. അതെല്ലാം ശരിതന്നെയാണോ, വ്യക്തികളുടെയും മനുഷ്യരാശിയുടെയും വളർച്ചയ്ക്ക് പര്യാപ്തങ്ങളാണോ എന്നെല്ലാം ഒരു വശത്ത് ആഴത്തിൽ ചിന്തിക്കാൻ തുടങ്ങി. 'ഇൽമുൽകലാമു'കാർ, ശാസ്ത്രജ്ഞന്മാർ മുതലായവരുടെ വാദങ്ങളും അവയ്ക്കുള്ള മറുപടികളുമാണ് അന്ന് പഠിപ്പിച്ചുകൊണ്ടിരുന്ന ചില പ്രധാന വിഷയങ്ങൾ. ആ വാദങ്ങളും മറുപടികളും എങ്ങിനെയുണ്ട്? യാഥാർത്ഥ്യങ്ങൾ ഗ്രഹിക്കുവാൻ ഇവരെല്ലാവരും ശ്രമിക്കുന്നുണ്ടോ? അതല്ല, വാശിയും വാക്കുകൾ കൊണ്ടു-



ള്ള കസ്രത്തുകളും നടത്തി വിജയം അവകാശപ്പെടുകയാണോ അവരുടെ ഉദ്ദേശം. എന്നെല്ലാം അദ്ദേഹം സസൂക്ഷ്മം പരിശോധിക്കാൻ തുടങ്ങി. ഒടുവിൽ അദ്ദേഹത്തിന്ന് പല യാഥാർത്ഥ്യങ്ങളും പരമബോധ്യമായി.

ശാസ്ത്രജ്ഞന്മാർ പൊക്കിപ്പിടിച്ചു കൊണ്ടു നടക്കുന്നത്, ഏതോ യുഗങ്ങളിൽ ജീവിച്ച ശാസ്ത്രജ്ഞന്മാർ പ്രഖ്യാപിച്ച സിദ്ധാന്തങ്ങളെയാണ്. ഗസ്സാലിയുടെ കാലത്തുള്ള ശാസ്ത്രജ്ഞന്മാർക്ക് ആ സിദ്ധാന്തങ്ങൾ കാര്യകാരണ സഹിതം സ്ഥാപിക്കുവാനുള്ള കഴിവുണ്ടായിരുന്നില്ല. അവരുടേത് വെറും അന്ധമായ അനുകരണം മാത്രമായിരുന്നു.

അബുൽഹസൻ അശ്അരിയും കൂട്ടുകാരും ചേർന്ന് അഹ്ലസ്സുന്നത്ത് വൽ ജമാഅത്തിൻെറ വിശ്വാസ പ്രമാണങ്ങളുടെ ഒരു പട്ടിക തയ്യാർ ചെയ്തു പ്രഖ്യാപിച്ചിരുന്നല്ലോ. ശാസ്ത്രജ്ഞന്മാരുടെ എതിർപ്പുകൾക്ക് മറുപടിയായിക്കൊണ്ടാണ് ആ ഇസ്‌ലാമിക വിശ്വാസപ്രമാണങ്ങൾക്ക് രൂപം നൽകിയിരുന്നത്. അവ ശാസ്ത്രജ്ഞന്മാരുടെ ചില വാക്കുകളിന്മേൽ പിടിച്ചു തൂങ്ങിയിട്ടുള്ള മറുപടികളാണെന്നും ഇസ്‌ലാമിൻെറ പക്ഷത്ത് നിന്നുള്ള യഥാർത്ഥവും അഖണ്ഡിതവുമായ ന്യായങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ടുള്ളവയല്ലെന്നും ഗസ്സാലി കണ്ടു.

യൂനിവേർസിററിയിൽ പഠിപ്പിക്കുന്ന മറെറാരുപ്രധാനവിഷയം ഫിഖ്ഹ് ആണ്. അതിനോടാവട്ടെ അദ്ദേഹത്തിന്ന് അശേഷവും യോജിപ്പില്ല. ഫിഖ്ഹ് കിതാബുകളുടെ നാലിലൊരു ഭാഗം 'റുബ്ഉൽ ഇബാദാത്ത്' അതായത് നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് മുതലായവയും അനുബന്ധ വിഷയങ്ങളും പ്രതിപാദിക്കുന്ന നാലിൽ ഒരു ഭാഗമാണ്. അത് കഴിഞ്ഞാൽ നാലിൽ മൂന്ന് ഭാഗവും വിഷയങ്ങൾ വേറെയാണ്. അതായത് കച്ചവടം അളവ്, തൂക്കം, പാട്ടം, പണയം, കടം കൊടുക്കൽ, പലിശ, ഏജൻസി, ജാമ്യം, കമ്പനിവ്യാപാരം, കൂലിക്ക്കൊടുക്കൽ, മാനേജ്മെൻറ്, ദാനം, മുതൽ, കൊല, കൊള്ള, വ്യഭിചാരം, കോടതി, വിചാരണ, സാക്ഷി ട്രസ്റ്റ്, നാടുകടത്തൽ, വധശിക്ഷ മുതലായി ഇന്നത്തെ ഭാഷയിൽ സിവിൽ–ക്രിമിനൽ നിയമങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നവയാണ്. ഇവയെ

ല്ലാം കൂടി പഠിപ്പിക്കുന്ന ഒരു മഹാ സ്ഥാപനത്തിന്റെ നായകനും മാർഗ്ഗദർശിയുമാണ് താനെന്ന് ഗസ്സാലി മനസ്സിലാക്കി. ഭരണകൂടത്തിന്റെയും മുസ്‌ലിം ലോകത്തിന്റെയും അതിരററ ബഹുമാന പ്രകടനങ്ങൾക്കിടയിൽ ഈ യാഥാർത്ഥ്യങ്ങൾ അദ്ദേഹം ഒട്ടും വിസ്മരിച്ചില്ല. അദ്ദേഹം മനസ്സിൽ ദുഃഖം ഒളിപ്പിച്ചു വെച്ചു കൊണ്ട് കുറേനാൾ കഴിച്ചുകൂട്ടി.

ശാസ്ത്രജ്ഞന്മാരുടെ ആക്രമണമായിരുന്നു മതപണ്ഡിതരെ ബാധിച്ച ഏററവും വലിയ ഭീഷണി. തന്നിമിത്തം ആദ്യം ശാസ്ത്രം നന്നായി പഠിക്കാൻ അദ്ദേഹം കൊണ്ടുപിടിച്ചു ശ്രമിച്ചു. ഒരു ഗുരുനാഥനില്ലാതെ തന്നെ രണ്ടു കൊല്ലം കൊണ്ട് ഒരു സാധാരണ ശാസ്ത്രജ്ഞന്റെ നിലവാരത്തിലെത്തി. അത് പോരാ, അവരെ എതിർക്കുമ്പോൾ ഒരു സാധാരണ ശാസ്ത്രജ്ഞൻ നേടിയതിനേക്കാൾ കൂടുതൽ ജ്ഞാനം നേടിയിരിക്കണം, എന്നിട്ട് അവർ പഠിച്ചിട്ടില്ലാത്ത അതിത്തിയിലേക്ക് കടന്ന് അവരെ അററാക്ക് ചെയ്യണം എന്ന് ഗസ്സാലി തീരുമാനിച്ചു. ഒരു കൊല്ലം ആ 'ഉപരിപഠന'ത്തിന്നെടുത്തു. അത് കഴിഞ്ഞ ശേഷം مقاصد الفلاسفة (ശാസ്ത്രജ്ഞന്മാരുടെ ആദർശ ലക്ഷ്യങ്ങൾ) എന്ന പേരിൽ ഒരു ഗ്രന്ഥമെഴുതി. താൻ ശാസ്ത്രം നന്നായി പഠിച്ചിട്ടുണ്ടെന്ന് ശാസ്ത്രജ്ഞന്മാരെയും ലോകത്തെയും ബോധ്യപ്പെടുത്തിയെങ്കിലേ ശാസ്ത്രജ്ഞന്മാരെ ഖണ്ഡിച്ചു കൊണ്ടു പിന്നീടെഴുതാൻ പോകുന്ന تهافت الفلاسفة (ശാസ്ത്രജ്ഞന്മാരുടെ അധഃപതനം) ക്ക് ലോകം വിലകല്പിക്കുകയുള്ളു എന്നത് കൊണ്ടാണങ്ങിനെ ചെയ്തത്. അതു അദ്ദേഹം വ്യക്തമാക്കിയിട്ടുതന്നെ രേഖപ്പെടുത്തിയിട്ടുണ്ട്. സംഭവിച്ചതും അങ്ങിനെ തന്നെ. ശാസ്ത്രീയ സിദ്ധാന്തങ്ങളെ ഖണ്ഡിച്ചു കൊണ്ടെഴുതിയ 'തഹാഫത്തുൽ ഫലാസിഫ'ക്കു നൂറ് കൊല്ലം വരേക്കും മറുപടിയെഴുതാൻ ശാസ്ത്രജ്ഞന്മാർക്ക് കഴിഞ്ഞില്ല. ഒടുവിൽ, ഇമാം ഗസ്സാലിയെപ്പോലെ തന്നെ, മതവും ശാസ്ത്രവും നന്നായിപ്പഠിച്ച, 'അരിസ്റ്റോട്ടലിന്റെ വ്യാഖ്യാതാവെ'ന്ന പേരിൽ ലോക പ്രസിദ്ധിനേടിയ 'ഇബ്നുറുശ്ദ്' (സ്പെയിൻ) ആണ് ഗസ്സാലിക്ക് മറുപടിയെഴുതിയത്. ഗസ്സാലിയുടെ കഴിവ്



അവിടെ വെച്ചു തന്നെ ഗ്രഹിക്കാമല്ലൊ. ഗസ്സാലി പ്രകടിപ്പിച്ച ആകഴിവ് പാശ്ചാത്യ ശാസ്ത്രജ്ഞന്മാരെ അമ്പരപ്പിച്ചതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട് (മുഹമ്മദ് ലത്തീഫ് ജം.അ. പേ: 72).

അബുൽ ഹസൻ അശ്അരി മുതൽ ഇൽമുൽകലാമിന്റെ നായകന്മാരെ ഗസ്സാലി യാതൊരു ഭയവും കൂടാതെ നേരിട്ടു. ശാസ്ത്രജ്ഞന്മാരെയും ശാസ്ത്രത്തിന്റെ ശാഖകളെയും അന്ധമായി എതിർക്കുകയാണ് അശ്അരികൾ ചെയ്തിരുന്നത്. അത് തികച്ചും തെററായ ഒരു നടപടിയാണെന്ന് ഗസ്സാലി തുറന്ന് പ്രഖ്യാപിച്ചു. ദൈവശാസ്ത്രത്തേയും ബന്ധപ്പെട്ട വിഷയങ്ങളെയും സംബന്ധിച്ച ശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തങ്ങളിൽ മാത്രമായിരുന്നു ഗസ്സാലിക്കു എതിർപ്പ്. മാത്തമാററിക്സ്, എഞ്ചിനീയറിംഗ്, ഫിസിക്സ്, ഗോളശാസ്ത്രം, ജ്യോതിശ്ശാസ്ത്രം ഇവയെക്കുറിച്ചുള്ള ശാസ്ത്രജ്ഞന്മാരുടെ പഠന ഗവേഷണങ്ങളെ എതിർക്കുന്നതിന്നെന്താണർത്ഥമെന്ന് ഗസ്സാലി തുറന്ന് ചോദിക്കുന്നു. മാത്രമല്ല, സൂര്യഗ്രഹണം ചന്ദ്രഗ്രഹണം മുതലായവ സംബന്ധിച്ച ശാസ്ത്രീയ സിദ്ധാന്തങ്ങൾ പോലും മതപണ്ഡിതന്മാർ നിഷേധിക്കുന്നു. ഇത് കാണുമ്പോൾ, അശേഷവും ബോധമില്ലാത്ത, പൊതുവിവരവും തന്റേടവുമില്ലാത്ത ഒരു വിഭാഗം മൂഢന്മാരുടെ മതമാണ് ഇസ്‌ലാം മതമെന്ന് ശാസ്ത്രജ്ഞന്മാർ ധരിക്കുന്നു; അതാണ് ഈ മത പണ്ഡിതന്മാരെക്കൊണ്ട് ഇസ്‌ലാമിന്ന് വന്നു ചേർന്ന അനർത്ഥം എന്ന് ഇമാം ഗസ്സാലി വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു.

المنقذ من الضلال എന്നൊരു കിതാബുണ്ട് അദ്ദേഹത്തിന്ന്. വായിക്കുകയും വിവർത്തനം ചെയ്യുകയും ചെയ്യേണ്ട ഒന്നാണത്. അതിലാണ് ഇസ്‌ലാമിനെക്കുറിച്ചുള്ള തന്റെ വീക്ഷണങ്ങൾ ചുരുക്കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. മറെറാന്ന്,

فيصل التفرقة بين الاسلام والزندقة

എന്ന കൃതിയാണ്. അതിൽ ഇൽമുൽകലാമുകാരുടെ ചില പ്രമാണങ്ങളെ അദ്ദേഹം പുച്ഛിച്ചു തള്ളിയിരിക്കുന്നു. അതും വിവർത്തനം ചെയ്യേണ്ട ഒരു പുസ്തകം തന്നെയാണ്. ഇമാം ഗസ്സാലി ഇസ്‌ലാമിനെ എങ്ങനെ വീക്ഷിക്കുന്നുവെന്ന്

കാണിക്കുന്ന ഒരു ഗ്രന്ഥം ആരെങ്കിലും എഴുതിയാൽ നന്നെന്ന് എനിക്കതിയായ ആഗ്രഹമുണ്ട്. ആ രണ്ടു കിതാബുകളിലെയും വാചകങ്ങളുദ്ധരിക്കാൻ എനിക്കുദ്ദേശവും ആഗ്രഹവുമുണ്ടായിരുന്നു. സൗകര്യക്കുറവുമൂലം അതിന്ന് മുതിരുന്നില്ല. സംശയമുള്ളവർ അത് നോക്കിയാൽ മതി. ഗസ്സാലിയുടെ സ്വതന്ത്ര ചിന്തയുടെ ആരംഭത്തെക്കുറിച്ച് അദ്ദേഹമെഴുതിയ ഒരു വാചകം മാത്രം ഇവിടെ ഉദ്ധരിക്കാം. അതിൽ നിന്നു തന്നെ അദ്ദേഹത്തിന്റെ സ്വതന്ത്ര ചിന്തയുടെ ആഴവും പരപ്പും ഗ്രഹിക്കാം. അൽമുൻഖിദുമിനസ്സലാലിൽ അദ്ദേഹം പറയുന്നു.

"قد كان التعطش الى درك حقائق الامور دأبى وديدنى من اول عمرى غريزة وفطرة من الله وضعتا فى جبلتى لا باختيارى وحيلتى، حتى انحلت عنى رابطة التقليد، وانكسرت على العقائد الموروثة على قرب عهد من الصبا؛ اذ رأيت صبيان النصارى لا يكون لهم نشأ الا على التنصر، وصبيان اليهود لا نشأ لهم الا على التهود، وصبيان المسلمين لا نشأ لهم الا على الاسلام ...

"വിഷയങ്ങളുടെയാഥാർത്ഥ്യം സൂക്ഷ്മമായി ഗ്രഹിക്കുവാനുള്ള ഉത്സാഹവും വാസനയും ചെറുപ്പകാലം മുതൽക്ക് തന്നെ എന്നിൽ നിക്ഷിപ്തമായിരുന്നു. അത് ഞാൻ സൃഷ്ടിച്ചുണ്ടാക്കിയതല്ല, ജന്മനാ തന്നെഎന്നിൽ നിക്ഷിപ്തമായ ഒരു വാസനയും സ്വഭാവവുമായിരുന്നു. എന്റെഇച്ഛയനുസരിച്ച്അല്ലെങ്കിൽശ്രമത്തിലൂടെഎന്നിൽ ഉടലെടുത്തതായിരുന്നില്ല. അങ്ങിനെ ആ ജന്മവാസനയനുസരിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി, വല്ലവരെയും അനുകരിക്കുന്ന സ്വഭാവം എന്നെ തീണ്ടുകപോലും ചെയ്തില്ല. ചെറുപ്പകാലത്ത് തന്നെ പാരമ്പര്യ വിശ്വാസങ്ങൾ ഞാൻ വിമർശന ബുദ്ധിയോടെ പരിശോധിക്കാൻ തുടങ്ങി. കാരണം, ക്രൈസ്തവൻ മാതാപിതാക്കൾക്ക് ജനിക്കുന്ന കുട്ടികളെല്ലാം ക്രൈസ്തവാനികളായിട്ടേ വളരുന്നുള്ളൂ; ജൂതന്മാർക്ക് ജനിക്കുന്ന സന്താനങ്ങളെല്ലാം ജൂതന്മാരായിട്ടേ വളരുന്നുള്ളൂ; മുസ്‌ലീംകൾക്ക് ജനിക്കുന്ന കുട്ടികളെല്ലാം മുസ്‌ലിംകളായിട്ടേ വളരുന്നുള്ളൂ. ഇതു ഞാൻ ശ്രദ്ധിച്ചു. അപ്പോൾ ഇതെല്ലാം അന്ധമായ അനുകരണ ശീലമാണെന്ന്



ഞാൻ മനസ്സിലാക്കി" (അൽമുൻഖിദുമിനള്ളലാൽ 69:71) ഗുരുനാഥന്മാർ, മാതാപിതാക്കൾ, നാട്ടുകാർ മുതലായവർ മുഖേന എന്റെ മനസ്സിൽ കടന്നു കൂടിയ ധാരണകൾ പോലും മാററി വെച്ചിട്ടു സ്വതന്ത്രമായി ചിന്തിക്കാൻ തുടങ്ങി എന്ന് അദ്ദേഹം തുറന്നു പറഞ്ഞിരിക്കുന്നു.

നാലിലൊരു ഭാഗം 'ഇബാദത്തു'കളും മുക്കാൽ ഭാഗവും ഇന്നത്തെ ഭാഷയിൽ, സിവിൽ-ക്രിമിനൽ നിയമങ്ങളും ഉൾക്കൊള്ളുന്ന ഫിഖ്ഹ് കിതാബുകൾ പഠിച്ച് കാലം കഴിച്ചുകൂട്ടുന്നവരെ 'ഇഹ്‌യാഇ'ലും മററ് കിതാബുളിലും അദ്ദേഹം അതിനിശിതമായി വിമർശിക്കുന്നു. എന്തിന്ന്നിങ്ങളീ സിവിൽ-ക്രിമിനൽ നിയമങ്ങൾ പഠിച്ചു സമയം പാഴാക്കുന്നു! ഇത്കൊണ്ടു നിങ്ങൾക്കെന്ത് നേട്ടം? താസീൽദാർ, കലക്ടർ,കോർട്ട്ജഡ്ജ്, ടസ്ററ്മാനേജർ, റസീവർ മുതലായ ഉദ്യോഗമല്ലെ നിങ്ങളുടെ ലക്ഷ്യം? നിങ്ങളീ സിവിൽ-ക്രിമിനൽ നിയമങ്ങൾ പഠിക്കാൻ പോകുമ്പോൾ നിങ്ങളുടെ നാട്ടിൽ നിന്ന് ഒരാളെങ്കിലും വൈദ്യ ശാസ്ത്രം പഠിക്കാൻ പോകുന്നുണ്ടോ? ഒരൊററ ഡാക്ടരും ഇല്ലാതെ ഒഴിഞ്ഞുകിടക്കുകയല്ലേ നിങ്ങളുടെ ഗ്രാമം? ഇസ്‌ലാമിലെ സിവിൽ- ക്രിമിനൽ നിയമങ്ങൾ പഠിച്ച ഏതെങ്കിലും ചിലർ ഒരു ദേശത്തുണ്ടായാൽ മതിയല്ലോ എന്നും മററും വെട്ടിത്തുറന്നു അദ്ദേഹം ചോദിക്കുന്നു. (ഇഹ്‌യാ വാല്യം 1 പേജ് 19) ഇഹ്‌യായിൽ മറെറാരിടത്ത്, ഏതെല്ലാം വിദ്യകളാണ് മുസ്‌ലിംകൾ അഭ്യസിച്ചിരിക്കേണ്ടതെന്നു ഉൽബോധിപ്പിക്കുന്നത് കാണുക:

اما فرض الكفاية فهو كل علم لا يستغنى عنه فى قوام امور الدنيا

"ലോകത്തിന്റെ നിലനിൽപ്പിന്നാവശ്യമായ വിദ്യകൾ ഏതെല്ലാമുണ്ടോ അവയെല്ലാം തന്നെ അഭ്യസിച്ചിരിക്കേണ്ടത് فرض كفاية ആണ്". എന്നിട്ട് അദ്ദേഹം അതിന്ന്, വൈദ്യശാസ്ത്രം മുതൽ രാജ്യഭരണതന്ത്രം, ഗണിതശാസ്ത്രം, കൃഷിശാസ്ത്രം തുണിനെയ്ത്ത്, തുന്നൽ വിദ്യ എന്നിവ ഉദാഹരണങ്ങളായി എടുത്ത് കാട്ടുന്നു. അപ്പോൾ ലോകത്തിന്റെ നിലനിൽപ്പിന്നാവശ്യമായ ഏത് വിദ്യയും ഇസ്‌ലാമിക വിദ്യയായിത്തന്നെയാണ് ഇമാം ഗസ്സാലി കാണുന്നതെന്ന് ഇവിടെ വെച്ചു നാം

മനസ്സിലാക്കുക. മാത്രമല്ല, അതെപ്പററി കുറേ നേരം ഇരുന്നു് ചിന്തിക്കുക തന്നെ ചെയ്യുക. കാരണം ഇതൊന്നും ഇസ്ലാമിക വിദ്യകളല്ല, ലൗകിക വിദ്യകൾ മാത്രമാണെന്നു് ധരിച്ചുവെച്ചവരാണു നമ്മുടെ മതപണ്ഡിതന്മാർ. നമ്മുടെ അധപതനത്തിന്റെ മൂലകാരണവും അതുതന്നെ. ഇമാം ഗസ്സാലി സ്വന്തം അഭിപ്രായം പറഞ്ഞതല്ല, ഇത്.

واعدّوا لهم ما استطعتم من قوة

“ശത്രുക്കളെ നേരിടുവാൻ വേണ്ടി നിങ്ങളുടെ കഴിവിൽപ്പെട്ട എല്ലാ ഒരുക്കളും ചെയ്തുവെക്കുക'' എന്നു് ഖുർആനിൽ (8:60) അല്ലാഹ കല്പിച്ചതാണല്ലോ. മുഴുവൻ യുദ്ധോപകരണനിർമ്മാണങ്ങളും സർവ്വവിധ യുദ്ധപരിശീലനങ്ങളും ഇസ്ലാമിന്റെ കല്പനയിൽപ്പെട്ടതാണെന്നല്ലേ ഇതിന്റെ നേരെ അർത്ഥം? എന്നിട്ടു് മിലിട്ടറീകോളേജുകളെ ഇസ്ലാമിക വിദ്യാലയങ്ങളായും ആയുധ നിർമ്മാണ ശാലകളെ ഇസ്ലാമിക സ്ഥാപനങ്ങളായും നാം കാണുന്നുണ്ടോ? ഇസ്ലാമിനെ നാം വീക്ഷിക്കുന്നതു എത്ര തെററായ നിലക്കാണെന്നു് ഇവിടെ വെച്ചു നമുക്കു് മനസ്സിലാക്കാം.

'ഭയാനകമായ ഒരു പെട്ടിത്തെററി' എന്ന തലക്കെട്ടിലാണല്ലോ ഇമാംഗസ്സാലിയുടെ ചിന്താവിപ്ലവങ്ങളെ നാം എടുത്തു് കാട്ടിയതു്. അതു് തികച്ചും യഥാർത്ഥമായിരുന്നുവെന്നു് ഇപ്പോൾ ബോധ്യമായി. കൂടുതൽ ബോധ്യപ്പെടുത്താൻ ഒരു സ്വതന്ത്ര പുസ്തകം തന്നെ വേണ്ടിവരും. ചുരുക്കത്തിൽ, അലസഭാവത്തിൽ, കണ്ണടച്ചുകൊണ്ടും, വെറും പാരമ്പര്യങ്ങളെ അന്ധമായി അനുകരിച്ചു കൊണ്ടുമുള്ള മതപഠനങ്ങളെയും ശാസ്ത്രപഠനങ്ങളെയും പൊതു വിദ്യാഭ്യാസത്തേയും അദ്ദേഹം ശക്തിയായെതിർത്തു. അതിലെല്ലാം അദ്ദേഹം വമ്പിച്ച മാററം ആവശ്യമെന്നു സമർത്ഥിച്ചു. അന്നത്തെ സയൻസിലെ തെററായ ചില സിദ്ധാന്തങ്ങളെ അദ്ദേഹം കാര്യകാരണ സഹിതം ഖണ്ഡിച്ചു. അതേയവസരത്തിൽ യാഥാർത്ഥ്യ ബോധമില്ലാതെ സയൻസിനെ അന്ധമായി എതിർക്കുന്നവരെ പുച്ഛിച്ചു തള്ളി. അവർ ഇസ്ലാമിന്നു് വമ്പിച്ച അനർത്ഥവും അപകീർത്തിയുമാണു് വരുത്തിവെക്കുന്നതെന്നു് തുറന്നടിച്ചു.ഇതാ അദ്ദേഹത്തിന്റെ വാചകം തന്നെ കാണുക:

الآفة الثانية نشأت من صديق للاسلام جاهل ظنّ انّ الدين ينبغى ان ينصر بانكار كلّ علم منسوب فانكر جميـــع علومهم وادعى جهلهم



فيها حتى انكر قولهم فى الكسوف والخسوف وزعم انّ ما قالوه على خلاف الشرع فلمّا قرع ذلك سمع من عرف ذلك بالبرهان القاطع لم يشك فى برهانه لكن اعتقد انّ الاسلام مبنى على الجهل وانكار البرهان القاطع فازداد للفلسفة حبا وللاسلام بغضا ولقد عظم على الدين جناية من ظنّ انّ الاسلام ينصر بانـــكار هذه العلوم.

(المنقذ من الضلال ص ۹۲)

“രണ്ടാമത്തെ വിപത്തു്, ഇസ്ലാമിനെ സ്നേഹിക്കുന്ന മൂഢനായ മിത്രത്തിൽ നിന്നാണു് അനുഭവിക്കേണ്ടി വരുന്നതു്. ഇസ്ലാമിനെ സഹായിക്കുന്നതു ശാസ്ത്രത്തിന്റെ എല്ലാ ശാഖകളെയും നിഷേധിച്ചു കൊണ്ടായിരിക്കണം എന്നാണവന്റെ ധാരണ. എന്നിട്ടു് ശാസ്ത്രജ്ഞന്മാർ രൂപം നൽകിയ എല്ലാ ശാസ്ത്രീയ ശാഖകളെയും അവർ കണ്ണടച്ചു നിഷേധിക്കുന്നു. ആ ശാസ്ത്രജ്ഞന്മാരെല്ലാവരും മൂഢന്മാരാണെന്നു അവൻ വാദിക്കുന്നു. ഏതു്വരെയെന്നാൽ, ചന്ദ്രഗ്രഹണം, സൂര്യഗ്രഹണം എന്നിവക്കു് ശാസ്ത്രജ്ഞന്മാർ പറയുന്ന കാരണങ്ങൾ പോലും അവൻ നിഷേധിക്കുന്നു. ചുരുക്കത്തിൽ ശാസ്ത്രജ്ഞന്മാർ പറയുന്നതെല്ലാം ഇസ്ലാമിന്നെതിരാണെന്നു് അവൻ ജല്പിക്കുന്നു. ശാസ്ത്രീയ സിദ്ധാന്തങ്ങൾ, ഖണ്ഡിതമായ ദൃഷ്ടാന്തങ്ങളോടു് കൂടി ഗ്രഹിച്ചു വെച്ച ശാസ്ത്രജ്ഞന്മാർക്കാവട്ടെ ഈ മൂഢന്റെ വാക്കു് കേൾക്കുമ്പോൾ അവരിൽ വല്ല സംശയമൊ ചാഞ്ചല്യമൊ ഉടലെടുക്കുന്നുണ്ടോ? ഇല്ല, ഒട്ടുമില്ല. മറിച്ചു, ഒരു ധാരണയാണു ശാസ്ത്രജ്ഞന്റെ ഹൃദയത്തിൽ ഉടലെടുക്കുന്നതു്. അതായതു് ഇസ്ലാം മതത്തിന്റെ അടിത്തറ അജ്ഞതയും, വ്യക്തവും അനിഷേധ്യവുമായ ലോകദൃഷ്ടാന്തങ്ങളെകണ്ണടച്ചു നിഷേധിക്കലുമാണെന്ന ധാരണ. അതോടെ, സയൻസിനോടു് ശാസ്ത്രജ്ഞന്നു് പ്രേമം കൂടുന്നു; ഇസ്ലാമിനോടു് വൈരവും. ശാസ്ത്രസിദ്ധാന്തങ്ങളെ നിഷേധിച്ചു കൊണ്ടായിരിക്കണം ഇസ്ലാമിനെ സഹായിക്കുന്നതു് എന്ന ധാരണ ഇസ്ലാമിന്നു് കനത്ത ദ്രോഹമാണു് ഏല്പിച്ചുകൊണ്ടിരിക്കുന്നതു്.''

ഇമാം ഗസ്സാലിയുടെ വാക്കുകൾക്ക് വിശദീകരണം ആവശ്യമില്ല. ആർക്കും വ്യക്തമായി ഗ്രഹിക്കാം. ഇനി നമുക്ക് 'മത്ലഅ്'നെക്കുറിച്ചു ചിന്തിക്കാം. അതിനെക്കുറിച്ചു പ്രതിപാദിക്കുന്നതിനിടയിൽ ഇമാം ഗസ്സാലിയുടെ 'ഭയാനകമായ പൊട്ടിത്തെറി'യിലേക്ക് വായനക്കാരുടെ ശ്രദ്ധതിരിച്ചത് ചരിത്ര പശ്ചാത്തലം മനസ്സിലാക്കാനാണ്, അതിപ്പോൾവായനക്കാർ സാമാന്യം ഗ്രഹിച്ചുകഴിഞ്ഞു.

ഇസ്ലാമിലെ പ്രഗത്ഭന്മാരായ പണ്ഡിതന്മാർ ഇറാൻകാരായിരുന്നു. ഇസ്ലാമിലെ ഏററവും വലിയ ശാസ്ത്രജ്ഞൻ അബൂ അലീസീനാ. ഏററവും വലിയ ഹദീസ് പണ്ഡിതൻ ഇമാം ബുഖാരി. ഏററവും വലിയ മദ്ഹബിന്റെ സ്ഥാപകൻ ഇമാം അബൂ ഹനീഫ. ഏററവും പ്രസിദ്ധ നിഘണ്ടുവിന്റെ കർത്താവ് ഫൈറൂസാബാദി. ഏററവും പ്രസിദ്ധരായ ഖുർആൻ വ്യാഖ്യാതാക്കൾ, ഫഖ്റുദ്ദീൻറാസി, സമഖ്ശരി. ഏററവും വലിയഫിഖ്ഹ് ശാസ്ത്രവിദഗ്ദ്ധൻ ഇമാമുൽഹറമൈനി തുടങ്ങിയവരെല്ലാവരും ഇറാൻകാരായിരുന്നു. ശാസ്ത്രജ്ഞന്മാരുടെയും മതപണ്ഡിതന്മാരുടെയും ഏററവും വലിയ പടക്കളവും ഇറാൻതന്നെയായിരുന്നു. ഓരോ വിഭാഗക്കാരും അവരവരുടെ വിജ്ഞാനശാഖ പൊക്കിപ്പിടിക്കാനും പ്രചരിപ്പിക്കാനും പരമാവധി എല്ലാ കഴിവുകളും വിനിയോഗിച്ചുകൊണ്ടിരുന്നു. അതിനിടക്ക് ഒരുപ്രശ്നം ഉൽഭവിച്ചു:

ഇസ്ലാമികരാഷ്ട്രം ഏഷ്യ, ആഫ്രിക്ക, യൂറോപ്പ് എന്നിവിടങ്ങളിലായി, വളരെദൂരം വ്യാപിച്ചുകഴിഞ്ഞു. നോമ്പ്, പെരുന്നാൾദിനങ്ങൾ നിർണ്ണയിക്കുന്നത് ഒരുപ്രശ്നമായി. ഒരു ദേശത്ത് പിറവിചന്ദ്രനെകാണും. ഉദാഹരണം: അറേബ്യയിയിൽ. ഇറാനിൽ കാണുകയില്ല. അപ്പോൾ എന്തു ചെയ്യണം? ഫിഖ്ഹ് ശാസ്ത്രജ്ഞന്മാരാണല്ലോ വിധികല്പിക്കേണ്ടത്. ഒരുമേഖലയിൽ ചന്ദ്രൻ ഉദിച്ചുകണ്ടെങ്കിൽ ആമേഖലക്കാർക്ക്മാത്രമേ അതു ബാധകമാകയുള്ളു., മററ് മേഖലക്കാർക്ക് ബാധകമാകയില്ല എന്ന് ഫിഖ്ഹ് പണ്ഡിതന്മാർ തീരുമാനമെടുത്തു. എന്നാൽ എങ്ങിനെയാണ് ആ മേഖല കണക്കാക്കേണ്ടത്? എത്രയാണതിന്റെ വ്യാപ്തി? ഏതാണതിന്റെ അതി



ത്തി? ഇത് അവർക്കിടയിൽ ചിന്താവിഷയമായി. വാസ്തവത്തിൽ അത് നിർണ്ണയിക്കാൻ ഗോളശാസ്ത്രജ്ഞന്മാർക്ക് മാത്രമേ കഴിയുകയുള്ളുവെന്നു നമുക്കറിയാമല്ലോ. ഇമാമുൽ ഹറമൈനി എന്ന പേരിൽ പ്രസിദ്ധനായിരുന്ന അബ്ദുൽമലിക്ക് ആയിരുന്നല്ലൊ അന്നത്തെ ഏററവും വലിയ ഫിഖ്ഹ് ശാസ്ത്രജ്ഞൻ. അദ്ദേഹം നീഷാപ്പൂർ മഹാവിദ്യാലയത്തിലെ പ്രിൻസിപ്പാളായിരുന്നു. നാല്കൊല്ലംമക്കയിൽമതപ്രമുഖനായ്കൊണ്ട്ജീവിച്ചപ്പോൾ ജനത നല്കിയ സ്ഥാനപ്പേരാണ് 'ഇമാമുൽഹറമൈനി'. അദ്ദേഹത്തിന്ന് ഇതൊട്ടും പിടിച്ചില്ല. അതായത് മത്ലഇന്റെ പരിധി നിർണ്ണയിക്കാൻ ഗോളശാസ്ത്രജ്ഞന്മാരെ സമീപക്കണമെന്നവാദം. കാരണം പലതുമുണ്ട്: ഒന്ന്, ഏററവും പ്രമുഖനായശാസ്ത്രജ്ഞൻ അബൂഅലീസീനായുടെ സ്വാധീനശക്തി ഇറാനിൽ സർവ്വത്ര വേരൂന്നിയ കാലമായിരുന്നു അത്. രണ്ട്, തന്നിമിത്തം മതപണ്ഡിതന്മാർക്കും ശാസ്ത്രജ്ഞന്മാർക്കുമിടയിൽ ഉഗ്രപോരാട്ടംനടന്നിരുന്നകാലവും. അതുകൊണ്ടാണല്ലോ ഇമാമുൽ ഹറമൈനിയുടെ പ്രധാന ശിഷ്യൻ ഇമാംഗസ്സാലി ശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തങ്ങൾക്ക് ഖണ്ഡനമെഴുതാൻ നിർബന്ധിതരായത്. അദ്ദേഹത്തിന്റെ മഹാഗുരു ഇമാമുൽ ഹറമൈനിക്ക് അതിന്ന് കഴിവുണ്ടായിരുന്നില്ല. ആ ശത്രുത മനസ്സിൽവെച്ചുകൊണ്ട് അനുയായികളെ അദ്ദഹം ഉപദേശിച്ചു: നമ്മുടെ മുമ്പിൽ മത്ലഇന്റെ വ്യാപ്തി കണക്കാക്കാൻ ഇസ്ലാമിക മാർഗ്ഗം തന്നെയുണ്ട്, ആ സ്ഥിതിക്ക് ശാസ്ത്രജ്ഞന്മാരെ ആശ്രയിച്ചു കൊണ്ടും, അവരുടെ സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കികൊണ്ടും എന്തിനു നാം വിധികല്പിക്കണം? നമസ്കാരം ജംആക്കുക, ഖസ്റാക്കുക, നോമ്പിൽ ഇളവ് അനുവദിക്കുക ഇവയ്ക്കെല്ലാം ഇസ്ലാംമതം ചില ദൂരപരിധികൾ നിശ്ചയിച്ചിട്ടുണ്ട്. 'മത്ലഇ'ന്റെകാര്യത്തിലും അതേ പരിധി സ്വീകരിച്ചാൽ അതൊരു ഇസ്ലാമിക സമീപനമായി. പണ്ഡിത നേതാവിന്റെ ഈ വിധിയുടെ മുമ്പിൽ മററ് പണ്ഡിതന്മാരെല്ലാം തലകുനിച്ചു.

ശരി, നമസ്സാരം ജംഉം ഖസ്റുമാക്കുക, ഫർള്നോമ്പിൽ ഇളവ് അനുവദിക്കുക ഇവയ്ക്കു് ഇത്ര നാഴിക ദൈർഘ്യമുള്ള യാത്രയായിരിക്കണമെന്ന് നബി തിരുമേനി നിർണ്ണയിച്ചിട്ടുണ്ടോ? ഇല്ല. പിന്നീട് അതെങ്ങനെ കണക്കാക്കി എന്നല്ലേ. നബി ജംഉം

ഖസ്റുമാക്കുകയും നോമ്പിൽ ഇളവനുവദിക്കുകയും ചെയ്ത യാത്രകളുടെ ദൈർഘ്യം പിൽക്കാലത്ത് വന്ന പണ്ഡിതന്മാർ അളന്നു നോക്കി. അപ്പോൾ 48 നാഴികയുണ്ട്. അതായത് അബ്ബാസീ ഖലീഫമാർ നിർണ്ണയിച്ച് നടപ്പിൽ വരുത്തിയതും 'ഹാഷിമി മൈൽ' എന്ന പേരിൽ പില്ക്കാലത്ത് അറിയപ്പെട്ടതുമായ മൈൽ. അളവുകളുടെ കണക്കും പേരും പിൽക്കാലത്ത് മാറിക്കൊണ്ടിരുന്നു. ഇന്നിപ്പോൾ, 48 ഹാഷിമി മൈൽ, മീറ്റർകണക്കിൽ, 84 കി. മീറ്റർ വരുമെന്നാണ് പല പക്ഷക്കാരുടെയും അവസാനതീരുമാനമെന്ന് പ്രസിദ്ധപണ്ഡിതൻ ഡോ. യൂസുഫുൽ ഖർളാവി അദ്ദേഹത്തിന്റെ 'ഫത്താവാ'യിൽ രേഖപ്പെടുത്തിയിരിക്കുന്നു:

وقدقدرت المسافة لقصر الصلاة ولاباحة الفطر عند اكثر المذاهب بنحو ٨٤ كيلومترا ( فتاوى معاصرة ص : ٢٩١)

നാല് മദ്ഹബുകളുടേയും വിധികൾ ക്രോഡീകരിച്ചുകൊണ്ട് അബ്ദുറഹിമാൻ ജസീരി എഴുതിയ 'അൽഫിഖ്ഹു അലൽമദാഹിബിൽ അർബഅ', വാല്യം ഒന്ന് പേജ് 472—ൽ പറയുന്നു:

وهذه المسافة تساوى ثمانين كيلوونصف كيلو ومأة واربعين مترا

"ഈ ദൂരം 80½ കി. മീറ്ററും 140 മീറ്ററും വരും". പിന്നീടദ്ദേഹം പറയുന്നു:

وتقدير المسافة بهذا متفق عليه بين الائمة الثلاثة ماعدا الحنفية

"ഈ തോതിൽ ഈ ദൂരം നിർണ്ണയിച്ചതിനോട് മൂന്ന് ഇമാമുകളും യോജിക്കുന്നു. ഹനഫികൾ മാത്രമാണ് യോജിക്കാത്തത്." ശരി; നമുക്ക് യൂസുഫുൽഖർളാവിയുടെ കണക്ക് തന്നെ സ്വീകരിക്കാം. അതായത് 84 കി. മീറ്റർ. ഇനി ഫുഖഹാക്കൾ മത്ലഇന്റെ പരിധി എങ്ങനെ നിർണ്ണയിച്ചുവെന്ന് പരിശോധിക്കാം. അവർ പരിധി നിർണ്ണയിച്ചത് ഇങ്ങനെയാണ്:

الاعتبار فى اختلاف المطالع ان يتباعد البلدان بحيث لو رؤى الهلال فى احدهما لم يرفى الآخر غالبا



"ഒരു നാട്ടിൽ ചന്ദ്രൻ ദൃശ്യമായാൽ മറ്റെ നാട്ടിൽ മിക്കപ്പോഴും ദൃശ്യമാവുകയില്ല. ആ നിലയ്ക്ക് രണ്ട് രാജ്യങ്ങൾ അകന്നു കിടക്കുക. അതാണ് "മത്ലഅ്" നിർണ്ണയിക്കുന്നതിന്റെ അടിസ്ഥാനം."

ഇമാമുൽ ഹറമൈനിയും കൂട്ടുകാരും ഈ തീരുമാനം എടുക്കും മുമ്പ്, മുസ്ലിം ശാസ്ത്രജ്ഞന്മാർ ബഗ്ദാദിൽ ഇരുന്ന് കൊണ്ട് ഭൂമിയുടെ ചുറ്റളവ് നിർണ്ണയിച്ചു കഴിഞ്ഞിരുന്നു. 24000 മൈൽ. ഇന്നത്തെ കണക്കനുസരിച്ചു 24902 മൈൽ വരുമെന്നാണ് പറയുന്നതു്. ഇന്നു നടപ്പുള്ള കിലോമീറ്റർ കണക്കനുസരിച്ച് 40075 കി. മീറ്റർ വരും ഈ ചുറ്റളവ്. അപ്പോൾ ഈ ചുറ്റളവ് 84 കൊണ്ട് ഹരിക്കുമ്പോൾ 477 'മത്ലഅ്' കിട്ടുന്നു. അതായതു് ഫുഖഹാക്കളുടെ പരിധി നിർണ്ണയമനുസരിച്ചു ഭൂമിയിൽ 477 മത്ലഅ് നിലകൊള്ളുന്നുണ്ടെന്ന് വരുന്നു. മത്ലഇന്ന് അവർ കൊടുത്ത പരിധിനിർണ്ണയം മറക്കരുത്. ഒരുദേശത്ത് ചന്ദ്രൻ ഉദിച്ചുകണ്ടാൽ മറ്റൊരുദേശത്ത് ദൃശ്യമാവുകയില്ല. അവിടെവെച്ചാണ് മത്ലഅ് വിത്യാസപ്പെടുന്നത്. അങ്ങിനെയാണ് മത്ലഇന്റെ പരിധി നിർണ്ണയിച്ചിരിക്കുന്നത്. അപ്പോൾ എന്തു വരുന്നു? ഭൂമുഖത്താകെ 477 മത്ലഅ് ഉണ്ടെന്നും ആ 477 മത്ലഅ്കളിൽ ഓരോമത്ലഇലും ചന്ദ്രൻ ഉദിക്കുമ്പോൾ മറ്റൊരു മത്ലഇൽ ചന്ദ്രൻ ദൃശ്യമാവുകയില്ല എന്ന് വരുന്നു. ദുൻയാവ് ഉണ്ടായശേഷം ഇത്തരമൊരു ഭീമാബദ്ധം മനുഷ്യർ കേട്ടിട്ടുണ്ടായിരിക്കുമോ? സംശയമാണ്. ഒരു റമസാൻമാസം ഒന്നാം തിയ്യതി ലോകത്താകമാനം ഒരു വട്ടം ചുറ്റെത്താൻ 477 ദിവസം പിടിക്കുമെന്നല്ലേ ഇതിന്റെ അർത്ഥം! ഏത് കുട്ടിക്കാണ് ഇത് മനസ്സിലാവാത്തത്! ഇടവും വലവും ചിന്തിക്കാതെ ഇത്തരം വിഡ്ഢിത്തങ്ങൾ ചുമന്നു കൊണ്ടാണ് നമ്മുടെ ജനത നാലുപാടും ഓടുന്നതു്. ഈ വിഡ്ഢിത്തത്തിന്ന് അവരെ പ്രേരിപ്പിച്ചതെന്താണ്? സയൻസിനോടുള്ള ശത്രുത! അത് മാത്രം. അത് ഇവിടെ മാത്രമാണോ പ്രകടിപ്പിച്ചിട്ടുള്ളത്? അല്ല, മറ്റെത്രയോ സ്ഥലങ്ങളിൽ പ്രകടിപ്പിച്ചിട്ടുണ്ട്.

ഭൂമി ഗോളമാണെന്നത് ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായമാണെന്നും മത പണ്ഡിതന്മാരുടെ പക്കൽ അത് തികച്ചും തെറ്റാണെന്നും ജലാലൈനി തഫ്സീറിൽ 88: 20ന്റെ വാഖ്യാനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ആർക്കും കാണാം. അൽഅസ്ഹർ മുതൽ എല്ലാ മത വിദ്യാലയങ്ങളിലും പഠിപ്പിച്ചു വന്ന തഫ്സീർ ഇത് തന്നെയായിരുന്നുവെന്ന് നാം ഓർക്കണം.

ഇപ്പറഞ്ഞ ഖുർആൻ വാക്യം വ്യാഖ്യാനിച്ചു കൊണ്ട് ജലാലൈനി എഴുതുന്നു:

وقوله سطحت ظاهر فى ان الارض سطح وعليه علماء الشرع لا كرة
كما عليه علماء الهيئة.

“ഖുർആനിലെ ‘സുതിഹത്ത്’ എന്ന വാക്കു സ്പഷ്ടമായിട്ടു തന്നെ ഭൂമി പരന്നു കിടക്കുന്ന ഒന്നാണെന്ന് സ്ഥാപിക്കുന്നു. ശരീഅത്ത് പണ്ഡിതന്മാരുടെ തീരുമാനം അതുതന്നെയാണ്. ഗോളശാസ്ത്രപണ്ഡിതന്മാർ പറയും പോലെ ഭൂമി ഒരു ഗോളമല്ലെന്നും ഈ വാക്കു സ്പഷ്ടമാക്കുന്നു.”

നോക്കുക എത്ര ഉത്തരവാദ ബോധമില്ലാത്ത വ്യാഖ്യാനം! ഭൂമി ഗോളമല്ല, പത്തിരിപോലെ പരന്നുകിടക്കുന്ന ഒന്നാണെന്ന് ശരീഅത്ത് പണ്ഡിതന്മാർ തീരുമാനം കൈക്കൊണ്ടതായി ആക്കെങ്കിലും തെളിയിക്കാൻ കഴിയുമോ? ഒരിക്കലുമില്ല. ഇനിയും കാണുക:

ജന്തുക്കളെ വേട്ടയാടി പിടിക്കുന്നതിലുള്ള വിട്ടുവീഴ്ചകളും അയവുകളും ഖുർആൻ വ്യക്തമായിട്ട് തന്നെ ഉൽബോധിപ്പിച്ചിട്ടുണ്ട്. വേട്ടമൃഗങ്ങളെ ഏതുവിധേനയെങ്കിലും വേട്ടയാടിപ്പിടിച്ചാൽ, കയ്യിൽകിട്ടുന്നതിനു മുമ്പു തന്നെ ജീവൻ പോയെങ്കിൽ പോലും ഭക്ഷിക്കുന്നതിന്ന് വിരോധമില്ല, അറുക്കണമെന്നില്ല. മാത്രമല്ല, ജന്തുക്കളെ വേട്ടയാടിപ്പിടിക്കാൻ പരിശീലിപ്പിച്ച നായ്ക്കളെയോ മറേറാ വിട്ടയച്ചു, അവ വേട്ടയാടിപ്പിടിച്ചു കൊണ്ടുവന്നു യജമാനന്റെമുമ്പിൽ വെച്ചുകൊടുത്തു, ജീവൻപോയികഴിഞ്ഞിട്ടുണ്ട് എങ്കിൽപോലും അതും ഭക്ഷിക്കാം എന്നെല്ലാം ഖുർആൻ (5:4) പഠിപ്പിച്ചിട്ടുണ്ട്. എന്നാൽ നമ്മുടെ മതവിദ്യാലയങ്ങളിൽ പഠിപ്പിച്ചു വരുന്നതും പ്രാമാണിക ഗ്രന്ഥമായി ഗണിക്കപ്പെട്ടു വരുന്നതുമായ ‘ഫത്ഹുൽമുഈൻ’ കല്പിച്ചിരിക്കുന്നതെന്താണ്? ആധുനികതോക്കുകൾകൊണ്ട് വെടിവെച്ചു കൊന്നജീവികളെ ഭക്ഷിക്കുവാൻ പാടില്ല എന്ന്! കാരണം നമുക്കൂഹിക്കാം: പോർത്തുഗീസുകാർ കേരളത്തിൽ ആക്രമണം നടത്തുകയും കുഞ്ഞാലിമരക്കാർ മുതലായവർ അവരുടെജീവൻ ബലിയർപ്പിച്ചുകൊണ്ട് ഉഗ്രപോരാട്ടങ്ങൾ നടത്തികൊണ്ടിരിക്കുകയും



ചെയ്ത കാലമാണാഗ്രന്ഥം രചിച്ചത്. ആ പോരാട്ടത്തിൽ, മുസ്ലീം ലോകത്തിന്റെ സഹായസഹകരണങ്ങളും അനുഭാവവും നേടാനാണ് സൈനുദ്ദീൻമഖ്ദൂം ‘തുഹ്ഫത്തുൽമുജാഹിദീനും’ കോഴിക്കോട്ടെ ഖാസിമുഹമ്മദ് ‘ഫത്ഹുൽമുബീനും’ അറബി ഭാഷയിൽ രചിച്ചു ലോകത്ത് പ്രചരിപ്പിച്ചത്. അപ്പോൾ ആ വൈരം മനസ്സിൽ ആളിക്കത്തികൊണ്ടിരുന്ന സമയത്ത് പോർത്തുഗീസുകാർ ഇവിടെ ഇറക്കുമതിചെയ്ത തോക്കിനും മഖ്ദൂം അവർകൾ അംഗീകാരം നിഷേധിച്ചു. ഇസ്ലാമിക വിധിക്ക് മാററം വരുത്തി. ഇത് ഒരിക്കലും പാടില്ലാത്തതാണല്ലോ. ഏത് ഉപകരണം ഉപയോഗിച്ചു വേട്ടയാടിയാലും, ഭക്ഷിക്കാമെന്നല്ലേ ഖുർആന്റെയും നബിയുടെയും കല്പന? ഇതേ പ്രകാരം മാനുഷിക വികാരങ്ങൾക്കും ലോകത്തിലെ ചില ദുഷിച്ച പാരമ്പര്യങ്ങൾക്കും അധീനപ്പെട്ട് മററുചില രംഗങ്ങളിലുംമതപണ്ഡിതന്മാർ വിധിയെഴുതിയിട്ടുണ്ടെന്ന് ഖേദപൂർവം ഈയവസരത്തിൽഉണർത്തിക്കൊള്ളട്ടെ.

ഇസ്ലാം മതത്തെപ്പോലെ, അത്രയും വേഗത്തിൽ ലോകത്താകമാനം വ്യാപിക്കുകയും വിജയപതാക നാട്ടുകയും ചെയ്ത ഒരു പ്രസ്ഥാനം മനുഷ്യചരിത്രത്തിലില്ല. കാരണമെന്തായിരുന്നു? മറെറാന്നുമല്ല, അങ്ങേയററം മർദ്ദിതരായിക്കൊണ്ട് സഹസ്രാബ്ദങ്ങളായി ജീവിച്ച മനുഷ്യസമൂഹങ്ങളുടെ കാലുകളിൽ ബന്ധിച്ചിരുന്ന കനത്ത ചങ്ങലകൾ വെട്ടിയറുത്തുകൊണ്ടും, അവക്കെതിരിൽ കാഹളം മുഴക്കിക്കൊണ്ടുമാണ് ഖുർആൻ രംഗപ്രവേശം ചെയ്തത്. മനുഷ്യസമൂഹം പാരമ്പര്യമായി എന്നും എവിടെയും വെച്ചുപുലർത്തിക്കൊണ്ടുപോന്ന ഉച്ചനീചത്വബോധവും ഖുർആൻ പാടേ നിഷേധിച്ചു തുടച്ചു നീക്കിക്കളഞ്ഞു. അതാണ് മനുഷ്യ സമൂഹങ്ങൾ കൂട്ടം കൂട്ടമായി ഇസ്ലാമിലേക്ക് വരാൻ കാരണമായത്. പരമോൽകൃഷ്ടരും പരമോന്നതരുമെന്ന് സ്വയം അഭിമാനം കൊണ്ടിരുന്ന ഖുറൈശീ കുടുംബത്തിലെ സൈനബയെ, വെറും ഒരു അടിമയായിക്കൊണ്ട് ഖുറൈശീ കുടുംബത്തിൽ തന്നെ ജീവിച്ചിരുന്ന സൈദിന്ന് നബി വിവാഹം ചെയ്തുകൊടുത്തു. അതായത് സ്വകുടുംബത്തിൽ നിന്നാണ് തിരുമേനി പ്രവർത്തനമാരംഭിച്ചത്. എന്നിട്ട് അതേ നബിയുടെ പിൻഗാമികളായിവന്ന പണ്ഡിതന്മാർ എഴുതിവെച്ച മതവിധികളെന്തെ

ല്ലാമെന്നറിയാമോ? പറഞ്ഞു വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നതിനേക്കാൾ അവരുടെ വാക്കുകൾ തന്നെ ഉദ്ധരിച്ചു ബോദ്ധ്യപ്പെടുത്തുന്നതാണല്ലോ നല്ലത്. ഇതാ കാണുക, നമ്മുടെ മതവിദ്യാലയങ്ങളിൽ പഠിപ്പിച്ചുവരുന്ന ഫത്ഹുൽമുഈനിന്റെ അദ്ധ്യാപനങ്ങൾ:

ولا (يكافئ) نسيبة من عربيّة وقرشيّة وهاشميّة او مطلبيّة غيرها يعنى لايكافئ عربيّة ابا غيرها من العجم وان كانت امّه عربيّة ولا قرشيّة غيرها من بقيّة العرب ولاهاشميّة او مطلبيّة غيرهما من بقيّة قريش.... ولايكافئ من اسلم بنفسه من لها اب او اكثر فى الاسلام ومن له ابوان لمن لها ثلاثة آباء فيه ...... ولاسليمة من حرف دنيّة ــ وهى مادلّت ملابسته على انحطاط المروءة غيرها فلا يكافئ من هو او ابوه حجام او كناس اوراع بنت خيّاط ولاهو بنت تاجر اوبزاز....... ولا هما بنت عالم اوقاض عدل (فتح المعين فصل الكفاءة ص ٢٢٢)۔

''അറബിയോ, ഖുറൈഷി, ഹാഷിം, മുത്തലിബ് കുടുംബത്തിൽ ജനിച്ചവളോ ആയ ഒരു കുലീന സ്ത്രീക്ക്, അവരിൽ പെടാത്ത പുരുഷൻ, പദവിയിൽ തുല്യനാവുകയില്ല. അതായത് പിതാവ് അറബിയായിരിക്കുന്ന ഒരു സ്ത്രീക്ക്, അനറബിയായ പുരുഷൻ തുല്യനാവുകയില്ല. അവന്റെ മാതാവ് അറബിയായിരുന്നാൽപ്പോലും. അപ്രകാരം തന്നെ, ഖുറൈശി സ്ത്രീക്ക്, ഖുറൈശിയല്ലാത്ത അറബി പുരുഷൻ തുല്യനാവുകയില്ല. നബിയുടെ പിതാമഹൻ മുത്തലിബ്, പ്രപിതാമഹൻ ഹാഷിം എന്നിവരുടെ സന്താനങ്ങളായ സ്ത്രീകൾക്ക്, ഖുറൈശിവംശത്തിൽത്തന്നെയുള്ള പുരുഷന്മാർ തുല്യരാവുകയില്ല.................. പുതുതായി ഇസ്‌ലാം മതം സ്വീകരിച്ചവനും ഒന്നോ അതിലധികമൊ തലമുറമുമ്പു ഇസ്‌ലാം മതം സ്വീകരിച്ച പിതാവിൽ ജനിച്ചവളും തുല്യരാവുകയില്ല. രണ്ട് പിതാക്കൾ മുമ്പ് ഇസ്‌ലാം മതം സ്വീകരിച്ചവനും മൂന്നു പിതാക്കൾ



മുമ്പ് ഇസ്‌ലാംമതം സ്വീകരിച്ചവളും തുല്യരാവുകയില്ല.

താഴ്ന്ന ജോലിക്കാരിയല്ലാത്ത സ്ത്രീ— മനുഷ്യർ താഴ്ന്നതായി ഗണിച്ചു വരുന്ന ജോലിയാണ് 'താഴ്ന്ന ജോലി'_താഴ്ന്ന ജോലി ചെയ്യുന്ന പുരുഷനു തുല്യയല്ല. അപ്പോൾ, താനോ പിതാവോ ക്ഷുരകൻ അല്ലെങ്കിൽ തൂപ്പുകാരൻ അല്ലെങ്കിൽ നാല്കാലികളെ മേയ്ക്കുന്നവൻ ആണെങ്കിൽ, അവൻ ഒരു തുന്നൽക്കാരന്റെ മകൾക്ക് തുല്യനല്ല. തുന്നൽക്കാരനോ പലചരക്ക് കച്ചവടക്കാരന്റെ മകൾക്ക് തുല്യനല്ല ......... അപ്രകാരം തന്നെ വസ്ത്രവ്യാപാരിയും പലചരക്ക് വ്യാപാരിയും പണ്ഡിതന്റെയോ ജഡ്ജിയുടെയോ പെൺമക്കൾക്ക് തുല്യരാവുകയില്ല''. (പേജ് 232) ഇപ്പോൾ എന്താണിവർ ചെയ്തതെന്ന് വായനക്കാർ ശ്രദ്ധിച്ചോ. മനുഷ്യരാശിയിൽ നിന്ന് ഉച്ചനീചത്വബോധം നിശ്ശേഷം ഉന്മൂലനം ചെയ്യാൻ വന്ന ഖുർആന്റെ ഒരു പ്രധാന മൂലസിദ്ധാന്തം അപ്പടി വെട്ടിത്തകർത്തു. എന്നിട്ട് ലോകത്തിലെ പുരാതന പാരമ്പര്യം പുനസ്ഥാപിച്ചു. എന്നിട്ടുകൂടി ഇക്കൂട്ടരുടെ വാക്കുകൾ പ്രമാണമായി സ്വീകരിക്കണമെന്നല്ലേ ഇന്നത്തെ മതപുരോഹിതന്മാരുടെ മുറവിളി! ഇതല്ലേ ഇവർ നിർദ്ദേശിക്കുന്ന മതസേവനം !അല്ലാഹു രക്ഷിക്കട്ടെ. മതപണ്ഡിതന്മാർക്കും ശാസ്ത്രജ്ഞന്മാർക്കുമിടയിൽ പെട്ടന്നുടലെടുത്ത വൈരങ്ങളെയും സംഘട്ടനങ്ങളെയുംഅതിന്റെ ഫലങ്ങളേയും കുറിച്ചു സംസാരിക്കുകയായിരുന്നു നാം.അതിലേക്ക്തന്നെ നമുക്കുമടങ്ങാം. അബ്ബാസീ ഖലീഫമാർ മുഖേന ശാസ്ത്രത്തിന്റെ വിവിധ ശാഖകളും ശാസ്ത്രജ്ഞന്മാരും പെട്ടന്നുരംഗത്ത് വന്നപ്പോൾ ഉടലെടുത്ത അമ്പരപ്പും എതിർപ്പുകളുമായിരുന്നു നാം വിവരിച്ചു കൊണ്ടിരുന്നതു്. ക്രമേണശാന്തമായിരുന്നു ചിന്തിക്കാൻ തുടങ്ങിയപ്പോൾ രണ്ടുകൂട്ടർക്കും കുറേയൊക്കെ തെററു പററിയിട്ടുണ്ടെന്ന് ബോദ്ധ്യമായി. മനുഷ്യൻ എന്തൊക്കെയാണെങ്കിലും അല്പജ്ഞനാണ്. അവന്റെ അഭിപ്രായങ്ങൾക്ക് ഒരിക്കലും സ്ഥിരത നേടുകസാദ്ധ്യമല്ല. ശാസ്ത്രജ്ഞന്മാരാവട്ടെ രണ്ടായിരവും നാലായിരവും കൊല്ലം മുമ്പ് അസാദ്ധ്യമെന്നു തീരുമാനിച്ചിരുന്ന കാര്യങ്ങൾ പലതും ഇന്നു സുസാദ്ധ്യമാണ്. അവരുടെ പഴയ സിദ്ധാന്തങ്ങൾ പലതും ഇന്നു തകർന്നു കഴിഞ്ഞിരിക്കുന്നു. മതമോ, മനുഷ്യരാശിയുടെ ശാശ്വത വ

ഉച്ചക്ക് വേണ്ടി സർവ്വജ്ഞനായ ദൈവം നല്കിയ മാർഗ്ഗദർശനങ്ങളാണ്. അതിനെ പരാജയപ്പെടുത്താൻ മുതിരുന്നത് മനുഷ്യന്റെ വിഡ്ഢിത്തമാണ്, അറിവില്ലായ്മയാണ്. ഇതേ പ്രകാരം, മതം യഥാർത്ഥത്തിൽ സയൻസിന്റെ വിരോധിയല്ല. സയൻസ് പഠിക്കാൻ ഖുർആൻ ഉൽബോധിപ്പിച്ചത് എത്രയോ സ്ഥലങ്ങളിൽ (ഉദാ.: 3: 191, 12: 105) കാണാം. അല്ലാഹു പ്രപഞ്ചത്തെ സൃഷ്ടിച്ചപ്പോൾ അതിന്റെ നടത്തിപ്പിനു ശരിക്കും വ്യവസ്ഥിതങ്ങളായ പല പ്രമാണങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ആ പ്രമാണങ്ങൾക്ക് 'പ്രകൃതിനിയമങ്ങൾ' എന്നു പറയുന്നു. ആ പ്രകൃതിനിയമങ്ങൾ സസൂക്ഷ്മം വീക്ഷിച്ച നാനാവിധേന ഗവേഷണങ്ങൾ നടത്തി വാർത്തെടുത്ത സിദ്ധാന്തങ്ങളാണ് സയൻസ്. അതെങ്ങനെ മതത്തിന്നെതിരാകും! രണ്ടിന്റെയും കർത്താവ് സർവ്വജ്ഞനായ ദൈവംതന്നെയാണല്ലൊ? ഇതെല്ലാം ചിന്തിക്കാൻ മനസ്സ് സന്നദ്ധമായപ്പോൾ രണ്ടു കൂട്ടരുടെയും നിലപാട് മാറാൻ തുടങ്ങി. ഇതാ ചില ഉദാഹരണങ്ങൾ:

രണ്ടുസഹോദരന്മാർ സിങ്കപ്പൂരിലെയും മക്കയിലെയും ഒരേദിവസം 12 മണിക്ക് മരണമടഞ്ഞു. അവരുടെ അവകാശം എങ്ങനെ തീരുമാനിക്കും? ഫുഖഹാക്കന്മാർ, ഭൂമിശാസ്ത്രസിദ്ധാന്തമനുസരിച്ച് മക്കായിൽവെച്ചുമരിച്ചവന്ന് അവകാശം കിട്ടുമെന്നുവിധികല്പിച്ചു. സിങ്കപ്പൂരിലെസഹോദരനാണ് ആദ്യംമരിച്ചിട്ടുണ്ടാവുക. കാരണം, ഭൂമി ഗോളമാണ്. തന്നിമിത്തം സിങ്കപ്പൂരിൽ മണി12 ആകുമ്പോൾ, മക്കയിൽ മണി 12ആവുകയില്ല. ഈ ഫത്‌വ ഫിഖ്ഹിന്റെ പ്രധാന കിതാബ് 'ഇംദാദി'ൽ രേഖപ്പെടുത്തി. 'ബുശ്റൽകരീമി'ൽ (പേജ്60) ഉദ്ധരിച്ചു. അതായത് ഫുഖഹാക്കൾ സയൻസ് അംഗീകരിച്ചു വിധികല്പിച്ചു. ഇനിയുംകാണുക:

നമസ്കരിക്കുന്നവർ ലോകത്തെവിടെയാണെങ്കിലും ഏതു മുക്കിലോ മൂലയിലോ ആണെങ്കിലും കഅബയാകുന്ന മന്ദിരത്തിന്റെ നേരെത്തന്നെ തിരിഞ്ഞുനിൽക്കണം, ആമന്ദിരം നിൽക്കുന്നഭാഗത്തേക്ക് തിരിഞ്ഞുനിന്നാൽ പോരാഎന്നാണ് ശാഫിഈ മദ്ഹബിന്റെ വിധി. കഅബയാകട്ടെ ഒരു ചെറിയ മന്ദിരവും.



ലോകത്ത് നമസ്കരിക്കുന്നവരെല്ലാവരും ശരിക്കും അതിന്റെ നേരെതിരിഞ്ഞുനില്ക്കണമെന്ന് കല്പിച്ചാൽ ഒരു ശാസ്ത്രജ്ഞന് അല്ലാതെ നിങ്ങളെ അങ്ങനെ തിരിച്ചു നിറുത്തിത്തരാൻ കഴിയുമോ? പള്ളിക്ക് കുററിതറക്കാൻ കഴിയുമോ? ഒരിക്കലുമില്ല. ഹജ്ജിൽ, 'യലംലമി'ന്റെ നേരെഎത്തുമ്പോഴാണല്ലോ ഇന്ത്യക്കാർ ഇഹ്റാംകെട്ടേണ്ടത്. വിമാനയാത്രക്കാരന്ന് യലംലം കാണാൻകഴിയുമോ? ഇല്ല, പൈലററ് കാലേക്കൂട്ടി ഉണർത്തുന്നു: 'ഇതായലംലം വരാൻപോകുന്നു', ചിലമിനിട്ടുകൾക്കുള്ളിൽ അദ്ദേഹംവീണ്ടും വിളിച്ചുപറയുന്നു: ഇതാ, യലംലമിലെത്തി. ആവാക്ക് പറഞ്ഞുകഴിയുമ്പോഴേക്ക് തന്നെ യലംലം കടന്നുകഴിഞ്ഞിട്ടുണ്ടായിരിക്കും. ഉടനെ ഇഹ്റാംകെട്ടി. എന്നിട്ട് ഇവരാണോ പറയുന്നത്, ഞങ്ങൾ ശാസ്ത്രജ്ഞന്മാരുടെ വാക്ക് വിശ്വസിക്കുകയില്ലെന്ന്! ധാർഷ്ട്യം എന്നല്ലാതെ മറെറന്താണിതിന്നുപേര്!

ഒരാൾക്ക് നാടിമിടിപ്പില്ല, ശ്വാസവുമില്ല. ഉടനെകൊണ്ടുപോയി കഫൻചെയ്തു മറവുചെയ്യുമോ? ഇല്ല. ഒരു ശാസ്ത്രജ്ഞൻ സർട്ടിഫൈചെയ്യണം. ഒരാൾ വിവാഹം ചെയ്തു. ഭാര്യയോടൊപ്പം ഒരാഴ്ച താമസിച്ചശേഷം അമേരിക്കയിലേക്ക് പോയി. സാധാരണ സ്ത്രീകൾ പ്രസവിക്കാറുള്ളതിനേക്കാൾ ചില മാസങ്ങൾക്ക് മുമ്പ്, അല്ലെങ്കിൽ കുറേയധികം മാസങ്ങൾ കഴിഞ്ഞശേഷം ഭാര്യപ്രസവിച്ചു. എങ്കിൽ ആകുട്ടിയെ അവന്റെ സന്താനമായി ഫത്‌വ കൊടുക്കുമോ? ശാസ്ത്രജ്ഞനല്ലാതെ ഫുഖഹാക്കന്മാർക്ക് അവിടെ തീരുമാനമെടുക്കാൻ കഴിയുമോ? ഒരുത്തൻ നാടുവിട്ടുപോയി. ഒരുവിവരവുമില്ല. അയാളുടെ സ്വത്തും കൊണ്ട് കുടുംബങ്ങൾ എത്രകാലം കാത്തിരിക്കണം? എന്താണതിന്ന് അവധി? അവസാനം അവൻ മരിച്ചുവെന്ന് കണക്കാക്കാൻ ഫുഖഹാക്കന്മാരുടെ പക്കൽ വല്ലതെളിവുമുണ്ടോ? ഒരുത്തന്ന് ഭ്രാന്താണ്. അല്ലെങ്കിൽഭ്രാന്ത് സുഖപ്പെട്ടിരിക്കുന്നു. ഇത് രണ്ടും തീരുമാനിക്കാൻ ശാസ്ത്രജ്ഞന്മാർക്കല്ലാതെ ഫുഖഹാക്കന്മാർക്ക് അധികാരം നല്കീട്ടുണ്ടോ? എന്നിട്ട് അതേഫുഖഹാക്കന്മാർതന്നെയാണ് ശാസ്ത്രംഅംഗീകരിക്കുകയില്ലെന്ന് മുറവിളികൂട്ടുന്നത്. മനുഷ്യബുദ്ധിയെ പരിഹസിക്കുന്നുവെന്നല്ലേ ഇതിന്റെ അർത്ഥം? രണ്ടുദിവസം, അരഔൺസ്‌വീതം മൂന്നുനേരം, ബ്രാ

ണ്ടിചേർത്തഔഷധം കൊടുത്താലേ രോഗിരക്ഷപ്പെടുകയുള്ളുവെന്ന് ശാസ്ത്രജ്ഞൻ ഉറപ്പിച്ചുപറയുന്നു. ഇതനുസരിക്കണമെന്നോ? വേണ്ടായെന്നോ എന്താണ് ഫുഖഹാക്കന്മാരുടെ വിധി? ഒരാൾക്ക് ഹജ്ജ്നിർബന്ധമായ എല്ലാസാഹചര്യങ്ങളുമുണ്ട്. ശാസ്ത്രജ്ഞൻ ഉറപ്പിച്ചുപറയുന്നു, കപ്പലിലോ വിമാനത്തിലോ യാത്രചെയ്താൽ അയാളുടെ ജീവൻഅപകടത്തിലാകുമെന്ന്. ഇപ്പോൾ ആശാസ്ത്രജ്ഞനെ അനുസരിക്കാൻ ഫുഖഹാക്കന്മാർ അനുവധിക്കുമൊ? ഇല്ലയോ? അനുവദിക്കുന്നുണ്ടെങ്കിൽ ശാസ്ത്രജ്ഞന്മാരുടെ വാക്കുകൾ അടിസ്ഥാനമാക്കികൊണ്ട് മതംപ്രവത്തിക്കുകയില്ലെന്ന് ചെണ്ടമുട്ടുന്നതിലെന്തർത്ഥം? അഞ്ച്നേരത്തെനമസ്കാരം, നോമ്പ്മുതലായവയ്ക്ക് മിനിട്ടും സെക്കൻറും വെച്ച് നീങ്ങൾ സമയംനിർണ്ണയംചെയ്ത്ലോകത്താകമാനം കലണ്ടറുകളും ഡയറികളും അച്ചടിച്ചുവിതരണം ചെയ്യുന്നു. ഇന്നമാസം ഇന്നതിയ്യതി ഇന്നമിനുട്ടിൽ സൂര്യഗ്രഹണം, അല്ലെങ്കിൽ ചന്ദ്രഗ്രഹണംസംഭവിക്കുമെന്ന്മാസങ്ങൾക്കും കൊല്ലത്തിനും മുമ്പ്തന്നെ നിങ്ങൾ അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നു. ശാസ്ത്രജ്ഞനല്ലാതെ മററാരാണ്, അഥവാ ഫുഖാഹാക്കളാണോ ഇതെല്ലാം നിർണ്ണയിക്കുന്നത്? പിള്ളർ ശാസ്ത്രം പഠിക്കാൻ തുടങ്ങിയകാലമാണിത്, പഴയകാലമല്ല എന്ന് ഇവരോർക്കണം. ഇമാംഗസ്സാലി താക്കീത് ചെയ്തപോലെഇതെല്ലാം നിഷേധിക്കുകയാണെങ്കിൽ ശാസ്ത്രജ്ഞന്മാർമതത്തെത്തന്നെ നിഷേധിക്കുകയായിരിക്കും അവസാനഫലമെന്ന് ഗൗരവപൂർവം നാംഓർക്കണം. ഇനിയിതാകണ്ടോളൂ: ലോകത്തിലെ ഏററവും ഉയന്ന മതപണ്ഡിതനും ഖത്തറിലെ ഗ്രാൻറ് മുഫ്തിയും അവിടത്തെ ചീഫ്ജസ്റ്റീസുമായ ഖാസിമഹ്മൂദ് അവർകളോട്, മക്കയിലെ റാബിത്തത്തുൽ ആലമിൽ ഇസ്ലാമി സെക്രട്ടറി മർഹൂം മുഹമ്മദ്സ്വൂർ സബ്ബാൻ ഹിജ്റ: 14_10_90ന് ആവശ്യപ്പെട്ട ഫത്വയ്ക്ക് ഖാസിമഹ്മൂദ്ഹിജ്റ1393ൽ കൊടുത്ത മറുപടിയിലെ ചിലവാചകങ്ങൾ. അദ്ദേഹം ഫത്വയിൽ എഴുതുന്നു:

اما المسلمون المقيمون او الساكنون فى لندن وامريكا وفرنسا والروس وسائر بلدان اوربا الذى تغمرها الغيوم المتواصلة دائما بحيث لا يرون



فيها الشمس الا نادرا فضلا عن الهلال فان هؤلآء يكونون تبعا للجنة الاستهلا لية (مجموعة رسائل الشيخ عبدالله آل محمود, ص ٣٨٥)

"ലണ്ടൻ, അമേരിക്ക, ഫ്രാൻസ്, റഷ്യ എന്നീ രാഷ്ട്രങ്ങളിലും മററ് യൂറോപ്പ്യൻ നാടുകളിലുംഇടതടവില്ലാതെ മഞ്ഞുമൂടിക്കെട്ടിയിട്ടാണ്നില്ക്കുക. സൂര്യനെ അപൂർവമായിട്ടേകാണാൻ കഴിയുകയുള്ളു. ചന്ദ്രൻെറകഥ പറയാനുമില്ല. ആ സ്ഥിതിക്ക്, ഈ നാടുകളിൽ സ്ഥിരമായോ താൽക്കാലികമായോ താമസിക്കുന്ന മുസ്ലിംകൾ നോമ്പിൻെറ കാര്യത്തിൽ എന്ത് ചെയ്യണം? അവർ (മുകളിൽനിർദ്ദേശിച്ച) കേന്ദ്രഹിലാൽ സമിതിയുടെ നിർദ്ദേശങ്ങൾ പിൻപററികൊണ്ടു പ്രവത്തിക്കണം."

റാബിത്ത ലോക മുസ്ലീം മഹാപണ്ഡിതന്മാരും നേതാക്കന്മാരുമടങ്ങിയ ഒരു മഹോന്നതസമിതിയാണ്. അവക്ക്വല്ല വിഷയത്തിലും ലോകമുസ്ലീംമഹാപണ്ഡിതന്മാരുടെഅഭിപ്രായം ആരായേണ്ടിവന്നാൽ ഏററവും ആദ്യം ഖാസിമഹ്മൂദിനേയാണ്സമീപിക്കുക. അത്രയും വലിയ സ്ഥാനമാണ് അദ്ദേഹത്തിനുള്ളത്. അല്ലാഹുവിനെയല്ലാതെ മററാരെയെങ്കിലും പേടിക്കുകയോ എന്തെങ്കിലും ഒരു നേട്ടം മോഹിക്കുകയോ ചെയ്യാത്ത ലോകത്തിലെ അപൂർവ്വം ചില മതപണ്ഡിതന്മാരിൽ ഒരുമഹാനാണദ്ദേഹം. ലോകമുസ്ലീംകൾക്കാകമാനം വേണ്ടി മക്കയിൽ ഒരു ഹിലാൽസമിതി രൂപവൽക്കരിക്കണം, അവർ മാസപ്പിറവിയുടെ കാര്യം നിർണ്ണയിച്ചു ലോകത്താകമാനം വിവരം കൊടുക്കണം എന്നാണ് അദ്ദേഹം ഫത്ത്വ നല്കിയിരിക്കുന്നത്. ഇതേനിർദ്ദേശംഒരുനൂററാണ്ടുമുമ്പ്,ലോകത്തിലെപുരോഗമനവാദികളുടെയെല്ലാംഅവലംബവും ആധാരവുമായ 'അൽമനാർ' തഫ്സീറിലുംനല്കിയിട്ടുണ്ട്.ലോകമുസ്ലിം നവോത്ഥാനത്തിൻെറ ആദ്യപിതാക്കളിൽ രണ്ടാമൻ മുഹമ്മദ്അബ്ദു(റ) അവർകളാണ് അതെഴുതിയിരിക്കുന്നതെന്ന്നാംഓർക്കണം.ഉൽപതിഷ്ണുക്കളുടെ മഹാആചാര്യൻ. അത് ഇന്നത്തെ ഉൽപതിഷ്ണുക്കൾ കണ്ടിട്ടില്ലെന്ന്വിശ്വസിക്കാൻന്യായമുണ്ടോ? ഇതാ കാണുക, അൽമനാർ തഫ്സീറിൻെറ ഉൽബോധനങ്ങൾ: വിഷയത്തിൻെറ പലവശങ്ങളും പരിശോധിച്ചശേഷം അതിൽ നിർദ്ദേശിക്കുന്നു;

اذا تقرر لدى اولى الامر العمل بالتقاويم الفلكيّة فى مواقيت شهري الصيام والحج كمواقيت الصلاة وصيام كلّ يوم من الفجر الى الليل امتنع التفرق والاختلاف بين المسلمين فى كلّ قطر

കാര്യങ്ങൾക്ക് തീരുമാനം കൽപ്പിക്കുന്ന ആധികാരിക കേന്ദ്രങ്ങളിൽ, ഗോളശാസ്ത്രത്തെ നിദാനമാക്കിക്കൊണ്ട് തയ്യാർചെയ്ത കലണ്ടറുകളെ അടിസ്ഥാനമാക്കിക്കൊണ്ട്, നോമ്പിന്റെയും ഹജ്ജിന്റെയും മാസങ്ങളിൽചെയ്യേണ്ട അമലുകൾ നിർവ്വഹിക്കുവാൻ സമയം നിർണ്ണയിച്ചുകഴിഞ്ഞാൽ എല്ലാനാടുകളിലെയും മുസ്‌ലിംകൾക്കിടയിൽ ഉടലെടുക്കാറുള്ള ഭിന്നിപ്പുകളവസാനിക്കും. അൽമനാർ തഫ്സീർ (വാല്യം 2, പേജ് 187) അവസാനം ചുരുക്കിപ്പറയുന്നു:

وجملة القول اننا بين امرين اما ان نعمل بالرؤية فى جميع مواقيت العبادات اخذا بظواهر النصوص وحسبانها تعبديّة وحينئذ يجب على كلّ مؤذّن ان لايؤذن حتى يرى نور الفجر الصّادق مستطيرا منتشرا فى الأفق وحتى يرى الزوال والغروب الخ واما ان نعمل بالحساب المقطوع به لأنه اقرب الى مقصد الشارع وهو العلم القطعى بالمواقيت وعدم الاختلاف فيها وحينئذ يمكن وضع تقويم عام تبيّن فيه الأوقات التى يرى فيها هلال كلّ شهر فى كل قطر...وتوزع فى العالم وامّا هذا الاختلاف وترك النصوص فى جميع المواقيت عملا بالحساب ماعدا مسألة الهلال فلاوجه ولا دليل عليه ولم يقل به امام مجتهد بل هو من قبيل "افتؤمنون ببعض الكتاب وتكفرون ببعض".

"ചുരുക്കത്തിൽ, രണ്ടിലൊരുമാർഗ്ഗം നാം സ്വീകരിക്കേണ്ടിവരും: ഖുർആനിലെയും ഹദീസിലെയും വാക്കുകളുടെ ബാഹ്യാർത്ഥം, അഥവാ വാക്കർത്ഥം പിടിച്ചിട്ട് എല്ലാഇബാദത്തുകളുടെയും സമയം നിർണ്ണയിക്കുന്നത് സൂര്യചന്ദ്രാദികളെനേരിൽ, നഗ്നദൃഷ്ടി കൊണ്ട് കണ്ട്കൊണ്ടായിരിക്കണമെന്ന് തീരുമാനിക്കുക, അങ്ങിനെപ്രവർത്തിക്കുക. അവിടെ യുക്തിവിചാരത്തിന്ന്, സ്ഥാനമില്ലെന്നും, അതെല്ലാം 'തഅബ്ബുദി'യാണെന്നും വെക്കുക. അങ്ങിനെവെക്കുമ്പോൾ ഫജ്റിന്റെ പ്രകാശം ചക്രവാളത്തിൽ പരന്ന്കഴിഞ്ഞത് തെളിഞ്ഞുകാണും വരേക്കും ഒരു ബാങ്ക്‌വിളിക്കാരനും ഫജ്ർബാങ്ക് വിളിക്കാൻ പാടില്ലെന്ന് വെക്കുക. ഇപ്രകാരം തന്നെസൂര്യൻ അസ്തമിക്കുന്നതും മധ്യാഹ്നത്തിൽ ആകാശമദ്ധ്യത്തിൽനിന്ന് തെറ്റുന്നതുമെല്ലാം നഗ്നദൃഷ്ടികൊണ്ട്കണ്ട്ബോദ്ധ്യമായ ശേഷം മാത്രമേ മഗ്‌രിബ്ബാങ്കും ളുഹ്ർബാങ്കും വിളിക്കാൻ പാടുള്ളവെന്നും വെക്കുക.

അല്ലെങ്കിലോ, ഖണ്ഡിതവും സംശയാതീതവുമായ ഗോളശാസ്ത്രസിദ്ധാന്തത്തിന്റെ കണക്കുകളനുസരിച്ച് നാം പ്രവർത്തിക്കുക. കാരണം, അല്ലാഹുവിന്റെ ഉദ്ദേശലക്ഷ്യങ്ങൾക്ക് കൂടുതൽ അനുയോജ്യമായമാർഗ്ഗം അതാണ്: ഉദയാസ്തമന സമയങ്ങളെക്കുറിച്ച് ഖണ്ഡിതവും സംശയാതീതവുമായ അറിവ്നേടാനും മുസ്‌ലിംകളിൽ ഇന്നു നിലനിന്നുവരുന്ന ഭിന്നിപ്പുകളവസാനിപ്പിക്കുവാനുമുള്ള മാർഗവും അതുതന്നെയാണ്. അങ്ങനെതീരുമാനിക്കുമ്പോൾ എല്ലാനാടുകളിലും എല്ലാമാസപ്പിറവികളും കാണാൻ സാധ്യതയുള്ള സമയങ്ങൾ രേഖപ്പെടുത്തിക്കൊണ്ടുള്ള ഒരു പൊതുകലണ്ടർനമുക്കുണ്ടാക്കാം. എന്നിട്ട് ലോകത്താകമാനം അത് വിതരണം ചെയ്യുകയുംചെയ്യാം ............ ഇന്നിക്കാണുന്ന വൈരുദ്ധ്യം അതായത്, എല്ലാകാര്യങ്ങളിലും ഗോളശാസ്ത്രക്കണക്കുകളനുസരിച്ച് നാം പ്രവർത്തിക്കുക, ഖുർആനിലും ഹദീസിലുംവന്ന വാക്കുകളിലെ ആശയങ്ങൾപാടെ വിസ്മരിച്ചു കളയുക, ചന്ദ്രപ്പിറവിയുടെ കാര്യത്തിൽമാത്രം ഭിന്നിക്കുക. ഇതിന്ന് ഒരുതെളിവുംന്യായവുമില്ല. മുജ്തഹിദായ ഒരുഇമാമും ഇങ്ങനെപറഞ്ഞിട്ടുമില്ല. മാത്രമല്ല, 'വേദത്തിലെചിലവിധികളിൽ നിങ്ങൾ വിശ്വസിക്കുകയും ചിലവിധികളെ നിങ്ങൾ നിഷേധിക്കുകയുമാണോചെയ്യുന്നത്?' എന്ന ഖുർആന്റെഗൗരവമേറിയ താക്കീതിൽപ്പെട്ടതാണിത്. ഉദാഹരണം: അഞ്ചുനേരത്തെനമസ്കാരസമയങ്ങൾ, മിനിട്ടുംസെക്കണ്ടും വെച്ചു നിർണ്ണയിക്കുകയും കലണ്ടറടിച്ചു വിതരണം ചെയ്യുകയും ചെയ്യുമ്പോൾ ഗോളശാസ്ത്രസിദ്ധാന്തങ്ങളും നിയമങ്ങളുംസ്വീകരിക്കാം. നവചന്ദ്രപിറവിയുടെ പ്രശ്നംവരുമ്പോൾ ഗോളശാസ്ത്രസിദ്ധാന്തം സ്വീകരിച്ചുകൂടാ. ഈനടപടിഖുർആൻതാക്കീത്ചെയ്തവൈരുദ്ധ്യത്തിൽപ്പെട്ടതാണല്ലൊ. അതാണ് അൽമനാർ തഫ്സീർ ചൂണ്ടിക്കാട്ടുന്നത്.

ശാസ്ത്രജ്ഞന്മാരും മതപണ്ഡിതന്മാരും പരസ്പരം പെട്ടന്ന് തെററിദ്ധരിച്ച് സംഘട്ടനത്തിനിറങ്ങിയെങ്കിലും ക്രമേണ പരസ്പരം മനസ്സിലാക്കാൻതുടങ്ങി, സംഘർഷം കുറഞ്ഞു കുറഞ്ഞുവന്നുവെന്ന് മുമ്പ്പറഞ്ഞല്ലോ. ഹിജ്റ നാലാംനൂററാണ്ടിലാണ് സംഘർഷംഅങ്ങേയററംമൂർച്ഛിച്ചത്.വൈരം മൂത്തതും അതിന്ന്കാരണം മുമ്പ്ചൂണ്ടികാണിച്ചു. ഒരുപക്ഷത്ത് അബൂഅലീസീനാമുതൽക്കുള്ള മഹോന്നത ശാസ്ത്രജ്ഞന്മാരുംമറുപക്ഷത്ത് മതപണ്ഡിതന്മാരുടെ രാജാവായിരുന്ന ഇമാമുൽ ഹറമൈനി മുതൽ പണ്ഡിതന്മാരും അണിനിരന്ന് പോരാട്ടംനടത്തിയിരുന്ന കാലമായിരുന്നുഅത്. പിൽക്കാലങ്ങളിൽ പരസ്പരം മനസ്സിലാക്കാൻ തുടങ്ങിയപ്പോൾ അതിന്ന്അയവ് വന്നതിന്റെ ലക്ഷണം ചരിത്രത്തിലും മതഗ്രന്ഥങ്ങളിലും സ്പഷ്ടമായിട്ട്കാണാം. ഇമാംനവവി, ഇമാംറാഫിഈ, സുബ്ക്കി, ഇബ്നുഹജർ ഹൈത്തമി, ശൈഖുൽഇസ്ലാം ഇബ്നുതൈമിയ്യ മുതലായവർഇസ്ലാമിലെ നെടുംതൂണുകളാണ്. ഇമാംശാഫിഇക്ക്ശേഷംശാഫിഈ മദ്ഹബുകാർഇമാംനവവിക്കുംഇമാംറാഫിക്കും മഹോന്നതസ്ഥാനമാണ്കല്പിച്ചിരിക്കുന്നത്. 'ശൈഖാനി' അഥവാ 'മഹാഗുരുഭൂതന്മാർ' എന്നാണ്നവവിയെയും റാഫിയെയുംമററുപണ്ഡിതന്മാർ വിളിച്ചുവരുന്നത്. അവരുടെകാലമായപ്പോഴേക്ക് അഭിപ്രായങ്ങൾമാറി. ജംഅ്-ഖസ്റിന്റെ ദൂരം അഥവാ84കി. മീ. പരിധിനിർണ്ണയിച്ചുകൊണ്ടുള്ള'മത്ലഅ്'വാദംഅവർരണ്ടുപേരുംഅവരുടെപലഗ്രന്ഥങ്ങളിലും പുച്ഛിച്ചുതള്ളിക്കളഞ്ഞു. ഇമാം നവവി,ശറഹ്മുസ്ലിം ഒഴിച്ചുള്ള മററെല്ലാ ഗ്രന്ഥങ്ങളിലും ഇപ്പറഞ്ഞവാദം തള്ളിക്കളഞ്ഞിരിക്കുന്നുവെന്ന് പണ്ഡിതന്മാർ തന്നെരേഖപ്പെടുത്തിയിട്ടുണ്ട്. തന്റെലോകപ്രസിദ്ധഗ്രന്ഥം'ശറഹുൽമുഹദ്ദബ്'വാ:6പേജ്273ൽ നവവിപറയുന്നു:

والثالث انّ التباعد مسافة القصر والتقارب دونها وبـــهذا قال الفورانى وامام الحرمين والغز الى والبغوي وآخرون. من الخراسانيين وادّعى امام الحرمين الاتفاق عليه لانّ اعتبار المطالع يحوج الى حساب وتحكيم المنجمين وقواعد الشرع تأبى ذلك فوجب اعتبار مسافة القصر



التى علق الشرع بها كثيرا من الاحكام ومذاضعيف لانّ امر الهلال لا تعلق له بمسافـــة القصر.

''മൂന്നാമത്തെപക്ഷം ഇതാണ്: രണ്ട് നാട്ടുകൾ അകലെയടി...ിചെയ്യുക എന്നതിന്റെ പരിധിക്കു രണ്ടുനാട്ടുകൾക്കിടയിൽന...സ്സാരം ഖസ്റാക്കാവുന്ന ദൂരപരിധിയുണ്ടായിരിക്കുകയെന്നാ...ന്. രണ്ടുനാട്ടുകൾ അടുത്തടുത്തായിരിക്കുക എന്നതിന്റെ അർഥ...മിഅവസ്ഥിടയിൽ ഇത്രയും ദൂരംഇല്ലാതിരിക്കുകഎന്നും. ഫൗറാ...നി, ഇമാമുൽഹറമൈനി, ഗസ്സാലി, ബഗവിമുതലായിഖുറാസാ...ർകാരായ മററുചില പണ്ഡിതന്മാരുടെയും പക്ഷം ഇതാണ്. പ...ണ്ഡിതന്മാരുടെ ഏകകണ്ഠമായ തീരുമാനം ഇതാണെന്ന് ഇമാ...മുൽഹറമൈനി വാദിച്ചിരിക്കുന്നു അദ്ദേഹം അതിന്ന് കാരണം ...ഞ്ഞിരിക്കുന്നത് ഇതാണ്. നവ ചന്ദ്രൻ ദൃശ്യമാകുന്ന മേഖ...ല നിർണ്ണയിക്കുവാൻ ഗോളശാസ്ത്രജ്ഞന്മാരെയും ജ്യോതിശാസ്ത്ര...ജ്ഞന്മാരെയും ആശ്രയിക്കേണ്ടിവരും. ഇസ്ലാംമതത്തിന്റെ മൂല...സിദ്ധാന്തങ്ങളാകട്ടെ അതനുവദിക്കുന്നില്ല. തന്നിമിത്തം നമസ്...കാരം ജംആക്കാനുള്ള ദൂരംഒരുമാനദണ്ഡമായി എടുക്കുകയല്ലാ...തെ മററൊരുമാർഗവുമില്ല. ആ ദൂരപരിധി അടിസ്ഥാനമാക്കി...യാണല്ലോ ഇസ്ലാംമതം പല വിധികളും കല്പിച്ചിരിക്കുന്ന...ത്'. (ഇത് ഉദ്ധരിച്ചശേഷം ഇമാംനവവിപറയുന്നു):' 'ഇത് ബല...ഹീനമായ ഒരു വാദമാണ്; കാരണം, ചന്ദ്രന്റെ ചലനങ്ങൾ...ക്ക് നമസ്കാരം ജംഉംഖസ്റുമാക്കുന്ന ദൂരപരിധിയുമായി യാതൊ...രു ബന്ധവുമില്ലല്ലോ''. കണ്ടോ? ശാസ്ത്രം പഠിച്ചതിന്റെഫലം!

ഇനി ഇമാംറാഫിഇയുടെവിധിനോക്കുക. ഇമാംസനൂസി...യുടെ 'ഉമ്മുൽബറാഹീൻ' ന്റെ വ്യാഖ്യാനം, 'ഹാശിയത്തുദ്ദ...സൂഖി' (വാ: 4, പേജ്66) നോമ്പിന്റെ അദ്ധ്യായത്തിൽ പ...റയുന്നു:

وصحّح الرّافعى فى بقية كتبه اعتبار اتحاد المطالع ا... لاتعلق للرؤية بمسافة القصر

''ചന്ദ്രപ്പിറവികാണലും, നമസ്കാരം ജംഉം ഖസ്റുമാക്കുവാ...

ന്നുള്ള ദൂരവും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന അഭിപ്രായത്തെയാണ് ഇമാം റാഫിഈ തന്റെ മറ്റ് ഗ്രന്ഥങ്ങളിലെല്ലാം തന്നെ ശരിവെച്ചിരിക്കുന്നത്'' ഇനി കാണുക. ഇതാ സലഫീ പക്ഷക്കാരനായ ശൈഖുൽഇസ്‌ലാം ഇമാം ഇബ്നു തൈമിയ്യയുടെ ഈ വിഷയത്തിലുള്ള ഫത്‌വ:

الوجه الثاني انه اذا اعتبرنا حدا كمسافة القصر او الاقاليم فكان رجل في آخر المسافة والاقاليم فعليه ان يصوم ويفطر وينسك وآخر بينه وبينه غلوة سهم لا يفعل شيئا من ذلك وهذا ليس من دين المسلمين .

"രണ്ടാമത്തെ വശം ഇതാണ്: ജംഉം ഖസ്റുമാക്കാൻ നിശ്ചയിച്ചപോലെയുള്ള ഒരു ദൂരപരിധി, അല്ലെങ്കിൽ ഒരു മേഖല നാം നിശ്ചയിച്ചു. എന്നിട്ട് ആ പരിധി അല്ലെങ്കിൽ മേഖലയുടെ അതിർത്തിയിൽ ഒരാൾ താമസിക്കുന്നുണ്ട് എന്ന് വെക്കുക. അപ്പോൾ അവൻ നോമ്പ് നോൽക്കണം, നോമ്പ് അവസാനിപ്പിക്കണം, ബലിയറുക്കണം. അതേയവസരത്തിൽ മറ്റൊരുത്തനുണ്ട്, ആ അതിർത്തിക്ക് തൊട്ടടുത്ത്. അവന്റെയും ഇവന്റെയും വീടുകൾക്ക് തമ്മിൽ ഒരു അമ്പെയ്ത്താൽ എത്തുന്ന ദൂരം മാത്രമേയുള്ളൂ. അവനോ, ഇപ്പറഞ്ഞ ബാധ്യതയൊന്നും ബാധകമല്ലതാനും. ഇത്, ഈ നടപടി, മുസ്‌ലിംകളുടെ ദീനിൽപ്പെട്ടതല്ല'' (ഇബ്നു തൈമിയ്യയുടെ ഫത്‌വകളുടെ സമാഹാരം. വാ_25 പേജ് 105). ശൈഖുൽ ഇസ്ലാം ഈ 'മത്‌ലഅ്' വാദത്തെ എത്ര കടുത്ത ഭാഷയിലാണ്, എത്ര പുച്ഛത്തോട് കൂടിയാണ് തള്ളിക്കളഞ്ഞതെന്ന് വായനക്കാർ ഒന്ന് ശ്രദ്ധിച്ചു നോക്കുക. ഫത്‌വയിൽ മറ്റൊരിടത്ത് അദ്ദേഹം അതിഗൗരവസ്വരത്തിൽ ഉൽബോധിപ്പിക്കുന്നു:

ومن حدد ذلك بمسافة قصر او اقليم فقوله مخالف للعقل والشرع

''ചന്ദ്രപ്പിറവി കണ്ടാൽ നോമ്പ് നോൽക്കുന്നതിന് വല്ലവനും ഒരു പരിധി_നമസ്കാരം ഖസ്റാക്കാൻ അനുവദിച്ച ദൂരം അല്ലെങ്കിൽ ഒരു മേഖല_നിശ്ചയിച്ചു. എങ്കിൽ അവന്റെ വാക്ക് യുക്തിക്കും ഇസ്‌ലാം മതത്തിനും വിരുദ്ധമാണ്.'' (ഇബ്നുതൈമിയ്യയുടെ ഫത്‌വകളുടെ സമാഹാരം



ാ_25 പേജ്_111) സലഫികളുടെ നേതൃത്വത്തിന്റെ കഥ കഴിഞ്ഞു. ഇനി പിൻഗാമികളായ ഫുഖഹാക്കന്മാരിൽ അതി വിശ്രുതനും ലോകപ്രസിദ്ധനുമായ ഇമാം ഇബ്നുഹജർ ഹൈത്തമിയുടെ തുഹ്ഫയിൽ (വാല്യം 3 പേജ് 381) ഇമാമുൽ ഹറമൈനിക്ക് നൽകിയ മറുപടി കാണുക:

وتحكيم المنجمين انما يضر في الأصول دون التوابع كما هنا

"ഇസ്‌ലാമിന്റെ മൗലിക സിദ്ധാന്തങ്ങളെ, ജ്യോതിശാസ്ത്രജ്ഞന്മാരുടെ തീരുമാനങ്ങൾക്ക് വിട്ടുകൊടുക്കുന്നത് മാത്രമേ ഇസ്‌ലാമിന് ഹാനികരമാവുകയുള്ളൂ. ഇവിടത്തെപ്പോലെ ശാഖാ വിഷയങ്ങൾ അവരുടെ തീരുമാനങ്ങൾക്ക് വിടുന്നതിൽ യാതൊരനർത്ഥവുമില്ല''.

ഇവിടെ മാത്രമല്ല, ഇബ്നുഹജർ, ഇത്ഹാഫിലും (പേ_66) ഇതേപ്രകാരം ഇത്തരക്കാരുടെ വാദം കാര്യ കാരണ സഹിതം ഖണ്ഡിച്ചു. അദ്ദേഹം എഴുതി:

''ഗോളശാസ്ത്ര പണ്ഡിതന്മാരുടെ കണക്കുകൾ സ്വീകരിച്ചുകൊണ്ട് നോമ്പും പെരുന്നാളും നിശ്ചയിക്കുന്നതിനെ ഇമാം സർക്കശി എതിർക്കുന്നു. ഇസ്‌ലാം മതം ഗോളശാസ്ത്ര സിദ്ധാന്തങ്ങളേയും കണക്കുകളേയും അടിസ്ഥാനപ്രമാണമായി സ്വീകരിച്ചിട്ടില്ല, മറിച്ച്, അപ്പടി തള്ളിക്കളയുകയാണ് ചെയ്തിരിക്കുന്നത് എന്നാണദ്ദേഹത്തിന്റെ വാദം. ഈ വാദം അപ്പടി തള്ളപ്പെടേണ്ട ഒന്നാണ്. കാരണം, ഗണിത ശാസ്ത്രജ്ഞന് അവന്റെ ശാസ്ത്രീയ സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് നോമ്പ് നോൽക്കാമെന്ന് മതപണ്ഡിതന്മാർ അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. നമസ്കാര സമയങ്ങൾ മുതൽ പലകാര്യങ്ങളിലും ഗോളശാസ്ത്ര സിദ്ധാന്തങ്ങളും അവർ സ്വീകരിച്ചു കഴിഞ്ഞിട്ടുമുണ്ട്. ആ സ്ഥിതിക്ക്, സർക്കശിയുടെ വാദം നിലനിൽക്കുകയില്ലെന്ന്.'' ഇബ്നുഹജറുടെ വാക്കുകൾ ഇതാ കാണുക:

وتنظير الزركشي فيه بان الشرع لم يعتمد الحساب بل الغاه بالكلية

انه ممنوع بل نظر اليه هنا في جواز صيام الحاسب استنادا الى حس

وفي بيان اختلاف المطالع واتفاقها وفي مواقيت الصلاة وفي غير ذلك

ഇനി പ്രസിദ്ധ പണ്ഡിതൻ സക്കരിയ്യൽ അൻസാരി, ഇമാമുൽ ഹറമൈനിക്ക 'അസ്നൽമതാലിബിൽ' (പേജ് 411) മറുപടി പറയുന്നത് കാണുക:

قال الامام اعتبار المطالع يحوج الى حساب وتحكيم المنجمين وقواعد الشرع تأبى ذلك بخلاف مسافة القصر التى علق بها الشرع كثيرا من الاحكام فان قلت اعتبار اتحاد المطالع على مامر يتعلق بالمنجم والحاسب وقد تقدم انه لا يعتبر قولهما فى اثبات رمضان قلت لا يلزم من عدم اعتباره فى الاصول والامور العامة عدم اعتباره فى التوابع والامور الخاصة

ഗോളശാസ്ത്ര പണ്ഡിതന്മാരുടെയും ജ്യോതിശ്ശാസ്ത്രപണ്ഡിതന്മാരുടെയും സിദ്ധാന്തങ്ങളെ ആധാരമാക്കിക്കൊണ്ട് ഇസ്ലാമിക വിഷയങ്ങളിൽ പ്രവർത്തിക്കുവാൻ പാടില്ലെന്ന് ഇമാമുൽ ഹറമൈനി പറയുന്നുണ്ടെങ്കിൽ ശാഖാവിഷയങ്ങളിലും ചില പ്രത്യേക കാര്യങ്ങളിലും ശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തങ്ങൾ അംഗീകരിച്ചു കൊണ്ട് പ്രവർത്തിക്കുവാൻ പാടില്ലെന്നു വരുന്നില്ല എന്നർത്ഥം.

**പിന്നീട്, ഗോളശാസ്ത്ര സിദ്ധാന്തങ്ങളെ ചൂണ്ടിക്കാട്ടിക്കൊണ്ട്, വ്യക്തമായ ഭാഷയിൽത്തന്നെ നോമ്പ്-നമസ്കാര സമയങ്ങൾ നിർണ്ണയിക്കുവാൻ മതാചാര്യന്മാർ കൽപ്പിച്ചു.**

'മത്ലഅ്' നിർണ്ണയിക്കുന്നതിൽ ഗോളശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തങ്ങൾ സ്വീകരിച്ചുകൂടാ, അതിന്നാവശ്യവുമില്ല, മതത്തിൽത്തന്നെ അതിന്ന് ചില അടിസ്ഥാന പ്രമാണങ്ങളും പാരമ്പര്യങ്ങളുമുണ്ട്, അതേ സ്വീകരിച്ചുകൂട്ടൂ എന്നാണല്ലോ ഇമാമുൽ ഹറമൈനി വാദമുന്നയിച്ചത്. അതിന്ന് അത്രതന്നെ പ്ര-



ബലരായ ഇബ്നുഹജറുൽ ഹൈത്തമി മുതൽ പല പണ്ഡിതന്മാരും കാര്യ കാരണ സഹിതം മറുപടി നൽകി. എതിർ വാദം നിലനിൽക്കുകയില്ലെന്ന് അവർ ഉറപ്പിച്ചു പറഞ്ഞു. പക്ഷെ അവിടംകൊണ്ട് അവസാനിപ്പിച്ചില്ല. പ്രധാന മതപണ്ഡിതന്മാരിൽ പലരും ഗോള ശാസ്ത്ര സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് തന്നെ മാസപ്പിറവി നിർണ്ണയിക്കുവാൻ അവരുടെ പ്രധാന മതഗ്രന്ഥങ്ങളിൽ മുസ്ലിംങ്ങളെ പഠിപ്പിക്കുകകൂടി ചെയ്തു. അതിൽ ചിലത് ഇവിടെ ഉദ്ധരിക്കാം. ചില നാടുകളിൽ ഉദയം കാണുക, അതേയവസരത്തിൽ മററു ചില നാടുകളിൽ ഉദയം ദൃശ്യമാവാതിരിക്കുക. ഇതിന്ന് ശാസ്ത്രീയ വിശദീകരണം നൽകിക്കൊണ്ട് അവർ ഇതാ എഴുതുന്നു:

فمتى تساوى طول البلدين لزم من رؤيته فى احدهما رؤيته فى الاخر وان اختلفت عرضهما او كان بينهما مسافة شهور او كان احدهما فى اقصى الجنوب والاخر فى اقصى الشمال ومتى اختلف طولهما امتنع تساويهما فى الرؤية

"അപ്പോൾ രണ്ടു നാടുകൾ ഒരേ ധ്രുവാംശ രേഖയിൽ വന്നെങ്കിൽ അവയിൽ ഒരു നാട്ടിൽ നവചന്ദ്രൻ ദൃശ്യമായാൽ മറേറ നാട്ടിലും ദൃശ്യമാവുക തന്നെ ചെയ്യും. ആ രണ്ടു നാടുകളുടെ അക്ഷാംശ രേഖകൾ വിഭിന്നങ്ങളോ അല്ലെങ്കിൽ ആ രണ്ടു നാടുകൾക്കിടയിൽ വളരെ മാസത്തെ യാത്രാദൂരമുണ്ടായിരിക്കുകയോ ചെയ്താലും ശരി. അല്ലെങ്കിൽ ആ രണ്ടു നാടുകളിലൊന്ന് തെക്കെ അററത്തും മറേറ നാട് വടക്കെ അററത്തും ആണെങ്കിലും ശരി. മറിച്ച്, രണ്ടു നാടുകൾ വിഭിന്ന ധ്രുവാംശ രേഖയിലാണ് കിടക്കുന്നതെങ്കിൽ ആ രണ്ടു നാടുകളിലും ഒരേയവസരത്തിൽ നവ ചന്ദ്രോദയം കാണുക സാദ്ധ്യമല്ല".

പിന്നീട്, ഇമാം റഷീദിയുടെ മറെറാരു വാക്ക് അതേ ഗ്രന്ഥത്തിൽ ഉദ്ധരിച്ചു കൊണ്ട് മറെറാരു യാഥാർത്ഥ്യം ഇതാ ചൂണ്ടിക്കാണിക്കുന്നു.

ان الزوال انما يختلف باختلاف الاطوال لا باختلاف العروض

فمتى اتفق الاطوال اتفق الزوال. وان اختلفت العروض واذ اختلف الطول اختلف الزوال وان اتحد العرض(موهبة فى الفضل ....على شرح العلامة ابن حجر جزء ٤- ١٦٧- ١٦٦ )

"മദ്ധ്യാഹ്ന നമസ്കാര സമയത്തിന്റെ ആരംഭം വ്യത്യാസപ്പെടുന്നത് നാടുകളുടെ ധ്രുവാംശരേഖകൾ വ്യത്യാസപ്പെടുമ്പോഴാണ്. അക്ഷാംശരേഖയിൽ മാററം വരുമ്പോഴല്ല. അപ്പോൾ ധ്രുവാംശരേഖയിൽ രണ്ടു നാടുകൾ യോജിച്ചു വന്നാൽ മദ്ധ്യാഹ്ന നമസ്കാരത്തിന്റെ ആരംഭസമയത്തിലും യോജിക്കും. അവിടെ അക്ഷാംശരേഖയിൽ രണ്ടു നാടുകൾക്കും വ്യത്യാസമുണ്ടെങ്കിലും ശരി. ധ്രുവാംശരേഖയിൽ വ്യത്യാസം വന്നാലോ, മദ്ധ്യാഹ്ന നമസ്കാര സമയാരംഭത്തിലും വ്യത്യാസം വരും. ആ നാടുകൾ ഒരേ അക്ഷാംശരേഖയിലാണ് നിലകൊള്ളുന്നതെങ്കിലും".

ശാസ്ത്രീയ സിദ്ധാന്തങ്ങൾ എടുത്തു കാട്ടിക്കൊണ്ടു പ്രധാന മതാചാര്യന്മാർ മതവിധി എഴുതിയതു് ഇപ്പോൾ നാം കണ്ടു കഴിഞ്ഞു. ഇനി അത് എതിർക്കാൻ മാർഗ്ഗമില്ലെന്ന് വ്യക്തമായി.

## സലഫുസ്സാലിഹുകളിലും ഇതേ ശാസ്ത്രീയ ചിന്താഗതിക്കാരുണ്ടായിരുന്നു.

ഗോള ശാസ്ത്ര സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് നോമ്പ്—പെരുന്നാൾ ദിനങ്ങൾ നിർണ്ണയിക്കണമെന്നതു് ഇന്നത്തെ ചില പണ്ഡിതന്മാരുടെ വാദമാണെന്ന്, മുസ്ലീംബഹുജനങ്ങളെ ചിലർ തെററിദ്ധരിപ്പിക്കാൻ ശ്രമിച്ചു വരുന്നു. അത് തികച്ചും തെററാണ്. മുസ്ലിം സമുദായത്തിൽ തലയുയർത്തിനിന്ന മഹാശാസ്ത്രജ്ഞന്മാരിൽ രണ്ടാമനും, സ്പെയിനിലെ പ്രധാന ഖാസിയുമായിരുന്ന ഇമാം ഇബ്നു റുഷ്ദ്, തന്റെ 'ബിദായാത്തുൽ മുജ്തഹിദിൽ' (വാല്യം 1, പേജ് 275) അതാ രേഖപ്പെടുത്തിയിരിക്കുന്നു:



وروى عن بعض السلف انه اذا اغمى الهلال رجع الى الحساب بمسير القمر والشمس وهو مذهب مطرف بن الشخير وهو من كبار التابعين

"നവചന്ദ്രോദയം ദർശിക്കാൻ കഴിയാതെ വന്നാൽ, സൂര്യന്റെയും ചന്ദ്രന്റെയും ഗതികൾ വീക്ഷിച്ച് കണക്ക് സ്വീകരിക്കുന്നതിലേക്കു തിരിയണം. താബിഉകളിലെ ഒരു മഹാപണ്ഡിതനായിരുന്ന മുത്റഫിന്റെ പക്ഷം അതാണ്" ഇപ്പോൾ ഇതൊരു നൂതനവാദമല്ലെന്ന് ഗ്രഹിച്ചല്ലോ.

മതപണ്ഡിതന്മാർ സയൻസ് പഠിക്കാൻ തുടങ്ങിയപ്പോൾ അവരിൽ പല ആശയക്കുഴപ്പങ്ങളും ഉടലെടുത്തു. പല ചിന്താഗതിക്കാരും കണ്ണു തുറന്നു. അവർ സാധാരണ പണ്ഡിതന്മാരായിരുന്നില്ല. ഇമാം ഇബ്നു ദഖീഖുൽഈദ്, ഇസ്ലാമിലെ അതി പ്രഗൽഭനായൊരു പണ്ഡിതനാണ്. നാല് ഇമാമുകൾക്ക് ശേഷം അഞ്ചാംസ്ഥാനമാണ് അദ്ദേഹത്തിന്ന് മത പണ്ഡിതന്മാർ കല്പിച്ചിരിക്കുന്നത്. ഗോള ശാസ്ത്രസിദ്ധാന്തമനുസരിച്ച്, മനുഷ്യർക്ക് കാണാൻ സാദ്ധ്യമാകുന്ന വിധത്തിൽ, ചന്ദ്രൻ യഥാർത്ഥത്തിൽ ആകാശത്തു് ഉദിച്ചു കഴിഞ്ഞിട്ടുണ്ടെന്ന് മനുഷ്യർക്ക് ബോദ്ധ്യമായി. പക്ഷെ മേഘം പോലുള്ള തടസ്സം കാരണം കണ്ണ് കൊണ്ട് കാണാൻ കഴിഞ്ഞില്ല. എങ്കിൽ മുസ്ലിംകൾക്ക് നോമ്പ് നോൽക്കുന്നത് നിർബ്ബന്ധമാണെന്നാണ് അദ്ദേഹത്തിന്റെ ഫത്വ. കാരണം, ചന്ദ്രൻ യഥാർത്ഥത്തിൽ ഉദിച്ചു കഴിഞ്ഞിട്ടുണ്ടല്ലൊ. ഇതാണ് അദ്ദേഹം പറയുന്നത്. ഇബ്നുഹജറിന്റെ 'തൽഖീസുൽ ഹബീറി'ലാണ് ഇത് രേഖപ്പെടുത്തിയിരിക്കുന്നത്

ജ്യോതിശ്ശാസ്ത്ര വിദഗ്ധന്മാർക്ക് അവരുടെ കണക്കുകൾ അടിസ്ഥാനമാക്കിക്കൊണ്ട് നോമ്പും പെരുന്നാളും നിർണ്ണയിക്കാമെന്ന പക്ഷക്കാരാണ് ഇമാം കഫാൽ, അബുത്തയ്യിബ് എന്നീ പണ്ഡിതന്മാരെന്ന് ഫത്ഹുൽബാരിയിൽ (വാല്യം 5പേജ് 23) ഇബ്നുഹജർ രേഖപ്പെടുത്തിയിട്ടുണ്ട്. ഖാളീത്വബരിയും ഇതേ അഭിപ്രായക്കാരനാണെന്ന് ഇമാം റാഫിഈ 'ശറഹുൽ കബീറിൽ' രേഖപ്പെടുത്തിയിട്ടുണ്ട്. സലഫുസ്സാലിഹി

കളിൽപ്പെട്ട മുത്തറഫ്ബ്‌ന് അബ്ബുല്ല, ഹദീസ് പണ്ഡിതൻ ഇബ്‌നഖുത്തൈബ ഇബ്‌നസുറൈജ് മുതലായി പലരും ഇതേ അഭിപ്രായക്കാരാണെന്ന് ശറഹുൽ മുഹദ്ദബ് വാല്യം 16 പേജ് 270ൽ ഇമാംനവവിയും രേഖപ്പെടുത്തിയിട്ടുണ്ട്. ഇതെല്ലാം മുസ്‌ലിം സമുദായം ഗ്രഹിച്ചിരിക്കേണ്ടതാണ്. അവസാനം, ആ പണ്ഡിത വിഭാഗങ്ങളുടെ തീരുമാനങ്ങൾ സംക്ഷിപ്തമായി എടുത്തു കാട്ടിക്കൊണ്ട് ഇമാം നവവി ശറഹുൽ മുഹദ്ദബ് വാല്യം 66, പേജ് 280ൽ പറയുന്നു:

فحصل في المسئلة خمسة أوجه أصحها لا يلزم الحاسب ولا المنجم ولا غيرهما بذلك لكن يجوز لهما دون غيرهما ولا يجزئهما عن فرضهما والثاني يجوز لهما ويجزئهما والثالث يجوز للحاسب ولا يجوز للمنجم والرابع يجوز لهما ويجوز لغيرهما تقليدهما والخامس يجوز لهما ولغيرهما تقليد الحاسب دون المنجم

"അപ്പോൾ ഈ വിഷയത്തിൽ അഞ്ചു അഭിപ്രായങ്ങൾ ഉടലെടുത്തു: 1. ഗണിത ശാസ്ത്രജ്ഞനും ജ്യോതി ശാസ്ത്രജ്ഞനും മറ്റുള്ളവർക്കും അവരുടെ ശാസ്ത്രത്തെ അടിസ്ഥാന മാക്കിക്കൊണ്ട് നോമ്പ് നോൽക്കണമെന്ന് നിർബ്ബന്ധമില്ല. പക്ഷെ ആ രണ്ട് ശാസ്ത്രജ്ഞൻമാർക്കും അങ്ങിനെ നോമ്പ് നോൽക്കുന്നതിന് വിരോധമില്ല. അവരല്ലാത്തവർക്ക് പാടുമില്ല. ആ രണ്ട് ശാസ്ത്രജ്ഞൻമാർക്ക് തന്നെ അവരുടെ ഫർള് നോമ്പ് അങ്ങിനെ നോററാൽ മതിയാവുകയില്ല. ഇതാണ് കൂടുതൽ ബലപ്പെട്ട അഭിപ്രായം.

2. ഗണിത ശാസ്ത്രജ്ഞനും ജ്യോതി ശാസ്ത്രജ്ഞനും അവരുടെ ശാസ്ത്രീയ സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ നോമ്പ്നോൽക്കാം, അവർക്കതു് മതിയാകും. 3. ഗണിതശാസ്ത്രജ്ഞന് തന്റെ ശാസ്ത്രീയ നിഗമനങ്ങൾക്കനുസരിച്ച് നോമ്പ് നോൽക്കാം, ജ്യോതി ശാസ്ത്രജ്ഞന് പാടില്ല. 4. ജ്യോതി ശാസ്ത്രജ്ഞനും ഗണിത ശാസ്ത്രജ്ഞനും അവരുടെ ശാസ്ത്രീയ സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് നോമ്പ് നോൽക്കാം. അവരുടെ അഭിപ്രായം സ്വീകരിച്ച് കൊണ്ട് മററുള്ളവർക്കും നോമ്പ് നോൽക്കാം. 5. ഗണിത ശാസ്ത്രജ്ഞനും ജ്യോതിശ്ശാസ്ത്രജ്ഞനും അവരുടെ ശാസ്ത്രീയ സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് നോമ്പ് നോൽക്കാം. മററുള്ളവരെ സംബന്ധിച്ചിടത്തോളം അവർ രണ്ട് പേർക്കും തമ്മിൽ വിത്യാസമുണ്ട്. ഗണിത ശാസ്ത്രജ്ഞന്റെ വാക്ക് അടിസ്ഥാനമാക്കിക്കൊണ്ട് മററുള്ളവർക്ക് നോമ്പ് നോൽക്കാം. പക്ഷെ ജ്യോതിശ്ശാസ്ത്രജ്ഞന്റെ സിദ്ധാന്തം ആധാരമാക്കിക്കൊണ്ട് മററുള്ളവർക്ക് നോമ്പ് നോൽക്കാൻ പാടില്ല". ഇങ്ങനെ അഞ്ച് വിഭാഗം പ്രധാന പണ്ഡിതന്മാർ ശാഫിഈ മദ്ഹബിൽ തന്നെയുണ്ടെന്ന് ഇമാം നവവി തന്നെ അതാ രേഖപ്പെടുത്തിയിരിക്കുന്നു. എന്നിട്ടാണ് ഗോളശാസ്ത്ര സിദ്ധാന്തമനുസരിച്ച ചന്ദ്രോദയം തീരുമാനിക്കാൻ ഇസ്‌ലാം അനുവദിച്ചിട്ടില്ലെന്ന് നമ്മുടെ പണ്ഡിതന്മാർ ബഹളം കൂട്ടുന്നതു്.



## ഗോളശാസ്ത്രം പഠിക്കാത്ത പണ്ഡിതൻമാർക്ക് പററിയ അമളി!

ഫിഖ്ഹ് കിതാബുകളിൽ ഒരഭിപ്രായം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു:

وقيل متى رؤي ببلد لزم صوم جميع أهل الأرض لأنها مسطحة مبسوطة فعدم الرؤية في البعيد لعارض لا لعدم الهلال

"ഒരു നാട്ടിൽ നവചന്ദ്രൻ ദൃശ്യമായാൽ ഭൂനിവാസികൾക്ക് മുഴുവനും തന്നെ നോമ്പ് നിർബ്ബന്ധമായി കഴിഞ്ഞു. കാരണം ഭൂമി നീണ്ട് പരന്ന് കിടക്കുന്ന ഒന്നാണ്. അപ്പോൾ അകലേയുള്ള ഏതെങ്കിലും ഒരു നാട്ടിൽ നവചന്ദ്രൻ ദൃശ്യമായില്ലെങ്കിൽ അതിന് ഒരു പ്രത്യേക കാരണമുണ്ടായിരിക്കും. അല്ലാതെ നവചന്ദ്രൻ ഉദിക്കാത്തതു് കൊണ്ടായിരിക്കുകയില്ല. (മൗഹിബത്ത് ദിൽഫള്ൽ വാല്യം 4 പേജ് 164)

ഭൂമി പത്തിരി പോലെ പരന്നു കിടക്കുന്ന ഒന്നാണെന്നാണ് ഇദ്ദേഹം ധരിച്ചിരിക്കുന്നത്. അതുകൊണ്ടാണ് നവച

ന്ദ്രൻ ഉദിച്ചാൽ ഭൂലോകത്താകമാനം ദൃശ്യമാകണമെന്നും അതിന് വല്ല തടസ്സവുമുണ്ടെങ്കിൽ, വല്ല കുണ്ടോ, കുന്നോ, കാടോ മറ്റോ ഉള്ളത് കൊണ്ടായിരിക്കുമെന്ന് ഇദ്ദേഹം അഭിപ്രായപ്പെടുന്നു. ഇത്തരക്കാരും നമ്മുടെ മതപണ്ഡിതന്മാരിലുണ്ടെന്ന് കാണിക്കാനാണ് ഈ അഭിപ്രായം ഉദ്ധരിച്ചത്. അന്ന് മാത്രമല്ല ഈ ഇരുപതാം നൂറ്റാണ്ടിൽ തന്നെയും അറബിരാജ്യങ്ങളിൽ ഈ വാദക്കാരായ പണ്ഡിതന്മാരുണ്ടെന്ന് പലർക്കും അറിയാം. അതുകൊണ്ട് കിതാബിൽ കണ്ടത് മുഴുവനും അപ്പടി വിഴുങ്ങിക്കളയരുത്.

## നവചന്ദ്രോദയം ബോധ്യമായികഴിഞ്ഞാൽ മതി. മാർഗമല്ല; ലക്ഷ്യമാണ് നോക്കേണ്ടത്

—വിവിധ പണ്ഡിതന്മാർ

ഇബ്നു ഹജർ ഹൈത്തമി തുഹ്ഫ. വാല്യം 3, പേജ് 373ൽ പറയുന്നു: നിഷേധിക്കാൻ കഴിയാത്തവിധം അത്രയും കൂടുതൽ ആളുകൾ നവചന്ദ്രനെ കണ്ടതായി വാർത്ത ലഭിച്ചു, ആ കണ്ട കൂട്ടർ അമുസ്‌ലിംകൾ തന്നെയാണെങ്കിലും ശരി, അത് അടിസ്ഥാനമാക്കിക്കൊണ്ട് നോമ്പ് നോൽക്കാം. ഇപ്രകാരം തന്നെ നവ ചന്ദ്രൻ ഉദിച്ചതായി ബുദ്ധിക്ക് ബോധ്യമായി, ഉദാഹരണം: പള്ളിയുടെ മിനാരത്തിന്മേൽ അസാധാരണമായ നിലക്ക് പാന്തൂസ് (വിളക്ക്) കത്തിച്ചു പ്രദർശിപ്പിച്ചത് നാട്ടുകാർ നോക്കി കണ്ടു എങ്കിലും നോമ്പ് നോൽക്കാം. ഒരു വിഭാഗക്കാർ ഇതിലെല്ലാം ഭിന്നിപ്പ് പ്രകടിപ്പിച്ചു കാണുന്നത് ശരിയല്ല.

“ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ ഫത്‌വ നൽകുന്നു: ലോക മുസ്‌ലിംകൾ കഴിഞ്ഞ കാലങ്ങളിൽ ഹജ്ജ് കർമ്മങ്ങൾ നിർവ്വഹിച്ചു പോന്നത്, മക്കായിലുള്ളവർ മാസപ്പിറവി കണ്ടതിനെ അടിസ്ഥാനമാക്കിക്കൊണ്ടല്ല. പിന്നയോ, ദൂരദേശങ്ങളിൽ നിന്ന് വരുന്ന മുസ്‌ലിംകൾ മാസപ്പിറവി കണ്ട വാർത്ത വിശ്വസിച്ചു കൊണ്ടും അടിസ്ഥാനമാക്കിക്കൊണ്ടുമാണ്.” (ഫതാവ വാല്യം 25 പേജ് 105) അവസാനം ഇബ്നു തൈമിയ ചുരുക്കി പറയുന്നു: “ഇക്കാര്യത്തിലുള്ള അടിസ്ഥാന തത്വം ഇതാണ്: നവചന്ദ്രൻ ഉദിച്ചതായി ജ്ഞാനം ലഭിക്കുക. അത് ലഭിച്ചു കഴിഞ്ഞാൽ അവന് നോമ്പ്



ബാധ്യതയായി. അവിടെ ആ ജ്ഞാനം ലഭിച്ചത് എത്ര ദൂരദേശത്ത് നിന്നാണെന്ന് പരിഗണിക്കേണ്ടതേ ഇല്ല”. (ഫത്താവ വാല്യം 25 പേജ് 107)

അത്താഹ്ഹബ്നു അബീറബാഹിന്റെ ഫത്‌വ ഇതാണ്. “ഒരാൾ നേരിൽ തന്നെ നവചന്ദ്രനെ കണ്ടത് കൊണ്ട് മാത്രം അവൻ ചന്ദ്രനെ യഥാർത്ഥത്തിൽ കണ്ടു എന്ന് ഉറപ്പിക്കാൻ പാടില്ല, ചുരുങ്ങിയത് മറ്റൊരാൾ കൂടി കണ്ടിരിക്കണം. എങ്കിലേ ചന്ദ്രോദയം നേരിൽ കണ്ട ആൾക്ക് തന്നെയും നോമ്പ് നോൽക്കാൻ പാടുള്ളൂ. കാരണം, അയാളുടെ കണ്ണിനോ- കാഴ്ചക്കോ- വല്ല തകരാറും പറ്റിയിട്ടുണ്ടെങ്കിലോ?” ഇത് സങ്കല്പം മാത്രമല്ല, പലപ്പോഴും സംഭവിക്കുക തന്നെ ചെയ്തിട്ടുണ്ട്. നബിയുടെ സഹാബി അനസ് ഒരിക്കൽ ഒരു കൂട്ടം സുഹൃത്തുക്കളോടൊപ്പം നവചന്ദ്രോദയം വീക്ഷിക്കാൻ ഒരുങ്ങി. അദ്ദേഹത്തിന് അന്ന് വയസ്സ് 100ഓളം ഉണ്ടായിരുന്നു. ആ കൂട്ടത്തിൽ മു ആവിയാ പുത്രൻ ഇയാസും ഉണ്ടായിരുന്നു. അങ്ങിനെ വീക്ഷിച്ചു കൊണ്ടിരിക്കുന്നതിനിടക്ക് ഒരിക്കൽ അനസ് പറഞ്ഞു: ‘‘ഇതാ ചന്ദ്രൻ ഞാൻ കണ്ടു.’’ പക്ഷെ, കൂട്ടുകാർ കണ്ടില്ല. ഉടനെ ഇയാസ് എഴുന്നേറ്റ് അനസിന്റെ കണ്ണൊന്ന് തുടച്ചു. എന്നിട്ട് വീണ്ടും നോക്കാൻ പറഞ്ഞു. നോക്കിയപ്പോൾ അനസ് പറഞ്ഞു: ‘ഇപ്പോൾ ഞാൻ ഒന്നും കാണുന്നില്ല’. അനസിന്റെ കണ്ണിൽ ഒരു രോമം കുടുങ്ങിയതായിരുന്നുവെന്ന് കൂട്ടുകാർക്ക് മനസ്സിലായി. (ഇബ്നു ഖല്ലിഖാൻ —ഇയാസിന്റെ ചരിത്രം പേജ് 226 വാല്യം 1)

ഇമാം അബൂഹനീഫയുടെ ഫത്‌വ മറ്റൊന്നാണ്: മേഘം മൂടിയ ഘട്ടമാണെങ്കിൽ നവചന്ദ്രനെ ഒരാൾ കണ്ടതായി സാക്ഷ്യം വഹിച്ചാൽ മതി. ആകാശം തെളിഞ്ഞിരിക്കുന്ന ഘട്ടമാണ്, വലിയ ഒരു പട്ടണവുമാണ് എങ്കിൽ “വലിയൊരു ജനക്കൂട്ടം” മാസപ്പിറവി കണ്ടതായി സാക്ഷ്യം വഹിക്കണം. എങ്കിലെ മറ്റുള്ളവർ നോമ്പ് നോൽക്കാൻ പാടുള്ളൂ.

ചുരുക്കത്തിൽ മാസപ്പിറവി നേരിൽ കാണുക തന്നെ വേണമെന്നല്ല, മാസം പിറന്നത് വിശ്വാസയോഗ്യമായ നിലക്ക് അറിവ് കിട്ടണം, ബോധ്യമാകണം. ഇതാണ് ഇവരുടെയെല്ലാം

നിർദ്ദേശം. ഇമാം അബൂ ഹനീഫയുടെ ഏററവും പ്രധാനശിഷ്യനും ഖലീഫ ഹാറൂൻറഷീദിൻെറ ഉപദേഷ്ടാവുമായിരുന്ന ഖാസീ അബൂയൂസുഫ് പറയുന്നതിതാണ്: ''50 പേർ മാസപ്പിറവി കണ്ടാലും ഞാൻ സ്വീകരിക്കുകയില്ല'' (ഇബ്നു ഹസ്മിൻെറ മുഹല്ല.) ഇമാം അബൂഹനീഫയുടെ വീക്ഷണത്തിലേക്ക് തന്നെയാണ് ശിഷ്യൻ അബൂയൂസഫ് വിരൽചൂണ്ടുന്നതു്. ഇനിയുള്ളതു് അശേഷവും ബലമില്ലാത്ത ഒരു പിടിവള്ളിയാണ്. അതുകൂടി അറിഞ്ഞിട്ടില്ലെങ്കിൽ അതിന്മേൽ പിടിച്ചു തൂങ്ങാൻ നോക്കും അതായത്,

## കുറൈബിൻെറ കഥ

നമ്മുടെ ജനത വല്ലിയ മതഭക്തന്മാരാണ്, മതത്തിൻെറ പേരിൽ ആരെന്ത് പറഞ്ഞാലും അവർ വിശ്വസിക്കും. അവിടെ കാര്യ കാരണമോ യുക്തി വിചാരമോ_ ഒന്നും ഉണ്ടാവുകയില്ല. അത് നന്നായി മനസ്സിലാക്കാൻ പററിയ ഒരു ഉദാഹരണം തന്നെ പറയാം:

ഫാത്തിഹയോ. ഖുർആനിലെ മറേറതെങ്കിലും ഭാഗങ്ങളോ ഓതി, മരിച്ചു പോയ ഒരാൾക്ക് ഹദ്‌യ (ദാനം) ചെയ്താൽ അത് അയാൾക്ക് കിട്ടുമോ? കിട്ടുമെന്ന് ഖുർആനോ ഹദീസോ കല്പിച്ചിട്ടില്ല. കല്പിച്ചതിന് യാതൊരു തെളിവുമില്ല. മാത്രമല്ല അത് കിട്ടുകയില്ലെന്നു് ഖുർആൻ വ്യാഖ്യാതാക്കൾ, ചില ഖുർആൻ വാക്യങ്ങൾ ചൂണ്ടി കാട്ടികൊണ്ട് ഉണർത്തുക കൂടിചെയ്തിട്ടുണ്ട്. ഉദാഹരണം പ്രസിദ്ധ തഫ്സീർ റൂഹുൽ മആനി ഖുർആൻ 18_110ൻെറ ആശയം വിശദീകരിച്ചുകൊണ്ട് അതിൽ പറയുന്നു:

ഖുർആൻ ഓതുന്നത് ഒരു ഇബാദത്താണ്. ഇബാദത്ത് അല്ലാഹുവിനു് വേണ്ടിയല്ലാതെ മററാർക്കും വേണ്ടി ചെയ്യാൻ പാടില്ല. അപ്പോൾ മരിച്ച ഒരാൾക്കു് നന്മ കിട്ടുവാൻ വേണ്ടി ഒരാൾ ആ ഇബാദത്ത് ചെയ്താൽ-ഖുർആൻ ഓതിയാൽ- അത് ശിർക്കാണ്, ഇബാദത്തിൽ അല്ലാഹുവിന് പങ്കുകാരെ സ്ഥാപിക്കലാണ്. ഇത് ആ തഫ്സീറിൽ ഗൗരവ പൂർവ്വം താക്കീ



ത് ചെയ്തിരിക്കുന്നത് ആർക്കും കാണാം. ഇനി മറെറാരു വശം: കേരള മുസ്‌ലിംകൾ ശാഫിഈ മദ്ഹബുകാരാണല്ലൊ. ഈ മദ്ഹബിൻെറ സ്ഥാപകൻ ഇമാം ശാഫിഈ ഇത് അനുകൂലിച്ചിട്ടുണ്ടോ? അതുമില്ല. സാക്ഷി ഫത്ഹുൽ മുഈൻ തന്നെ. അതിൽ ഇതാരേഖപ്പെടുത്തിയിരിക്കുന്നു:

اما القراأة فقد قال النووى فى شرح مسلم المشهور من مذهب
الشافعى انه لا يصل ثوابها الى الميت

''ഖുർആൻപാരായണം ചെയ്ത് മരിച്ചവർക്ക് ദാനം ചെയ്യുന്നതിൻെറ കാര്യം പറയുകയാണെങ്കിൽ അതിൻെറ പുണ്യം മരിച്ചാൾക്ക് എത്തിച്ചേരുകയില്ല എന്നാണ് ശാഫിഈ മദ്ഹബിലെ മഷ്ഹൂറായ അഭിപ്രായമെന്ന് ശറഹു മുസ്ലിമിൽ ഇമാം നവവി രേഖപ്പെടുത്തിയിട്ടുണ്ട്'' (ഫത്ഹുൽ മുഈൻ പേജ് 208) അപ്പോൾ അവിടെയും പിടിവള്ളിയില്ല. ഇവിടെ, കേരളത്തിലോ, ഈ സമ്പ്രദായം സർവ്വത്ര നടപ്പുണ്ട് താനും. എങ്കിൽ അതെങ്ങിനെ എവിടെ നിന്നു് ഏതു വഴിക്ക് കടന്നു് കൂടി! പറയാം: 40_50 കൊല്ലം മുമ്പ് പ്രസംഗിക്കാൻ അറിയുന്നവർ മതപണ്ഡിതന്മാരിലുണ്ടായിരുന്നില്ല. ഒരു തരം വഅള് പറയുകയാണ് അവർ ചെയ്തിരുന്നത്. അതിനു് ചില മുറകളും രൂപങ്ങളുമുണ്ടായിരുന്നു. ആദ്യം ഒരു ഖുർആൻ വാക്യം ഓതും. പിന്നീട് ഒരു ഹദീസ്. അനന്തരം ബന്ധപ്പെട്ട ഒരു ബൈയ്ത്ത് (പദ്യം) അവസാനം ഒരു കഥ ഇതെല്ലാം കൂടി ചേർന്നതായിരിക്കും വഅളുകൾ. ഇത് ഇങ്ങിനെ സംഘടിപ്പിക്കാനും അല്പം കഴിവ് വേണമല്ലോ. അത് മനസ്സിലാക്കിയപ്പോൾ കുറെ വഅള് പരമ്പരകൾ എഴുതി ശേഖരിച്ച ചില ഗ്രന്ഥങ്ങൾ ചില പണ്ഡിതന്മാർ തയ്യാർ ചെയ്തു പ്രസിദ്ധീകരിച്ചു. ഉദാഹരണം 'തുഹ്ഫത്തുൽ വാഇളീൻ'.

അങ്ങനെ ആ ഇനത്തിൽ പല ഗ്രന്ഥങ്ങളും ഇറങ്ങി. കഥകളുടെ കൗതുകം നോക്കിയിട്ടാണ് ഈ ഗ്രന്ഥങ്ങൾക്ക് മേന്മ കല്പിച്ചിരുന്നത്. ഞങ്ങളൊക്കെ ഈ വഅളുകൾ എത്രയോ കാലം കേട്ടവരാണ്.

ഇരിക്കട്ടെ. ഒരിക്കൽ ഇറങ്ങിയ ഒരു കിതാബിൽ ഒരു കഥയുണ്ടായിരുന്നു. ഒരാൾ കണ്ട സ്വപ്നമായിരുന്നു അത്. ഒരാൾ ഒരിക്കൽ, മരിച്ചു പോയവരെ സ്വപ്നം കണ്ടു. അവരെല്ലാവരും എന്തൊക്കെയോ തിന്നും കുടിച്ചും ഉല്ലസിച്ചു നടക്കുകയാണ്. ഒരു മനുഷ്യൻ മാത്രം ഒരു മൂലയിൽ ഒന്നും കഴിക്കാതെ തല താഴ്ത്തി ദുഖിതനായിരിക്കുന്നുണ്ട്. ഈ സ്വപ്നം കണ്ടവന്റെ പിതാവ് തന്നെയായിരുന്നു അത്. "ബാപ്പാ! എന്ത്കൊണ്ടാണ് താങ്കൾ മാത്രം ഒന്നും കഴിക്കാതെ ഇങ്ങിനെ ദുഖിതനായിരിക്കുന്നത്?" എന്ന് മകൻ ചോദിച്ചു. പിതാവ് പറഞ്ഞു; "അവർ എല്ലാവർക്കും അവരുടെ കുടുംബങ്ങൾ ഫാത്തിഹയും ഖുർആനും ഓതി അയച്ചു കൊടുക്കുന്നുണ്ട്, എനിക്ക് ആരും അയച്ചു തരുന്നില്ല, അത് കൊണ്ട് എനിക്ക് പട്ടിണി കിടക്കേണ്ടി വന്നിരിക്കയാണ്".

ഇത് കേട്ട് മകനുണ്ടായ ദുഖം പറയേണ്ടതില്ലല്ലോ. പിറ്റെ ദിവസം മുതൽക്കു തന്നെ അവൻ ഫാത്തിഹയും മറ്റും ഓതി ബാപ്പക്ക് അയച്ചു കൊടുക്കാൻ തുടങ്ങി. ഈ കഥ ഉൾക്കൊള്ളുന്ന ഗ്രന്ഥം പൊന്നാനിയിൽ നിന്നാണ് എന്റെ ഓർമ്മയിൽ പുറത്തിറങ്ങിയത്. ഇത് പുറത്തിറങ്ങിയതോടു കൂടി എല്ലാ പള്ളികളിലും നടന്നു പണ്ഡിതന്മാർ വഅള് പറഞ്ഞ് മരിച്ചു പോയവരുടെ ദുരവസ്ഥ ജനങ്ങളെ ഉൽബോധിപ്പിക്കാൻ ബദ്ധപ്പെട്ടു കൊണ്ടിരുന്നു. ഫലവുമുണ്ടായി: പണക്കാർക്ക്, അവരുടെ പിതാവ് പട്ടിണി കിടക്കുന്നത് അസഹ്യമായിരിക്കുമല്ലോ. അവരിൽ പലരും അവരുടെ പിതാക്കൾക്കു വേണ്ടി ഖുർആൻ ഓതി ദാനം ചെയ്യാൻ ധാരാളം സ്വത്തുക്കൾ വഖഫ് ചെയ്തു. കൂടുതൽ കഴിവുള്ളവർ 'യാമം മുറിയാതെ' ഓതി ദാനം ചെയ്തു കൊണ്ടിരിക്കാൻ വേണ്ടത്ര സ്വത്ത് വഖഫ് ചെയ്തത് എനിക്ക് നേരിൽ തന്നെ അറിയാം. മരിച്ചവർക്ക് വേണ്ടി ഖുർആൻ ഓതാൻ ഇത്രയും അധികം സ്വത്തുക്കൾ—കോടി കണക്കിന് സ്വത്തുക്കൾ—കേരളത്തിൽ ഉണ്ടായിത്തീരാൻ കാരണം അതാണ്. അക്കഥ അങ്ങിനെ.

അവസാനം കർഷക കുടിയായ്മ നിയമം നടപ്പിൽ വരുത്തിയപ്പോൾ ആ സ്വത്തുക്കൾ മിക്കതും കുടിയാൻമാരുടെ സ്വത്തുക്കളാക്കി ഗവർമെണ്ട് വിട്ടു കൊടുത്തു. പ്രതിഷേധിക്കാനോ എതിർക്കാനോ ആരും ഒരു കുട്ടിയും മുമ്പോട്ടു വന്നില്ല. ഭാവി ത



ലമുറ അതറിഞ്ഞിരിക്കട്ടെ എന്നോർത്തു ഇവിടെ അതെടുത്തു പറയുക മാത്രമാണ്.

ഇതേ പ്രകാരം തന്നെ നമുക്കൊരു കുറൈബിന്റെ കഥയുമുണ്ട്. ആ കഥ ഇതിലേറെ വിനകൾ ഉണ്ടാക്കിത്തീർത്തു.

മുമ്പ് ഒരടിമയായിരുന്ന കുറൈബ്, ഇബ്നു അബ്ബാസിന്റെ വീട്ടിൽവേല ചെയ്തിരുന്നു. ആ വീട്ടിലെ സ്ത്രീകൾ എന്തോ ഒരാവശ്യാർത്ഥം ഖുറൈബിനെ സിറിയായിലേക്ക് അയച്ചു. കുറെ നാൾ കഴിഞ്ഞു തിരിച്ചു വന്നു ഇബ്നു അബ്ബാസിന്റെ മുമ്പിൽ ചെന്നപ്പോൾ സിറിയായിൽ ഇന്ന ദിവസമാണ് നോമ്പ് ആരംഭിച്ചത്, അതുകൊണ്ട്, നാമും അപ്രകാരം ചെയ്യേണ്ടതല്ലേ എന്ന് ചോദിച്ചു.

ഇബ്നു അബ്ബാസ് ഒന്നും മിണ്ടിയില്ല. കുറൈബ് മുട്ടിച്ചു ചോദിച്ചപ്പോൾ ഇബ്നു അബ്ബാസ് പറഞ്ഞു: "ഞങ്ങൾ അത് സ്വീകരിക്കുന്നില്ല. അങ്ങിനെയാണ് നബി ഞങ്ങളോട് കല്പിച്ചിരിക്കുന്നത്" ഈ റിപ്പോർട്ട് കണ്ടപ്പോൾ, 84 കി. മീറ്റർ ദൂരം കണക്കാക്കിയ 'മത്‌ലഅ്' വാദികൾ ഇതിന്മേൽ പിടിച്ചു തൂങ്ങി. സിറിയ മദീനായിൽനിന്ന് 84 കി. മീറ്ററിൽ കൂടുതൽ അകന്നു കിടക്കുന്ന നാടാണ്. അപ്പോൾ 'മത്‌ലഅ്' മാറിയതു കൊണ്ടാണ് ഇബ്നു അബ്ബാസ് അതു സ്വീകരിക്കാതിരുന്നതു എന്നായി അവരുടെ വാദം. അങ്ങിനെ ഫുഖഹാക്കന്മാരിൽ ഒരു വിഭാഗക്കാർ ആ റിപ്പോർട്ട് ആധാരമാക്കിക്കൊണ്ടു നിയമ നിർമാണം ആരംഭിച്ചു. പല പ്രഗൽഭ മതാചാര്യന്മാരും വിവിധ കാരണങ്ങൾ ചൂണ്ടിക്കാട്ടി ആ വാദത്തെ എതിർക്കുകയും ചെയ്തു. ആ റിപ്പോർട്ട് തന്നെ സ്വീകാര്യമല്ലെന്ന്. ഒരു വിഭാഗം പണ്ഡിതന്മാർ വിധി കല്പിച്ചതു ഇമാം ഇബ്നു ഹജർ 'തുഹ്ഫയിൽ' എടുത്തു കാട്ടി. (വാ: 3; പേ. 383) പ്രസിദ്ധ പണ്ഡിതൻ ഇബ്നു ഖുദാമ: 'മുഗ്നി' യിൽ പറഞ്ഞു: "ഒരു കുറൈബ് മാത്രം പറഞ്ഞതു ഞങ്ങൾ സ്വീകരിക്കുകയില്ല" (വാ:3; പേ: 81) ഇമാം ഇബ്നു ദഖീഖുൽ ഈദ് വളരെ ഉയന്ന സ്ഥാനത്തു നിലകൊള്ളുന്ന ഒരു മഹാ ആചാര്യനാണ്. നാല് മദ്ഹബുകളുടെ സ്ഥാപക നേതാക്കളെപ്പോലെയുള്ള സ്ഥാനം അദ്ദേഹത്തിന് മുസ്ലിം മത പണ്ഡിതന്മാർ അംഗീകരിച്ചു കൊടുത്തിരിക്കുന്നു. അദ്ദേഹം പറയു

ന്നു: "ഇങ്ങനെയാണ് നബി ഞങ്ങളോട് കല്പിച്ചിരിക്കുന്നത്" എന്ന ഇബ്നു അബ്ബാസ് പറഞ്ഞത് അദ്ദേഹത്തിന്റെ സ്വന്തം വ്യാഖ്യാനം മാത്രമാണ്. അല്ലാതെ ഒരു പ്രത്യേക ഹദീസിനെ ചൂണ്ടിക്കാട്ടിയതല്ല" അതായത് ഇബ്നു അബ്ബാസിന്റെ ആ വാക്ക് ഒരു ഹദീസായി പരിഗണിക്കാൻ പാടില്ല എന്നർത്ഥം. അവസാനം ഫുഖഹാക്കന്മാരിൽ ചിലർ പിടിച്ചു തൂങ്ങിയിരുന്ന ഈ വള്ളി ഹദീസ് പണ്ഡിതന്മാർ ഒരൊററ വെട്ടിനു അറുത്തിട്ടു കളഞ്ഞു. ഇബ്നു അബ്ബാസിന്റെ ഈ വാക്ക് ഒരു ഹദീസായി ഗണിക്കാൻ പാടില്ല എന്ന് അവർ തീർത്തുപറഞ്ഞു. അവർ എടുത്തു കാട്ടിയ പ്രമാണം ഇതാണ്:

وأذا قال الصحابى السنة كذا وأمرنا بكذا فليس هذا اسنادا ولا يقطع على أنه عن النبى ( الاحكام فى اصول الاحكام لابن حزم جزء - ١ . ص ١٩٤ )

ഇന്നതാണ് സുന്നത്ത് അല്ലെങ്കിൽ ഞങ്ങൾക്കു ലഭിച്ച കല്പന ഇന്നതാണ് എന്ന് ഒരു സഹാബി പറഞ്ഞാൽ അത് ഒരു ഹദീസായി അംഗീകരിക്കാൻ വയ്യ എന്നർത്ഥം.

ഇപ്പോൾ കുറൈബിന്റെ കഥ പൊളിഞ്ഞു. അതു വെറും ഒരു കഥയായി അവശേഷിച്ചു. അത് അടിസ്ഥാനമാക്കിക്കൊണ്ടു വിധി കല്പിക്കാൻ പാടില്ലെന്നും അതൊരു ഹദീസല്ലെന്നും തീരുമാനിക്കപ്പെട്ടു കഴിഞ്ഞു. തന്നിമിത്തം ഇനി അതിനെക്കുറിച്ച് കൂടുതലൊന്നും പറയേണ്ടതില്ല. ഇതുവരെയും നാം 84 കി.മി. ദൈർഘ്യം കണക്കാക്കിയ 'മത്ലഅ്' വാദക്കാർക്ക് മറുപടി പറയുകയായിരുന്നു. ആ വാദം അർത്ഥശൂന്യവും അടിസ്ഥാനരഹിതവുമാണെന്ന് ഇപ്പോൾ വായനക്കാർക്ക് തികച്ചും ബോധ്യമായി കഴിഞ്ഞു. എനി നമുക്കു നോമ്പും പെരുന്നാളും നിർണ്ണയിക്കാൻ ഇസ്ലാം മതം നിശ്ചയിച്ച വ്യവസ്ഥ എന്തെന്നും മതാചാര്യന്മാരുടെ വിധികൾ എന്തെന്നും പരിശോധിക്കാം.

## ഭൂമിയിൽ ഏതെങ്കിലുമൊരിടത്ത് നവചന്ദ്രൻ ദൃശ്യമായി. എങ്കിൽ ലോകത്താകമാനം അത് ബാധകമായി. പൂർവ്വമത നേതാക്കന്മാരുടെ ആഹ്വാനങ്ങൾ:

മുസ്ലിം ബഹുജനങ്ങൾക്ക് മത നിയമങ്ങൾ അറിവില്ല. അതറിവുള്ളത് അവരുടെ ഗുരുക്കന്മാർക്കു മാത്രം. ഗുരു ഉപദേശിക്കുന്നതെന്തോ അതു തന്നെയാണിവരുടെ പ്രമാണം. ഗുരുവോ, തന്റെ താല്പര്യങ്ങൾക്ക് മുൻഗണന നല്കുന്നു. അതിനിടയിൽ ചില നിസ്വാർത്ഥികളും ഉണ്ടായിരിക്കും. അവർ അനങ്ങുകയില്ല. അനങ്ങിയിട്ടു ഫലമെന്ത്? ബഹുജനങ്ങളുടെ, അപ്രീതി സമ്പാദിക്കുകയായിരിക്കുമല്ലോ ഫലം. അങ്ങിനെ അല്ലാഹു അവതരിപ്പിച്ച വേദ സത്യങ്ങൾ എന്നും ബഹുജനങ്ങളിൽ നിന്ന് മറച്ചു വെക്കപ്പെടുന്നു. നമ്മുടെ മുമ്പിലുള്ള വിഷയം അതിനൊരുദാഹരണമാണ്.

ഇസ്ലാമിലെ പ്രമുഖ മത നേതാക്കന്മാർ എക്കാലത്തും നോമ്പും പെരുന്നാളും ഏകീകരിക്കാൻ ആഹ്വാനം നൽകീട്ടുണ്ട്. അതു നമ്മുടെമത ഗ്രന്ഥങ്ങളിൽ തെളിഞ്ഞു കിടക്കുന്നുമുണ്ട്. വല്ലവർക്കും സംശയമുണ്ടെങ്കിൽ പരിശോധിക്കാം. ലോക പ്രസിദ്ധമത ഗ്രന്ഥം ഫിഖ്ഹുസ്സുന്ന വാല്യം ഒന്ന് പേജ് 436ൽ പറയുന്നു:

ذهب الجمهور الى أنه لاعبرة باختلاف المطالع فمتى رأى الهلال أهل بلد وجب الصوم على جميع البلاد لقول الرسول صوموا الرؤيته وأفطروا لرؤيته وهو خطاب عام لجميع الأمة فمن رآه منهم فى أى مكان كان ذلك رؤية لهم جميعا

''മത്‌ലഉകൾക്ക് യാതൊരു പരിഗണനയും കല്പിക്കേണ്ടതില്ലെന്നാണ് ഇസ്‌ലാമിലെ മതപണ്ഡിതന്മാരിൽ ഭൂരിപക്ഷത്തിന്റെയും തീരുമാനം. അപ്പോൾ ഒരുനാട്ടുകാർ ചന്ദ്രപിറവി കണ്ടു കഴിഞ്ഞാൽ എല്ലാ നാട്ടുകാർക്കും നോമ്പു നിർബന്ധമായി. കാരണം മുകളിൽകാണിച്ച ഹദീസിൽ ''ചന്ദ്രപിറവി കാണുമ്പോൾ നോമ്പ് അനുഷ്ഠിക്കുക, അതു് അടുത്ത പ്രാവശ്യം കാണുമ്പോൾ നോമ്പ് അവസാനിപ്പിക്കുക'' എന്നതു് മുസ്‌ലിം സമുദായത്തിന് ആകമാനം നബി നൽകിയ കല്പനയാണ്. അതുകൊണ്ട് ഏതെങ്കിലും ഒരു സ്ഥലത്തു് പുതു ചന്ദ്രനെ വല്ലവരും കണ്ടു കഴിഞ്ഞാൽ ആകാഴ്ച മുസ്‌ലിം സമുദായത്തിന് ആകമാനം ബാധകമാണ്''.

വിശദീകരണം ആവശ്യമില്ല. ശൈഖ് സാബൂനി 'തഫ്സീറു ആയാത്തിൽ അഹ്കാമി'ൽ പറയുന്നു.

ذهب الحنفية والمالكية والحنابلة الى أنه لاعبرة باختلاف المطالع وإذا رأى الهلال أهل بلد وجب الصوم على بقية البـــلاد لقوله (صلعم) صوموا لرؤيته وأفطروا لرؤيته وهو خطاب عام لجميع الأمة فمن رآه منهم فى أى مكان كان ذلك رؤية لهم جميعـا

''ഹനഫികൾ, മാലിക്കികൾ, ഹമ്പലികൾ ഇവരെല്ലാവരുടെയും തീരുമാനം, 'മത്‌ലഇ'ന് പരിഗണന കല്പിക്കേണ്ടതില്ലെന്നാണ്. അപ്പോൾ ഒരു നാട്ടുകാർ നവചന്ദ്രനെ കണ്ടാൽ എല്ലാ നാട്ടുകാർക്കും നോമ്പ് നിർബന്ധമായി. കാരണം ''നവചന്ദ്രനെ കാണുമ്പോൾ നോമ്പ് ആരംഭിക്കുക അടുത്ത തവണ കാണുമ്പോൾ നോമ്പവസാനിപ്പിക്കുക'' എന്ന തിരുമേനിയുടെ കല്പന മുസ്‌ലിംസമുദായത്തോടാകമാനമാണ്. അപ്പോൾ അവരിലാരെങ്കിലും പുതു ചന്ദ്രനെ ദർശിച്ചു കഴിഞ്ഞാൽ - അതു് ഏതു സ്ഥലത്താവട്ടെ - ആ കാഴ്ച മുസ്‌ലിം സമുദായത്തിനാകമാനം ബാധകമാണ്.'' ഇനിയും വേണമോ? പ്രസിദ്ധ ഹദീസു ഗ്രന്ഥം 'നൈലുൽ ഔത്താറ'ിൽ (വാ.4, പേ: 269) പറയുന്നു:



والذى ينبغى اعتماده هو ماذهب إليه المالكية وجماعة من الزيديـــة واختاره المهدى منهم وحكاه القرطبى عن شيوخه أنـه إذا رآه اهل بلد لزم اهل البلاد كـلها

''ഒരു നാട്ടുകാർ നവ ചന്ദ്രനെ കണ്ടാൽ മറ്റെല്ലാ നാട്ടുകാർക്കും നോമ്പു നിർബന്ധമായി. ഇതാണ് സ്വീകാര്യ യോഗ്യമായ തീരുമാനം. മാലിക്കി മദ്ഹബുകാരുടേയും സൈദീമദ്ഹബ് കാരിൽ ഒരു വിഭാഗത്തിന്റേയും തീരുമാനവും ഇതാണ്. അവരിലുള്ള ഇമാം മഹ്ദി ഉത്തമ തീരുമാനമായി. സ്വീകരിച്ചിട്ടുള്ളതും ഇതുതന്നെയാണ്. ഇമാം ഖുർത്തുബി തന്റെ ഗുരുക്കന്മാരെ കുറിച്ചു റിപ്പോർട്ട് ചെയ്ത തീരുമാനവും ഇതുതന്നെയാണ്''. ഇനിയും കാണുക ബഹുമാനപ്പെട്ട ഇമാം നവവി 'ശറഹുൽ മുഹദ്ദബിൽ' (വാല്യം: 6, പേ; 274)പറയുന്നു:

فرع فى مذاهب العلماء فيما اذا رأى الهلال أهل بلد دون غيرهـــم قد ذكرنا تفصيل مذ هبنا ونقل ابن المنذر عن عكرمة والقاسم وسالـــم واسحق بن راهويه أنـه لا يلزم غير اهل بلد الرؤية وعن الليثى والشافعى وأحمد يلزم الجميـع قال ولا أعلمه الاقول المدنى والكوفى يعنى مالكا وأباحنيفـــة

''ഒരു നാട്ടുകാർ പുതുചന്ദ്രനെ കണ്ടു മററുള്ളവർ കണ്ടില്ല; എങ്കിൽ അവിടെ മത പണ്ഡിതന്മാരുടെ അഭിപ്രായമെന്തു്? നമ്മുടെ (ശാഫിഈ) മദ്ഹബിന്റെ വിശദീകരണം നാം നല്കിക്കഴിഞ്ഞു. ഇക്‌രിമ, ഖാസിം, സാലിം, ഇസ്ഹാഖുബ്നു റാഹവൈഹി എന്നിവരുടെ അഭിപ്രായം ഇബ്നുൽ മുൻദിർ ഉദ്ധരിച്ചിട്ടുണ്ട്. അതായതു് നവചന്ദ്രനെ കാണാത്തവർക്ക് നോമ്പ് നിർബന്ധമാകുകയില്ലെന്ന്. പക്ഷെ ഇമാം ലൈസ് ഇമാം ശഫിഈ, ഇമാം അഹമദ്ഇബ്നുഹമ്പൽ എന്നിവരുടെ പക്ഷം ഒരിടത്തു കണ്ടാൽ എല്ലാവർക്കും നോമ്പ് ബാധകമാവുമെന്നാ

ണ്. ഇബ്നുൽ മുൻദിർ പറയുന്നു: ഇമാം മാലിക്കിന്റെയും അബൂഹനീഫയുടേയും അഭിപ്രായവും അതുതന്നെയാണെന്നാണ് എന്റെ അറിവ്''

ഇപ്പോൾ യാഥാർത്ഥ്യം തികച്ചും ബോധ്യമായി. ഇരിക്കട്ടെ. പ്രസിദ്ധ മത പണ്ഡിതൻ ഇബ്നു ഖുദാമ അദ്ദേഹത്തിന്റെ 'മുഗ്നി'യിൽ (വാ: 3; പേ: 81) പറയുന്നു:

وإذا رأى الهلال أهل بلد لزم جميع البلاد الصوم

''ഒരു നാട്ടുകാർ നവചന്ദ്രനെ കണ്ടു കഴിഞ്ഞാൽ എല്ലാ നാട്ടുകാർക്കും നോമ്പ് നിർബന്ധമായി'' കഴിഞ്ഞില്ല, സഊദി രാജാവ് പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചു കൊണ്ട് പുനഃ പ്രസിദ്ധീകരണം ചെയ്ത ഒന്നാണ് 'കിതാബുൽ ഇൻസാഫ്'. അതിൽ (വാ: 3; പേ: 273) പറയുന്നു:

واذا رأى الهلال أهل بلد لزم الناس كلهم الصوم

''ഒരു നാട്ടുകാർ പിറവി ചന്ദ്രനെ ദർശിച്ചു കഴിഞ്ഞാൽ മനുഷ്യർക്കാകമാനം നോമ്പ് നിർബന്ധമായി.''

മതിയോ? പോരാ. നാലു മദ്ഹബുകളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന 'റഹ്മത്തുൽഉമ്മ'യിൽ (പേ: 118)ൽ അതാ രേഖപ്പെടുത്തിയിരിക്കുന്നു.

واتفقوا على أنه اذا رؤى الهلال فى بلد رؤية فاشية فانه يجب الصوم على سائر أهل الدنيا

''ഒരു ദേശക്കാർ പരക്കെ മാസപിറവി കണ്ടു കഴിഞ്ഞാൽ ഭൂനിവാസികൾക്കാകമാനം നോമ്പ് നിർബന്ധമാകും''. ബഹുമാനപ്പെട്ട ഇമാം ശൈബാനിയുടെ 'നൈലുൽ മആരിബ'ിൽ (വാ: 1; പേ: 66) വിധികല്പിക്കുന്നു:

يجب صوم شهر رمضان برؤية هلاله على جميع الناس وحكم من لم يره حكم من رآه ولو إختلفت المطالع

''നവചന്ദ്രനെ ദർശിച്ചു കഴിഞ്ഞാൽ റമസാൻ നോമ്പ് സർവ്വമനുഷ്യർക്കും നിർബന്ധമാകും. അവിടെ നവചന്ദ്രനെ ദർശിച്ചവർക്കുള്ള വിധി തന്നെ ദർശിക്കാത്തവർക്കും ബാധകമാണ്-മത്ലഅ് വ്യത്യാസമുണ്ടെങ്കിലും ശരി'' ശൈഖുൽ ഇസ്ലാം



മൻസൂറ്ബ്നു യൂനുസ് തന്റെ 'റൗളുൽ മരിഅ്' (വാ: 1; പേ: 46) ൽ പറയുന്നു:

وإذا رآه اهل بلد اى متى ثبت رؤيته ببلد لزم الناس كلهم الصوم لقوله عليه السلام صوموا لرؤيته وهو خطاب للامة كافـــة

''ഒരു നാട്ടുകാർ നവചന്ദ്രനെ ദർശിച്ചു കഴിഞ്ഞാൽ അതായത് നവചന്ദ്രനെ ഒരു നാട്ടുകാർ ദർശിച്ചതായി സ്ഥിരപ്പെട്ടു കഴിഞ്ഞാൽ, മനുഷ്യർക്കു മുഴുവനും നോമ്പ് നിർബ്ബന്ധമായി. കാരണം, നവചന്ദ്രനെ കാണുമ്പോൾ നോമ്പു നോററു കൊള്ളുക എന്ന് തിരുമേനി കല്പിച്ചതു (ഒരു നാട്ടിലെ മാത്രം മുസ്ലിമീങ്ങളോടല്ല) സമുദായത്തോടാകമാനമാണ്'' പണ്ഡിത ലോകത്തു പ്രസിദ്ധനായ ഇമാം മാവർദിയുടെ വാക്കുകൾ ഇമാം നവവി 'ശറഹുൽ മുഹദ്ദബിൽ' (വാ: 6 , പേ:274) ഇതാ ഉദ്ധരിക്കുന്നു:

فقال الماوردي إذا رآه فى بلد دون بلد فثلاثة أوجه أحدها يلزم الذين لم يروه لأن فرض رمضان لا يختلف باختلاف البلاد وقد ثبت رمضان

''മാവർദി പറയുന്നു: നവചന്ദ്രനെ ഒരു നാട്ടിൽ കണ്ടു, മറെറാരു നാട്ടിൽ കണ്ടില്ല. എങ്കിൽ അവിടെ മൂന്നഭിപ്രായമുണ്ട്. നവചന്ദ്രനെ ദർശിക്കാത്തവർക്കും നോമ്പ് നിർബ്ബന്ധമാണെന്നാണ് ഒരു പക്ഷം. കാരണം നാടുകൾ വ്യത്യാസപ്പെടുന്നതുകൊണ്ട്, റമളാൻ നോമ്പ് ഫർളാകുന്നതിൽ വ്യത്യാസം വരികയില്ല. റമളാൻ മാസം പിറന്നതായി ഇതാ സ്ഥാപിതമായി കഴിഞ്ഞല്ലോ''. (ആസ്ഥിതിക്കു നവചന്ദ്രനെ കണ്ടില്ല എന്ന കാരണം പറഞ്ഞു മററുള്ളവർ എങ്ങനെ ഒഴിഞ്ഞു മാറും!)

ഫത്ഹുൽ ബാരി വാ: 5പേ: 24ൽ പറയുന്നു.

اذا رؤى ببلدة لزم اهل البلاد كلها وهو المشهور عند المالكية

''ഒരു നാട്ടിൽനവചന്ദ്രനെദർശിച്ചു കഴിഞ്ഞാൽ എല്ലാ നാട്ടുകാർക്കും നോമ്പ് നിർബ്ബന്ധമായിക്കഴിഞ്ഞു. അതാണ് മാലിക്കി മദ്ഹബുകാരുടെ പക്കൽ മഷ്ഹൂറായ അഭിപ്രായം''ഇമാം നവവി വിഷയം സവിസ്തരം പ്രതിപാദിച്ചശേഷം, ശറഹുൽമുഹദ്ദബിൽ, മറെറാരിടത്ത് ചുരുക്കിപ്പറയുന്നു:

فحصل في المسئلة ستة وجوه احدها يلزم جميع اهل الارض برؤيته في موضع منها

"അപ്പോൾ ഈ വിഷയത്തിൽ ആറു അഭിപ്രായങ്ങൾ ഉടലെടുത്തു. അതിലൊന്ന് ഇതാണ്: ഏതെങ്കിലും ഒരു നാട്ടിൽ നവ ചന്ദ്രൻ ദൃശ്യമായിക്കഴിഞ്ഞാൽ ഭൂനിവാസികൾക്കാകമാനം നോമ്പ് നിർബന്ധമാകും'' (ശറഹുൽ മുഹദ്ദബ് വാ: 6 പേജ് 274 ) അല്ലാമ അബ്ബാസ് കറാറ തന്റെ 'الدين والصوم' എന്ന ഗ്രന്ഥത്തിൽ (പേ: 56) പറയുന്നു.''

ومتى ثبت رؤية الهلال بقطر من الاقطار وجب الصوم على سائر الأقطار

''ഏതെങ്കിലും ഒരുമേഖലയിൽ നവ ചന്ദ്രനെ ദർശിച്ചതായി സ്ഥിരപ്പെട്ടുകഴിഞ്ഞാൽ എല്ലാ മേഖലയിലുള്ളവർക്കും നോമ്പു നിർബന്ധമായി.'' ഇമാം ഇബ്നുഹജർ ഫത്ഹുൽ ബാരി (5:24)ൽ പറയുന്നു:

اذا رؤي في بلده لزم اهل البلاد كلها وهو المشهور عند المالكية

"ഒരു നാട്ടിൽ നവ ചന്ദ്രൻ ദൃശ്യമായാൽ എല്ലാ നാട്ടുകാർക്കും നോമ്പ് നിർബന്ധമായി, മാലിക്കീ മദ്ഹബ്കാരുടെ പക്കൽ മശ്ഹൂറായ അഭിപ്രായവും അതു തന്നെയാണ്.'' ഇമാം നവവി ശറഹ് മുസ്ലിം, വാല്യം-1, പേജ് 348-ൽ പറയുന്നു:

وقال بعض اصحابنا تعم الرّوية في موضع جميع اهل الارض

"നമ്മുടെ അസ്ഹാബികളിൽ ചിലർ പറയുന്നത്, ഒരു നാട്ടിൽ നവചന്ദ്രൻ ദൃശ്യമായികഴിഞ്ഞാൽ അതു ഭൂനിവാസികൾക്കു മുഴുവനും ബാധകമാണ് എന്നാണ്. അവസാനമായി നാലു മദ്ഹബുകളുടേയും തീരുമാനങ്ങളെക്കുറിച്ചു സവിസ്തരം പ്രതിപാദിക്കുന്ന الفقه على المذاهب الاربعة (വാ. 1,പേ, 550 )യിൽ രേഖപ്പെടുത്തിയ വാക്കുകൾ ഉദ്ധരിച്ചുകൊണ്ട് ഈ അദ്ധ്യായം അവസാനിപ്പിച്ചു കൊള്ളട്ടെ.

اذا ثبت رؤية الهلال بقطر من الأقطار وجب الصوم على سائر



الاقطار ...... ولا عبرة باختلاف مطالع الهلال مطلقا عند ثلاثة من الأئمة وخالف الشافعية

"നവചന്ദ്രനെ ഏതെങ്കിലുംഒരു മേഖലയിൽ ദർശിച്ചതായി സ്ഥിരപ്പെട്ടു കഴിഞ്ഞാൽ മറ്റെല്ലാ മേഖലക്കാർക്കും നോമ്പ് നിർബന്ധമായി. അവിടെ....(മത്ലഅ്)വ്യത്യാസത്തിന്റെ പ്രശ്നം ഉദിക്കുന്നതേയില്ല. നാലിൽ മൂന്നു ഇമാമുകളുടെ പക്കലും ഇതാണ് മതവിധി. ശാഫിഈ മദ്ഹബുകാർ ഭിന്നിച്ചിരിക്കുന്നുവെന്നു മാത്രം. ഒരുനാട്ടിൽ നവ ചന്ദ്രൻ ഉദിച്ചു കണ്ടാൽ 4ൽ മൂന്നു മദ്ഹബുകാരുടെയും പക്കലും നോമ്പ് നിർബന്ധമായിക്കഴിഞ്ഞുവെന്നർത്ഥം. ഇതു നാം ശ്രദ്ധിക്കേണ്ട ഒരു പ്രധാന തീരുമാനമാണ്.

## നോമ്പും പെരുന്നാളും അനുഷ്ഠിക്കുവാൻ ചന്ദ്രോദയം കാണുക തന്നെ വേണമെന്നു മുസ്ലിം സമുദായത്തോട് നബി കല്പിച്ചിട്ടേയില്ല.

ഇനി നമുക്ക് പരിശോധിക്കുവാനുള്ളത് നബി തിരുമേനിയുടെ ഹദീസാണ്.

انا أمة امية لا نكتب ولا نحسب لاتصوموا حتى تروا الهلال ولا تفطروا حتى تروه فان غم عليكم فاقدروا له

''നാം ഉമ്മീ സമുദായമാണ്. എഴുത്തും കണക്കും നമുക്കറിയില്ല. അതുകൊണ്ട് നവ ചന്ദ്രോദയം കാണും വരേക്കും നിങ്ങൾ നോമ്പ് ആരംഭിക്കരുത്. അടുത്ത നവ ചന്ദ്രോദയം കാണും വരേക്കും നോമ്പവസാനിപ്പിക്കുകയും അരുത്. മേഘങ്ങൾ നിമിത്തമോ മറ്റോ നവ ചന്ദ്രോദയം നിങ്ങൾക്കു കാണാൻ കഴിയാത്ത അവസ്ഥ വന്നാലോ, ചന്ദ്രോദയത്തിനുള്ള വ്യവസ്ഥ പ്രമാണമാക്കി നോമ്പ് നോൽക്കുക. ഇതാണ് നബി തിരുമേനിയുടെ നിർദ്ദേശം. ഇബ്നു ഉമറാണ് ഇത് റിവായത്ത് ചെയ്തിരിക്കുന്നത്. അവസാനത്തെ വാചകത്തിന് ഇംഗ്ലീഷ് പരിഭാഷകർ നല്കിയ പരിഭാഷ calculate its appearance എന്നാണ്. ചന്ദ്രോ

ദർശനത്തിന്റെ വ്യവസ്ഥ പ്രമാണമാക്കി നോമ്പ് നോൽക്കുക എന്നു തന്നെ. ചന്ദ്രൻ ദർശിക്കാൻ കഴിയാതെ വന്നാൽ 30 എണ്ണം പൂർത്തിയാക്കുക എന്ന് ചില രിവായത്തുകളിൽ പറഞ്ഞിട്ടുണ്ട്. അത് ഹദീസ് പണ്ഡിതന്മാരുടെ ഭാഷയിൽ, ഇദ്റാജ് അഥവാ റാവികൾ കൂട്ടിച്ചേർത്തതാണ്. ഒരു വാക്കിന്റെ അർത്ഥമോ മറ്റോ വിവരിക്കേണ്ടതുണ്ടെങ്കിൽ അവരങ്ങനെ ചെയ്യുക പതിവാണ്. ഹദീസ് പണ്ഡിതന്മാരെല്ലാരും അത് സമ്മതിച്ചിട്ടുണ്ട്. അംഗീകരിച്ചിട്ടുമുണ്ട്. ഇതല്ലാതെ മാസം കാണാതിരിക്കുമ്പോൾ 30 പൂർത്തിയാക്കണമെന്ന് പറഞ്ഞാൽ അത് പരമാബദ്ധമാണ്. കാരണം ചില മാസങ്ങൾ 29 തേ ഉണ്ടായിരിക്കുകയുള്ളൂ. അപ്പോൾ ഇവർ കൂട്ടിച്ചേർത്ത ഒരു ദിവസം പിറ്റേ മാസത്തേതായിരിക്കും. ചിന്താർഹമായ ഒരു വിഷയമാണിത്.

ഇവിടെ إنّا അഥവാ 'നാം'എന്നു തിരുമേനി അരുളിയത് ആരെ ഉദ്ദേശിച്ചാണ്. മുസ്ലീം സമുദായത്തെ ആകമാനം ഉദ്ദേശിച്ചാണോ? അല്ല, അറബികളെ മാത്രം ഉദ്ദേശിച്ചുകൊണ്ടാണെന്ന് ഇബ്നു ഹജർ ഫത്ഹുൽബാരിയിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. إنّا എന്ന പദത്തിന്ന് ഇബ്നു ഹജർ കൊടുത്ത അർത്ഥം اى العرب എന്നാണ്. അതായത്'നാം'എന്ന് തിരുമേനി അരുളിയത് അറബികളെ മാത്രം ഉദ്ദേശിച്ചാണ്. ലോക മുസ്ലിംകളെ ഉദ്ദേശിച്ചല്ല എന്നർത്ഥം.

പിന്നീടുള്ളത് امة أمّية എന്നവാക്കാണ്. امّى എന്നപദം രണ്ടർത്ഥങ്ങളിൽ ഉപയോഗിച്ച വരുന്നു: 1. അറബി പൗരൻ 2. അക്ഷരജ്ഞാനമില്ലാത്തവൻ. അറേബ്യയുടെ പരിസരങ്ങളിൽ താമസിച്ചിരുന്ന ഭരണ കൂടങ്ങളും വിവിധ ജന വിഭാഗങ്ങളും വിദ്യാഭ്യാസത്തിൽ അറബികളെ അപേക്ഷിച്ച് എത്രയോ അധികം ഉയർന്ന നിലവാരം വെച്ചു പുലർത്തിവന്നിരുന്നു. തന്നിമിത്തം ആ സമുദായങ്ങളും ഭരണ കൂടങ്ങളുമെല്ലാം അറബികളെ امين (അക്ഷരജ്ഞാനമില്ലാത്തവർ) എന്നു വിളിച്ചു കൊണ്ടുപോന്നു. അവസാനം അതു അറബികൾക്കുള്ള പേരായിത്തീർന്നു. ഖുർആനിൽ ഈ പദം ഈ അർത്ഥത്തിൽ അഥവാ അറബികൾ എന്ന



അർത്ഥത്തിൽ ഉപയോഗിച്ചതിന് തെളിവായി 62:2 ഇബ്നു ഹജർ ഉദ്ധരിച്ചു. ഇതാണത്: هو الذى بعث فى الاميين رسولا منهم يتلو عليهم آياته ويزكيهم ويعلمهم الكتاب والحكمة

''അറബികളിൽ (ഉമ്മിയ്യീൻ) തന്നെയുള്ള ഒരാളെ, ദൈവദൂതനായിക്കൊണ്ട്, അവരുടെ അടുക്കലേക്ക് അയച്ചവനാണ് അല്ലാഹു. ആ ദൂതൻ അല്ലാഹുവിന്റെ സന്ദേശങ്ങൾ അവരെ കേൾപ്പിക്കുകയും അവരിൽ സംസ്കാരം വളർത്തിയെടുക്കുകയും, അവർക്ക് വേദവും തത്വങ്ങളും അഭ്യസിപ്പിക്കുകയുംചെയ്യും''. ഇതെല്ലാം ഫത്ഹുൽ ബാരി വാല്യം5 പേജ് 28ൽ രേഖപ്പെടുത്തിയിരിക്കുന്നതു ആർക്കും കാണാം.

അറബി ഭാഷയിലെ ഏററവും പ്രമാണപ്പെട്ട നിഘണ്ടുവാണ് 'ലിസാനുൽ അറബ്'. 'ഉമ്മിയ്യീൻ' എന്ന വാക്കിന്നു അർത്ഥം കൊടുക്കുന്നു അതിൽ

قيل للعرب الأميون لان الكتابة كانت فيهم عزيزة او عديمة

''അറബികൾക്ക് ഉമ്മിയ്യീൻ എന്നു പേർ വിളിച്ചിരുന്നു. കാരണം അവരിൽ അക്ഷരജ്ഞാനം വളരെ കുറവായിരുന്നു. അല്ലെങ്കിൽ തീരെ കുറവായിരുന്നു''. അവിടം കൊണ്ടവസാനിക്കുന്നില്ല, മുഹമ്മദ് നബിയെ " أمّى എന്നു വിളിക്കാനുള്ള കാരണം എടുത്തു കാട്ടിക്കൊണ്ട് ലിസാനുൽ അറബ് വീണ്ടും പറയുന്നു:

قيل لسيدنا محمد رسول الله صلعم الأمّى لان أمة العرب لم تكن .. تكتب ولا تقرأ المكتوب

''മുഹമ്മദ് നബിയെ أمّى എന്നു വിളിക്കാൻ കാരണം 'ഉമ്മിയ്യീൻ' (അക്ഷരജ്ഞാനമില്ലാത്തവർ) എന്ന പേരിൽ ലോകത്തറിയപ്പെട്ടിരുന്ന അറബികളിൽ ഒരാളായിരുന്നു അദ്ദേഹം. ഈ സാക്ഷ്യപത്രങ്ങൾക്കു പുറമെ, ഹദീസിന്റെ അർത്ഥവും വ്യാഖ്യാനവും നിർണ്ണയിക്കും മുമ്പ്, നബി തിരുമേനിക്ക് എഴുത്തും വായനയും അറിവുണ്ടായിരുന്നോ എന്ന് ചരിത്രത്തിൽ നമുക്കൊന്നു പരിശോധിക്കാം.

# മുഹമ്മദ് നബി എഴുത്തും വായനയും അറിവില്ലാത്ത ആളായിരുന്നില്ല.

മുഹമ്മദ് നബി (സ) മുഖേന അല്ലാഹു അവതരിപ്പിച്ച സന്ദേശങ്ങൾ ദൈവത്തിങ്കൽ നിന്ന് വന്നവയല്ല, പൂർവവേദങ്ങളിൽ നിന്ന് അദ്ദേഹം വായിച്ച് മനസ്സിലാക്കിയവയാണ് എന്ന് എതിർ കക്ഷികൾ ഒരിക്കൽ വാദിച്ചു. അതിനു ഖുർആൻ മറുപടി നല്കി:

وما كنت تتلو من قبله من كتاب ولا تخطه بيمينك اذ الارتاب المبطلون

''ഖുർആനിക സന്ദേശങ്ങൾ ലഭിക്കും മുമ്പ്, നീ ഒരു ഗ്രന്ഥവും വായിച്ചിരുന്നില്ല. നിന്റെ വലം കൈ കൊണ്ട് ഒരു ഗ്രന്ഥം നീ എഴുതിയിരുന്നുമില്ല. അതുണ്ടായിരുന്നെങ്കിൽ അസത്യ വാദികൾക്ക് സംശയം ഉന്നയിക്കാൻ മാർഗ്ഗമുണ്ടാകുമായിരുന്നു.'' (29:48ൽ)

ഇതു് മുസ്ലീംകൾ മനസ്സിരുത്തി വായിച്ചില്ല. ഖുർആനിക സന്ദേശം ലഭിക്കും മുമ്പ് തിരുമേനിക്ക് പുസ്തകങ്ങൾ വായിക്കാനോ എഴുതാനോ അറിവുണ്ടായിരുന്നില്ല എന്നാണ് എതിർ വാദികൾക്ക് ഖുർആൻ നല്കിയ മറുപടി. ഇതു് കണ്ടപ്പോൾ മുഹമ്മദ് നബി തിരുമേനി അക്ഷരജ്ഞാനമില്ലാത്ത ഒരാളായിക്കൊണ്ടാണ് ജീവിച്ചതെന്നു ആളുകൾ ധരിച്ചു. വാസ്തവത്തിലോ, ഖുർആനിക സന്ദേശം ലഭിക്കും മുമ്പ് നബിക്ക് അക്ഷരജ്ഞാനമുണ്ടായിരുന്നില്ല എന്നു മാത്രമേ ഖുർആൻ അരുളീട്ടുള്ളു. അതിനു ശേഷമുള്ള കാലത്തു എഴുത്തു പഠിച്ചിട്ടില്ലെന്നു ഖുർആൻ പറഞ്ഞിട്ടില്ല. ശ്രദ്ധേയമായൊരു രംഗമാണിതു്. ഒന്നു ചിന്തിച്ചു നോക്കുക: ഖുർആൻ 2:44-ൽ കല്പിക്കുന്നതു് എത്ര ശ്രദ്ധേയമാണ്. അതി ഗൗരവസ്വരത്തിൽ ഖുർആൻ ഇതാ ചോദിക്കുന്നു:

أتأمرون الناس بالبر وتنسون انفسكم وأنتم تتلون الكتاب
أفلا تعقلون



''മനുഷ്യരോട് നന്മ ഉപദേശിക്കുകയും, നിങ്ങളുടെ സ്വന്തം നിലപാട് വിസ്മരിക്കുകയും ചെയ്യുകയാണോ നിങ്ങൾ ചെയ്യുന്നതു്! നിങ്ങളോ, വേദഗ്രന്ഥം വായിച്ചുകൊണ്ടിരിക്കുന്നുണ്ടുതാനും. നിങ്ങൾക്ക് ബുദ്ധിയില്ലയോ?'' എത്ര ഗൗരവ സ്വരത്തിലുള്ള താക്കീതു്! ഒരു കാര്യം ജനങ്ങളോടു് കല്പിക്കുക, കല്പിക്കുന്ന ആൾ അതനുസരിച്ചു പ്രവർത്തിക്കാതിരിക്കുക. ഇതു മനുഷ്യത്വത്തിനും ബുദ്ധിക്കും നിരക്കാത്ത ഒരു നടപടിയാണെന്നാണ് ഖുർആൻ താക്കീതു ചെയ്യുന്നതു്. ഖുർആൻ 6: 106-ൽ കല്പിക്കുന്നതെന്താണ്?

اتبع ما اوحى اليك من ربك

''നിന്റെ നാഥങ്കൽ നിന്ന് നിനക്ക് ലഭിക്കുന്ന സന്ദേശങ്ങൾ പിൻപറ്റിക്കൊണ്ടു് ജീവിച്ചു കൊള്ളുക'' അപ്പോൾ ഖുർആന്റെ കല്പനയനുസരിച്ച് ഒന്നാമതായി പ്രവർത്തിക്കേണ്ട ആൾ ദൈവദൂതൻ തന്നെ ആയിരിക്കണമെന്നു സ്പഷ്ടം. ഇനിയും ചിന്തിച്ചു നോക്കുക: മുഹമ്മദ് നബിക്ക് പ്രവാചകത്വ പദവി നല്കി മനുഷ്യരാശിയെ ഉദ്ധരിക്കുവാൻ ചുമതലപ്പെടുത്തിക്കൊണ്ടു് ഒന്നാമതായി അല്ലാഹു നല്കിയ നിർദ്ദേശം എന്താണ്?

اقرأ باسم ربك الذى خلق خلق الانسان من علق اقرأ وربك
الاكرم الذى علم بالقلم علم الانسان مالم يعلم

''പ്രപഞ്ച സ്രഷ്ടാവായ നിന്റെ നാഥന്റെ നാമത്തിൽ വായിക്കുക. ഒട്ടിപ്പിടിക്കുന്ന ഒരു വസ്തുവിൽ നിന്നാണ് മനുഷ്യനെ അവൻ സൃഷ്ടിച്ചിരിക്കുന്നതു്. വായന ശീലിക്കുക തന്നെ ചെയ്യുക. നിന്റെ നാഥൻ അങ്ങേയറ്റം ഉദാരശീലനാണ്. മനുഷ്യർക്ക് പേന കൊണ്ട് എഴുതാൻ പഠിപ്പിച്ചതു് അവനത്രെ. അങ്ങനെ അറിവില്ലാത്ത വിഷയങ്ങളെക്കുറിച്ച് അറിവ് നേടാൻ അവൻ മനുഷ്യനെ പരിശീലിപ്പിച്ചു.'' (96:1-5)

ഈ കല്പനയും കല്പന നല്കിയ സന്ദർഭവും ഒന്നു കൂടി ചിന്തിച്ചു നോക്കുക. മനുഷ്യ രാശിയെ ഉദ്ധരിക്കുന്നതിന് വേണ്ടി എടുക്കുന്ന നടപടികളുടെ ആരംഭം അക്ഷരാഭ്യാസമായിരിക്കണമെന്നല്ലേ ഇതിന്റെ അർത്ഥം. ഇങ്ങനെ ദൈവത്തിങ്കൽ നിന്നു് ലഭിച്ച

കൊണ്ടിരിക്കുന്ന സന്ദേശങ്ങൾ പിൻ പററിക്കൊണ്ട് ജീവിക്കണമെന്നല്ലേ പലയിടങ്ങളിലും അല്ലാഹു നബിയോട് ആവർത്തിച്ച് കല്പിച്ചത്? സ്വയം പ്രവർത്തിക്കാതിരിക്കുക, മററുള്ളവരോട് അത് പ്രവർത്തിക്കാൻ കല്പിക്കുകയും ചെയ്യുക. ഇത് ബുദ്ധിയില്ലാത്തവന്റെ നടപടിയാണെന്നും ഖുർആൻ കല്പിച്ചില്ലേ. ആ ബുദ്ധിഹീനന്മാരുടെ പട്ടികയിൽ മുഹമ്മദ് നബിയുടെ പേര് എഴുതിച്ചേർക്കാനും എന്നിട്ട് അതിൽ അഭിമാനം കൊള്ളാനുമാണോ നാം ശ്രമിക്കേണ്ടത്! മനുഷ്യന് വിശേഷ ബുദ്ധി നഷ്ടപ്പെട്ടാൽ എല്ലാം നഷ്ടപ്പെട്ടു പോകും, സംശയമില്ല.

## നബിക്ക് എഴുതാനും വായിക്കാനും അറിവുണ്ടായിരുന്നു. ചരിത്ര ലക്‌ഷ്യങ്ങൾ

മനുഷ്യ ചരിത്രത്തിലെ വിശിഷ്യാ ഇസ്‌ലാം ചരിത്രത്തിലെ ഒരു പ്രധാന സംഭവമാണ് 'ഹുദൈബിയ്യാ സന്ധി'. ആ സന്ധി എഴുതിയ രംഗം ഇവിടെ വിവരിക്കുന്നില്ല. ചുരുക്കത്തിൽ, മക്കക്കാരും നബിയുമായുള്ള ആസന്ധിയുടെ എഴുത്തുകാരൻ അലി (റ) ആയിരുന്നു. അദ്ദേഹം സന്ധിയുടെ തലക്കെട്ടായി എഴുതി: ഇത് ദൈവദൂതനായ മുഹമ്മദും മക്കക്കാരുമായുണ്ടാക്കിയ സന്ധിയാണ് എന്ന്. ഉടനെ എതിർത്തു മക്കക്കാർ. അവർ വാദിച്ചു:,ഈ വാചകം പാടില്ല. താങ്കൾ നബിയാണെന്ന വാദം ഞങ്ങൾ അംഗീകരിച്ചിരുന്നെങ്കിൽ ഈ സമരങ്ങൾക്കും സംഘട്ടനങ്ങൾക്കും ഇട വരികയില്ലായിരുന്നല്ലോ. ഉടനെ മക്കക്കാർ അംഗീകരിക്കും വിധം വാചകമെഴുതാനും എഴുതിയത് മായ്ക്കാനും നബി കല്പിച്ചു. അലിക്ക് അങ്ങേയററം വിഷമവും സങ്കടവും. മുഹമ്മദ് നബിയാണെന്ന് പറഞ്ഞത് മായ്ച്ചുകളയണ്ടെ? അതിരററ ഭക്തിമൂലം അദ്ദേഹം അതിന് സന്നദ്ധനായില്ല. ഉടനെ ആ കടലാസും പേനയും വാങ്ങിയിട്ടു ആ വാചകം നബി അങ്ങ് മായ്ച്ചു കളഞ്ഞു. എന്നിട്ട് മക്കക്കാർ അംഗീകരിക്കും വിധം, അബ്ദുല്ലായുടെ മകൻ മുഹമ്മദ് മക്കക്കാരുമായി നടത്തിയ സന്ധി എന്ന് സ്വഹസ്തങ്ങൾ കൊണ്ട് നബി തന്നെയങ്ങ് എഴുതി. ഇത് എവിടെയെങ്കിലുമുള്ള ഒരസാധാരണ വാർത്തയൊന്നുമല്ല. സഹീഹുൽ ബുഖാരിയിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. ആ ഹദീസിലെ വാചകം ഇതാണ്;



فأخذ رسول الله (ص) الكتاب فكتب : هذا ما قاضى محمد بن عبد الله

“ഇത് അബ്ദുല്ലായുടെ മകൻ മുഹമ്മദ് മക്കക്കാരുമായി നടത്തിയ കരാർ ആണ്”. (ഫത്ഹുൽബാരി കിതാബുൽ മഗാസിയിൽ ‘നബി എഴുതിയത്’ എന്ന തലക്കെട്ടിലുള്ള വിവരണം നോക്കുക.)

എന്നാൽ ഇസ്‌ലാമിക ഗ്രന്ഥങ്ങളും ഇസ്‌ലാം ചരിത്രവും മനസ്സിരുത്തി പഠിക്കാത്തവർക്ക് ഇതൊരു പുത്തൻ വാദമെന്ന് തോന്നിയേക്കാം. അതിനു നാം ഉത്തരവാദികളല്ല. ഇമാം നവവി (റ) ശറഹു മുസ്‌ലിമിൽ ഹുദൈബിയ്യാ സന്ധിയുടെ അദ്ധ്യായത്തിൽ എഴുതിയത് കാണുക: നബിക്ക് എഴുത്തും വായനയും അറിയാമായിരുന്നുവെന്ന് വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുവരെക്കുറിച്ചു അവിടെ അദ്ദേഹം എഴുതുന്നു:

واحتجوا بآثار جاءت في هذا عن الشعبي وبعض السلف ان النبي
لم يمت حتى كتب قال القاضي والى جواز هذا ذهب الباجي وحكاه
عن السمناني وأبي ذر وغيره

“നബിക്ക് എഴുത്തും വായനയും അറിവുണ്ടായിരുന്നുവെന്നു വാദിക്കുന്നവർ അതിനു തെളിവായി ഇമാം ശഅ്ബിയിൽ നിന്നും സലഫുസ്സാലിഹിൽ ചിലരിൽ നിന്നും ലഭിച്ച റിപ്പോർട്ടുകൾ തെളിവായി എടുത്തു കാണിക്കുന്നു. എഴുത്തും വായനയും അഭ്യസിച്ചു ശേഷമല്ലാതെ നബി പരലോക പ്രാപ്തനായിട്ടില്ല എന്നാണ് അവരുടെ റിപ്പോർട്ടുകൾ. ഇമാം ബാജി ഈ പക്ഷക്കാരനാണെന്ന് ഖാളി ഇയാളും പ്രസ്താവിച്ചിട്ടുണ്ട്. സംനാനി അബൂദർ എന്നീമഹാന്മാരും മററു ചിലരും ഈ അഭിപ്രായക്കാരാണെന്ന് 'ഉംറത്തുൽഖളാഇന്റെ' അധ്യായത്തിൽ ഈ വിഷയത്തിൽ ഇബ്നുഹജറുൽ അസ്ഖല്ലാനി കൂടുതൽ വിവരണം നൽകിയിട്ടുണ്ട്. അവിടെ അദ്ദേഹം പറയുന്നു:

وقد تمسك بظاهر هذه الرواية أبوالوليد الباجي وادعى أن النبي ﷺ
كتب بيده فشنّع عليه علماء الأندلس فجمعهم الامير فاستظهر الباجي
عليهم بمالديه من المعرفة وقال: هذا لاينافي القرآن بل يؤخذ من
مفهوم القرآن لأنه قيد الجهل بماقبل ورود القرآن

''ഇതു് (ഹുദൈബിയാ സന്ധിയിൽ നബി സ്വഹസ്തം കൊണ്ടു് എഴുതിയതു്) ആധാരമാക്കിക്കൊണ്ടു് ഇമാം ബാജി, നബിക്കു് എഴുത്തും വായനയും അറിയാമായിരുന്നുവെന്ന വാദമുന്നയിച്ചിരിക്കുന്നു. സ്പെയ്നിലെ പണ്ഡിതന്മാർ അദ്ദേഹത്തെ അപലപിച്ചു. അപ്പോൾ സ്പെയിനിലെ അമീർ ഇരു കക്ഷികളുടേയും ഒരു യോഗം വിളിച്ചു കൂട്ടി. അവിടെ ഇമാം ബാജി തനിക്കുള്ള ന്യായങ്ങൾ മറുകക്ഷിയുടെ മുമ്പിൽ നിരത്തിവെച്ചു. അവരെ പരാജയപ്പെടുത്തി. ഇതു് ഖുർആന്റെ പ്രസ്താവനക്കു് എതിരല്ലെന്നു് മാത്രമല്ല, ഖുർആനിൽ നിന്നുതന്നെ ഈ യാഥാർത്ഥ്യം ഗ്രഹിക്കാമെന്നു ഇമാം ബാജി സമർത്ഥിച്ചു. കാരണം, ഖുർആൻ ലഭിക്കും മുമ്പു് നബിക്കു് എഴുത്തും വായനയും അറിവുണ്ടായിരുന്നില്ല എന്നു മാത്രമേ ഖുർആൻ അരുളിയിട്ടുള്ളുവെന്നു് അദ്ദേഹം അവരെ ഓർമ്മപ്പെടുത്തി'' ഫത്ഹുൽ ബാരിയിൽ വീണ്ടും പറയുന്നു:

وذكر ابن دحية أن جماعة من العلماء وافقوا الباجى فى ذلك منهم شيخه ابوذرّ الهروى وابو الفتح النيسابورى وآخرون من علماء الأفريقيه وغيرها.

''മഹാന്മാരായ മത പണ്ഡിതന്മാരിൽ ഒരു വിഭാഗക്കാർ ഇമാം ബാജിയോടു് ഈ വിഷയത്തിൽ യോജിപ്പുപ്രകടിപ്പിച്ചിരിക്കുന്നുവെന്നും തന്റെ ഗുരു അബൂദർറുൽഹിറവി, ഇറാനിലെ നിഷാപൂർകാരനായ അബുൽ ഫത്ഹ് എന്നിവരും ആഫ്രിക്കയിലേയും മറ്റും പല പണ്ഡിതന്മാരും ഈ വിഷയത്തിൽ തന്നോടു് യോജിപ്പു് പ്രകടിപ്പിച്ചിട്ടുണ്ടെന്നും ഇബ്നു ദിഹ്യ പറയുന്നു'' ഇബ്നുഹജർ വീണ്ടും ഉണർത്തുന്നു:

واحتج بعضهم بذلك مما اخرجه ابن ابى شيبة عن عون بن عبدالله قال مامات رسول الله حتى كتب وقرأ

''അവരിൽ ചിലർ, ഇതിനു് ഇബ്നു അബീശൈബത്തു് ഔനു് ബ്നു അബ്ദില്ലായിൽ നിന്നുദ്ധരിച്ച ഒരു ഹദീസ് തെളിവായി ഉദ്ധരിക്കുന്നു. തിരുമേനി പരലോകം പ്രാപിക്കും മുമ്പു തന്നെ അവിടുന്നു് എഴുത്തും വായനയും പഠിച്ചുകഴിഞ്ഞിരുന്നുവെന്നാണു് ആഹദീസിൽ ഉള്ളതു്.'' ഇമാം ഇബ്നുഹജർ തുടർന്നെഴുതുന്നു:



قال عياض وردت آثار تدل على معرفة حروف الخط وحسن تصويرها

'തിരുമേനിക്കു്, അക്ഷരജ്ഞാനം മാത്രമല്ല, കയ്യക്ഷരങ്ങളുടെ മോടി പോലും അറിവുണ്ടായിരുന്നുവെന്നു് കാണിക്കുന്ന പല ഹദീസുകളും വന്നിട്ടുണ്ടെന്നു് ഖാളി ഇയാസ് പറയുന്നു.'' എങ്കിൽപിന്നെ മുഹമ്മദ് നബിയെ, അക്ഷരജ്ഞാനമില്ലാത്തവൻ എന്നർത്ഥമുള്ള 'ഉമ്മീ' എന്നുഎന്തിനു വിളിക്കുന്നു എന്ന ചോദ്യത്തിനു ലിസാനുൽ അറബ് മറുപടി പറഞ്ഞു:

وقيل لسيدنا محمد رسول الله ﷺ الأمى لأن أمة العرب لم تكن تكتب ولاتقرأ المكتوب

''നമ്മുടെ സയ്യിദ് മുഹമ്മദ് നബിയെ ചിലപ്പോൾ 'ഉമ്മി' എന്നു് (ഖുർആനിലും മറ്റും) വിളിച്ചതു കാണാം. അദ്ദേഹം അറബി സമുദായത്തിൽപ്പെട്ട ഒരാളായിരുന്നതുകൊണ്ടാണങ്ങനെ വിളിച്ചതു്''. അക്ഷരജ്ഞാനമില്ലാത്തതു കൊണ്ടല്ല എന്നർത്ഥം.

ഖുർആനിൽ ഇതിനു് വേറെയും തെളിവുകളുണ്ടു്, പലിശ വാങ്ങുന്നതു് തെററു തന്നെ. പക്ഷെ ഇതര മതസ്ഥരുടെ പക്കൽ നിന്നു് പലിശ വാങ്ങാം, ദൈവം ശിക്ഷിക്കുകയില്ല എന്നാണു് ജൂതന്മാരുടെ വാദം. ഖുർആൻ ആവാദം ഉദ്ധരിച്ചു് പച്ചത്തോടെ തള്ളിക്കളഞ്ഞിട്ടുണ്ടു്. ഖുർആൻ അരുളി:

قالوا ليس علينا فى الاميين سبيل

'' 'ഉമ്മി' അഥവാ അറബികളോടു് പലിശ വാങ്ങിയാൽ നമ്മെ ശിക്ഷിക്കാൻ അല്ലാഹുവിനു് യാതൊരു മാർഗവുമില്ല. എന്നു ജൂതൻമാർ വാദിക്കുന്നു'' (3:75) അവിടെ ഉമ്മിയ്യീൻ എന്ന വാക്കുകൊണ്ടു് അറബി സമുദായത്തെയാണു് ഉദ്ദേശിച്ചിരിക്കുന്നതു് എന്ന യാഥാർത്ഥ്യം വ്യക്തമാണു്. എഴുത്തും വായനയും പഠിക്കാത്ത ജൂതന്മാരോടു് പലിശ വാങ്ങാം, അല്ലെങ്കിൽ എഴുത്തും വായനയും പഠിച്ച അറബികളോടു് പലിശ വാങ്ങിക്കൂടാ, എന്നു് ജൂതന്മാർക്കു് വാദമില്ല.

إنا أمة أمية എന്നീ വാക്കുകളുടെ അർത്ഥം ഇബ്നുഹജറുൽ അസ്ഖല്ലാനി എടുത്തു കാട്ടിയതു് വിവരിക്കുകയാ

ഴ്യിരുന്നു നാം. അതിനിടക്ക് أمية എന്ന പദവും അതി
ന്റെ അർത്ഥ വിവക്ഷയും വന്നു. അത് നിർണ്ണയിക്കാതെ മുമ്പോ
ട്ട് പോക വയ്യ. തന്നിമിത്തം അതും അതോടൊപ്പം തന്നെ, ന
ബി 'ഉമ്മിയ്യ്' ആണെന്ന വാക്കിന്റെ അർത്ഥവും വിശദീകരി
ക്കേണ്ടി വന്നു. അസ്ഖല്ലാനിയും മറേറാന്നതരായ ഭാഷാപ
ണ്ഡിതന്മാരും ആ വാക്കുപയോഗിക്കുന്നത് എന്തർത്ഥത്തിലാണെ
ന്നു പറഞ്ഞതു നാം എടുത്തുകാട്ടി. ചുരുക്കത്തിൽ, أمية
എന്നു പേരു വിളിക്കുന്നത് അറബികളേയാണ്. 'ഉമ്മിയ്യ്'
എന്ന പദത്തിന് عربي അഥവാ 'അറബി പൗരൻ' എ
ന്നാണർത്ഥമെന്നു അവരെല്ലാവരും വ്യക്തമാക്കിയതു നാം കണ്ടു.
അപ്പോൾ നബി 'ഉമ്മിയ്യ്' ആണ് എന്നു പറഞ്ഞാൽ അവിടു
ന്ന് അറബിവംശജനാണ് എന്നല്ലാതെ, ആ പദത്തിന്റെ മൂലാ
ർത്ഥം അഥവാ 'അക്ഷരജ്ഞാനമില്ലാത്തവൻ' എന്നർത്ഥം കൊടു
ക്കാൻ പാടില്ലെന്ന് നമുക്ക് ബോധ്യമായി. ഇനി നമുക്ക് നോ
ക്കാനുള്ളത്. لا نكتب ولا نحسب എന്നീ വാക്കുകൾക്ക്
ഇബ്നുഹജർ കൊടുത്ത അർത്ഥമാണ്. അതിനു അദ്ദേഹത്തി
ന്റെ സ്വന്തം വാക്കുകൾ തന്നെ ഇവിടെ ഉദ്ധരിക്കാം.

(قول النبي لا نكتب ولا نحسب) والمراد أهل الإسلام الذين بحضرته عند تلك المقالة وهو محمول على أكثرهم

( فتح الباري جزء ٤-٢٨-٥ )

"നമുക്ക് എഴുത്തും കണക്കും അറിവില്ല എന്നു തിരുമേനി
അരുളിയതു (മുസ്ലീം സമുദായത്തെ ഉദ്ദേശിച്ചല്ല) ആ വാക്കു
പറയുമ്പോൾ തിരുമേനിയുടെ മുമ്പിലുണ്ടായിരുന്ന മുസ്ലീംക
ളെ അഥവാ അവരിൽ ഭൂരിപക്ഷത്തെമാത്രം ഉദ്ദേശിച്ചാണ്''. ഇ
താണ് ഇബ്നുഹജർ കൊടുത്തിരിക്കുന്ന അർത്ഥം. അപ്പോൾ
ലോക മുസ്ലീംകൾക്ക് നബി നൽകിയ കല്പനയാണിതെന്ന
വാദം അപ്പടി പൊളിഞ്ഞു. ഇനി അതിനു ജീവനിടാൻ ഒരു വ
മ്പനും ഒരിക്കലും കഴിയുകയില്ല!

ഇബ്നുഹജറുടെ ഈ വാക്ക് വളരെ അർത്ഥഗർഭമാണ്.
അതു് എങ്ങോട്ടെല്ലാം വിരൽചൂണ്ടുന്നുവെന്നു വിശദീകരിക്കു



വാൻ ഇവിടെ പേജുകൾ കുറെ എഴുതേണ്ടിവരും. അതിനു് നമു
ക്കിവിടെ സൗകര്യമില്ലല്ലോ. ചുരുക്കിപ്പറയാം:

1. എഴുത്തും വായനയും ശീലിക്കുക. അറിവില്ലാത്ത വി
ഷയങ്ങളെക്കുറിച്ചു അറിവുനേടാനുള്ള മാർഗ്ഗമതാണ് എന്നാണ്,
ദൈവത്തിങ്കൽ നിന്നു പ്രവാചകനായി നിയുക്തനായപ്പോൾ
അല്ലാഹു നബിയെ ഭരമേൽപ്പിച്ച ഒന്നാമത്തെ കൽപന. ആ
നബി, തന്റെ സമുദായത്തെ നോക്കിയിട്ടു, നമ്മൾ പാവങ്ങ
ളാണ്, ഏഴകളാണ്, നമുക്ക് എഴുത്തും വായനയുമൊന്നുമറിയി
ല്ല, അതുകൊണ്ടു എക്കാലത്തും നവചന്ദ്രനെ നോക്കിയിട്ട് നോ
മ്പും പെരുന്നാളും നിർണ്ണയിക്കുകയേ നമുക്ക് നിർവാഹമുള്ളൂ എ
ന്നു അനുയായികളോട് ഒരിക്കലും പറയില്ല. പറഞ്ഞെങ്കിൽ
അദ്ദേഹം ചെയ്ത ഒരു മഹാ കുററമായിരിക്കുമതു്.

മററു മതസ്ഥരുടെ വേദഗ്രന്ഥങ്ങൾ പഠിച്ചു, അതിൽ നിന്നു
ഗ്രഹിച്ചെടുത്ത തത്വങ്ങളും വിധികളും, തനിക്ക് ദൈവത്തി
ങ്കൽ നിന്നു ലഭിച്ചതായി മുഹമ്മദ് വാദിക്കുകയാണെന്നു് എ
തിർ വാദികൾ ഒരിക്കൽ വാദം ഉന്നയിച്ചിരുന്നു. അതിനു ഖുർ
ആൻ യുക്തമായ മറുപടി നൽകി. പ്രവാചകത്വലബ്ധിക്കു
മുമ്പ് നബിക്ക് എഴുത്തും വായനയും അറിവുണ്ടായിരുന്നില്ല;
ഖുർആൻ പ്രത്യേകം ഉണർത്തി. അതോടെ ആ വാദം അസ്ഥാന
ത്തായി.

ഇവിടെ ഒരു കാര്യം വായനക്കാർ ഓർക്കണം: നമ്മുടെ
പണ്ഡിതന്മാർ പറയുന്ന പ്രകാരമാണെങ്കിൽ ലോകത്തുവന്ന
എല്ലാ നബിമാരും അക്ഷരജ്ഞാനമില്ലാത്തവരായിരിക്കണം.
അവരിൽ ആർക്കെങ്കിലും അക്ഷരജ്ഞാനമുണ്ടെങ്കിൽ ഈ ആ
രോപണം അവരുടെ നേർക്കും വരുമല്ലോ. അങ്ങിനെ നബി
മാർക്കാർക്കും അക്ഷരജ്ഞാനമുണ്ടായിരുന്നില്ലെന്ന് ആർക്കെ
ങ്കിലും വാദമുണ്ടോ? മൂസാ നബിക്ക് അക്ഷരജ്ഞാനമുണ്ടായി
രുന്നുവെന്നു ഖുർആൻ (7:145)ൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അ
പ്പോൾ ആ വാദം നിലനിൽക്കുകയില്ല.

2. قل رب زدني علما 'നാഥാ, എനിക്ക് നീ വിദ്യ

വർദ്ധിപ്പിച്ചു തരേണമേ' എന്ന് എപ്പോഴും പ്രാർത്ഥിച്ചുകൊണ്ടിരിക്കാൻ അല്ലാഹു നബിയോട് ഖുർആൻ 20:114ൽ കൽപ്പിച്ചിട്ടുണ്ട്. എന്നിട്ട് അതേ നബി, 'ഞങ്ങൾ പാവങ്ങളാണ്, എഴുത്തും കണക്കും അറിയാത്തവരാണ്, അതുകൊണ്ടു നവചന്ദ്രൻ ഉദിച്ചു കണ്ടാൽ മാത്രമേ ഞങ്ങൾക്ക് നോമ്പും പെരുന്നാളും അനുഷ്ഠിക്കാൻ മാർഗമുള്ളൂ എന്ന്, അബൂ അലി സീന, ഫാറാബി, ഗസ്സാലി, ഇബ്നുറുഷ്ദ്, ഇബ്നുഹസം, ജലാലുദ്ദീൻറൂമി, അൽബൈറൂനി, ശാഫിഈ, ഹനഫി, ഹമ്പലി, മാലിക്കി, എന്നിങ്ങനെ ലക്ഷക്കണക്കിനല്ല കോടിക്കണക്കിൽ തന്നെ മഹാപണ്ഡിതന്മാരുൾക്കൊള്ളുന്ന മുസ്ലീം സമുദായത്തോട്, അവരെ ഉദ്ധരിക്കാൻ വന്ന നബി പറയുമോ? വിശേഷബുദ്ധി നഷ്ടപ്പെട്ടവരല്ലാതെ ഇതാരും പറയുകയില്ല.

3. ഹദീസിൽ പിന്നീട് നബി പറഞ്ഞു.

لا تصوموا حتى تروا الهلال ولا تفطروا حتى تروه

'നവചന്ദ്രനെ കാണും വരേക്കും നിങ്ങൾ നോമ്പ് പിടിക്കരുത്. നവചന്ദ്രനെ കാണും വരേക്കും നിങ്ങൾ നോമ്പവസാനിക്കുകയുമരുത്.' അതിനു ശേഷം നബി പറഞ്ഞു:

فان غم عليكم فاقدروا له

"മേഘങ്ങൾ മുതലായ കാരണങ്ങൾ കൊണ്ട് നവചന്ദ്രനെ ദർശിക്കുക സാദ്ധ്യമല്ലാതെ വന്നാൽ നിങ്ങൾ പ്രാപഞ്ചിക സംവിധാനങ്ങൾ വീക്ഷിച്ച് നവചന്ദ്രോദയം കണക്കു കൂട്ടിയെടുക്കുക" ഇപ്പോൾ ഒന്നു ഒഴിഞ്ഞിരുന്ന് മനസ്സിരുത്തിച്ചിന്തിച്ചു നോക്കുക: അടിയങ്ങൾ പാവങ്ങളാണ്, അടിയങ്ങൾക്ക് എഴുത്തും കണക്കും അറിയില്ല എന്നാദ്യം ഒരു നബി പറയുക, എന്നിട്ടോ, നോമ്പനുഷ്ഠിക്കാനും മററും ഗോളങ്ങളുടെ ചലനങ്ങൾക്കു നിശ്ചയിച്ചിരിക്കുന്ന വ്യവസ്ഥകൾ പരിശോധിച്ച് നോമ്പും പെരുന്നാളും നിർണ്ണയിക്കുവാൻ കല്പിക്കുക. ഇതു രണ്ടും കൂടി ഒരേ നബി ഒരേശ്വാസത്തിൽ പറയുമെന്നു ബുദ്ധിയുള്ളവരാരെങ്കിലും വിശ്വസിക്കുമോ? ഈ ഹദീസ് ബുഖാരി മുസ്ലീം മുതൽക്കുള്ള ഹദീസ് ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയതാണ്. ഇതേ രൂപത്തിൽ, ഇതേവാക്കുകളിൽ. ഇബ്നുഉമറാണ് നബിയിൽ നിന്ന് ഇതു രണ്ടും ഉദ്ധരിച്ചിരിക്കുന്നത്. ഇബ്നു ഉമറിൽനിന്നുദ്ധരിച്ച റാവികളും ഇതേ വാക്കുകൾ തന്നെയാണുപയോഗിച്ചിരിക്കുന്നത്.



എന്നാൽ മററു ചില റിപ്പോർട്ടുകളിൽ വാചകം ഇങ്ങനെയല്ല. മേഘം മൂലമോ മററോ നവചന്ദ്രനെ ദർശിക്കാൻ കഴിയാതെ വന്നാൽ കണക്കു കൂട്ടി മുപ്പതു ദിവസം പൂർത്തിയാക്കുക എന്നാണ്. ഇതു് ചില റാവികൾ ചെയ്ത പണിയാണ്. ഹദീസുകൾ റിവായത്തു ചെയ്യുമ്പോൾ വിശദീകരിക്കേണ്ട വാക്കോ സംഭവമോ ഉണ്ടെങ്കിൽ അവരതു് വിശദീകരിക്കും എന്നിട്ട്, ആ വിശദീകരണം കൂട്ടി കലർത്തിക്കൊണ്ടാണ് ഹദീസ് റിപ്പോർട്ട് ചെയ്യുക. ഇതു് ഹദീസിൻെറ റാവികൾക്കിടയിൽ സർവ്വ സാധാരണമായ നടപടിയാണ്. ഹദീസ് പണ്ഡിതന്മാർ ഈ പ്രവർത്തനത്തിന് 'ഇദറാജ്' എന്നാണ് പേർ നൽകിയിരിക്കുന്നതു്. അങ്ങനെയാണ് 30 ദിവസം പൂർത്തിയാക്കാനുള്ള നിർദ്ദേശം ഹദീസിൽ കടന്നു കൂടിയതു്. ഒന്നാലോചിച്ചു നോക്കുക: എല്ലാ ചന്ദ്രമാസവും 30 എണ്ണം തികച്ചും ഉണ്ടായിരിക്കുമോ? ഉണ്ടായിരിക്കുകയില്ലെന്ന് എല്ലാവരും സമ്മതിക്കുന്നു. ആ സ്ഥിതിക്ക്, റമളാൻ 29 കഴിഞ്ഞു നവചന്ദ്രൻ ദൃശ്യമാകുന്നില്ല. എങ്കിൽ പിറേറന്നും നോമ്പു നോൽക്കണമെന്നാണ് ഈ റിപ്പോർട്ടുകാരുടെ വാദം. അതു് എത്രകണ്ട് അപകടകരമാണ്. ഒന്നാലോചിച്ചു നോക്കുക. ബംഗ്ലാദേശിൽ റമളാൻ 29 രാത്രി നവചന്ദ്രൻ ഉദിച്ചു കണ്ടു. അവർക്ക് പിറേറന്ന് പെരുന്നാളാണ്. കേരളത്തിൽ മേഘം മൂടിയ കാരണം കൊണ്ട് നവചന്ദ്രോദയം കണ്ടില്ല. എങ്കിൽ ഇവർ നോമ്പ് നോൽക്കണം. ബംഗ്ലാദേശിൽ പെരുന്നാളും എങ്ങനെയുണ്ട് തമാശ! പെരുന്നാൾ ദിവസം നോമ്പുനോൽക്കാൻ പാടില്ലെന്ന് ഇവർ സമ്മതിക്കുന്നു. ആ ദിവസം യഥാർത്ഥത്തിൽ റമളാനല്ലെന്ന് തെളിയുകയും ചെയ്തു, പിന്നീട് ഇവർക്ക് പറയാനുള്ളതു് മത്ലഅ് മാറി എന്നാണ്. മത്ലഅ് വാദം തന്നെ ഒരുമിത്ഥ്യയാണെന്ന് നാം കാര്യകാരണ സഹിതം തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. ഭൂമിയിൽ ഏതെങ്കിലുമൊരു ഭാഗത്തു് ശവ്വാലിലെ നവചന്ദ്രൻ ദൃശ്യമായാൽ പിറേറന്ന് എല്ലാവരും പെരുന്നാൾ ആഘോഷിക്കണമെന്നതിനുള്ള രേഖകൾ നാം മുമ്പ് നിരത്തിവെച്ചിട്ടുമുണ്ട്.

അപ്പോൾ 30 ദിവസം പൂർത്തിയാക്കണം എന്ന ഹദീസിലെ വാചകം 'ഇദ്റാജ്' മാത്രമല്ല, തത്വ വിരുദ്ധം കൂടിയാണ്. അതുകൊണ്ട് ആ 'ഇദ്റാജ്' സ്വീകാര്യമല്ല. നബിയരുളിയതല്ല, റാവികളുടെ വിശദീകരണമാണെന്ന് വന്നാൽ പിന്നീടതിന്മേൽ കെട്ടിപ്പിടിക്കേണ്ട ആവശ്യമില്ല, അതിനു പ്രാമാണികതയുമില്ല.

فان غم عليكم فاقدروا له എന്ന ഹദീസിലെ വാക്കുകൾക്ക് Calculate its appearance 'നവചന്ദ്രോദയം കണക്കുകൂട്ടി നിർണ്ണയിക്കുക' എന്നു തന്നെയാണ് ഇംഗ്ലീഷ് പരിഭാഷകന്മാർ അർത്ഥം കൊടുത്തിരിക്കുന്നത് എന്നു കൂടി ഉണർത്തിക്കൊള്ളട്ടെ. ഇബ്നു ഹജറെ മേൽ പറഞ്ഞ അർത്ഥം കൊടുക്കുവാൻ പ്രേരിപ്പിച്ച സാഹചര്യങ്ങളിൽ ചിലതു നാം ചൂണ്ടിക്കാട്ടി. പക്ഷെ ഇബ്നു ഹജറുടെ ദീർഘ ദൃഷ്ടി അവിടെയൊന്നും നിന്നില്ല. അതു സഹസ്രാബ്ദങ്ങൾക്ക് മുമ്പുള്ള അറബികളുടെ സ്ഥിതിഗതികളിലേക്കുകൂടി എത്തി നോക്കി. അത് വിവരിക്കാം

4. ഈജിപ്തിനും ഇറാക്കിനുമിടയിലുള്ള ഏതോ ഒരു പ്രദേശത്താണ് നരവംശത്തിന്റെ ഉൽപ്പത്തിയെന്നു നരവംശ ശാസ്ത്രജ്ഞന്മാർ പറയുന്നു. അതു മൊത്തത്തിലുള്ള അവരുടെ നിഗമനമാണ്. അതു ആരേഖയിൽ നിന്നും അല്പം വലത്തോട്ടോ ഇടത്തോട്ടോ നീങ്ങിക്കൂടായ്കയില്ല. ഖുർആന്റെ വാക്കുകൾ ശ്രദ്ധിച്ച് നോക്കുമ്പോൾ ആ കേന്ദ്രം മക്കായുടെ ഭാഗത്തേക്ക് അടുത്തതായിരുന്നുവെന്ന് ധരിക്കുവാൻ ന്യായമുണ്ട്. കാരണം മക്കാ പട്ടണത്തിനു ام القرى അഥവാ 'പട്ടണങ്ങളുടെ മാതാവ്'' എന്നാണ് ഖുർആൻ പേരു നൽകിയിരിക്കുന്നത്. ഭൂമുഖത്തുള്ള മററു പട്ടണങ്ങളെല്ലാം മക്കാപട്ടണത്തിനു ശേഷമാണ് ഉടലെടുത്തതെന്നും, മക്കായിലെ ജനങ്ങൾ ഭൂമുഖത്ത് വ്യാപിച്ചപ്പോഴാണ് ആ പട്ടണങ്ങൾ ഉടലെടുത്തതെന്നും വ്യക്തമായി ചൂണ്ടിക്കാട്ടുന്നു. ഇതിന്നുപോൽബലകമായി ഖുർആനിൽ മററൊരു പ്രസ്താവനയുമുണ്ട്: ان اول بيت وضع للناس للذى ببكة ''മനുഷ്യരുടെ വളർച്ചക്കുവേണ്ടി ഭൂമുഖത്ത് ഒന്നാമതായി സ്ഥാപിതമായ മന്ദിരം മക്കായിലുള്ളതാണ് (അഥവാ കഅ്ബയാണ്).'' അപ്പോൾ ഭൂമുഖത്ത് ഏററവുമാദ്യമുടലെടുത്ത പട്ടണവും ഏററവുമാദ്യത്തെ സംസ്കാരിക കേന്ദ്രവും മക്കാപട്ടണമാണെന്ന് ഖുർആൻ സ്ഥാപിച്ചു കഴിഞ്ഞാൽ മനുഷ്യ വംശത്തിന്റെ ഉൽഭവവും അവിടെയാണെന്നാണല്ലൊ വരിക. അറബികളുടെ മഹത്വത്തിനു ഒരുത്തമ ദൃഷ്ടാന്തമാണല്ലൊ ഇത്.



5. 5000 കൊല്ലം മുമ്പ് പുരോഗതിയുടെ ഉച്ചകോടി പ്രാപിച്ചിരുന്ന അറബി ജനതയെക്കുറിച്ചു ഖുർആൻ പലയിടങ്ങളിലും പല പ്രസ്താവനകളും നടത്തിയിട്ടുണ്ട്. സമ്പത്തിലും ഐശ്വര്യത്തിലും മുഴുകി ശ്വാസം മുട്ടിയിട്ട് കാണുന്ന കുന്നുകളിൻമേലെല്ലാം ബംഗ്ലാവുകൾ കെട്ടുകയാണ് അവർ ചെയ്തിരുന്നത്. അവരുടെ നബി ഹൂദ് ഇതിൽ പ്രതിഷേധിച്ചുകൊണ്ട് അവരോട് ചോദിച്ച ഒരു ചോദ്യം ഖുർആൻരേഖപ്പെടുത്തീട്ടുണ്ട്

أتبنون فى كل ريع آية تعبثون

''യാതൊരാവശ്യവുമില്ലാതെ, വെറും വിനോദങ്ങൾക്കായി മാത്രം, കാണുന്ന കുന്നുകളിലെല്ലാം നിങ്ങൾ ബംഗ്ലാവുകൾ കെട്ടി ഉയർത്തുകയാണോ?'' പ്രവാചകൻ ഹൂദ് നബിയുടെ വാക്കുകളൊന്നും അവരുടെ ചെവിയിൽ കടന്നില്ല. അവരദ്ദേഹത്തെ ധിക്കരിച്ചു കൊണ്ടുതന്നെ മുമ്പോട്ടുപോയിക്കൊണ്ടിരുന്നു. അവരുടെ ഒരു വാക്ക് ഖുർആൻ രേഖപ്പെടുത്തിയിട്ടുണ്ട്. അതിൽ നിന്നുതന്നെ അവരുടെ ശക്തിയും അഹങ്കാരവും ഗ്രഹിക്കാം

من أشد منا قوة

''ഞങ്ങളേക്കാൾ ശക്തന്മാർ ആരുണ്ട്?'' ഇതായിരുന്നു അവരുടെ ചോദ്യം.

6. ഏതാണ്ട് 2500 കൊല്ലം മുമ്പ് യമൻ ഭരിച്ചിരുന്ന ഒരു രാജ്ഞിയെ ഖുർആൻ അല്പം വിശദമായിട്ടു തന്നെ പരിചയപ്പെടുത്തിയിട്ടുണ്ട്.

واوتيت من كل شىء

''എല്ലാതരം കഴിവുകളും അവർ നേടിയെടുത്തിരുന്നു''വെന്നാണ് ഖുർആൻ പരിചയപ്പെടുത്തിയത്. ഒരു യുദ്ധത്തെ അഭിമു

ഖീകരിക്കേണ്ടി വരുമോ എന്ന സംശയം ജനിച്ചപ്പോൾ രാജ്ഞി പാർലമെൻറു വിളിച്ചു കൂട്ടി. 'നിങ്ങളുടെ അഭിപ്രായമനുസരിച്ചല്ലാതെ ഒരുകാര്യവും ഞാൻ പ്രവർത്തിക്കാൻ പോകുന്നില്ല' എന്ന് പാർലിമെൻറിനെ അഭിമുഖീകരിച്ച് അവർ പറഞ്ഞു. അപ്പോൾ നമുക്കു വേണ്ടത്ര സാമ്പത്തിക ശക്തിയും മികച്ച പട്ടാളവുമുണ്ട്. യുദ്ധം വരികയാണെങ്കിൽ ഒന്നും ഭയപ്പെടാനില്ല എന്നു പാർലമെൻറവർക്കുറപ്പു നൽകി. അപ്പോൾ രാജ്ഞി അവരെ ഉപദേശിച്ചു; "രാജാക്കന്മാർ യോദ്ധാക്കളായിക്കൊണ്ട് ഒരു പട്ടണത്തിൽ പ്രവേശിച്ചാൽ" അവർ കടും കൈകൾപലതും പ്രവർത്തിക്കും. മഹാന്മാരേയും മാന്യന്മാരേയും അവർ നിന്ദ്യരാക്കിവിടും ഇതായിരിക്കും യുദ്ധത്തിൻെറ ഫലം. അതുകൊണ്ട് ഞാനൊരുതന്ത്രം പ്രയോഗിച്ചു നോക്കട്ടെ. വിലപിടിച്ച ചില പാരിതോഷികങ്ങൾ അയച്ചു കൊടുത്തു എതിർ ശക്തിയെ സ്വാധീനിക്കാൻ കഴിയുമോ എന്നു പരീക്ഷിക്കട്ടെ എന്നു അവർ ഉപദേശിച്ചു. അങ്ങനെ വലിയ വില പിടിപ്പുള്ള പാരിതോഷികങ്ങൾ എതിർ കക്ഷിക്ക് അയച്ചു കൊടുത്തു നോക്കി. പക്ഷെ എതിർ കക്ഷി അതുകൊണ്ട് സംതൃപ്തരായില്ല. ഇതുകൊണ്ടൊന്നും എന്നെ മയക്കിഎടുക്കാൻ ശ്രമിക്കേണ്ടാ എന്നു താക്കീതുനല്കുക കൂടി ചെയ്തു. അവസാനം രാജ്ഞി പരിവാരസമേതം അങ്ങോട്ടു ചെന്ന് സന്ധിയിലും യോജിപ്പിലുമെത്തി. ആ എതിർ കക്ഷി മററാരുമായിരുന്നില്ല, സുലൈമാൻ നബി തന്നെയായിരുന്നു.

وأسلمت مع سليمان لله رب العالمين

"ഒടുവിൽ, സുലൈമാനോടൊപ്പം, സർവ്വലോക നാഥനായ അല്ലാഹുവിൻെറ ആജ്ഞകൾക്ക് മുമ്പിൽ ഞാനിതാ തലകുനിച്ചിരിക്കുന്നു"വെന്ന് അവർ പ്രഖ്യാപിച്ചു. അങ്ങിനെയുള്ള മഹത്തരങ്ങളായ പല പാരമ്പര്യങ്ങളുമുള്ള ഒരു ജനതയാണ് അറേബ്യയിൽ ജീവിച്ചത്. ഈ അവസരത്തിൽ ഒരു വാക്കുണർത്താൻ എൻെറ മനസ്സ് തിടുക്കം കാട്ടുന്നു.

ഒരു സ്ത്രീ രാഷ്ട്രപതിയായിരിക്കുവാൻ പാടില്ലെന്നാണ് നമ്മുടെ മതപണ്ഡിതന്മാർ വെച്ചു പുലർത്തിക്കൊണ്ടിരിക്കുന്ന



ധാരണ. ഖുർആൻ അവർ വായിച്ചിട്ടില്ലെന്നതിന്നു ഇതിലും വലിയ തെളിവെന്താണിനി ആവശ്യം?

ഇല്ലസ്ട്രേറഡ് വീക്കിലിയിൽ Dr-റഫീഖ് സകരിയ്യായുടെ ഒരു ലേഖന പരമ്പര വന്നിരുന്നു. ഒരു സാങ്കല്പിക കോടതി; അതിലെ ചീഫ് ജഡ്ജി ഇമാം ഗസ്സാലി, നാലു മദ്ഹബു സ്ഥാപകരായ ഇമാമുകളുൾപ്പെടെ പല പ്രമുഖ പണ്ഡിതന്മാരും കേസ്സിലെ സാക്ഷികൾ. ഒടുവിൽ സ്ത്രീക്ക് രാഷ്ട്രപതിയാകാം, ഇസ്ലാം അതു വിരോധിച്ചിട്ടില്ല എന്നു ഇമാംഗസ്സാലി വിധി കല്പിച്ചു. ബേനസീർ ഭൂട്ടോ അധികാരത്തിൽ വന്നപ്പോഴാണ് ഇസ്ലാമിക കേന്ദ്രങ്ങളിൽ ഉറങ്ങിക്കിടന്നിരുന്ന ഈ വിവാദം കണ്ണു തുറന്നത്.

7. ചുരുക്കിപ്പറയുകയാണെങ്കിൽ 1,2,3,4,5 തുടങ്ങിയ അക്കങ്ങൾക്കാണ് ഇന്ന് ലോകത്ത് വലിയ പ്രചാരം. ആ അക്കങ്ങൾക്ക് Arabic numerals അഥവാ 'അറബി അക്കങ്ങൾ' എന്ന പേർ പറഞ്ഞു വരുന്നു. അപ്പോൾ വിജ്ഞാനങ്ങളിൽ പലതും ലോകത്തിന് സംഭാവന ചെയ്തത് അറബികളാണെന്നാണല്ലോ ഇതിൻെറ അർത്ഥം.

8. ഒരു 4000 കൊല്ലം മുമ്പ് മുതൽ ആഗോള വ്യവാരത്തിൻെറ കുത്തക കയ്യടക്കി വെച്ചിരുന്നതു അറബികളായിരുന്നു. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, ഈ വൻകരകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഏററവും വിപുലമായ ഒരു വ്യാപാര ശൃംഖലയായിരുന്നു അത്. ചൈന,ഇന്ത്യ മുതലായ രാജ്യങ്ങളിൽ നിന്നു ചരക്കുകൾ ശേഖരിച്ചു യമനിൽകൊണ്ടു വന്നിറക്കുക. അവിടെ വെച്ചു പല വ്യാപാരികളുമായി ദീർഘ നാളത്തെ വ്യാപാരങ്ങൾ നടത്തുക. ഒടുവിൽ 2500, 3000 വരെ ഒട്ടകങ്ങൾക്ക് ചുമക്കാവുന്ന ചരക്കുകളും കൊണ്ട് സിറിയായിലേക്ക് പോകുക. അവിടെ നിന്ന് ഒരു വിഭാഗം വ്യാപാരികൾ ഈജിപ്ത് മുതലായ ആഫ്രിക്കൻ നാടുകളിലേക്കും, മറെറാരു വിഭാഗം വ്യാപാരികൾ യൂറോപ്പിലേക്കും പോയിരുന്നു. ഇതു മുഴുവനും അറബികൾ മാത്രമായിരുന്നു. അറബികളെ സഹായിക്കാനും ശുശ്രൂഷിക്കാനും വേണ്ടി എത്യോപ്യ മുതലായ

നാട്ടുകളിലെ നീഗ്രോവർഗക്കാരെയാണ് കൂടെ കൊണ്ടു പോയിരുന്നത്. അങ്ങിനെ നീഗ്രോവർഗക്കാർക്ക് താമസിക്കാനുള്ള ഒരു കേന്ദ്രം തന്നെ മക്കയിലുണ്ടായിരുന്നു.

4000 കൊല്ലം മുമ്പ് ജീവിച്ച ഇബ്രാഹീം നബി ഇറാക്കുകാരനായിരുന്നു. അവിടെ തൻെറ ആദർശങ്ങൾ പ്രചരിപ്പിക്കുക അങ്ങേയററം വിഷമകരമാണെന്ന് ബോധ്യമായപ്പോൾ ഫലസ്തീനിലേക്ക് താമസം മാററി. എന്നിട്ട് തൻെറ നാലു മക്കളെ ഈ ആഗോള വ്യാപാരികൾ യാത്രചെയ്യുന്ന രാജമാർഗ്ഗത്തിൽ ഓരോ പ്രധാന താവളങ്ങളിലായി താമസിപ്പിച്ചു. ഇസ്ഹാഖിനെ ഫലസ്തീനിൽ, ലൂത്തിനെ ജോർഡാനിൽ മദ്‌യനെ അപ്പേരിൽ അറിയപ്പെടുന്ന നാട്ടിൽ, ഇസ്മാഈലിനെ മക്കായിലും. ഇവയെല്ലാം തന്നെ ഈ വ്യാപാരികൾ അഹോരാത്രം യാത്രചെയ്യുന്ന രാജമാർഗത്തെക്കുറിച്ചു ഖുർആൻ രേഖപ്പെടുത്തിയിട്ടുണ്ട്. 15: 79; 15: 76; 37: 137, 138;34 :18, 19; 106: 1_4 എന്നീ വാക്യങ്ങൾ നോക്കുക. ''തുറന്നപാത'' ''നിത്യഗതാഗതമുള്ള പാത'' ''നിങ്ങൾ ആ പാതയിൽ, പ്രഭാത വേളയിലും രാത്രിയിലും സഞ്ചരിച്ചുകൊണ്ടിരിക്കുന്നു''; ''അവർക്കും, നാം അനുഗ്രഹിച്ച പട്ടണങ്ങൾക്കുമിടയിൽ തെളിഞ്ഞു കിടക്കുന്ന ചില പട്ടണങ്ങൾ നാം സ്ഥാപിച്ചു, എന്നിട്ട് ആ പട്ടണങ്ങൾക്കിടയിലുള്ള യാത്രയുടെ ദൂരം നാം നിർണ്ണയിച്ചു. ആ പട്ടണങ്ങൾക്കിടയിൽ രാവും പകലും പൂർണ്ണസമാധാനത്തോടെ സഞ്ചരിച്ചു കൊള്ളുക''. ഇതെല്ലാം ആ ഖുർആൻ വാക്യങ്ങളിൽ ഉണർത്തിയത്ത് ആ രാജ പാതയെക്കുറിച്ചാണ്.

## ഇപ്പോൾ ഹദീസിൻെറ സാരം.

മുകളിൽ ഉദ്ധരിച്ച ഹദീസിന് ഹദീസ് പണ്ഡിതന്മാർ കൊടുത്ത വ്യാഖ്യാനം നാം അല്പം വിശദീകരിച്ചെഴുതി. വായനക്കാർക്ക് ആശയം വ്യക്തമായി ഗ്രഹിക്കാൻ വേണ്ടി ഹദീസ് പണ്ഡിതന്മാർ കൊടുത്ത അർത്ഥം ചുരുക്കിപ്പറയാം.

'നാം അഥവാ ഈ സദസ്സിൽ ഇപ്പോൾ ഇരിക്കുന്ന ഈ വ്യക്തികൾ, അറബികളാണ്. നമുക്ക്, അഥവാ നമ്മിൽ ഭൂരിപക്ഷത്തിനും എഴുത്തും കണക്കും അറിയില്ല. അതുകൊണ്ട്



നവചന്ദ്രോദയം കണ്ടാലേ നമുക്ക് നോമ്പും പെരുന്നാളും ആചരിക്കാൻ കഴിയുകയുള്ളു. ഇനി നവചന്ദ്രോദയം ദൃശ്യമല്ലാത്ത അവസ്ഥ വന്നാലോ, അല്ലാഹു നിശ്ചയിച്ച പ്രാപഞ്ചിക സംവിധാനങ്ങളും വ്യവസ്ഥകളും ആധാരമാക്കികൊണ്ട് നോമ്പും പെരുന്നാളും ആചരിക്കുക. ഇതാണ്. ഇബ്നുഹജർ കൊടുത്ത വ്യാഖ്യാനച്ചുരുക്കം. മൗലാനാ അബുൽ ഹസൻ അലി നദ്‌വി അവർകളുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്ന 'അൽ ബഅസുൽ ഇസ്‌ലാമി' അറബിമാസികയിൽ ഇബ്നുഹജറുൽ അസ്കല്ലാനിയുടെ വ്യാഖ്യാനം വിശദമായി എടുത്തു കാണിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. മേൽ പറഞ്ഞ ഹദീസിൻെറ അർത്ഥം സംക്ഷിപ്തമായി ചൂണ്ടിക്കാട്ടികൊണ്ട് ആ മാസികയിൽ എഴുതുന്നു:

ومعنى هذا أننا نحكم بالرؤية البصرية مالم نتعلم الحساب فإذا تعلمنا الحساب حكمنا بموجبه

ഈ ഹദീസിന് ഇവർ കൊടുത്ത അർത്ഥം ഇതാണ്: ''ഗോളശാസ്ത്രങ്ങൾ നാം പഠിക്കുന്ന കാലത്തോളം കൺകാഴ്ച അനുസരിച്ച് നാം വിധികല്പിക്കും ഗോളശാസ്ത്രങ്ങൾ നാം പഠിച്ചു കഴിഞ്ഞാലോ, അതിൻെറ അടിസ്ഥാനത്തിൽ നാം വിധി കല്പിക്കുകയും ചെയ്യും'' ഹദീസ് പണ്ഡിതന്മാർ ഈ ഹദീസിനു കൊടുത്ത അർത്ഥം ഇപ്പോൾ തികച്ചും സ്പഷ്ടമായല്ലോ.

ആഗോള വ്യാപാരകുത്തക അറബികളുടെ കയ്യിലായിരുന്നുവെന്നതിന് പല ദൃഷ്ടാന്തങ്ങളും നമ്മുടെ മുമ്പിലുണ്ട്. 'കല്ലായി' ഒരു ശുദ്ധ അറബി പദമാണ്. അർത്ഥം 'തുറമുഖം.' അറബിക്കച്ചവടക്കാർ കൊടുത്തതാണ് ആപേരെന്നുള്ളതിൽ സംശയമില്ല. ഇന്ത്യയിലെ പുളിക്ക് അറബിക്കച്ചവടക്കാരൻ പേരു നല്കി 'തമറുൽ ഹിന്ദ്'. ആ പുളി ഇംഗ്ലീഷുകാരനു വിററപ്പോൾ അറബിവ്യാപാരി അതേ പേരു പറഞ്ഞു കൊടുത്തു. അതാണ് 'tamarind' ആയത്. അറബിവ്യാപാരി ഇവിടെ നിന്ന് വാങ്ങിയ ചന്ദനത്തിന് 'സൻദൽ' എന്ന് പേരു വിളി

ച്ച അറബി വ്യാപാരി. അതേ പേരിൽ ഇംഗ്ലീഷ്കാരനും വിളിച്ചു: അതാണ് sandal.

4000 കൊല്ലം മുമ്പ് ജീവിച്ച ഇബ്രാഹീം നബിയുടെ പൗത്രപുത്രൻ യൂസുഫ് നബിയെ കിണററിൽ നിന്നു പൊക്കിയെടുത്ത് ഈജിപ്തിൽ കൊണ്ടുപോയി വിററത് മക്കായിലെ വ്യാപാരികളായിരുന്നുവെന്ന് തൗറാത്തിൽ (37:25-28) രേഖപ്പെടുത്തീട്ടുണ്ട്. അപ്പോൾ അറബികളുടെ ആഗോള പുരാതന വ്യാപാര കുത്തക ബോധ്യമായല്ലോ.

## അറബികളുടെ ഗോളശാസ്ത്ര പരിചയം

നബിയുടെ ഹദീസു കണ്ടാൽ, അറബികൾക്ക് ഗോളശാസ്ത്ര പരിചയവും നക്ഷത്ര ചലനങ്ങളും ഒട്ടും പരിചയമില്ലെന്നു തോന്നും ചിലർക്ക്. ഹദീസ് മനസ്സിരുത്തി വായിക്കുന്നവർക്ക് മറിച്ചു തോന്നും. കാരണം നവചന്ദ്രനെ ദർശിക്കാൻ കഴിയാതെ വന്നാൽ ഗോളങ്ങളുടെ ചലനങ്ങൾ നോക്കി കണക്കുകൂട്ടി കാര്യം തീരുമാനിക്കാനാണല്ലൊ നബി കല്പിച്ചത്. വാസ്തവത്തിൽ നക്ഷത്രങ്ങളെക്കുറിച്ചു ലോകത്തു ഏററവും പരിചയമുള്ള ജനത അറബികളായിരുന്നുവെന്ന് ചരിത്രകാരൻമാർ രേഖപ്പെടുത്തീട്ടുണ്ട്. പ്രസിദ്ധ അറബി ചരിത്രക്കാരൻ ജോർജ് സൈദാൻ ഇബ്നു ഖുതൈബയെ ഉദ്ധരിച്ചുകൊണ്ടു പറയുന്നു: “ലോകത്തിലെ ജനസമുദായങ്ങളിൽ വെച്ചു നക്ഷത്രങ്ങളുടെയും അവയുടെ ഉദയാസ്തമയങ്ങളേയും കുറിച്ചു ഏററവും കൂടുതൽ ജ്ഞാനം നേടിയിരുന്നതു അറബികളാണ്” (താരീഖ് ആദാബില്ലുഗ- വാ: 1പേ: 178). പ്രസിദ്ധ ശാസ്ത്രജ്ഞൻ ബൈറൂനിയും ഇതേ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ജോർജ്സൈദാൻ അവിടെ വ്യക്തമാക്കിയിട്ടുണ്ട്. ഇതെല്ലാം ഉദ്ധരിച്ച ശേഷം ജോർജ് സൈദാൻ പറയുന്നു: “അറബികൾക്ക് ജ്യോതി ശാസ്ത്രത്തിൽ അഗാധ ജ്ഞാനമുണ്ടായിരുന്നുവെന്ന് ഇതിൽ നിന്നെല്ലാം നമുക്കു മനസ്സിലാക്കാം” (താശീഖുത്തമദ്ദുനിൽ ഇസ്ലാമി- വാ-3; പേ 15) നമ്മുടെ മലയാളം എൻസൈക്ലോപീഡിയ ‘വിശ്വ വിജ്ഞാന കോശ’ത്തിൽ അതാ രേഖപ്പെടുത്തിയിരിക്കുന്നു: “നക്ഷത്രങ്ങളുടെ പഴയ പേരുകൾ അറബി



പ്പേരുകളാണ്” (വാ 7; പേ:481) ഇതെല്ലാം നാമിവിടെ എടുത്തുകാട്ടിയത് ആ യാഥാർത്ഥ്യം വ്യക്തമാക്കാൻ വേണ്ടിയാണ്.

ചന്ദ്രഗതിയെക്കുറിച്ച് അറിവുള്ളവരായിരുന്നു അറബികളെന്ന് പറയുമ്പോൾ വായനക്കാർ ഒരു പക്ഷേ തെററിദ്ധരിച്ചേക്കാം. വാസ്തവത്തിൽ അതിൻെറ പിന്നിൽ ചില കാരണങ്ങളുണ്ട്. അറബികൾക്ക് ഗോളങ്ങളേയും നക്ഷത്രങ്ങളേയും കുറിച്ച് പഠിക്കാതെ ജീവിക്കുക സാദ്ധ്യമായിരുന്നില്ല. അവർ രണ്ടു വിഭാഗക്കാരായിരുന്നു. 1-കച്ചവടക്കാർ. 2-വ്യവസായികൾ. കച്ചവടക്കാർക്ക് അവരുടെ ചരക്കുകൾ ഒട്ടകപ്പുറത്ത് കയററിക്കൊണ്ട് മാർക്കററ് കിട്ടാൻ വേണ്ടി വളരെ ദൂരം യാത്ര ചെയ്യേണ്ടിവന്നു. ആ യാത്ര മിക്കപ്പോഴും കരയിൽ, ചിലപ്പോൾ കടലിലും. രണ്ടാണെങ്കിലും വഴി നിർണ്ണയിക്കാൻ യാതൊരു മാർഗവുമില്ല. അപ്പോൾ നക്ഷത്രങ്ങളെ നോക്കിയിട്ടാണ് അവർ വഴി നിർണയിച്ചിരുന്നത്, കരയിലും കടലിലും. ഒരാൾ യാത്രാ മാർഗ്ഗത്തെക്കുറിച്ച് മറെറാരാളോട് ചോദിച്ചാൽ; ഇന്നനക്ഷത്രം നോക്കി ഇന്നഭാഗത്തേക്ക് യാത്രചെയ്യുക. പിന്നീട് ഇന്നനക്ഷത്രം നോക്കി ഇന്നഭാഗത്തേക്കും എന്നാണ് മറുപടി പറയുക. അപ്പോഴിങ്ങനെ ചെയ്താൽ വഴിതെററാതെ ലക്ഷ്യത്തിലെത്തുകയും ചെയ്യും. ഖുർആൻ എത്രയോ സ്ഥലങ്ങളിൽ ഇതു ചൂണ്ടിക്കാട്ടിയിട്ടുണ്ട്. 27:63-ൽ അല്ലാഹു ചോദിക്കുന്നു: “അതുമല്ലെങ്കിൽ, കരയിലേയും കടലിലേയുംഇരുട്ടുകളിൽ നിങ്ങൾക്ക് വഴികാണിച്ചുതരുന്നതാരാണ്?” 16:16-ൽ ഖുർആൻ പറയുന്നു; “നക്ഷത്രങ്ങളെക്കൊണ്ടാണ് അവർ വഴി മനസ്സിലാക്കുന്നത്.” ഇപ്പോൾ കാര്യം മനസ്സിലായല്ലോ.

ലോക പ്രസിദ്ധ പണ്ഡിതൻ, പരിശുദ്ധഖുർആൻെറ ഇംഗ്ലീഷ് പരിഭാഷകൻ, ‘മക്കായിലേക്കുള്ള പാത’ മുതലായവയുടെ കർത്താവ് അല്ലാമാ മുഹമ്മദ് അസദ്, ഒരിക്കൽ മരുഭൂമിയിലൂടെ സഞ്ചരിച്ചപ്പോഴുണ്ടായ ഭയാനകമായ അനുഭവം വിവരിച്ചതു വായിക്കുമ്പോൾ നാം ഞെട്ടിവിറച്ചുപോകും. അത്രയും അപകടകരമാണ് ആ മണലാരണ്യത്തിലെ യാത്ര. അതുകൊണ്ട്, ചന്ദ്രനേയും നക്ഷത്രങ്ങളേയും മററും പഠിക്കാതെ ജീവിക്കാൻ അവർക്ക് സാദ്ധ്യമായിരുന്നില്ല.

നാം, അഥവാ എന്റെ മുമ്പിലിരിക്കുന്ന ഈ നാലെട്ടു പേർ, അറബികളാണ്;, നമ്മിൽ മിക്കവർക്കും അക്ഷരജ്ഞാനമില്ല. കണക്കറിയില്ല. അതുകൊണ്ട് നവചന്ദ്രോദയത്തെ ആസ്പദമാക്കിക്കൊണ്ട് നോമ്പും പെരുന്നാളും ആചരിക്കുകയേ നമുക്ക് മാർഗമുള്ളു എന്ന നബി അരുളിയതിന് ഹദീസ് പണ്ഡിതന്മാർ ഉചിതമായ വ്യാഖ്യാനം നല്കി. പക്ഷെ അതു നമ്മുടെ മത പണ്ഡിതന്മാർ വായിച്ചു ഗ്രഹിച്ചില്ല. അതല്ലെങ്കിൽ മനപൂർവ്വം മൂടിവെച്ചു. എന്നിട്ട് എന്റെ സമുദായം എന്നും എക്കാലത്തും നിരക്ഷരകുക്ഷികളായിക്കൊണ്ടേ ജീവിക്കുകയുള്ളുവെന്ന് നബി വരം കൊടുത്തിട്ടുണ്ടെന്ന് നമ്മുടെ മതപണ്ഡിതന്മാർ ജനങ്ങളെ ധരിപ്പിച്ചു. അതോടൊപ്പം തന്നെ അറബികൾ വളരെ താഴ്ന്ന ജീവികളാണ്. അവരെന്നും അങ്ങിനെ മാത്രമേ അവർ ജീവിക്കുകയുള്ളുവെന്നും ഇക്കൂട്ടർ ജനങ്ങളെ ധരിപ്പിച്ചു. ഈ രണ്ടു ധാരണകളും അപ്പാടി തെററാണെന്ന് മുസ്‌ലീം സമുദായത്തെ ബോധ്യപ്പെടുത്തുവാനാണ് അറബികളുടെ മഹത്തരങ്ങളായ പാരമ്പര്യങ്ങളും ലോകത്തു അവർക്കുണ്ടായിരുന്ന ഉന്നത പദവികളും നാം എടുത്തുകാട്ടിയത്. ഇബ്നുഹജർ നബിയുടെ ഹദീസിനു മേൽപറഞ്ഞ വിധം വ്യാഖ്യാനം നല്കാൻ കാരണവും ഇതു തന്നെയാണ്. അതുകൊണ്ട് നവചന്ദ്രനെ കണ്ടാൽ മാത്രമേ നോമ്പും പെരുന്നാളും അനുഷ്ഠിക്കാൻ പാടുള്ളുവെന്നോ, അങ്ങനെ നബി കല്പിച്ചിരിക്കുന്നുവെന്നോ മേലിൽ ആരും ധരിക്കരുത്, പറയരുത്. പറയുന്നവരെ ചോദ്യം ചെയ്യണം.

മേൽപറഞ്ഞ ഹദീസിന്ന് അതായതു് നാം 'ഉമ്മി'കളാണ്. നമുക്ക് എഴുത്തും വായനയും അറിവില്ല എന്ന ഹദീസിന്ന് ഇബ്നുഹജർ കൊടുത്ത അർത്ഥം ഇതു തന്നെയാണോ എന്ന് സംശയിക്കുന്നവരുണ്ടാകും. ഇതിന്നു മുമ്പ് കേട്ടിട്ടില്ലാത്തതുകൊണ്ട് സംശയിക്കാനവകാശമുണ്ട്. എന്നാൽ ഇതാകാണുക, മുസ്‌ലീം ലോകത്താകമാനം വിതരണം ചെയ്യപ്പെടുന്നതും മൗലാനാ അബുൽഹസൻഅലീനദ്‌വിയുടെ നേതൃത്വത്തിൽ തയാർ ചെയ്ത് പ്രസിദ്ധീകരിക്കുന്നതുമായ 'അൽബഅസുൽഇസ്ലാമി' 1989 ഏപ്രിൽ മാസത്തിലെ ലക്കത്തിൽ ഈ ഹദീസിന്ന് കൊടുത്ത അർത്ഥം ഇവിടെ ഉദ്ധരിക്കാം.



معنى هذا انما نحكم بالرؤية البصرية مالم نتعلم الحساب فاذا تعلمنا الحساب حكمنا بموجبه

ഈ ഹദീസിന്ന് ഇബ്നുഹജർ കൊടുത്ത അർത്ഥം ഇതാണ്: ''ഗോളശാസ്ത്രം പഠിക്കാത്ത കാലത്തോളം കൺകാഴ്ചകൊണ്ട് (ചന്ദ്രോദയവിഷയത്തിൽ) നാം വിധികല്പിക്കും. ഗോളശാസ്ത്രം നാം പഠിച്ചുകഴിഞ്ഞാലോ അതിന്റെ താല്പര്യമനുസരിച്ചാണ് നാം വിധികല്പിക്കുക.'' ഇപ്പോഴും ഹദീസിന്ന് ഇബ്നുഹജർ കൊടുത്ത അർത്ഥം തന്നെയാണെന്ന് ബോധ്യമായല്ലോ.

## ലോകത്താകമാനം നോമ്പും പെരുന്നാളും ഒരേ ദിനമായിരിക്കണം

ഈ ശബ്ദം കേൾക്കുമ്പോഴേക്ക് ചിലർക്ക് എന്തൊക്കെയോ പരിഭ്രമം. അസംഭവ്യമായതു സംഭവ്യമെന്നു സ്ഥാപിക്കാൻ പോകയാണെന്ന് ചിലർ. നോമ്പും പെരുന്നാളും ലോകത്താകമാനം ഒരേ ദിനത്തിലാക്കണമെന്ന പറയുന്നതു് ശാസ്ത്രസിദ്ധാന്ത വിരുദ്ധമെന്ന മററു ചിലർ.

നോമ്പും പെരുന്നാളുമെല്ലാം ലോകത്തു രണ്ടർദ്ധഗോളങ്ങളിൽ രണ്ടു ദിവസമാക്കാനേ കഴിയുകയുള്ളുവെന്നു അവർ പണ്ടേന്നോ ധരിച്ചുവെച്ചിട്ടുണ്ട്. ആ ധാരണയാണ് അവർക്കുള്ള ആധാരം. വാസ്തവത്തിൽ ചന്ദ്രമാസത്തെ അടിസ്ഥാനമാക്കിക്കൊണ്ടു നിർവ്വഹിക്കുന്ന ആരാധനകളിൽ വളരെ പ്രധാനപ്പെട്ട ഒന്നാണ് ഹജ്ജ്. എല്ലാവരും അതു സമ്മതിക്കുന്നു. അതെല്ലാവരും, രണ്ടർദ്ധഗോള നിവാസികളും ആചരിക്കുന്നതു് ഒരേ ദിനത്തിലും ഒരേ സമയത്തുമാണതാനും. നോമ്പും പെരുന്നാളും രണ്ടർദ്ധഗോളങ്ങളിൽ രണ്ടു വ്യത്യസ്ത ദിനങ്ങളിൽ ആചരിക്കാനേ ന്യായമുള്ളുവെങ്കിൽ ഹജ്ജും അങ്ങനെ രണ്ടു ദിവസങ്ങളിൽ ആചരിക്കാനല്ലേ ന്യായമുള്ളൂ?. വാസ്തവത്തിൽ നടക്കുന്നതിങ്ങനെയാണോ?. രണ്ടർദ്ധഗോളങ്ങളിലുമുള്ളവർ ഒരേ ദിവസമാണ് ഹജ്ജ് നിർവ്വഹിക്കുന്നതു്. അവിടെ ഇവർക്കെന്തുണ്ട് പറയാൻ ന്യായം? ദുൽഹിജ്ജ ഒന്ന് ഇവിടെ പിറക്കുന്നതു ക

രു സമയത്താണെങ്കിൽ അമേരിക്കയിൽ പിറക്കുന്നതു് എത്രയോ മണിക്കൂറുകൾ കഴിഞ്ഞിട്ടാണല്ലോ. എന്നിട്ടുകൂടി രണ്ടു കൂട്ടരും ഒരേസമയത്തു ഹജ്ജ് നിർവഹിക്കുന്നതെങ്ങിനെ?

ഭൂമി ഒരു ഗോളമാണു്. അതു് 24 മണിക്കൂറും കറങ്ങിക്കൊണ്ടേയിരിക്കുന്നു. അതിന്റെ ഒരു വശത്തിനു സൂര്യപ്രകാശം ലഭിച്ചുകൊണ്ടിരിക്കുമ്പോൾ ആ ഭാഗത്തിനു അല്ലെങ്കിൽ ആ അവസ്ഥക്കു് പകൽ എന്നു പേർ പറയുന്നു. മറേറ ഭാഗത്തിനു ആ സമയത്തു സൂര്യപ്രകാശം ലഭിക്കുന്നില്ല. അതു ഇരുട്ടിലായിരിക്കും. ആ ഭാഗത്തിനു് രാവു് എന്നും പറയുന്നു. ഈ രാവും പകലും, രണ്ടും ഒരോ നിശ്ചിത പരിധികൾക്കുള്ളിൽ എപ്പോഴും ഒതുങ്ങി നില്ക്കുന്നില്ല. രണ്ടിന്റെയും പരിധികൾ മാറിക്കൊണ്ടേയിരിക്കുന്നു. മാറിക്കൊണ്ടിരിക്കുന്നതനുസരിച്ചു് നോമ്പിന്റെയും പെരുന്നാളിന്റെയും സമയവും മാറിക്കൊണ്ടിരിക്കുന്നു. ഇതെല്ലാവർക്കുമറിയാം. നോക്കുക: കൃസ്ത്യാനികളുടെ കൃസ്തുമസ്സ് ലോകത്താകമാനം ആചരിക്കുന്നതു് ഒരേ ദിവസമോ രണ്ടുദിവസങ്ങളിലോ? ഒരേ ദിവസം തന്നെ. ആർക്കും സംശയമില്ല. ഇതേ പ്രകാരം നമ്മുടെ രണ്ടു പെരുന്നാൾ ആചരിക്കപ്പെടുന്നതും ലോകത്താകമാനം ഒരേ ദിവസം തന്നെ. ചിന്തിച്ചുനോക്കുക: ഫെസഫിക്ക് സമുദ്രത്തീത്തിന്റെ ഭാഗത്തു് സൂര്യനുദിച്ചുകണ്ടാൽ മലേഷ്യ, സിങ്കപ്പൂർ മുതലായ രാജ്യക്കാർ പെരുന്നാൾ നമസ്കാരം, ബലികർമ്മങ്ങൾ എന്നിവയെല്ലാം ആരംഭിച്ചു കഴിഞ്ഞു. കുറച്ചു കഴിയുമ്പോൾ ഇന്ത്യയിൽ സൂര്യനുദിക്കുന്നു. അപ്പോൾ ഇവിടെയും ആ കർമ്മങ്ങളെല്ലാം നടത്തുന്നു. ചില മണിക്കൂറുകൾ കഴിയുമ്പോൾ ഗൾഫുനാടുകളിൽ സൂര്യനുദിക്കുന്നു. അവിടെയും ഈ കർമ്മങ്ങൾ നടത്തുന്നു അങ്ങനെ സൂര്യൻ നീങ്ങിക്കൊണ്ടിരിക്കുന്നതനുസരിച്ചു അതതുനാട്ടുകാർ ഈകർമ്മങ്ങളെല്ലാം നിർവഹിക്കുന്നു. അങ്ങനെ ചില മണിക്കൂറുകൾ കഴിയുമ്പോൾ ഭൂഗോളത്തിന്റെ മറേറ അദ്ധഭാഗത്തു് സൂര്യൻ തലകാട്ടുന്നു. അപ്പോളവിടെയും പെരുന്നാളനുഷ്ടിക്കുന്നു. അങ്ങനെ സൂര്യൻ നീങ്ങി നീങ്ങി ഒരു ചുററു് എത്തുമ്പോഴേക്കു് ഭൂഗോള നിവാസികളാകമാനം പെരുന്നാളാഘോഷിക്കുന്നു. മറെറാരു വിധത്തിൽ പറയുകയാണെങ്കിൽ, ഒരേ ദിവ



സത്തിൽ, 24മണിക്കൂറിനുള്ളിൽ എല്ലാവരും പെരുന്നാൾ ആഘോഷിക്കുന്നു. ഇതല്ലേ സംഭവിക്കുന്നതു്? ഇതിലാർക്കെങ്കിലും സംശയമുണ്ടോ? പിന്നീടുള്ളതു് നോമ്പാണു്.

ഭൂമി രണ്ടു് അദ്ധഗോളമായിട്ടാണല്ലോ സങ്കല്പിക്കപ്പെടുന്നതു്. ഒന്നു്: ഏഷ്യ ഉൾപ്പെടെയുള്ള അദ്ധഗോളം. രണ്ടു്: അമേരിക്ക ഉൾപ്പെടെയുള്ള അദ്ധഗോളവും. ഇപ്പോൾ സങ്കല്പിച്ചു നോക്കുക: ഒന്നാം അദ്ധഗോള നിവാസികൾക്കു്, റമളാൻ ആരംഭിക്കുന്നതിനുള്ള നവ ചന്ദ്രൻ ദൃശ്യമായി എങ്കിൽ അവർ റമളാനിൽ, റമളാന്റെ ആചാരമുറകളിൽ പ്രവേശിച്ചു കഴിഞ്ഞു. തറാവീഹ് നമസ്കരിച്ചു, പുലർച്ചക്കു (ഫജ്റ്) മുമ്പു് അത്താഴം കഴിച്ചു. പിന്നീടു് ഫജ്റ് മുതൽ നിരാഹാരാനുഷ്ഠാനത്തിൽ പ്രവേശിച്ചു കഴിഞ്ഞു. സൂര്യാസ്തമനം വരെ ആ അവസ്ഥ തുടരും. അങ്ങനെ ഈ ഒന്നാം അദ്ധഗോള നിവാസികൾ നോമ്പിൽ പ്രവേശിച്ചു ഒരു ദിവസം കഴിഞ്ഞിട്ടാണോ രണ്ടാം അദ്ധഗോള നിവാസികൾ നോമ്പിൽ പ്രവേശിക്കുന്നതു്? അല്ല, ഒരിക്കലുമല്ല. ഒന്നാം അദ്ധഗോള നിവാസികൾ റമളാനിൽ പ്രവേശിച്ചു പന്ത്രണ്ടു മണിക്കൂർ കഴിഞ്ഞശേഷം രണ്ടാം അർദ്ധഗോള നിവാസികളും റമളാനിൽ പ്രവേശിക്കുന്നു. അങ്ങനെ രണ്ടു കൂട്ടരും നോമ്പിൽ പ്രവേശിക്കുന്നതു് ഒരേദിവസം തന്നെ. 24 മണിക്കൂറിനുള്ളിൽ. റമളാൻ ഒന്നിനു നവചന്ദ്രൻ ഉദിച്ചു കഴിഞ്ഞാൽ റമളാൻ ഒന്നാം തിയ്യതി ആരംഭിച്ചു കഴിഞ്ഞു. ഈ ഒന്നാം തിയ്യതി തന്നെയല്ലെ രണ്ടാം അദ്ധഗോള നിവാസികളും നോമ്പിൽ പ്രവേശിക്കുന്നതു്? രണ്ടു കൂട്ടരും നോമ്പിൽ പ്രവേശിക്കുന്ന മണിക്കൂറുകൾ ഒന്നല്ല, വ്യത്യസ്തങ്ങളാണെന്നു മാത്രമല്ലെയുള്ളൂ? ഭൂമി ഒരു ഗോളമായതിന്റെ ഫലം മാത്രമാണതു്. അല്ലാതെ മറെറാന്നുമല്ല.

പിന്നീടുള്ളതു്, രണ്ടാം അർദ്ധഗോള നിവാസികൾക്കു് നോമ്പു് അവസാനിപ്പിക്കാൻ കുറച്ചു് മണിക്കൂറുകൾ വൈകും. അതായത്തു് ഒന്നാം അർദ്ധ ഗോളത്തിൽ നവചന്ദ്രൻ ഉദിച്ചപ്പോൾ റമളാൻ ഒന്നാം തിയ്യതി ആരംഭിച്ചുകഴിഞ്ഞല്ലൊ. ഇനി ആ ഒന്നാം തിയ്യതി അവസാനിക്കാൻ 24 മണിക്കൂർകഴിയണം. അഥവാ അടുത്ത പകൽ അവസാനിക്കണം. കൂടുതൽ വ്യക്തമായിപ്പറയുകയാണെങ്കിൽ അടുത്ത പകലിലെ സൂര്യൻ അസ്തമിക്കണം. ഇ

നി അങ്ങനെയല്ല, ഭൂമുഖത്ത് രണ്ടാം അർദ്ധഗോളത്തിലാണ് നവചന്ദ്രൻ ദൃശ്യമായതെങ്കിൽ അതുമുതൽ 24 മണിക്കൂർ കാലയളവ് റമളാൻ 1-ാം തിയ്യതിയാണ്. വാസ്തവത്തിൽ 24 മണിക്കൂർ എന്നല്ല പറയേണ്ടത്. നവചന്ദ്രനെ രാവിൻെറ ആദ്യഘട്ടത്തിലാണല്ലോ കാണുക. ആ രാവ് കഴിഞ്ഞ് പിറേറ ദിവസം സൂര്യനുദിച്ച് അസ്തമിക്കുംവരേയുള്ള കാലയളവ് റമളാൻ ഒന്നാം തിയ്യതിയാണ്. ആ കാലയളവിന്നുള്ളിൽ ഭൂ നിവാസികളായ മുസ്‌ലിംകൾ മുഴുവനും നോമ്പിൽ പ്രവേശിക്കുന്നു. പക്ഷെ ഏതു് അർദ്ധഗോളത്തിലാണോ ചന്ദ്രൻ ദൃശ്യമായതു് അതിൻെറ മറുവശത്തുള്ള അർദ്ധഗോള നിവാസികൾക്ക് നോമ്പവസാനിപ്പിക്കാൻ ഈ 24 മണിക്കൂറിന്നുള്ളിൽ കഴിയുകയില്ല. കുറച്ചു മണിക്കൂറുകൾ പിന്നേയും കഴിയേണ്ടിവരും. അതായതു മറുപക്ഷക്കാരുടെ വീക്ഷണത്തിൽ. അത്രയേയുള്ളൂ. ചുരുക്കത്തിൽ ഇതൊരാപേക്ഷിക കാര്യമാണ്. അമേരിക്കൻ അർദ്ധഗോള നിവാസികൾക്ക് 24 മണിക്കൂറിൽ റമളാൻ അവസാനിപ്പിക്കാൻ കഴിയുകയില്ല, നമ്മുടെ അഥവാ ഒന്നാം അർദ്ധഗോള നിവാസികളുടെ വീക്ഷണത്തിൽ. അത്രയേയുള്ളൂ. എന്നാൽ അക്കാരണം കൊണ്ട് രണ്ടാംഅർദ്ധ ഗോള നിവാസികൾ നോമ്പ് നോല്ക്കുന്നത് ഒന്നാം അർദ്ധഗോള നിവാസികൾ നോമ്പ് നോററതിൻെറ പിറേറന്നാണെന്ന് പറയാൻ പാടുണ്ടോ? ഇല്ല. ഒന്നാം തിയ്യതി തന്നെയാണ് അവരും നോമ്പിൽ പ്രവേശിച്ചത്. അതായതു് ഇവർ രണ്ടു കൂട്ടരും നോമ്പ് ആരംഭിച്ചതു് 1-ാം തിയ്യതി തന്നെയാണ്. പിന്നീടുള്ളത് ചില നീക്കു പോക്കുകളാണ്.

രണ്ടർദ്ധഗോള നിവാസികളുടേയും നോമ്പ് ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്നത് വ്യത്യസ്ത സമയങ്ങളിലാണ്. ആ നിലപാട് നോക്കുമ്പോൾ ഹജ്ജ് കർമ്മങ്ങൾ നിർവ്വഹിക്കുന്നതും വ്യത്യസ്ത സമയങ്ങളിലായിരിക്കണം. കാരണം ഇവിടെ ദുൽഹിജ്ജ 9 ആരംഭിച്ചതും അവിടെ ആരംഭിച്ചതും 12 മണിക്കൂർ വ്യത്യാസത്തിലാണെങ്കിൽ നമ്മുടെ അറഫാ പകലും അവരുടെ അറഫാ പകലും രണ്ടു വ്യത്യസ്ത മണിക്കൂറുകളിലായിരിക്കണമല്ലോ. എന്നാൽ നടക്കുന്നതങ്ങിനെയാണോ? അല്ല. 1-ാം അർദ്ധഗോള നിവാസികളുടെ വീക്ഷണമനുസരിച്ചുള്ള ദുൽഹിജ്ജ ഒമ്പതാം പകലാണ് അമേരിക്കക്കാരനും ഏഷ്യക്കാരനുമെല്ലാം



അറഫാ ദിനം ആചരിക്കുന്നതു്. അല്ലെന്നു പറയാൻ ആക്കെങ്കിലും ഒരുക്കമുണ്ടോ? ഇല്ല അപ്പോൾ അവിടെ ഇസ്‌ലാം മതം ചെയ്യതെന്താണ്? ഒരുനീക്കുപോക്കുവരുത്തി. ആഗോള മുസ്‌ലിംകളെ ഒന്നായി ഒരേയിടത്തു് ഒരേ സമയത്തു് സമ്മേളിപ്പിക്കാനാണ് മതം പ്ലാനിട്ടതു്. ആ പ്ലാൻ നടക്കാൻ വേണ്ടി ചില നീക്കുപോക്കുകൾ വരുത്തി. അതായത് രണ്ടർദ്ധഗോളങ്ങളിലുമുള്ളവർ മക്കായിൽ അഥവാ അറഫായിലും മിനായിലും ഒരേ സമയത്തു സമ്മേളിക്കണമെന്ന് കല്പിച്ചു. മനുഷ്യരുടെ സൗകര്യത്തിനു വേണ്ടി ഇങ്ങനെ നീക്കു പോക്കുകൾ വരുത്തുന്ന പതിവ് ഇസ്‌ലാം മതത്തിലും ലോകത്തിലെ രാജ്യ ഭരണ നിയമങ്ങളിലും ധാരാളം കാണാം.

യാത്രക്കാൎക്ക് സൗകര്യത്തിനു വേണ്ടി ഒരു നമസ്കാരം മറെറാരു നമസ്കാരത്തിൻെറ സമയത്തേക്ക് മാററിവെക്കാൻ അനുവദിച്ചു. അതാണ് ജംഅ്. അതോടൊപ്പം തന്നെ നാലുറക്അത്തുള്ള നമസ്കാരം രണ്ടുറക്അത്താക്കിച്ചുരുക്കി നമസ്കരിക്കാനും അനുവദിച്ചു. മാത്രമല്ല, യാത്രക്കാരനു് നമസ്കരിക്കാൻ വുളു ചെയ്യേണ്ടതില്ല, തയമ്മും ചെയ്താൽ മതി. ഖിബ്‌ല പാലിക്കേണ്ടതില്ല; എങ്ങോട്ടു് തിരിഞ്ഞും നമസ്കരിക്കാം, സുജൂദും, റുകൂഉം ചെയ്യാൻ സൗകര്യമില്ലെങ്കിൽ ആംഗ്യം കാണിച്ചാൽ മതി. ഇതെല്ലാം അതിനുദാഹരണങ്ങളാണ്. പോരെങ്കിലിതാ മറെറാരുദാഹരണം: വെള്ളിയാഴ്ച ദിവസം പെരുന്നാൾ വന്നാൽ പെരുന്നാൾ നമസ്കാരം മതി, ജുമുഅ ആവശ്യമില്ലെന്നു് നബി അനുവദിച്ചിരിക്കുന്നു. അതടിസ്ഥാനമാക്കിക്കൊണ്ട് ഇമാം ഇബ്‌നുതൈമിയ്യ മുതൽ പലരും ഫത്ത്‌വകളിറക്കുകയും ചെയ്തിരിക്കുന്നു. ഇബ്‌നുതൈമിയ്യയുടെ ഫത്ത്‌വയിലെ വാചകം ഇതാണ്'''.

ان من شهد العيد سقطت عنه الجمعة

''വല്ലവനും പെരുന്നാൾ നമസ്കാരത്തിന്നു് ഹാജരായാൽ പിന്നീടവന്നു് ജുമുഅ നമസ്കാരത്തിൻെറ ബാധ്യതയില്ല''. (ഫത്താവാ ഇബ്‌നുതൈമിയ്യ വാല്യം-1 പേജ്-150).

ലോകത്താകമാനം പെരുന്നാളും നോമ്പും ഒരേ ദിവസം ആചരിക്കുവാൻ കല്പിക്കുകയല്ലാതെ, ഒരിക്കലും ഇസ്ലാം മതം തട

സ്സപ്പെടുത്തിയിട്ടില്ലെന്ന് ഇപ്പോൾ വ്യക്തമായല്ലോ. നീക്കുപോക്കിന്ന് ഇതാ മറ്റൊരുദാഹരണം:

റമസാൻ ഒന്നിനു സൂര്യൻ അസ്തമിക്കുന്നതും നവ ചന്ദ്രൻ ഉദിച്ചുകാണുന്നതും ഒരേ നിമിഷത്തിലാണൊ? അല്ല. രണ്ടിനുമിടയിൽ ഒരു ഇടവേളയുണ്ട്. സൂര്യൻ അസ്തമിച്ച് കുറേമിനുട്ടുകഴിഞ്ഞ ശേഷമാണ് ചന്ദ്രൻ ഉദിച്ചുകാണുന്നത്. ഇപ്പോൾ നോക്കുക സൂര്യാസ്തമനത്തിന്നും ചന്ദ്രോദയത്തിനുമിടയിലുള്ള ആ ഇടവേള ഏതു മാസത്തിൽപ്പെട്ടതാണ്? ഉദാഹരണമായിപ്പറയുകയാണെങ്കിൽ ആ ഇടവേള ശഅബാനോ റമളാനോ? ശഅബാനല്ല. കാരണം, സൂര്യൻ അസ്തമിച്ചപ്പോൾ ശഅബാൻ അവസാനിച്ചു കഴിഞ്ഞു. റമളാൻ പിറക്കണമെങ്കിലോ നവ ചന്ദ്രൻ ഉദിക്കുകയും വേണം, അപ്പോൾ അവിടെ ഇസ്ലാം മതം ചിലനീക്കുപോക്കുകൾ വരുത്തി. ഇനിയും കാണുക:

ഹിജ്റ വർഷം ആരംഭിക്കുന്നതെന്നാണ്? മുഹർറം ഒന്നുമുതൽ. വാസ്തവത്തിൽ നബി ഹിജ്റ പോയത് മുഹർറം ഒന്നിനാണോ? അല്ല. റബീഉൽ അവ്വൽ മാസത്തിലാണ്. ആ സ്ഥിതിക്ക് റബീഉൽ അവ്വൽ ഒന്നുമുതൽക്കാണല്ലോ ഹിജ്റ വർഷത്തിന്റെ ആരംഭം കണക്കാക്കേണ്ടത്. എന്നാൽ ഹിജ്റ കണക്കാക്കുന്നത് അങ്ങിനെയാണോ! അല്ല. മുഹർറം ഒന്നു മുതൽക്കാണ്, ഹിജ്റ വർഷം ആരംഭിക്കുന്നത്. കാരണമെന്താണ്? അറബികൾ പുരാതന കാലം മുതൽക്കുതന്നെ വർഷാരംഭം കണക്കാക്കിയിരുന്നത് മുഹർറം ഒന്നു മുതൽക്കാണ്. അപ്പോൾ അതനുസരിച്ച് ഹിജ്റ വർഷാരംഭത്തിലും നീക്കുപോക്കുകൾ നടത്തി. അങ്ങനെ പല നീക്കുപോക്കുകളും ഇസ്ലാമിൽ കാണാം. അതിൽ പുതുമയൊന്നുമില്ല.

## ശാസ്ത്ര ദൃഷ്ടിയിൽ ചന്ദ്രോദയം

ഖുർആൻ, ഹദീസ്, പ്രമുഖ മതപണ്ഡിതന്മാരുടെ വീക്ഷണങ്ങൾ ഇവ ഉദ്ധരിച്ചുകൊണ്ട് യാഥാർത്ഥ്യം ബോദ്ധ്യപ്പെടുത്താനേ ഞാൻ ഉദ്ദേശിച്ചിട്ടുള്ളു. ശാസ്ത്രത്തിന്റെ വിധികളിലേക്ക് പ്രവേശിക്കാനോ ചർച്ചചെയ്യാനോ ഒരുങ്ങിയിട്ടില്ല.




അതിനുള്ള കഴിവും എനിക്കില്ല. എന്നിരുന്നാലും ശാസ്ത്രത്തിന്റെ ചില അടിസ്ഥാന സിദ്ധാന്തങ്ങൾ എടുത്തുകാട്ടുന്നതു നല്ലതാണല്ലോ. കൂടുതൽ വെളിച്ചം കിട്ടാൻ അതുപകരിക്കും.

എന്റെ അറിവിൽ പെട്ടിടത്തോളം ജ്യോതി ശാസ്ത്രത്തിൽ വിദഗ്ദനായിരുന്നു പരേതനായ പ്രൊഫസർ എൻ. വി. ബീരാൻ സാഹിബ്. അദ്ദേഹം നോമ്പും പെരുന്നാളുമെല്ലാം അനുഷ്ഠിച്ചിരുന്നതു് ശാസ്ത്ര സിദ്ധാന്തമനുസരിച്ചായിരുന്നു. പക്ഷെ അദ്ദേഹം അതു് വിളംബരം ചെയ്തിരുന്നില്ല. അദ്ദേഹത്തിന്റെ വിയോഗാനന്തരം ആ സ്ഥാനം വഹിക്കുന്നതു് P.S.M.O. കോളേജ് പ്രിൻസിപ്പൽ ആയിരുന്ന അഹമ്മദ് കുട്ടി സാഹിബാണ്. അദ്ദേഹവും ബീരാൻ സാഹിബിന്റെ മാർഗ്ഗം തന്നെയാണ് സ്വീകരിച്ചിട്ടുള്ളതു്. തന്റെ സിദ്ധാന്തമനുസരിച്ച് അദ്ദേഹം പ്രവർത്തിക്കും. ആരുമായും വിവാദത്തിനിറങ്ങാൻ അദ്ദേഹം ഉദ്ദേശിക്കുന്നില്ല. ഞാനദ്ദേഹത്തെ സന്ദർശിച്ചപ്പോൾ ശാസ്ത്രത്തിന്റെ ചില അടിസ്ഥാന സിദ്ധാന്തങ്ങൾ അദ്ദേഹം എടുത്തുകാട്ടി. അതായതു് ചന്ദ്രനെ ദർശിക്കുവാൻ സാദ്ധ്യതയുള്ള മേഖലകളും സാദ്ധ്യതയില്ലാത്ത മേഖലകളും ചൂണ്ടിക്കാട്ടി. ചില കുറിപ്പുകളും എഴുതിത്തന്നു. ആ രേഖയും കുറിപ്പുകളുമാണ് ഇവിടെ കാണിക്കുന്നതു്.

ഈ രേഖയിൽ ചെറിയ ചെറിയ വരകളിട്ട ഒരു മേഖല കാണാം, കിഴക്കുഭാഗത്ത്. ആ മേഖലയിൽ സൂര്യനസ്തമിക്കുന്നതിനു മുമ്പു തന്നെ ചന്ദ്രനസ്തമിക്കുന്നു. A B എന്നീ രണ്ടക്ഷരങ്ങളോട് തൊട്ടു് കിടക്കുന്ന രേഖയുടെ കിഴക്കുഭാഗത്തു് ചന്ദ്രനെ കാണാൻ സാധ്യതയില്ല. ആ രേഖയുടെ പടിഞ്ഞാറുഭാഗത്ത് മാത്രമേ നവ ചന്ദ്രനെ കാണാൻ സാധ്യതയുള്ളു. അതുസംബന്ധിച്ച് അദ്ദേഹം എഴുതിത്തന്ന കുറിപ്പുകൾ താഴെ കൊടുക്കുന്നു.

A B എന്ന രേഖയുടെ പടിഞ്ഞാറ് ഭാഗത്ത് സൂര്യാസ്തമയശേഷം ചന്ദ്രൻ അസ്തമിക്കുന്നു. അതായത് ഹിലാൽ ദൃശ്യമാകുന്നു. ആ രേഖയുടെ കിഴക്കുള്ള എല്ലാ പ്രദേശങ്ങളിലും സൂര്യാസ്തമയത്തിനുമുമ്പ് ചന്ദ്രാസ്തമയം ഉണ്ടാകുന്നു. അതുകൊണ്ട് ആ മേഖലയിൽ ഹിലാൽ ദൃശ്യമാകയില്ല. ഇപ്പറഞ്ഞ രേഖ ഒരു സ്ഥിരമായ രേഖയല്ല. ഓരോ വർഷവും ഓരോ മാസവും അതിന്റെസ്ഥാനം മാറിക്കൊണ്ടിരിക്കും.



ഇതാണദ്ദേഹം എഴുതിത്തന്ന കുറിപ്പുകൾ. അഹമ്മദ്കുട്ടി സാഹിബ് ഈ വിഷയം സംബന്ധിച്ച് ചില ലേഖനങ്ങളും ചെറു പുസ്തകങ്ങളുമെല്ലാം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ചന്ദ്രമാസം നിർണ്ണയിക്കുവാൻ മലബാറിലെ മത പണ്ഡിതൻമാർ നടത്തിയ ശ്രമങ്ങൾ

ഈ പുസ്തകത്തിന്റെ അവസാന പേജുകൾ എഴുതിക്കൊണ്ടിരുന്നപ്പോൾ എനിക്ക് ഒരു ചെറു പുസ്തകം കിട്ടി. കണ്ണൂർ ജില്ല പഴയങ്ങാടിയിലെ പ്രസിദ്ധ മത പണ്ഡിതനും ചിന്തകനുമായിരുന്ന കുഞ്ഞഹമ്മദ് ഹാജി രചിച്ചതാണത്. ശാസ്ത്രം കൊണ്ട് മാസ നിർണ്ണയം ചെയ്യാമെന്ന് ആ പുസ്തകത്തിൽ അദ്ദേഹം സ്ഥാപിക്കാൻ ശ്രമിച്ചിരിക്കുന്നു. 1939-ലാണ് ആ പുസ്തകം പ്രസിദ്ധീകരിച്ചിരിക്കുന്നത്. അവിടത്തെ ഒരു പള്ളി ജമാഅത്ത് കമ്മററിയാണ് പ്രസാധകന്മാർ. പുസ്തകത്തിന്റെ പേര് 'ഹിലാൽ' എന്നാണ്. പേരിന്റെ താഴെ പുസ്തകം പരിചയപ്പെടുത്തിയിരിക്കുന്നതിങ്ങനെയാണ്: "നക്ഷത്രക്കണക്ക് കൊണ്ട് നോമ്പ് പിടിക്കാമെന്നു തെളിയിക്കുന്ന വിജ്ഞാനപ്രദമായ ഒരു സംവാദം".



1965 ൽ ഞങ്ങളൊരു പുസ്തകം എഴുതി പ്രസിദ്ധീകരിച്ചു. അതിൽ ഈ വിഷയം കുറേ വിസ്തരിച്ചെഴുതുകയും ശാസ്ത്ര സിദ്ധാന്തം സ്വീകരിക്കുന്നത് മതം അനുകൂലിച്ചിട്ടുണ്ടെന്നു സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. അതായത് 'ഇസ്ലാം ഒരു സമഗ്ര പഠനം' പല തെററിദ്ധാരണകളും നീക്കാൻ ആ പുസ്തകം ഉപകരിച്ചുവെന്നു ഞങ്ങൾക്കറിയാം.

ശാസ്ത്ര സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് നോമ്പും പെരുന്നാളും അനുഷ്ഠിക്കാൻ പാടില്ലെന്നാണ് ഒരു പക്ഷം മുസ്ലീം മത പണ്ഡിതന്മാരുടെ വാദം. എന്നാൽ അവർ തന്നെ അറിയാതെ അതംഗീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

### കോഴിക്കോട് വലിയ ഖാസി

തിരൂരങ്ങാടി P. S. M. O. കോളേജ് പ്രിൻസിപ്പാൾ K. അഹമ്മദ്കുട്ടി സാഹിബിന്റെ മാസപ്പിറവി സംബന്ധിച്ച ഒരു പുസ്തകം റവ്യൂ ചെയ്തപ്പോൾ വലിയ ഖാസി ശിഹാബുദ്ധീൻ ഇമ്പിച്ചി കോയത്തങ്ങൾ 'ചന്ദ്രിക'യിലെഴുതി:

''മാസപ്പിറവിയെന്ന പേരിൽ പ്രൊഫസർ K. അഹമ്മദ് കുട്ടി, പ്രിൻസിപ്പാൾ P. S. M. O. കോളേജ്, തിരൂരങ്ങാടി എഴുതിയ ചെറിയ പുസ്തകം വായിക്കാനിടയായി. മാസപ്പിറവിയുടെ സമയവും അതു് അസ്തമിക്കുന്ന സമയവും സൂര്യാസ്തമയവും വിവരിച്ചതു് നന്നായിട്ടുണ്ട്. ഗണിച്ചു, സൂര്യചന്ദ്രന്മാരുടെ ഉദയാസ്തമയങ്ങൾ പ്രവചിക്കുന്ന സമ്പ്രദായം പുത്തരിയല്ല., ലോകാരംഭം മുതൽ തന്നെ അതു കാണാൻ കഴിയു

ന്നതാണ് എന്നുപറഞ്ഞാൽ തെറ്റാവുന്നതല്ല. ഇമാം ഖസ്‌വീനി, അന്ത്യനാൾ വരെയുള്ള അറബി മാസപ്പിറവി, കണ്ടുപിടിക്കാനുള്ള സൂത്രം എടുത്തു പറഞ്ഞിട്ടുണ്ട്.''

## 'അൽമനാർ' ഭാരവാഹികളും സമ്മതിക്കുന്നു

1989- ആഗസ്റ്റ് മാസത്തിലെ അൽമനാർ, പേജ് 29-ൽ അവരെഴുതുന്നു:

''കണക്കിന്റെ അടിസ്ഥാനത്തിൽ മാത്രം ഊന്നി നിന്ന് മാസപിറവി പ്രഖ്യാപിക്കാൻ ഒരു ഖഗോളശാസ്ത്ര പണ്ഡിതന്റെ സഹകരണം ഉണ്ടായാൽ മതി, നൂറ്റാണ്ടുകളിലെ മാസപ്പിറവികൾ ഒരു മണിക്കൂർ കൊണ്ട് പ്രഖ്യാപിക്കാൻ കഴിയും'' ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ചന്ദ്രമാസം നിർണ്ണയിക്കുന്നതിനോടു ഇവരെല്ലാവരും യോജിക്കുന്നുവെന്നതിന്റെ അനിഷേധ്യ രേഖകളാണല്ലോ ഇതെല്ലാം.

## നോമ്പ്-പെരുന്നാൾ ആഘോഷങ്ങൾ ഏകീകരിക്കുവാനും ഭിന്നിപ്പുകൾ അവസാനിപ്പിക്കാനും വേണ്ടി ലോക മുസ്‌ലിം നേതാക്കൾ നടത്തിയ ശ്രമങ്ങൾ

അജ്ഞനാന്ധകാരത്തിൽ ആണ്ടു കിടന്നിരുന്ന മുസ്ലിം സമുദായത്തെ ഉയിർത്തെഴുന്നേല്പിക്കാൻ ഒന്നാമതായി ലോകത്ത് എഴുന്നേറ്റു നിന്നത്. അല്ലാമാ ജമാലുദ്ദീൻ അഫ്ഗാനിയാണ്. ലോകത്താകമാനം സഞ്ചരിച്ച് അദ്ദേഹം അതിനു കൊണ്ടുപിടിച്ച പല ശ്രമങ്ങളും നടത്തി. ഇന്നീക്കാണുന്ന ഉണർവുകൾക്ക് മൂലകാരണം അതാണ്. അഫ്ഗാനിയുടെ ഏറ്റവുമടുത്ത ശിഷ്യനായിരുന്ന ഈജിപ്തിലെ മുഫ്തി മുഹമ്മദ് അബ്ദു. ആ പരിശ്രമങ്ങൾ ഫലപ്രദമാക്കാൻവേണ്ടി അദ്ദേഹം തയ്യാർ ചെയ്തതാണ് 'അൽമനാർ തഫ്സീർ.' ആ തഫ്സീറിൽ, ഏതാണ്ട് ഒരു നൂറ്റാണ്ടുമുമ്പുതന്നെ നോമ്പും പെരുന്നാളും ഗോളശാസ്ത്രസിദ്ധാന്തങ്ങൾക്കനുസരിച്ച് നടത്തേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറഞ്ഞിട്ടുണ്ട് (ഈ പുസ്തകം പേജ് 54 നോക്കുക.) പക്ഷെ അദ്ദേഹത്തിന്റെ കാലശേഷം അതു് പ്രവർത്തിയിൽ വരുത്താനുള്ള ശ്രമം നടന്നില്ല. സഊദ് രാജകുടുംബത്തിലെ ഫൈസൽ രാജാ



വ് അതിബുദ്ധിമാനായിരുന്നു. മുസ്ലിം സമുദായത്തെ ഉദ്ധരിക്കാനും അവർക്കിടയിലുള്ള ഭിന്നിപ്പുകൾ അവസാനിപ്പിക്കാനും എതിർ ശക്തികളിൽ നിന്ന് അവരെ മോചിപ്പിക്കാനും വേണ്ട പല പദ്ധതികളും പരിപാടികളും അദ്ദേഹം ആസൂത്രണം ചെയ്തു. അക്കൂട്ടത്തിൽ ഒന്നാണ് 'റാബിത്താ'യുടെ (മുസ്ലിം വേൾഡ് ലീഗ്) രൂപവൽക്കരണം. ഒറ്റപ്പെട്ടും ഭിന്നിച്ചും കിടന്നിരുന്ന സമുദായ വിഭാഗങ്ങളെ ഉദ്ധരിക്കാൻ പല പദ്ധതികളും പരിപാടികളും റാബിത്ത ആവിഷ്കരിച്ചു. അതിലൊന്ന് നോമ്പ്-പെരുന്നാൾ ഏകീകരിക്കുവാനുള്ള മാർഗ്ഗങ്ങളും നടപടികളുമാണ്, ആദ്യമായി 1978-ൽ ഇസ്തംബൂളിൽ വെച്ച് 'ഇസ്ലാമിക് കലണ്ടർ കോൺഫറൻസ്'' സംഘടിപ്പിച്ചു. അതിൽ ഒരു പ്രമേയം പാസാക്കി: നവ ചന്ദ്രൻ ഉദിച്ചുകാണുന്നതിന് ഒരു പ്രത്യേക ദേശനിർണ്ണയമില്ല, ഭൂമുഖത്ത് ഏതെങ്കിലും ഒരിടത്ത് നവ ചന്ദ്രോദയം സംഭവ്യമാണെന്ന് ബോധ്യമായാൽ ചന്ദ്രമാസം അതുമുതൽ ആരംഭിച്ചുകഴിഞ്ഞു, അതിനപ്പുറമൊന്നും ചിന്തിക്കേണ്ടതില്ല എന്നായിരുന്നു പ്രമേയം. ആ പ്രമേയം 1985 വരെ നടപ്പിൽ വരുത്തിയില്ല. പിന്നീട് ഈ വിഷയത്തെക്കുറിച്ചു ചിന്തിച്ചു കൂടുതൽ തീരുമാനമെടുക്കാൻ രൂപവൽകൃതമായ 'ഇസ്‌ലാമിക് ഫിഖ്ഹ് കൗൺസിൽ' ചർച്ച് ചെയ്തു പടിപടിയായി മുമ്പോട്ടു നീങ്ങിക്കൊണ്ടിരുന്നു. ആദ്യമായി സഊദി എയർലൈൻസിന്റെ വക ഒരു കലണ്ടർ അച്ചടിച്ചു വിതരണം ചെയ്തു. ഗോളശാസ്ത്ര സിദ്ധാന്തങ്ങളുടെ അടിസ്ഥാനത്തിൽ ചന്ദ്രമാസവും, ചന്ദ്രോദയവും ചൂണ്ടിക്കാട്ടിക്കൊണ്ട്. പക്ഷെ റാബിത്ത ഉദ്ദേശിച്ച വിധത്തിലുള്ള കലണ്ടർ ഇന്നും പുറത്തിറക്കിട്ടില്ല. അതിനുള്ള ശ്രമങ്ങളും ചർച്ചകളും നടന്നുകൊണ്ടിരിക്കുക തന്നെയാണ്. അതിനിടക്ക് മുസ്ലിം ലോകത്തെ ഈ സംരംഭം ബോധ്യപ്പെടുത്താൻ വേണ്ടി പ്രചരണങ്ങളും പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ലോകമുസ്ലിം പണ്ഡിതന്മാർ പഴയ ചിന്താഗതിക്കാരായതുകൊണ്ട് അവരുടെ ശ്രദ്ധക്ഷണിക്കുവാനാണ് ഈ പ്രചരണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതു്. ഇക്കാര്യങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ ലോകത്തിലെ പത്രങ്ങളിൽ വന്നുകൊണ്ടിരുന്നു. 1989 ഡിസംബർ ഏഴിലെ 'ചന്ദ്രിക'യിൽ വന്ന റിപ്പോർട്ടിതാ:

"ജിദ്ദ: നമസ്കാര സമയങ്ങളും അറബിമാസാരംഭവും കാണിക്കുന്ന ആനുകാലിക കലണ്ടർ തയ്യാറാക്കുന്നതിന് റാബിത്തായുടെ കീഴിലുള്ള 'ഫിഖ്ഹ് കൗൺസിൽ' തീരുമാനിച്ചു.

മുഴുവൻ ഇസ്‌ലാമിക- അറബി രാഷ്ട്രങ്ങൾക്കും പ്രയോജനപ്പെടും വിധമാണിത് തയ്യാറാക്കുക. നോമ്പ്, പെരുന്നാൾ തുടങ്ങിയവ ഗോള ശാസ്ത്രത്തെ ആധാരമാക്കിയുള്ളതായിരിക്കും, ഈ കലണ്ടർ എന്ന് ഫിഖ്ഹ് സമിതി ഡയറക്ടർ ഡോ: തലാൽ ബൊഫഖി വ്യക്തമാക്കി.

നമസ്കാര സമയവും ഖിബ്‌ലയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പട്ടികയും തയ്യാറാക്കുന്നുണ്ട്. ആഫ്രിക്കൻ രാഷ്ട്രങ്ങൾ, അർജൻറീന, യൂഗോസ്ലാവിയ, ജർമനി എന്നീ രാജ്യങ്ങൾക്ക് ഇത്തരത്തിലുള്ള പട്ടിക ഫിഖ്ഹ് സമിതി ക്രോഡീകരിച്ചിട്ടുണ്ട്. ഗ്രീനിച്ച് സമയത്തിനുപകരം മക്കയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള കലണ്ടറിനാണ് ഇപ്പോൾ രൂപം നല്കാൻ ഉദ്ദേശിക്കുന്നത്". 25.10.85ലെ 'ശബാബിൽ' വന്ന റിപ്പോർട്ടിതാ:

"മക്ക: ഹിജ്റ കലണ്ടർ ഏകീകരിക്കുന്ന കാര്യം ചച്ച് ചെയ്യാൻ ഇവിടെ O.I.C. (ഓർഗനൈസേഷൻ ഫോർ ഇസ്‌ലാമിക്ക് കോൺഫറൻസ്) യുടെ നിർദ്ദേശപ്രകാരം സഊദീഹജ്ജ്_വഖഫ് മന്ത്രാലയം യോഗം സംഘടിപ്പിച്ചു. ചന്ദ്രമാസത്തിൻെറ തുടക്കം ഉറപ്പാക്കുവാൻ ഒരോ സ്ഥലങ്ങളിൽ പ്രത്യേകം ചന്ദ്രപ്പിറവി കാണേണ്ട ആവശ്യമില്ലെന്നും ഭൂമിയുടെ ഏതുഭാഗത്തു കണ്ടാലും അതു എല്ലാ രാജ്യങ്ങൾക്കും ബാധകമാക്കാമെന്നുമാണ് യോഗത്തിലെ ശ്രദ്ധേയമായ തീരുമാനം. പുതിയ കലണ്ടർ എല്ലാ മുസ്ലീം രാഷ്ട്രങ്ങളിലേക്കും ന്യൂനപക്ഷ രാഷ്ട്രങ്ങളിലേക്കും താമസിയാതെ അയച്ചു കൊടുക്കുമെന്നും സംഘാടകർ പറഞ്ഞു.

1978-ൽ തുർക്കിയിലെ ഇസ്തംമ്പൂളിൽ വെച്ചായിരുന്നു ഈ വിഷയകമായ ആദ്യത്തെ യോഗം ചേർന്നത്. നോമ്പ്, ഈദുൽ ഫിത്ർ, അറഫാനോമ്പ്, ബലിപെരുന്നാൾ, മുഹറം മാസത്തിലെ നോമ്പ് എന്നിവയിൽ ഈകലണ്ടറനുസരിച്ച് മാസ നിർണ്ണയം ചെയ്താൽ ഏകീകരണമുണ്ടാകും. ശൈഖ് ഇബ്നുബാസായിരുന്നു അദ്ധ്യക്ഷൻ"



അതിനിടക്ക് മലേഷ്യൻ യൂനിവേഴ്സിറ്റിയിലെ പ്രൊഫസർ മുഹമ്മദ് ഇൽയാസ് പത്തുകൊല്ലത്തെ അശ്രാന്ത പരിശ്രമങ്ങളുടെ ഫലമായി ലോകത്തിലെ എല്ലാനാടുകളിലും നോമ്പ്, പെരുന്നാൾ, നമസ്കാര സമയങ്ങൾ ഇവയെല്ലാം നിർണ്ണയിച്ചു കൊണ്ടുള്ള ഒരു ഗ്രന്ഥം പ്രസിദ്ധീകരിച്ചു. അതിൻെറ കോപ്പികൾ റാബിത്തായുടെ കീഴിലുള്ള 'മുസ്‌ലീം വേൾഡ് ന്യൂസി'നും, ഗ്രീനിച്ചിലേക്കും റവ്യൂ നടത്താൻ അയച്ചുകൊടുത്തു. ഗ്രീനിച്ച് മാഗസിൻെറ പത്രാധിപർ ഈ ശ്രമത്തെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് റിവ്യൂ പ്രസിദ്ധീകരിച്ചു. അതേ പ്രകാരം റാബിത്തക്കയച്ച കോപ്പി 'മുസ്‌ലീം വേൾഡ് ന്യൂസ്', അങ്ങേയററത്തെ അഭിനന്ദനത്തോടെ റവ്യൂ ചെയ്തു. അതിൽ പറയുന്നു:

"In our times, however, astronomy is a sadly neglected field. Mohammed Ilyas is the sole Muslim Astronomer who has devoted his time to serious research on the astronomical poroblems of Muslim society. For almost a decade, Ilyas has been working on developing a systematic international Islamic calendar". അതെതുടർന്നെഴുതി: "Ilyas's own work is distinguishedly both: very scientific and very Islamic"

1989-ൽ ഇതേ Dr.Ilyas ൻെറ പരിശ്രമഫലമായി മലേഷ്യയിൽ, മുസ്ലീം പണ്ഡിതന്മാരുടെ ഒരു സെമിനാർ സംഘടിപ്പിച്ചു. മൗലാനാ അബുൽ ഹസൻ അലീനദ്‌വിയുടെ നേതൃത്വത്തിലുള്ള ലക്നോവിലെ മഹാവിദ്യാലയത്തിലെ പ്രതിനിധിയായി ശൈഖ് മുഹമ്മദ് ബുർഹാനുദ്ദീൻ അവർകളെയാണ് അയച്ചത്. അദ്ദേഹം തിരിച്ചു വന്ന ശേഷം സെമിനാർ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ മൗലാനാ നദ്‌വിയുടെ നേതൃത്വത്തിൽ തന്നെപ്രസിദ്ധീകരിക്കുന്ന മാസിക 'البعث الاسلامي' യിൽ 1989 ഏപ്രിൽ ലക്കത്തിൽ പ്രസിദ്ധീകരിച്ചു. അതിൽ ഡോ: ഇൽയാസിൻെറ പുസ്തകത്തെ വാനോളം പുകഴ്ത്തിയിരിക്കുന്നു. നോമ്പും പെരുന്നാളും വിവിധ ദേശങ്ങളിൽ വിവിധ ദിവസങ്ങളിൽ നടക്കുന്നത് ഇസ്‌ലാമി

നും മുസ്ലീം സമുദായത്തിനും അപമാനകരമാണെന്ന് എടുത്തു പറഞ്ഞ ശേഷം അദ്ദേഹം എഴുതുന്നു:

من هؤلاء المخلصين الغيارى الدكتور محمد الياس استاذ جامعة العلم بماليزيا الذى وهب الى كونه أحد اصحاب الاختصاص فى العلوم الفلكية طبيعة دينية سليمة فقداستخدم مواهبه استخداماً صحيحا صالحا فأعد جدولا امكانيا طويل الامد لرؤية الهلال كماالف فى ذلك كتاب مستقلا فى اللغة الانجليزية باسم.

"A Modern Guide
to Astronomical Calculation of Islamic Calendar"

يكفى تقديرا لأهمية هذا الكتاب وقيمته أنه أبدى بالاضافة الى عديد من اصحاب الاختصاص نائب رئيس تحرير مجلة كرين ويج (الصادرة من لندن) رأيا فيما عن هذا الكتاب الذى يضم جدولا يسهل به معرفة تاريخ ومواعيد الأهلة بقدر الامكان فى العالم كله لمدى احدى وثلاثين سنة

ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്ന് വന്ന എഴുപതോളം പ്രതിനിധികൾ ഈ സെമിനാറിൽ പങ്കെടുത്തിരുന്നു. സെമിനാർ ഇങ്ങനെയൊരു പ്രമേയം സ്വീകരിച്ചു: "ഡോ: മുഹമ്മദ് ഇൽയാസ് പ്രസിദ്ധീകരിച്ച പട്ടിക ലോകത്തിലെ എല്ലാ രാഷ്ട്രങ്ങളും ഉപയോഗപ്പെടുത്തുകയും അതനുസരിച്ചു മാസപ്പിറവി കണക്കാക്കുകയും ചെയ്യേണ്ടതാണ്"

ഇനി മററു ചില പണ്ഡിതന്മാരുടെ അഭിപ്രായങ്ങൾ കാണുക; മൗലാനാ മൗദൂദി തഫ്ഹീമുൽ ഖുർആൻ 36: 39 ന്റെ വ്യാഖ്യാനത്തിൽ എഴുതുന്നു:

اور چاند کی أن مقرر منزلون مین کبھی فرق نہین آتا . اسی وجہ



سے انسان حساب لگا کر ہمیشہ یہ معلوم کرسکتا ھے کہ کس روز چاند کس منزل مـین ہوگا اگر اسکی حرکت کسی ضابطہ کی پابند نہ ہوتی تو یہ حساب لگانا ممکن نہ ہوگا.

"ചന്ദ്രന്റെ നിശ്ചിത ചലനഘട്ടങ്ങളിൽ ഒരിക്കലും ഒരു വ്യത്യാസവും വരികയില്ല. അതുകൊണ്ട് ഏതു ദിവസം ചന്ദ്രൻ ഏതു സ്ഥാനത്തുണ്ടായിരിക്കുമെന്നു മനുഷ്യനു കണക്കു കൂട്ടി തീരുമാനിക്കാൻ കഴിയും. നേരെ മറിച്ചു ചന്ദ്രന്റെ ചലനം യാതൊരു വ്യവസ്ഥക്കും വിധേയമല്ല എന്നുവരുന്ന പക്ഷം ഇങ്ങനെ കണക്കുകൂട്ടി തീരുമാനിക്കാൻ കഴിയില്ല. (വാല്യം 4: പേജ് 260, 36: 39 ന്റെ വ്യാഖ്യനം.)

## അവസാനമായി ഒരുവാക്ക്

രോഗിക്ക് വായിൽ മരുന്ന് ഒഴിച്ചു കൊടുക്കുമ്പോൾ ഡോക്ടറുടെ മുഖത്തേക്ക് അപ്പടി തുപ്പുന്നത് നാം പലപ്പോഴും കാണാറുണ്ട്. രോഗി സുഖം പ്രാപിച്ച് ഡിസ്ചാർജായി പ്പോകുമ്പോൾ കൃതജ്ഞതാ ഭാവത്തിൽ യാത്ര പറയുക തന്നെ ചെയ്യുമെന്നു ഡോക്ടർക്കുറപ്പുണ്ട്. നമ്മുടെ നിലപാടും അതുതന്നെയായിരിക്കണമെന്നുള്ള മനസ്സമാധാനമാണ് എനിക്കുള്ളത്. നമ്മുടെജനതക്ക് പരിശുദ്ധ ഖുർആൻ വായിക്കാനോ, അതിന്റെ മൂലസിദ്ധാന്തങ്ങളെങ്കിലും ഗ്രഹിക്കാനോ ഇന്നും താല്പര്യമില്ല. അവരുടെ അശ്രദ്ധയോർത്ത് അങ്ങേയററം ദുഖിക്കുന്നു.

മുഹമ്മദ്, മൊയ്തീൻ, പോക്കർ എന്നീ പേരുകളുള്ളവരെല്ലാം സ്വർഗ്ഗത്തിന്റെ അവകാശികളാണ്; കൃഷ്ണൻ, മത്തായി, നാരായണൻ, തോമസ് എന്നീ പേരുകളുള്ളവരെല്ലാം നരകശിക്ഷക്കർഹരും; അവക്ക് സ്വർഗ്ഗം കണികാണാൻ പോലും കഴിയില്ല. ഇതാണല്ലോ ഇന്നത്തെ മുസ്ലീംകളുടെ വിശ്വാസം.

എന്റെ സഹോദരന്മാർ അപരിഹാര്യമായ ഖേദത്തിൽ ചെന്നു ചാടുമല്ലോ എന്നോർത്തു ഇതാ ഖുർആന്റെ ഒരു പ്രധാന സിദ്ധാന്തം അവരുടെ മുമ്പിൽ വെക്കുന്നു:

ഏഷ്യയിലേയും ആഫ്രിക്കയിലേയും മററും വനാന്തരങ്ങളിലും മരുഭൂമികളിലും ഒരു വലിയ വിഭാഗം മനുഷ്യർ ജീവിക്കുന്നുണ്ട്. നൂഹ് നബി, ഇബ്രാഹീം നബി, മൂസാനബി, ഈസാ നബി, മുഹമ്മദ് നബി ഇവരാരെങ്കിലും ലോകത്തു വന്ന വാർത്തയോ അവർ കൊണ്ടുവന്ന സന്ദേശങ്ങളോ ആ ജനവിഭാഗങ്ങൾ കേട്ടിട്ടുപോലുമില്ല. അവരുടെ ഭാവിയെന്ത്? അവർ നകരവാസികളോ സ്വർഗവാസികളോ? അതുപോലും നാം ഗ്രഹിച്ചിട്ടില്ല. നമ്മുടെ ചിന്തമുഴവനും ഇതാണ് ഇതുമാത്രമാണ്: നമസ്കാരത്തിൽ കൈ എവിടെ കെട്ടണം. കൂട്ടപ്രാർത്ഥനയും കുനൂത്തും പാടുണ്ടോ? ഖബറിന്മേൽ എത്രകല്ല് കുത്തണം ഒന്നോ രണ്ടോ? ഇതു സ്ഥാപിക്കാനോ നിഷേധിക്കാനോ ആണ് നമ്മുടെ ആയുസ്സും ധനവുമെല്ലാം ചിലവാക്കുന്നത്.

ഖുർആനിൽ, മേൽപറഞ്ഞ ജന വിഭാഗങ്ങളെക്കുറിച്ച് സ്പഷ്ടമായ മുന്നറിയിപ്പുകൾ നല്കിയിട്ടുണ്ട്. ഇവർക്ക് ദൈവസന്ദേശം ലഭിക്കുകയും, ലഭിച്ചശേഷം അതു ലംഘിക്കുകയും ചെയ്തിട്ടില്ലെങ്കിൽ ഇവർ നിരപരാധികളാണ്. നിരപരാധികൾ സ്വർഗ്ഗത്തിനവകാശികളും. ഇതാണ് ഖുർആന്റെ സിദ്ധാന്തം. ഇതാ നോക്കുക അല്ലാഹുവിന്റെ പ്രഖ്യാപനം: "ഒരു ദൂതനെ അയച്ച് നമ്മുടെ സന്ദേശം അറിയിക്കും വരേക്കും (ഏതെങ്കിലുമൊരു ജനതയെ) ശിക്ഷിക്കുന്ന പതിവ് നമുക്കില്ല" (17:15)

ഇപ്പോൾ യാഥാർത്ഥ്യം വ്യക്തമായല്ലോ. ദൈവിക സന്ദേശങ്ങൾ ഗ്രഹിച്ച ശേഷം അതു മനഃപൂർവ്വം ലംഘിക്കുന്നവരെ മാത്രമേ അല്ലാഹു ശിക്ഷിക്കുകയുള്ളുവെന്നാണല്ലോ ഇവിടെ പ്രഖ്യാപിച്ചത്. ഈ സിദ്ധാന്തം ഒരിടത്തു മാത്രമല്ല, ഖുർആനിൽ പലയിടങ്ങളിലും ആവർത്തിച്ചുണർത്തിയതു കാണാം. 6: 131 ൽ ഖുർആൻ അരുളുന്നു: ''ഒരു ദേശക്കാർ ബോധരഹിതരായിക്കൊണ്ടു ജീവിക്കുമ്പോൾ അവരുടെ ദേശത്തെ അക്രമമായി നശിപ്പിക്കുന്ന പതിവ് അല്ലാഹുവിനില്ലാ (അതുകൊണ്ടാണ് അവൻ ദൂതന്മാരെ അയച്ച് ആ ജനതക്ക് സ



ന്ദേശം നൽകുന്നത്)''. ഇനിയും കാണുക: 5:19-ൽ അല്ലാഹു അരുളുന്നു: ''വേദക്കാരേ! ദൈവദൂതന്മാരുടെ ആഗമനം കുറെ കാലമായി നിലച്ചു പോയിരുന്ന ഘട്ടത്തിലാണ്, നിങ്ങൾക്ക് സന്മാർഗം വെളിപ്പെടുത്തിത്തരുവാൻ, നിങ്ങളുടെ അടുക്കലേക്ക് നമ്മുടെ ദൂതൻ (മുഹമ്മദ്) വന്നിരിക്കുന്നത്. 'ഉൽകൃഷ്ട ജീവിതത്തിന്റെ നേട്ടങ്ങളും ദുർമാർഗത്തിന്റെ ദോഷഫലങ്ങളും ചൂണ്ടിക്കാട്ടിത്തരുന്ന ഒരു ദൂതൻ ഞങ്ങളുടെ അടുക്കൽ വന്നിട്ടില്ലെ'ന്ന് നിങ്ങൾക്ക് വാദിക്കാൻ ഇടവരാതിരിക്കേണ്ടതിനാണ് ഇങ്ങനെ നാം ചെയ്തിരിക്കുന്നത്. (മുഹമ്മദ് നബിയെ അയച്ചിരിക്കുന്നത്). ഇപ്പോഴിതാ ഗുണദോഷ ഫലങ്ങൾ നിങ്ങളെ അറിയിക്കുവാൻ നിങ്ങളുടെയടുക്കൽ ഒരു ദൂതൻ (മുഹമ്മദ്) വന്നുകഴിഞ്ഞിരിക്കുന്നു. (ഇനി നിങ്ങൾക്ക് ഒഴിവ് കഴിവ് പറയാൻ യാതൊരു ന്യായവുമില്ല).'' ആശയം മുകളിൽ പറഞ്ഞതുതന്നെ. ഇനിയും നോക്കുക:

4:165-ൽ ഖുർആൻ അരുളുന്നു: സൽപ്രവൃത്തികളുടെ നേട്ടങ്ങളും ദുഷ്പ്രവൃത്തികളുടെ അനർത്ഥങ്ങളും ഉണർത്തുവാനാണ് ചില ദൂതന്മാരെ നാം അയച്ചിരിക്കുന്നത്. ദൈവദൂതന്മാർ വന്നു കഴിഞ്ഞ ശേഷം, അല്ലാഹുവിന്റെ മുമ്പിൽ, മനുഷ്യർക്ക് യാതൊരു എതിർ ന്യായവും ഉന്നയിക്കുവാൻ ഇടവരാതിരിക്കേണ്ടതിനാണ് അങ്ങനെ നാം ചെയ്തത്. (അഥവാ ദൂതന്മാരെ അയച്ചത്).'' അപ്പോൾ ദൈവിക സന്ദേശം ലഭിക്കാത്തവരെ ശിക്ഷിക്കുവാൻ ന്യായമില്ലെന്ന് ഇവിടേയും അല്ലാഹു വ്യക്തമാക്കി. ഇനിയും കാണുക: 36:6-ൽ പറയുന്നു: ''ഖുർആനും കൊണ്ട് നിന്നെ (മുഹമ്മദ് നബിയെ) അയച്ചിരിക്കുന്നത് ഒരു ജനതയെ നീ താക്കീതു ചെയ്യാനാണ്. അവരുടെ പൂർവ പിതാക്കൾക്ക് അല്ലാഹുവിന്റെ താക്കീതു ലഭിച്ചിട്ടില്ല. തന്നിമിത്തം അവർ ബോധരഹിതരായി ജീവിക്കുകയാണ്.''

ഇവിടെ ഇടക്കുവെച്ച് ഒരു കാര്യംകൂടി ഉണർത്തിക്കൊള്ളട്ടെ: മുഹമ്മദ് നബി വന്ന ഘട്ടത്തിൽ അറബ് ജനത ബോധരഹിതരായിരുന്നുവെന്ന് അല്ലാഹു പറഞ്ഞതു പ്രത്യേകം

ശ്രദ്ധേയമാണ്. ബോധരഹിതരെ ശിക്ഷിക്കുകയില്ലെന്ന് ഖുർആൻ വാക്യങ്ങളിൽ വ്യക്തമായി പ്രഖ്യാപിച്ചു കഴിഞ്ഞല്ലോ: എന്നിട്ടു കൂടി നബിയുടെ മാതാപിതാക്കൾ കാഫിറാണ്. നരക ശിക്ഷക്ക് അർഹരാണ് എന്ന് നമ്മുടെ പണ്ഡിതന്മാർ പ്രസംഗിക്കുന്നത് കേൾക്കാനുള്ള നിർഭാഗ്യം നമുക്കുണ്ടായിട്ടുണ്ട്. ഖുർആൻ പഠിക്കാത്തതിന്റെ ഫലമാണത്. ഇനി 28: 46 ൽ അല്ലാഹു അരുളുന്നത് കാണുക: ''ഒരു ജനതക്ക് താക്കീത് നൽകാനാണ് നിന്നെ നാം അയച്ചിരിക്കുന്നത്. നിനക്ക് മുമ്പ് ആ ജനതയെ താക്കീതു ചെയ്യാൻ ആരും വന്നിട്ടില്ല. (താക്കീതു ചെയ്യുന്നതെന്തിനു വേണ്ടിയെന്നാൽ) അവർ ചിന്തിക്കുവാൻ''. ആശയം സ്പഷ്ടമാണല്ലോ. അവസാനം 28: 47 ൽ ഇതാ ശരിക്ക് തുറന്നു പറയുന്നു: ''തങ്ങളുടെ കൈകൾ മുമ്പു പ്രവർത്തിച്ചതിന്റെ ഫലമായി, ആ ജനതയെ വല്ല ആപത്തും ബാധിക്കുകയും, രക്ഷിതാവേ! 'നീ ഞങ്ങളുടെ അടുക്കലേക്ക് ഒരു ദൂതനെ എന്തുകൊണ്ടയച്ചില്ല? അയച്ചിരുന്നെങ്കിൽ സത്യ വിശ്വാസികളായിക്കൊണ്ട് നിന്റെ കല്പനകളെ ഞങ്ങൾ പിൻപറ്റി നടക്കുമായിരുന്നല്ലോ' എന്നു അവർക്ക് പറയാൻ ഇടവരാതിരിക്കുകയും ചെയ്യാനാണ് (നിന്നെ മുഹമ്മദ് നബിയെ) ദൈവദൂതനായി അയച്ചത്''.

ഇപ്പോൾ വനവാസികളുടേയും മേൽവിലാസമില്ലാത്ത മരുഭൂനിവാസികളുടെയും ഇനത്തിൽപ്പെട്ടവരുടെ കാര്യം തികച്ചും വ്യക്തമായി. അവർക്കു നേരേ സ്വർഗ്ഗത്തിലേക്ക് പോകാം. തീർച്ച. പിന്നീടുള്ളത് നമുക്കിടയിൽ ജീവിക്കുന്ന ജൂതന്മാർ, ക്രിസ്ത്യാനികൾ, ഹിന്ദുക്കൾ മുതലായവരാണ്. അവർക്കു ഖുർആനിക സന്ദേശം നാം അറിയിച്ചിട്ടുണ്ടോ? ഉലമാക്കന്മാർ നബിമാരുടെ പിന്തുടർച്ചാവകാശികളാണെന്ന് ഊറ്റം കൊള്ളുകയല്ലാതെ, നബിമാർ നിർവഹിച്ചിരുന്ന ബാധ്യതകൾ ഇവർ നിർവഹിക്കുന്നുണ്ടോ? ഇല്ല. ആ സ്ഥിതിക്ക് ഇവരെല്ലാവരും നരകശിക്ഷക്ക് വിധേയരാണെന്ന് വിധി കല്പിക്കാൻ ഖുർആന്റെ ദൃഷ്ടിയിൽ ന്യായമെന്ത്?

അവസാനം അവശേഷിക്കുന്നത് അഹ്മദ്, മുഹമ്മദ്, മൊയ്തീൻ എന്നീ പേരുകളിൽ ജീവിക്കുന്ന സമുദായമാണ്.



അവർ അല്ലാഹുവിലും നബിയിലും ഖുർആനിലും വിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു. ഖുർആൻ അനുസരിച്ചു ജീവിച്ചുകൊള്ളാമെന്ന് അഞ്ചുനേരവും ദൈവസന്നിധിയിൽ ഹാജരായി പ്രതിജ്ഞ പുതുക്കുന്നു. എന്നിട്ട്, ഖുർആന്റെ വിധികൾ ലംഘിക്കുകയും ചെയ്യുന്നു. അപ്പോൾ അവരുടെ നിലപാടെന്ത്? പരലോകത്ത് അവർക്ക് സ്ഥാനമെവിടെ? ഇവിടെയാണ് നമ്മുടെ മതപണ്ഡിതന്മാർ മറുപടി പറയേണ്ടത്. ഇതെല്ലാം ഖുർആനിലെ സിദ്ധാന്തങ്ങളും വിധികളുമാണ്. ഇതെല്ലാം വായിച്ചു ഗ്രഹിക്കാതെ വഞ്ചിതരായി ജീവിക്കരുതെന്ന് ഉണർത്തുവാനാണ് ഒരുദാഹരണമായി നാം ഈ പ്രശ്നം ഇവിടെ എടുത്തു വെച്ചത്. അല്ലാഹു അനുഗ്രഹിക്കട്ടെ.

**സി. എൻ. അഹ്മദ് മൗലവി,**
C-11, ശാന്തി നഗർ കോളനി,
P. O. ചേവായൂർ,
കോഴിക്കോട്-17
ഫോൺ: 74957